# പുന്നപ്ര ഗ്രാമ പഞ്ചായത്ത്



# വികസനരേഖ



*"എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ഒരു ധനികനു ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും ദരിദ്രനായ നിങ്ങൾക്കും ലഭിക്കണം. ആ സൗകര്യങ്ങൾ നിങ്ങൾക്ക് കിട്ടാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണസ്വരാജ് ആകുകയില്ല..... ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല..... സ്വാതന്ത്ര്യം അടിത്തറയിൽ നിന്ന് ആരംഭിക്കണം. ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങളുള്ള ഓരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. ഓരോ ഗ്രാമവും പ്രതിരോധമുൾപ്പെടെ എല്ലാ കാര്യങ്ങളും നടത്തത്തക്കവിധം സ്വയം പര്യാപ്തമായിരിക്കണം."*

*(മഹാത്മാഗാന്ധി)*




ആലപ്പുഴ ജില്ല
1 400 000
സൂചിക
കോട്ടയം ജില്ല
ഇടുക്കി ജില്ല
പത്തനംതിട്ട ജില്ല
കൊല്ലം ജില്ല
ലക്ഷദ്വീപ് കടൽ



പുന്നപ്ര ഗ്രാമ പഞ്ചായത്ത്

സുശീലാഗോപാലൻ (MLA)
(വ്യവസായ സാംസ്കാരിക വകുപ്പ് മന്ത്രി)

വി. എം. സുധീരൻ (MP)
(ആലപ്പുഴ)

ഷാനിമോൾ ഉസ്മാൻ
(ജില്ലാ പഞ്ചായത്ത് മെമ്പർ)



കെ. ആർ. ഗോപാലകൃഷ്ണൻ
(ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്)

ആർ. സെൽവരാജ്
(ബ്ലോക്ക്പഞ്ചായത്ത് മെമ്പർ)

ഗീതാരാജു
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

അമ്പലപ്പുഴ ബ്ലോക്ക്പഞ്ചായത്ത് ഓഫീസ്

# പുന്നപ്ര ഗ്രാമപഞ്ചായത്ത്
# ഇപ്പോഴത്തെ ഭരണസമിതി

രാജമ്മാരാധാകൃഷ്ണൻ
(പുന്നപ്രപഞ്ചായത്തിലെ
പ്രഥന വനിതാപ്രസിഡന്റ്)

കെ. എൻ. ഭാസ്ക്കരൻ
(വൈ: പ്രസിഡന്റ്)

പി. പി. തോമസ്
(സ്റ്റാൻഡിംഗ്കമ്മറ്റി
ചെയർമാൻ)

ബി. മുരളീധരൻ
(1-ാം വാർഡ് മെമ്പർ)

രജിസുകുമാരൻ
(2-ാം വാർഡ് മെമ്പർ)

പി. എൻ. സാലസ്സ്
(3-ാം വാർഡ് മെമ്പർ)

നിർമ്മല ആന്റണി
(4-ാം വാർഡ് മെമ്പർ)

എ. ജി. ഹരിചന്ദ്രൻ
(5-ാം വാർഡ് മെമ്പർ)

ക്ലൗദീനാലൂയിസ്
(6-ാം വാർഡ് മെമ്പർ)

പി. ആർ. അനിൽകുമാർ
(8-ാം വാർഡ് മെമ്പർ)

കുഞ്ഞുകുഞ്ഞു പള്ളേലൻ
(10-ാം വാർഡ് മെമ്പർ)

എസ്സ്. പുഷ്പലത
(11-ാം വാർഡ് മെമ്പർ)

പി. കെ. വിജയൻ
(12-ാം വാർഡ് മെമ്പർ)



ക്ലീറ്റസ്സ് കളത്തിൽ
(13-ാം വാർഡ് മെമ്പർ)



ടി. എ. യൂനുസ്സ്
(15-ാം വാർഡ് മെമ്പർ)

# താളുകൾ മറിക്കുമ്പോൾ

ആമുഖം

ചരിത്രം

ഭൂമി, ജലം, ജനം

## വികസനതലങ്ങൾ

കൃഷിയും ജലസേചനവും

മൃഗപരിപാലനവും മൽസ്യബന്ധനവും

വ്യവസായം

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

വിദ്യാഭ്യാസം

കുടിവെള്ളം, പൊതുജനാരോഗ്യം

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

പാർപ്പിടം സാമൂഹ്യക്ഷേമം

സഹകരണം

സംസ്കാരം

വനിതാക്ഷേമം

വിഭവസമാഹരണം

ഉപസംഹാരം

# ആമുഖം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുവാനുള്ള കേരള ഗവൺമെന്റിന്റെയും ആസൂത്രണ ബോർഡിന്റെയും ശ്രമത്തിൽ നമ്മുടെ പഞ്ചായത്തും പങ്കാളിയാകുകയാണ്. കേരളസംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഇത് ഒരു പുതിയ അനുഭവമായി മാറാൻ പോകുകയാണ്. ഒമ്പതാം പഞ്ചവൽസരപദ്ധതിയുടെ അടങ്കൽതുകയുടെ 35-40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികൾ താഴേത്തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടു കൂടി രൂപപ്പെടുത്തി എടുക്കുകയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

മുൻകാല അനുഭവങ്ങൾ ഇല്ലാത്ത ഈ പ്രവർത്തനത്തിൽ പലതരത്തിലുള്ള പോരായ്മകൾ ഉണ്ടായെന്നുവരാം. സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതനുസരിച്ച് വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കാണ് ആസൂത്രണമെന്നു പറയുന്നത്. പദ്ധതി ചെലവുകളും പദ്ധതിയേതര ചെലവുകളും പഞ്ചവൽസരപദ്ധതികളുടെ ഭാഗമായിട്ടാണ് ആരംഭിക്കുക. പുതിയ സംരംഭത്തിൽ ഓരോ പ്രദേശത്തുള്ള പ്രകൃതി സാധ്യതകളേയും ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ള പരിപാടികളാണ് ആവിഷ്കരിക്കുവാൻ ശ്രമിക്കുന്നത്. പ്രാദേശികമായി വികസനത്തിനാവശ്യമായ വിഭവങ്ങൾ സംഭാവനകളിലൂടെയോ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയോ സമാഹരിക്കേണ്ടതാണ്.

പ്രദേശികമായി ആസൂത്രണാവശ്യത്തിനുള്ള സ്ഥിതിവിവരക്കണക്കുകൾ ഇല്ലാതിരുന്നതും വിദഗ്ധരുടെ അഭാവവും മൂലം ആസൂത്രണം ചെയ്യുന്നതിനോ, വികസനസ്കീമുകൾ നടപ്പിലാക്കുന്നതിനോ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടായിരുന്നില്ല. എന്നാൽ 1994 ഏപ്രിൽ 23ന് പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ ഭാരതീയ ഗ്രാമാന്തരീക്ഷത്തിൽ ഒരു പുത്തൻ പ്രതീക്ഷ സംജാതമായി. 73-ാം ഭരണഘടനാഭേദഗതി ഇന്ത്യൻ പാർലമെന്റ് പാസാക്കുകയും പോരായ്മകൾ വീണ്ടും ചർച്ച ചെയ്ത് 74-ാം ഭരണഘടനാഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നഗരപാലികാബിൽ പാസാക്കിയെടുക്കുകയും ചെയ്തു. മഹാത്മാഗാന്ധിജിയുടെ ചിരകാല സ്വപ്നമായിരുന്ന അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്നുള്ളത് രാജീവ് ഗാന്ധിയുടെ ശ്രമഫലമായി നിയമം ആക്കി. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്കു നൽകുന്ന ഒരു രൂപ ജനങ്ങളിൽ എത്തുമ്പോൾ പതിനഞ്ചു പൈസയായി ചുരുങ്ങുന്നു. ഈ സ്ഥിതിവിശേഷത്തിന് മാറ്റം ഉണ്ടാകണമെന്ന് മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി ആഗ്രഹിച്ചപ്പോൾ ആ ചിന്ത ശക്തിപ്രാപിച്ചുവന്നതാണ് ജനകീയാസൂത്രണപ്രസ്ഥാനം.

കേന്ദ്രീകൃതമായ ഉദ്യോഗസ്ഥ ഭരണ സംവിധാനമാണ് നമ്മുടെ നാട്ടിൽ നിലവിലിരുന്നത്. കാലതാമസം, അഴിമതി, കെടുകാര്യസ്ഥത, നടപടിക്രമങ്ങളുടെ സങ്കീർണത മുൻതീരുമാനങ്ങളിലും നടപടിക്രമങ്ങളിലുമുള്ള പിടിവാശി, ജനങ്ങളിൽ നിന്നുമുള്ള അന്യവൽക്കരണം എന്നിവ ഇതിന്റെ പ്രത്യേകതകളായിരുന്നു.

വൈദ്യുതിരംഗത്തെ പ്രതിസന്ധി, രൂക്ഷമായ തൊഴിലില്ലായ്മ കാർഷികരംഗത്തെ സ്തംഭനം, വ്യവസായത്തകർച്ച, ആധുനികവൽക്കരണത്തിന്റെ അഭാവം, വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ ഗുണനിലവാരത്തകർച്ച, ദാരിദ്ര്യജന്യരോഗങ്ങൾ, കുടിവെള്ളക്ഷാമം, പാർപ്പിടദൗർലഭ്യം, വിഭവശോഷണം എന്നിവയ്ക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ട്.

കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരേയും അണിനിരത്തുവാൻ കഴിഞ്ഞാലേ ഈ പ്രവർത്തനം വിജയിക്കുകയുള്ളൂ. ആസൂത്രണത്തിലും നിർവഹണത്തിലും സ്വയം പങ്കാളികളാകുമ്പോൾ നമ്മുടെ സാംസ്കാരികരംഗത്ത് ആഴമേറിയതും ഗുണപരവുമായ മാറ്റം സംഭവിക്കുക തന്നെ ചെയ്യും.

1997 മുതൽ 2002 വരെയുള്ള 9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് നമ്മുടെ ഗ്രാമത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും വളർച്ച ലഭ്യമാക്കുവാനുള്ള സ്കീമുകളും പ്ലാനുകളും ചർച്ച ചെയത് അംഗീകരിക്കുന്നത് ശ്രമകരമായ പ്രവർത്തനമാണ്.

ത്രിതലപഞ്ചായത്തുകൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരം നൽകുന്നതാണ് പഞ്ചായത്തീരാജ് ബില്ലിന്റെ 175-ാം വകുപ്പ്. ഇതിലെ 1, 2, 3 വകുപ്പുകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷികപദ്ധതി തയ്യാറാക്കണമെന്നും 4-ാം ഉപവകുപ്പ് എല്ലാ പഞ്ചായത്തുകളും ഒരു നിശ്ചിത കാലയളവിലേക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാ പഞ്ചായത്തു മുഖേനയുള്ള ജില്ലാ ആസൂത്രണസമിതിക്ക് നൽകണമെന്നും അനുശാസിക്കുന്നു.

ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി 1996 സെപ്തംബർ 10, 11, 12 തീയതികളിൽ ജില്ലാ പരിശീലന ക്ലാസ് നടന്നു. പുന്നപ്ര പഞ്ചായത്തിൽ നിന്നും സർവശ്രീ പാലോട്ടു രാമകൃഷ്ണപിള്ള, പി. നാരായണൻനായർ, സി.റ്റി. ഹരീന്ദ്രനാഥ്, കെ. കുഞ്ഞച്ചൻ, കെ. ഭുവനേന്ദ്രൻ എന്നിവർ ഡി.ആർ.പി. മാരായി പങ്കെടുത്തു. പഞ്ചായത്തിൽ നിന്നും ശ്രീമതി രാജമ്മ രാധാകൃഷ്ണൻ (പ്രസിഡണ്ട്), ശ്രീ. പി. പി. തോമസ് (സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ), ശ്രീ. പി.എ. സാലസ്, ശ്രീ. ക്ലീറ്റസ് കളത്തിൽ, ശ്രീ. ബി. മുരളീധരൻ, ശ്രീ. എ.ജി. ഹരിശ്ചന്ദ്രൻ, ശ്രീമതി പുഷ്പലത എന്നിവരും പങ്കെടുത്തു.

ഒന്നാംഘട്ട എൽ.ആർ.പി.മാരുടെ പരിശീലനം അറവുകാട് സദ്യാലയഹാളിൽ 18-9-96-ൽ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ നടന്നു. കെ.ആർ.പി. ശ്രീ. ജി. ബാലചന്ദ്രനും മറ്റ് അഞ്ച് ഡി.ആർ.പി.മാരും ക്ലാസുകൾ കൈകാര്യം ചെയ്

തു. ക്യാമ്പിൽ 110 പേർ പരിശീലകരായി വന്നെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 29-9-96-ൽ 5, 7, 8 വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. 2-10-96-ൽ 1, 6, 9 വാർഡുകളിലും, 6-10-96ൽ 4, 13, 15 വാർഡുകളിലും 12-10-96ൽ 2, 10, 14 വാർഡുകളിലും 13-10-96ൽ 3, 11, 12 വാർഡുകളിലും ഗ്രാമസഭകൾ കൂടുകയുണ്ടായി. ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. എസ്. ഷാനിമോൾ ഉസ്മാൻ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.ആർ. ഗോപാലകൃഷ്ണൻ, അംഗങ്ങളായ ശ്രീ. ആർ. സെൽവരാജ്, ശ്രീമതി ഗീതാരാജു എന്നിവർ ഗ്രാമസഭകളിലും പരിശീലന ക്ലാസുകളിലും പങ്കെടുത്തിരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ 1695 പുരുഷന്മാരും 903 സ്ത്രീകളും അടക്കം 2598 പേർ പങ്കെടുത്തു എന്നത് ഒരു വൻവിജയമായി കണക്കാക്കാം. ഇവർക്കുപുറമെ 89 ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

എല്ലാ പഞ്ചായത്തംഗങ്ങളും പരിപൂർണ ഉത്തരവാദിത്വത്തോടെ പരിപാടിയിൽ പങ്കെടുത്തുവരുന്നു. ദ്വിതീയസ്ഥിതിവിവരങ്ങൾ ധൃതി പിടിച്ച് നടത്തുവാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

രണ്ടാംഘട്ട പരിശീലനം നവംബർ 8, 9 തീയതികളിൽ ആരംഭിച്ചു. ശ്രീമതി എ. സുലേഖ, കുമാരി കെ. നബീസത്ത് ബീവി, സർവ്വശ്രീ. വി. മനോഹരൻ, കെ.ജെ. നോബിൾ, വെൺമണി രാജഗോപാൽ, എസ്. സുനിൽകുമാർ എന്നിവർ പുതിയ ഡി.ആർ.പി.മാരായി നിയോഗിക്കപ്പെട്ടു. പഞ്ചായത്ത് കമ്മിറ്റിയുടെ നിർദേശപ്രകാരം സർവ്വശ്രീ എൻ.പി. വിദ്യാനന്ദൻ, ഉപേന്ദ്രൻ, വി.പി.ൻദാസ് എന്നിവരെയും ഡി.ആർ.പി.മാരായി ഉൾപ്പെടുത്തി.

11-10-96ൽ പഞ്ചായത്തുഹാളിൽ കൂടിയ എൽ.ആർ.പി.മാരുടെയും ഡി.ആർ.പി.മാരുടെയും പഞ്ചായത്തംഗങ്ങളുടെയും യോഗത്തിൽ കെ.ആർ.പി. ശ്രീ. ഷെർലി പങ്കെടുത്തു. ദ്വിതീയ സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനുള്ള എളുപ്പമാർഗങ്ങളും വകുപ്പുതലവന്മാരെ പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് രണ്ടുപ്രാവശ്യം വകുപ്പദ്ധ്യക്ഷന്മാരുടെ യോഗം കൂടുകയും സ്ഥിതിവിവരങ്ങൾ ചർച്ച ചെയ്യുകയും ഉണ്ടായി.

15-11-96 വെള്ളിയാഴ്ച എൻ.എസ്.എസ്. യു.പി. സ്കൂളിൽ രണ്ടാംഘട്ട ശിൽപ്പശാലയിൽ വീഡിയോ പ്രദർശനം നടന്നു. ഒന്നാംഘട്ട അവലോകനവും രണ്ടാംഘട്ട ആമുഖവും പന്ത്രണ്ട് വിഷയങ്ങളിൽ ഊന്നിയുള്ള പരിശീലനക്ലാസുകളും നടത്തി. ഇതിൽ 29 സ്ത്രീകളും 88 പുരുഷന്മാരും ഉൾപ്പെടെ 117 പേർ പങ്കെടുത്തു. 15 പഞ്ചായത്ത് മെമ്പർമാരും 22 ഉദ്യോഗസ്ഥരും 11 ഡി.ആർ.പി.മാരും പങ്കെടുത്തു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും രണ്ട് ബ്ലോക്ക് മെമ്പർമാരും പഞ്ചായത്തു ഉദ്യോഗസ്ഥരും സജീവമായി പങ്കെടുത്തിരുന്നു. ബ്ലോക്ക് സെക്രട്ടറി ശ്രീ. വിശ്വനാഥനും പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. സുഹറാബീവിയും പൂർണമായും സഹകരിച്ചു.

18-11-96ൽ പുന്നപ്ര പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ചള്ളിയിൽ കടപ്പുറത്തു നിന്നും ഭൂപ്രകൃതി, ജലസ്ഥല-ജനപ്രകൃതി പഠനം ആരംഭിച്ചു. പുന്നപ്രയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഒരു പുതിയ കാഴ്ചയായിരുന്നു. ഗ്രാമസഭാ ക്രോഡീകരണം പഞ്ചായത്തുമെമ്പർമാർ തന്നെ ഏറ്റെടുത്തു നടത്തി. തുടർന്ന് ഡി.ആർ.പി.മാർ വിഷയാടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുവാനാരംഭിച്ചു. പഞ്ചായത്തു കമ്മിറ്റി കൂടി 3-12-96ലും, 4-12-96ലും റിപ്പോർട്ടുകളുടെ ഒന്നാം വായന പൂർത്തിയാക്കി. ഡിസംബർ 13, 14 തീയതികളിലായി ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തി രണ്ടാം വായന ആരംഭിച്ചു.

രേഖ തയ്യാറാക്കാൻ വളരെയധികം പേരെയും നേരിൽക്കണ്ടു. പഴയ പഞ്ചായത്തു മെമ്പർമാരെയും ഇൻറർവ്യൂ ചെയ്തു. കേരള സാംസ്കാരിക ചരിത്രം, തിരുവിതാംകൂർ ഗസറ്റിൽ കേരള ചരിത്രം, സാഹിത്യപഞ്ചാനനൻ ജീവചരിത്രം, കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം, പുന്നപ്ര വയലാർ സ്മരണിക, കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങൾ വായിച്ച് രേഖകൾ ശേഖരിക്കുകയും ചരിത്രസ്ഥലങ്ങൾ, അതിരുകൾ എന്നിവ സന്ദർശിച്ച് സ്ഥിതി വിവരങ്ങളും ശേഖരിച്ച് റിപ്പോർട്ടിന് ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

**വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ ഡി.ആർ.പി.മാർ.**

| നമ്പർ | വിഷയം | പേര് |
|---|---|---|
| 1. | കൃഷിയും ജലസേചനവും | സുനിൽ |
| 2. | മൃഗപരിപാലനം മൽസ്യബന്ധനം | സി.ഗി. ഹരിന്ദ്രനാഥ് |
| 3. | വ്യവസായം | എൻ.പി. വിജ്ഞാനൻ, കെ. ഭുവനൻ |
| 4. | ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | കെ.വി. വിപിൻദാസ് |
| 5. | വിദ്യാഭ്യാസം | കെ. രാമകൃഷ്ണപിള്ള, കെ.ജെ. നോബിൾ |
| 6. | കുടിവെള്ളം, പൊതുജനാരോഗ്യം | കെ. നബീസത്ത് ബീവി |
| 7. | പട്ടികജാതി പട്ടികവർഗം | വി. മനോഹരൻ |
| 8. | പാർപ്പിട സാമൂഹ്യക്ഷേമം | പി. നാരായണൻ നായർ |
| 9. | സഹകരണം | വെൺമണി രാജഗോപാൽ |
| 10. | സംസ്കാരം | കെ. കുഞ്ഞച്ചൻ |
| 11. | വനിതാക്ഷേമം | സുലേഖ |
| 12. | വിഭവസമാഹരണം | കെ. കുഞ്ഞച്ചൻ |

കേരള സംസ്ഥാന രൂപീകരണത്തിന്റെ അമ്പതാം പിറന്നാളായ നവമ്പർ ഒന്നിന് പുന്നപ്ര പഞ്ചായത്തിൽ പുനരർപ്പണദിനം- "ഒരു നവകേരള സൃഷ്ടിയ്ക്കായ് ഓരോ കേരളീയനും പുനരർപ്പണം ചെയ്യുന്നു" എന്ന് സത്യപ്രതിജ്ഞ ചെയ്ത് ദിനാചരണം നടത്തുകയും 3, 9, 13, 15 വാർഡുകൾ പ്രത്യേകമായ നിർമ്മാണ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ഇതിന്റെ ഭാഗമായി മറ്റ് വാർഡുകളിലും ഓരോ പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി.

## ജനകീയ ആസൂത്രണ പ്രസ്ഥാനം

പഞ്ചായത്ത് ഗ്രാമസഭ വിലയിരുത്തൽ റിപ്പോർട്ട്

ജില്ലാ-ആലപ്പുഴ ബ്ലോക്ക്-അമ്പലപ്പുഴ പഞ്ചായത്ത്-പുന്നപ്ര

| വാർഡ് നമ്പർ | യോഗം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം പു. | സ്ത്രീ | ആകെ | പങ്കടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|---|
| I | 2-10-1996 | 89 | 166 | 255 | 2 |
| II | 12-10-'96 | 100 | 68 | 168 | 3 |
| III | 13-10-'96 | 161 | 60 | 221 | 5 |
| IV | 6-10-'96 | 91 | 70 | 161 | 7 |
| V | 29-9-'96 | 132 | 62 | 194 | 14 |
| VI | 2-10-'96 | 80 | 96 | 176 | 3 |
| VII | 29-9-'96 | 54 | 17 | 71 | 6 |
| VIII | 29-9-'96 | 94 | 20 | 114 | 8 |
| IX | 2-10-'96 | 86 | 35 | 121 | 4 |
| X | 12-10-'96 | 106 | 36 | 142 | 8 |
| XI | 13-10-'96 | 126 | 30 | 156 | 7 |
| XII | 13-10-'96 | 214 | 35 | 249 | 6 |
| XIII | 6-10-'96 | 129 | 105 | 234 | 6 |
| XIV | 12-10-'96 | 135 | 35 | 170 | 4 |
| XV | 6-10-'96 | 98 | 68 | 166 | 6 |
| ആകെ | | 1695 | 903 | 2598 | 89 |

## ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനം:

സ്ഥലം: അറവുകാട് സദ്യാലയഹാൾ

1. പങ്കെടുത്തവരുടെ എണ്ണം - 110
   (പു. 97, സ്ത്രീ 13)
2. പരിശീലനം നടന്ന തീയതി - 18-9-1996
3. പങ്കെടുത്ത പഞ്ചായത്തംഗങ്ങളുടെ എണ്ണം - 15
4. പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം - 11
5. പങ്കെടുത്ത DRP, KRP മാരുടെ എണ്ണം -
6. പരിശീലന സമയം - രാവിലെ 10 മണിമുതൽ വൈകിട്ട് 5 മണിവരെ

## രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലന വിലയിരുത്തൽ

പരിശീലന കേന്ദ്രം : പുന്നപ്ര യു.പി.എസ്. ഹാൾ

1. പങ്കെടുത്തവരുടെ എണ്ണം -117
   (പു. 88, സ്ത്രീ 29)
2. പരിശീലനം നടത്തിയ തീയതി - 15-11-96
3. പങ്കെടുത്ത പഞ്ചായത്ത് മെമ്പർമാരുടെ എണ്ണം - 15
4. പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം - 22
5. പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺസിന്റെ എണ്ണം - 11
6. പങ്കെടുത്ത സംസ്ഥാന റിസോഴ്സ് പേഴ്സൺസിന്റെ എണ്ണം - ഇല്ല.
7. പഞ്ചായത്ത് തലത്തിൽ പുതുതായി പങ്കെടുത്തവരുടെ എണ്ണം - 28
8. പരിശീലന സമയം - രാവിലെ 9 മണി മുതൽ വൈകുന്നേരം 6 വരെ.

## ഭരണചരിത്രം

പുന്നപ്ര ഗ്രാമപഞ്ചായത്തിന്റെ പ്രാരംഭ രൂപമായ പുന്നപ്ര വില്ലേജ് യൂണിയൻ 6-7-1124 (17-2-1949)ൽ നിലവിൽ വന്നു. 1116-ലെ വില്ലേജ് യൂണിയൻ ആക്ട് അനുസരിച്ച് നോമിനേറ്റ് ചെയ്യപ്പെട്ടതായിരുന്നു ഭരണസമിതി. ശ്രീ അപ്പോൻ ഔറജ് പ്രസിഡണ്ട്), ഡോക്ടർ പി. ബാലകൃഷ്ണപിള്ള (വൈസ് പ്രസിഡണ്ട്), സർവ്വശ്രീ. ഗോവിന്ദപിള്ള, എ.ജി. നാരായണപിള്ള, എ. ഗോവിന്ദൻ, സി.കെ. അലിയാരുകുഞ്ഞ് എന്നിവർ അംഗങ്ങളും തഹസീൽദാർ, സഹകരണസംഘം ഇൻസ്പെക്ടർ, കൃഷി സർക്കിളാഫീസർ, സാനിട്ടറി സർക്കിൾ ഇൻസ്പെക്ടർ എന്നിവർ ഉദ്യോഗസ്ഥാംഗങ്ങളും ആയിരുന്നു.

പുന്നപ്ര വില്ലേജ് യൂണിയന് പൊതിവിലും പ്രസിഡണ്ടിന് പ്രത്യേകമായും ജനങ്ങളോടുള്ള ഉത്തരവാദത്വവും കടമയും നിർവഹിക്കാൻ കഴിയാതെ പോയതിൽ പ്രതിഷേധിച്ച് പ്രസിഡണ്ടും, കമ്മിറ്റി അംഗങ്ങളും 1949 ഡിസംബറിൽ രാജി വെച്ചു. പിന്നിട് രാജി പിൻവലിക്കുകയും വൈസ് പ്രസിഡണ്ട്, പ്രസിഡണ്ടിന്റെ ചുമതലകൾ വഹിച്ചുകൊണ്ട് 1953-ൽ ട്രാവൻകൂർ കൊച്ചിൻ പഞ്ചായത്ത് ആക്ട് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി വരുന്നതുവരെ തുടരുകയും ചെയ്തു.

## തിരഞ്ഞെടുക്കപ്പെട്ട ആദ്യപഞ്ചായത്ത്

1950-ലെ തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ട് 15-8-1951ൽ നിവലിൽ വന്നു. ഇതനുസരിച്ച് പഞ്ചായത്തിന്റെ പത്തുവാർഡുകളിലേക്ക് ആദ്യത്തെ തിരഞ്ഞെടുപ്പ് 1953 ജൂൺ മാസം 25-ാം തീയതി നടന്നു. 29-7-1953-ൽ ഭരണസമിതി ചാർജ്ജെടുത്തു. ശ്രീ. വി.കെ. കരുണാകരൻ ആദ്യപ്രസിഡ

ണ്ടായും, ശ്രീ. എ.ആർ. ശ്രീധരൻനായർ വൈസ് പ്രസിഡണ്ടായും ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

### താഴെ പറയുന്നവരായിരുന്നു അംഗങ്ങൾ

1. സി.കെ. ഗോവിന്ദൻ
2. വി. ചക്രപാണി
3. പി.കെ. തേവൻ
4. റ്റി.എ. രാഘവൻ
5. എ.പി. അന്തപ്പൻ
6. കെ.കെ. സുഗതൻ
7. എ.എം. ജോസഫ്
8. കെ. ഭാസ്കരൻ
9. കെ.എസ്. പത്മനാഭൻ

(ശ്രീ. വി. ചക്രപാണിയും ശ്രീ. പി.കെ. തേവനും ദ്വയാംഗമണ്ഡലത്തിൽ നിന്നും ജയിച്ചുവരികയായിരുന്നു.)

20-12-1963ൽ ശ്രീ. കെ.എസ്. ബെൻ പ്രസിഡണ്ടായും ശ്രീ. എം.കെ. സുകുമാരൻ വൈസ് പ്രസിഡണ്ടായും പുതിയ ഭരണസമിതി അധികാരമേറ്റു. 8-7-1966ൽ പ്രസിഡണ്ടിനെതിരായും, 20-8-1966ൽ വൈസ് പ്രസിഡണ്ടിനെതിരായും അവിശ്വാസം പാസായി. 9-9-66ൽ ശ്രീ. എ. തങ്കപ്പൻ പ്രസിഡണ്ടായും, എ. സുകുമാരൻ വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന ഒരു ഭരണസമിതിയായിരുന്നു ഇത്.

1979-ൽ ശ്രീ. എ.ജി. ഭാർഗവൻ പ്രസിഡണ്ടായും ശ്രീ. കെ. ആർ. ഗോപാലകൃഷ്ണൻ വൈസ് പ്രസിഡണ്ടായും മൂന്നാമത്തെ ഭരണസമിതിയും, 1988-ൽ ശ്രീ.പി.കെ. വിജയൻ പ്രസിഡണ്ടായും, ശ്രീ. എൻ.പി. വിദ്യാനന്ദൻ വൈസ് പ്രസിഡണ്ടായും നാലാമത്തെ ഭരണസമിതിയും നിലവിൽ വന്നു.

1966-ൽ റവ. ഫാ. ഗിൽബർട്ട് സംഭാവനയായി വിലയ്ക്കു വാങ്ങിത്തന്ന 10 സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് ഇപ്പോൾ സ്ഥിതിചെയ്യുന്നത്. കെട്ടിടത്തിന്റെ സൗകര്യാർത്ഥം ഏഴടി സ്ഥലം കൂടി ശ്രീ. പി.ജെ. പാസ്കൾ പള്ളിപ്പറമ്പിൽ വടക്കുവശത്തു സംഭാവനയായി വിട്ടുതന്നിട്ടുണ്ട്.

73, 74 ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ പാസാക്കപ്പെട്ട പഞ്ചായത്തീരാജ് നിയമപ്രകാരം 1995 ഒക്ടോബർ മാസം രണ്ടാംതീയതി നിലവിൽ വന്ന ഭരണസമിതിയാണ് ഇപ്പോഴുള്ളത്.

1960 വരെയും കളർകോട് ക്ഷേത്രത്തിന് പടിഞ്ഞാറുനിന്നും വണ്ടാനം മുറിമാവ് വരെ പുന്നപ്രയുടെ തെക്കുവടക്ക് അതിർത്തിയായിരുന്നു. എന്നാൽ, ഈ കാലയളവിനുശേഷം തെക്കേ അതിർത്തി കുറവൻതോട് എന്ന സ്ഥലത്ത് അവസാനിക്കുകയാണ്. 1985 വരെയും പുന്നപ്ര വില്ലേജ് ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ പുന്നപ്ര എന്നും പറവൂർ എന്നും രണ്ട് വില്ലേജുകൾ നിലവിലുണ്ട്.

### നവംബർ 1ന് ഏറ്റെടുത്ത പദ്ധതികൾ

| വാർഡ് | പദ്ധതി | പങ്കെടുത്തവർ | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 3 | സരസ്വതി റോഡിന്റെ പുനരുദ്ധാരണം | 22 | 4 |
| 9 | പറവൂർ പബ്ലിക് റോഡിന്റെ പുനഃരുദ്ധാരണം (9, 10, 11 വാർഡുകൾക്ക് പ്രയോജനം) | 28 | - |
| 13 | മഠത്തിൽപ്പറമ്പ് റോഡിന്റെ പുനഃരുദ്ധാരണം | 42 | 14 |
| 15 | പറൻഹൗസ്-ബീച്ച് റോഡിന്റെ പുഃനരുദ്ധാരണം | 30 | - |

## പുന്നപ്ര പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

1. പുന്നപ്ര ഗ്രാമപഞ്ചായത്ത് ഓഫീസ്
2. പുന്നപ്ര വില്ലേജ് ഓഫീസ്
3. പറവൂർ വില്ലേജ് ഓഫീസ്
4. പറവൂർ ഗവൺമെൻറ് ഹൈസ്കൂൾ (പനയക്കുളങ്ങര)
5. പറവൂർ സെൻറ് ജോസഫ് ഹൈസ്കൂൾ
6. അറവുകാട് ഹൈസ്കൂൾ
7. പുന്നപ്ര എൻ.എസ്.എസ്. യു.പി. സ്കൂൾ.
8. ഗവൺമെൻറ് സി.വൈ.എം.എ. യു.പി. സ്കൂൾ, പുന്നപ്ര
9. സെൻറ് ലൂർദ് മേരീസ് യു.പി.എസ്. പുന്നപ്ര
10. ജെ.ബി. സ്കൂൾ പുന്നപ്ര
11. ഗവൺമെൻറ് മുസ്ലിം എൽ.പി. സ്കൂൾ, പുന്നപ്ര
12. സെൻറ് അലോഷ്യസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ.
13. പുന്തോട്ടം സെൻറ് ജോസഫ് എൽ.പി. സ്കൂൾ, പുന്നപ്ര
14. അറവുകാട് എൽ.പി. സ്കൂൾ, പുന്നപ്ര
15. സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്.
16. ചിന്മയ മിഷൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ.
17. കരയോഗം ബീച്ച് എൽ.പി. സ്കൂൾ, പുന്നപ്ര
18. അറവുകാട് ഐ.റ്റി.സി., പുന്നപ്ര
19. എൻ.എസ്.എസ്. ഐ.റ്റി.സി., പുന്നപ്ര
20. ഐ.ഇ.റ്റി., കളർകോട്
21. കാർമൽ പോളിടെക്നിക്, പുന്നപ്ര
22. എസ്. ആൻഡ് ജി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ്.
23. ടെലഫോൺ എക്സ്ചേഞ്ച്, പുന്നപ്ര
24. പോസ്റ്റ് ഓഫീസ്, പുന്നപ്ര
25. സബ് പോസ്റ്റ് ഓഫീസ്, പുന്നപ്ര
26. റെയിൽവേ സ്റ്റേഷൻ, പുന്നപ്ര
27. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പുന്നപ്ര
28. പോലീസ് സ്റ്റേഷൻ, പുന്നപ്ര
29. സംസ്ഥാന വിത്ത് പരിശോധനാകേന്ദ്രം, പുന്നപ്ര
30. സംസ്ഥാന മണ്ണു പരിശോധനാകേന്ദ്രം, പുന്നപ്ര
31. സഞ്ചരിക്കുന്ന മണ്ണു പരിശോധനാകേന്ദ്രം, പുന്നപ്ര
32. കൃഷിഭവൻ, പുന്നപ്ര
33. മൃഗാശുപത്രി, പുന്നപ്ര
34. ഗവൺമെൻറ് ആയുർവേദ ആശുപത്രി, പുന്നപ്ര
35. പ്രാഥമിക ആരോഗ്യകേന്ദ്രം, പുന്നപ്ര
36. ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ്, കളർകോട്
37. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി)
38. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി), കളർകോട്.
39. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്.
40. ശ്രീകൃഷ്ണ നഴ്സിങ് ഹോം, പുന്നപ്ര
41. നിർമ്മല നഴ്സിങ് ഹോം, പുന്നപ്ര
42. അസീസി ഹോസ്പിറ്റൽ, പറവൂർ.
43. പറവൂർ ആശുപത്രി (C/o Do. ഉണ്ണി)
44. സെൻട്രൽ പ്രോഡക്ട്സ് മിൽമ, പുന്നപ്ര
45. പി. ആൻറ് ഐ. സബ് യൂണിറ്റി മിൽമ, പുന്നപ്ര
46. 110 കെ.വി. സബ്സ്റ്റേഷൻ ഇലക്ട്രിക്കൽ, പുന്നപ്ര
47. ഇലക്ട്രിക്കൽ സെക്ഷൻ, പുന്നപ്ര
48. പ്രഭാത് തീയേറ്റർ, പറവൂർ
49. ജ്യോതി തീയേറ്റർ, കളർകോട്
50. സുന്ദരം ഇൻഡസ്ട്രീസ് പറവൂർ.
51. ഓട്ടോ ടെക് പറവൂർ
52. അമ്പലപ്പുഴ, കയർമാറ്റ്സ് ആൻറ് മാറ്റിങ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 394, വാടയ്ക്കൽ.
53. ആലപ്പുഴ പറവൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 124.
54. ഐസ് ഫാക്ടറികൾ.
55. മോഡേൺ കയർ മാറ്റ്സ് ആൻറ് മാറ്റിങ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
56. ഹെക്സഗൺ ഹെവി പ്രൊഡക്ട്സ്
57. മോഡേൺ കെമിക്കൽ ഇൻഡസ്ട്രീസ് പുന്നപ്ര
58. വിഷ്ണു സ്റ്റീൽ, വാടയ്ക്കൽ.
59. ദേവീ, വാടയ്ക്കൽ.
60. ദേവീ എൻറർപ്രൈസസ് മാടയ്ക്കൽ.
61. കൃഷ്ണ വയേഴ്സ് വാടയ്ക്കൽ
62. രാജ് ഇൻഡസ്ട്രീസ്, വാടയ്ക്കൽ.
63. ആസ്പിൻവാൾ കമ്പനി (ട്രാവൻകൂർ) ലിമിറ്റിഡ്.
64. മഹേഷ് ഇൻഡസ്ട്രീസ് വാടയ്ക്കൽ.
65. മിനി വയേഴ്സ് ആലപ്പുഴ
66. ഈശ്വർ വയേഴ്സ് ആലപ്പുഴ
67. മഹേഷ് എൻറർപ്രൈസസ് ആലപ്പുഴ
68. ദീപാ പോളിപാക്, വാടയ്ക്കൽ.
69. അരുൺ പ്ലാസ്റ്റിക്
70. മാക്കിയൽ എൻറർപ്രൈസസ്
71. മാർസ് പ്ലാസ്റ്റിക് വാടയ്ക്കൽ.
72. ഡാർബൻ പ്രോഡക്ട്സ് വാടയ്ക്കൽ.
73. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്.
74. ശ്രീദേവി തീയേറ്റർ, പുന്നപ്ര.

(ലിസ്റ്റ് അപൂർണം)

പുന്നപ്ര വിലേജ് ഓഫീസ്



പുന്നപ്ര പഞ്ചായത്ത് ഓഫീസ്

ഒരു കാലത്ത് സഹ്യന്റെ മടിത്തട്ടോളം കടലായിരുന്നു. കടൽ നിങ്ങി പിറന്നവയിലൊന്നാണ് ഈ ഗ്രാമവും. നിറഞ്ഞു നിന്ന മരങ്ങളുടെ നിഴലിലെ ചൊരിമണൽ കടലായിമാറിയ പുന്നപ്ര നൂറ്റാണ്ടുകൾക്ക് മുമ്പ് ബുദ്ധമത വിശ്വാസികളുടെ കേന്ദ്രമായിരുന്നു എന്ന് വാമൊഴി. പുരാതന ആരാധനാലയമായ അറവുകാട് ക്ഷേത്രത്തിന്റെ മൂലക്ഷേത്രമായ മറുതാച്ചിക്കൽ ക്ഷേത്രം ബുദ്ധമത വിശ്വാസികളുടേതായിരുന്നു എന്നത് ഈ വാമൊഴിയ്ക്ക് പിൻബലമാകുന്നു.

അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ മറ്റു-കേരളീയ ഗ്രാമങ്ങളിലെന്ന പോലെ ഒരു നൂറ്റാണ്ടുമുമ്പ് പുന്നപ്രയിലും സംഘടിത പ്രസ്ഥാനങ്ങൾ ഉദയം ചെയ്തു. ജാതീയമായ ഉച്ചനീചത്വങ്ങൾ അടിച്ചേൽപ്പിക്കുന്നതിനെതിരെ ചെറുത്തു നിൽപ്പിന് ജനതയെ ഒരുക്കുവാൻ രൂപം കൊണ്ട് 'മുഗ്ദ സംബോധിനി' സംഘത്തിന്റെ പ്രവർത്തനങ്ങൾ ഇവിടെയും ആരംഭിച്ചു. ബംഗാളിൽ ആരംഭിച്ച മതനവീകരണ പ്രസ്ഥാനമായ ആര്യസമാജത്തിന്റെ മലയാളപതിപ്പായി 'മുഗ്ദസംബോധിനി' സംഘത്തെ വിശേഷിപ്പിക്കാം. പ്രധാനി ശങ്കരൻ ആയിരുന്നു സംഘത്തിന്റെ ഇവിടുത്തെ നേതാവ്.

കുറുപ്പൻ വീട്ടിൽ ഗോപാലപിള്ളയുടെ കേരളചരിത്രം എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധ വൈദ്യനായിരുന്ന കോമർത്തുശ്ശേരി നന്ദ്യാട്ടു കേളവൈദ്യനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആയുർവേദ വൈദ്യത്തിൽ തൽപ്പരനായിരുന്ന ശ്രീനാരായണ ഗുരു കേളവൈദ്യന്റെ അദൃശ്യമായ ഗ്രന്ഥശേഖരം തേടി പുന്നപ്രയിലെത്തുകയും അതിനോടകം ആലപ്പുഴ 'കിട്ടുവാശാൻ' എന്ന വൈദ്യന്റെ കൈകളിലെത്തപ്പെട്ട ഈ ഗ്രന്ഥശേഖരം അവിടെച്ചെന്ന് കാണുകയും കിട്ടുവാശാൻ വൈദ്യനെ ഗുരു പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഈ വൈദ്യനാണ് പ്രസിദ്ധമായ ആയുർവേദ നിഘണ്ടുവിന്റെ കർത്താവ്. ഇക്കാലത്തെ ഗുരുവിന്റെ സന്ദർശനം ഇവിടുത്തെ പുരോഗമനകാംക്ഷികൾക്ക് ആവേശം പ്രദാനം ചെയ്തു.

ആത്മീയ നവോത്ഥാന നായകൻ വാഗ്ഭടാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ രൂപം കൊണ്ട് ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനം 1093-ൽ ഇവിടെ ആരംഭിച്ചു. മിശ്രഭോജനം, ഹരിജനോദ്ധാരണം തുടങ്ങിയവയായിരുന്നു സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. 1113-ൽ ആത്മവിദ്യാസംഘത്തിന്റെ വളരെ ചരിത്രപ്രാധാന്യമുള്ള ഒരു സമ്മേളനത്തിന് പുന്നപ്ര സാക്ഷ്യം വഹിച്ചു. ഈ സമ്മേളനത്തോടെ ആത്മവിദ്യാസംഘത്തിനുള്ളിൽ ആശയസംഘട്ടനം രൂക്ഷമാവുകയും ആത്മവിദ്യാസംഘം നേതാവായ ആര്യടേൻ എസ്.എൻ.ഡി.പി.യുടെ സംഘടനാ സെക്രട്ടറിയാകുകയും ചെയ്തു. ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനം ഇതോടെ നിലച്ച മട്ടായി.

1105-ൽ തന്നെ ഇവിടെ സ്ഥാപിതമായ എസ്.എൻ.ഡി.പി. ശാഖകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമായി.

ഇവിടെ പൊതുവിദ്യാഭ്യാസ പ്രസ്ഥാനങ്ങളുടെ സ്ഥാപനത്തിൽ ആദിമാതൃകകൾ സൃഷ്ടിച്ചത് ക്രിസ്ത്യൻ മിഷനറിമാരായിരുന്നു. 1820-കളിൽ ഇന്നത്തെ പോളിടെക്നിക്കിനു വടക്കുവശം സി.എം.എസ്. സഭ സ്ഥാപിച്ചതാണ് ഈ പ്രദേശത്തെ ആദ്യത്തെ സ്കൂൾ. ഇന്ന് ഈ സ്കൂൾ നിലവിലില്ല.

1859-ൽ ലണ്ടൻ മിഷൻ സൊസൈറ്റി സ്ഥാപിച്ച വിദ്യാലയമാണ് ഇന്നത്തെ പറവൂർ ഗവൺമെന്റ് ഹൈസ്കൂൾ. ഈ വിദ്യാലയമായിരുന്നു സാഹിത്യപഞ്ചാനനൻ ശ്രീ. പി.കെ. നാരായണപിള്ളയുടെ ആദ്യപാഠന കളരി. പറവൂർ മുരിങ്ങനാട് ബാല്യകാലം ചെലവഴിച്ച അദ്ദേഹം തന്റെ സ്മരണകളിൽ ഈ പ്രദേശത്തെക്കുറിച്ചും സ്കൂളിനെക്കുറിച്ചും വിവരിച്ചിട്ടുണ്ട്.

വേലുത്തമ്പിയും, പാലിയത്തച്ചനും, പത്മനാഭപിള്ളയും കളർകോട് വച്ചു നടത്തിയ ആലോചനാപ്രകാരം ചെമ്മാഴത്തു ശങ്കുപിള്ളയുടെയും ചെമ്പിൽ വലിയ അരയന്റെയും സഹായത്തോടെ സൈന്യം പോഞ്ഞിക്കര റസിഡൻസി ആക്രമിച്ചു. അത്ഭുതകരമാംവിധം മെക്കാള രക്ഷപ്പെട്ടു. പള്ളാത്തുരുത്തിയിൽ വച്ചുണ്ടായ ഏറ്റുമുട്ടലിൽ വെള്ളക്കാരായ പട്ടാളക്കാരെ ആറ്റിൽ മുക്കിക്കൊന്നു. വൻതോതിൽ ബ്രിട്ടീഷ് പട്ടാളം എത്തിയതോടെ തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ടു. സാഹചര്യം അനുകൂലമല്ലെന്നു കണ്ട കുഞ്ചെക്കുട്ടിപിള്ള പിടികൊടുത്തു. വൈക്കം പത്മനാഭപിള്ള ഒരു ഒറ്റുകാരൻ മുഖേന പിടിക്കപ്പെട്ടു. ഇരുവരെയും ബ്രിട്ടീഷുകാർ തൂക്കിക്കൊന്നത് ഇന്ന് തൂക്കുകുളം എന്നറിയപ്പെടുന്ന സ്ഥലത്തു വെച്ചായിരുന്നു. ഈ സ്ഥലത്ത് ഒട്ടനവധിപേരെ തൂക്കിലേറ്റിയിട്ടുണ്ട്.

ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ അമ്മയായ മഹാറാണി സേതുപാർവ്വതീഭായി തമ്പുരാട്ടിയുടെ ഓർമ്മയ്ക്കായി നിർമ്മിച്ച ശുദ്ധജലവിതരണ പദ്ധതി പഞ്ചായത്തിലെ ആദ്യജലസേചനപദ്ധതി ആയിരുന്നു. ഇപ്പോഴത്തെ അമ്പലപ്പുഴ ബ്ലോക്ക് ഓഫീസിനടുത്തുള്ള വർക്ഷോപ്പ് നിൽക്കുന്ന സ്ഥലത്തുണ്ടായിരുന്ന Cottom andn Co. എന്ന കമ്പനി വക സാധനങ്ങൾ ഇവിടെ ഉപയോഗിച്ചിരുന്നു.

ആലപ്പുഴയിലെ വൻകിട കയർ ഫാക്ടറികളിൽ ഒന്നായിരുന്ന ഡാറാ-ഇസ്മയിൽ കമ്പനിയുടെ സ്ഥാപകനും ആലപ്പുഴ മാർക്കറ്റിന്റെ ശിൽപ്പിയും അമേരിക്കക്കാരനുമായ ഡാറാ സായിപ്പാണ് പുന്നപ്രയിൽ ശാസ്ത്രീയ തെങ്ങുകൃഷിയുടെ പ്രചാരകനായത്. ആലപ്പുഴ-അമ്പലപ്പുഴ രാജപാത (ദേശീപാത)യുടെ പ്രാരംഭ സർവേ നടത്തിയതും, ഗ്രാമത്തിൽ

ആദ്യത്തെ മോട്ടോർ കാർ കൊണ്ടുവന്നതും പറവൂരിൽ താമസിച്ചിരുന്ന ഇദ്ദേഹമാണ്. ശാസ്ത്രീയ തെങ്ങുകൃഷി നടപ്പാക്കുന്നതിന് അദ്ദേഹം തിരഞ്ഞെടുത്ത വളപ്പുകളാണ് ഇന്ന് ആയിരം തെവളപ്പ്, ലളിത വളപ്പ്, കുന്നേവളപ്പ് എന്ന പേരുകളാലറിയപ്പെടുന്നത്. രാജപാതയുടെ ഇരുവശങ്ങളിലും തണൽമരമായി കാറ്റാടി വച്ചുപിടിപ്പിച്ചതും ഡാറാസായിപ്പാണ്. ഇതിനായി കാറ്റാടി തൈകൾ പാകി മുളപ്പിച്ച സ്ഥലമാണ് ഇന്ന് കാറ്റാടി വളപ്പായി അറിയപ്പെടുന്നത്.

1938-ൽ ആരംഭിച്ച തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനം അന്നുമുതൽ തന്നെ പുന്നപ്രയിലും തുടങ്ങിയിരുന്നു. ഉത്തരവാദഭരണത്തിനായി കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭണങ്ങൾ ഇവിടെയും നടന്നു. പദയാത്രകളും പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെട്ടു. സർവ്വശ്രീ. അപ്പോൻ അറൗജ്, കെ.എസ്. ജോസഫ്, കെ.എസ്. ബെൻ, ജി. പാർത്ഥൻ, വിനാംശി, തൊമ്മജി തുടങ്ങിയവരായിരുന്നു കോൺഗ്രസിന്റെ ഇവിടുത്തെ മുൻനിരനേതാക്കന്മാർ. 1119-ൽ സ്റ്റേറ്റ് കോൺഗ്രസിന്റെ ചരിത്രപ്രാധാന്യമുള്ള ഒരു സമ്മേളനം പുന്നപ്രയിൽ നടന്നു. സർവ്വശ്രീ പട്ടംതാണുപിള്ള, സി. കേശവൻ തുടങ്ങി കോൺഗ്രസിന്റെ മഹാരഥന്മാരുടെ സാന്നിദ്ധ്യം ഈ സമ്മേളനത്തിൽ ഉണ്ടായി.

സൂര്യനുദിക്കുന്നതോടൊപ്പം പാടത്തിറങ്ങുകയും നിലാവു പെയ്യുമ്പോഴും ചേറിൽ നിന്ന് കയറാതെ ജന്മിമാരുടെ പത്തായപ്പുരകൾ നിറയ്ക്കാൻ വിധിക്കപ്പെട്ട കർഷകത്തൊഴിലാളികൾ, കടപ്പുറത്തെ മുതലാളിമാരുടെയും അവരുടെ പിണിയാളുകളുടെയും നാനാവിധത്തിലുള്ള കൊടിയ ചൂഷണങ്ങൾക്കിരയായി അടിമതുല്യമായ ജീവിതം നയിച്ചിരുന്ന മൽസ്യത്തൊഴിലാളികൾ, നാടനും മറുനാടനുമായ കമ്പനി മുതലാളിമാരുടെ അടിമകളെപ്പോലെ ജോലി ചെയ്തിരുന്ന കയർ ഫാക്ടറി തൊഴിലാളികൾ- ഇതായിരുന്നു പുന്നപ്രയിലെ തൊഴിലാളികളുടെ അന്നത്തെ അവസ്ഥ. 1115-ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധത്തോടു കൂടി കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്നത് നിലയ്ക്കുകയും ആയിരക്കണക്കിന് കയർ ഫാക്ടറി തൊഴിലാളികൾ പണിയില്ലാത്തവരായിതീരുകയും ചെയ്തു. ഇത് സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാക്കി. സ്വന്തം അവശതകൾ പരിഹരിക്കുന്നതിന് നാടിന്റെ വിമോചനലക്ഷ്യവുമായി വർഗ്ഗബോധമുള്ള തൊഴിലാളികൾ സമരരംഗത്തേയ്ക്ക് എടുത്തുചാടി. 1114-ൽ തുലാം 5ന് നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചും സാമ്പത്തിക ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും കയർ ഫാക്ടറി തൊഴിലാളികൾ നടത്തിയ പണിമുടക്കിനെ സർ. സി.പി.യുടെ പോലീസ് അതിക്രൂരമായി നേരിട്ടു. പൊലീസിനെ തടയാൻ സംഘടിതരായ തൊഴിലാളി വർഗ്ഗം പല മാർഗ്ഗങ്ങളും സ്വീകരിച്ചു. റോഡിന്റെ വശങ്ങളിൽ നിന്നിരുന്ന കാറ്റാടി മരങ്ങൾ റോഡിൽ മുറിച്ചിട്ട് വഴി തടഞ്ഞു. തുടർന്ന് പറവൂരിൽ നടന്ന വെടിവെയ്പിൽ കേശവൻ എന്ന തൊഴിലാളി വെടിയേറ്റു വീണു. ഈ സമരത്തിന്റെ സജീവപങ്കാളിയായ ചെമ്പൻ എന്ന മരംവെട്ട് തൊഴിലാളി അറസ്റ്റ് ചെയ്യപ്പെടുകയും കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഇനിയും കാറ്റാടി മരം മുറിക്കുമോ എന്ന് ജഡ്ജി ചോദിച്ചതിന് ഇനിയും ഇതുപോലെ ചെയ്യും എന്ന ധീരമായ മറുപടിയാണുണ്ടായത്. അന്തർദേശീയവും ദേശീയവുമായ നിരവധി രാഷ്ട്രീയ സംഭവഗതികളുടെയും ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ പോരാട്ടങ്ങളുടെയും ഫലമായി ബ്രിട്ടീഷുകാർ ഇന്ത്യ വിടുവാൻ നിർബന്ധിതരായി. എന്നാൽ നാട്ടു രാജ്യങ്ങളെ സ്വതന്ത്രമായി നിലനിർത്തിക്കൊണ്ട് ഇന്ത്യയെ ദുർബലമാക്കി തീർക്കാനുള്ള കുടില തന്ത്രമാണ് ബ്രിട്ടീഷുകാർ ആസൂത്രണം ചെയ്തത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ വിനീത ദാസന്മാരിൽ അഗ്രഗണ്യനായ സർ. സി. പി. രാമസ്വാമിഅയ്യർ സാമ്രാജ്യത്വഭരണത്തെ ഇവിടെ അരക്കിട്ടുറപ്പിക്കാൻ ഇറങ്ങിത്തിരിച്ച വ്യക്തിയായിരുന്നു. സ്വതന്ത്ര നാട്ടുരാജ്യ സിദ്ധാന്തത്തിനെതിരായി ത്യാഗോജ്വലമായ സമരങ്ങൾ തിരുവിതാംകൂറിൽ എമ്പാടും അരങ്ങേറി. ഈ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലുവാൻ പോലീസിന്റെയും പട്ടാളത്തിന്റെയും ചുമതല സ്വയം ഏറ്റെടുത്തുകൊണ്ട് സർ. സി. പി. പട്ടാളഭരണം പ്രഖ്യാപിച്ചു. ജന്മിമാരുടെയും മുതലാളിമാരുടെയും അവരുടെ ഗുണ്ടകളുടെയും വിവരണാതീതമായ മർദ്ദനങ്ങളോടൊപ്പം അവരുടെ സഹായികളായി അവതരിച്ച പോലീസിന്റെയും പട്ടാളത്തിന്റെയും അതിക്രമങ്ങൾ കൂടിയായപ്പോൾ തൊഴിലാളികൾ ഗത്യന്തരമില്ലാതെ പോരാട്ടത്തിന് തയ്യാറായി. കമ്മ്യൂണിസ്റ്റ് പാർട്ടി, തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ, അമ്പലപ്പുഴ താലൂക്ക് മൽസ്യത്തൊഴിലാളി യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ 1122 തുലാം 7-ാം തീയതി മഹാരാജാവിന്റെ ജന്മദിനത്തിൽ പുന്നപ്രയിൽ പന്നച്ചുവടിന് പടിഞ്ഞാറുവശം അപ്പോ അറൗജിന്റെ വീട്ടിൽ തുറന്നിരുന്ന പോലീസിന്റെ ക്യാമ്പിലേക്ക് ജനങ്ങൾ മാർച്ച് ചെയ്തു. 'അമേരിക്കൻ മോഡൽ, അറബിക്കടലിൽ' ദിവാൻ ഭരണം അവസാനിപ്പിക്കുക'. 'പട്ടാളത്തെ പിൻവലിക്കുക', 'പ്രായപൂർത്തി വോട്ടവകാശം അനുവദിക്കുക', 'തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അന്ന് ഉയർത്തിയത്. 5000-നുമേൽ തൊഴിലാളികൾ വാരിക്കുന്തങ്ങളും കയ്യിൽ കിട്ടിയ മറ്റായുധങ്ങളുമായി ആ മാർച്ചിൽ പങ്കെടുത്തു. ക്യാമ്പിനടുത്തുവെച്ച് പട്ടാളം ജാഥയെ തടഞ്ഞുകൊണ്ട് പിരിഞ്ഞുപോകണമെന്നാവശ്യപ്പെട്ടു. രോക്കു താഴെ വെച്ച് ക്യാമ്പ് പിരിഞ്ഞു പോകണമെന്നായിരുന്നു തൊഴിലാളികളുടെ മറുപടി. തുടർന്നു നടന്ന ഏറ്റുമുട്ടലിലും പോലീസ് വെടിവെപ്പിലും നിരവധി തൊഴിലാളികൾ മരിച്ചുവീണു. പോലീസ് ഇൻസ്പെക്ടർ വേലായുധൻ നാടാർ ഉൾപ്പെടെ ഏതാനും പോലീസുകാരും സംഘർഷത്തിൽ കൊല്ലപ്പെട്ടു.

ക്യാമ്പ് ആക്രമണത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസിൽ 95 പേർ പ്രതികളായി. അനവധി പേർ ഒളിവിൽ പോയി. ദാമോദരൻ, ശങ്കരൻ, കുട്ടപ്പൻ, പൗലോസ് ഫ്രഞ്ചു എന്നിവരെ വധശിക്ഷയ്ക്ക് വിധിക്കുകയും പിന്നീട് ശിക്ഷ ജീവപര്യന്തമാക്കി ഇളവു ചെയ്തുകൊടുക്കുകയും ചെയ്തു. വെടികൊണ്ട് ഇന്ന് പുന്നപ്രയിൽ ജീവിച്ചിരിക്കുന്ന വ്യക്തിയാണ് പൊള്ളയിൽ ലോനൻ ബഞ്ചമിൻ. ലോകചരിത്രത്തിലും, ഇന്ത്യാ ചരിത്രത്തിലും സ്ഥാനം പിടിച്ച് കൊലമരങ്ങളേയും കാലത്തേയും അതിജീവിച്ച ഈ സമരത്തിന്റെ ഇവിടെ നിന്നുള്ള നേതാക്കളിൽ പ്രധാനപ്പെട്ടവർ വി.എസ്. അച്യുതാനന്ദൻ, വി.കെ. കരുണാകരൻ, എം.കെ. സുകുമാരൻ, കെ.എസ്. ബെൻ, എച്ച്. കെ. ചക്രപാണി, കൂനാഞ്ഞലിക്കൽ സുകുമാരൻ, ഒളോത്തറ കൃഷ്ണൻകുഞ്ഞ്, വേലുണ്ണി, ടി.എ. രാഘവൻ, എം.വി. ജോൺ, ശ്രീധരൻ തുടങ്ങിയവരായിരുന്നു. സമരം അടിച്ചമർത്തപ്പെട്ടുവെങ്കിലും അതുയർത്തിയ ജനരോഷത്തിൽ സർ. സി. പി.ക്ക് തിരുവിതാംകൂർ വിടേണ്ടി വന്നതും ഈ സമരം തിരുവിതാംകൂറിലേയും അതുവഴി കേരളത്തിലേയും സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക ഭൂമികയിൽ വരുത്തിയ വിപ്ലവകരമായ മാറ്റങ്ങളുടെയും ചരിത്രം ഇവിടെ വിവരിക്കേണ്ടതില്ലല്ലോ.

1969-ൽ അറവുകാട് ക്ഷേത്രമൈതാനിയിൽ കൂടിയ മഹാസമ്മേളനത്തിൽ വെച്ചാണ് കുടികിടപ്പവകാശം സ്ഥാപിക്കാൻ വേണ്ടി നടന്ന മഹത്തായ സമരത്തിന്റെ പ്രഖ്യാപനം നടന്നത്. ഈ സമ്മേളനത്തിൽ എ.കെ.ജി., തകഴി, ഇ.എം.എസ്. എന്നിവർ പങ്കെടുത്തു.

വിവിധ മതവിശ്വാസികൾ പാർത്തുവന്നിരുന്ന നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന മതസാഹോദര്യം മാതൃകാപരമായി ഇന്നും നിലനിൽക്കുന്നു. ഈ സാഹോദര്യം കാത്തുസൂക്ഷിച്ചുകൊണ്ട് സമ്പന്നമായ ഭൂതകാലത്തിന്റെ ആവേശത്തിൽ ഇന്നിന്റെ വെല്ലുവിളികളെ നമുക്ക് നേരിടാനാകും.

സൗജന്യനോട്ടുബുക്ക് വിതരണ ഉത്ഘാടനത്തിൽ 10-ാം വാർഡ് മെമ്പർ കുഞ്ഞ്കുഞ്ഞ് വള്ളോൻ ആശംസാപ്രസംഗം നടത്തുന്നു.

പുന്നപ്ര ഗ്രാമപഞ്ചായത്ത് തല സൗജന്യനോട്ട്ബുക്ക് വിതരണ ഉത്ഘാടനം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ആർ. ഗോപാലകൃഷ്ണൻ നിർവഹിക്കുന്നു.

പുനരർപ്പണ ദിനറോഡ് ഉത്ഘാടനം പുന്നപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി: രാജമ്മ രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.



ജനകീയാസൂത്രണ പരിപാടികളുടെ ഒന്നാംഘട്ട പരിശീലന ക്ലാസ്സ് ഉത്ഘാടനം അറവുകാട് എൽ.പി.എസ്. - ൽ പ്രസിഡന്റ് ശ്രീമതി: രാജമ്മരാധാകൃഷ്ണൻ പതാക ഉയർത്തി നിർവ്വഹിക്കുന്നു.

# ഭൂമി, ജലം, ജനം

കേരളത്തിലെ തീരസമതലത്തിൽപ്പെടുന്ന ഒരു ഭൂപ്രദേശമാണ് പുന്നപ്ര. കിഴക്ക് അക്ഷാംശം 76 ഡിഗ്രി 17 മുതൽ 76.46നും വടക്കു രേഖാംശം 9 ഡിഗ്രി 5 മുതൽ 9 ഡിഗ്രി 55നും ഇടയിലാണ് പുന്നപ്ര സ്ഥിതി ചെയ്യുന്നത്. കോസ്റ്റൽ സാൻഡിസോൺ എന്നറിയപ്പെടുന്ന കാർഷിക കാലാവസ്ഥയാണ് ഈ മേഖലയുടേത്. പഞ്ചായത്തിന്റെ 1 മുതൽ 8 വരെയും 15ഉം വാർഡുകൾ ദേശീയപാതയ്ക്ക് പടിഞ്ഞാറുവശമാണ്. അതിൽ 1 മുതൽ 7 വരെ വാർഡുകൾ അറബിക്കടലോളം വ്യാപിച്ചുകിടക്കുന്നു. 9 മുതൽ 14 വരെ വാർഡുകൾ ദേശീയപാതയ്ക്ക് കിഴക്കുവശമാണ്. ഇതിൽ 10 മുതൽ 14 വരെ വാർഡുകൾ കിഴക്ക് പുക്കൈതയാറുവരെയാണ്. കായൽത്തീരവും കടലോരവുമാണ് വളരെയധികം ശ്രദ്ധപതിപ്പിക്കേണ്ട ഭൂപ്രകൃതി മേഖലകൾ.

## മണ്ണ്

ഈ പ്രദേശത്തെ 90% ഭാഗവും മണൽമണ്ണ് സമതലങ്ങളാണ്. അതുകൂടാതെ ചെളിമണ്ണും ചിലയിടങ്ങളിൽ ചെളിയും കാണപ്പെടുന്നു. കിഴക്കൻ പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ പലയിടത്തും കലശിത്തട്ട് കണ്ടുവരുന്നു. അങ്ങിങ്ങായി ചതുപ്പുപ്രദേശങ്ങളും ഉണ്ട്. പാടശേഖരങ്ങളിൽ അമ്ലാംശം വളരെ കൂടുതലാണ്. കുമ്മായം ഉപയോഗിച്ചാണ് അമ്ലാംശം കുറയ്ക്കുന്നത്. ഫലഭൂയിഷ്ടി കുറഞ്ഞതും ജലസേചനം ആവശ്യമുള്ളതുമാണ് ഇവിടുത്തെ മണൽ. ജൈവവളങ്ങളുടെ ഉപയോഗം വ്യാപകമാക്കേണ്ടതുണ്ട്.

## ഭൂവിനിയോഗം

ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ ഭൂവിസ്തൃതി 21.27 സ്കയർ കിലോമീറ്ററാണ്. പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ് എന്നിവയാണ്. കശുമാവ്, നാടൻമാവ്, പ്ലാവ്, വാഴ, കവുങ്ങ്, മരച്ചീനി, പയറുവർഗങ്ങൾ എന്നിവയും നാമമാത്രമായി കുരുമുളകും കൃഷി ചെയ്തുവരുന്നു. കാർഷികവിളകളുമായി ബന്ധപ്പെട്ട ഒരു പട്ടിക കൃഷിയും ജലസേചനവും എന്ന വിഭാഗത്തിൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 46050 (91 സെൻസസ്) ആണ്. ഇതിൽ 7408 പേർ കർഷകരാണ്. ഒരു ഹെക്ടറിന് താഴെ കൃഷിയുള്ള നാമമാത്ര കർഷകരും ഒരു ഹെക്ടർ മുതൽ രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട കർഷകരും നിലവിൽ ഉണ്ട്. ഈ പഞ്ചായത്തിൽ സമ്പന്ന കർഷകർ ആരും തന്നെയില്ല.

## കാലാവസ്ഥ, ജലം

സംസ്ഥാനത്തിന്റെ പൊതുവായ കാലാവസ്ഥയുമായി ഐകരൂപ്യമുള്ള കാലാവസ്ഥയാണ് ഈ പ്രദേശത്തും അനുഭവപ്പെട്ടുവരുന്നത്. സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞ മഴ മാത്രമെ ഇവിടെ ലഭിക്കുന്നുള്ളൂ. കഴിഞ്ഞ അഞ്ചു വർഷം പെയ്ത മഴയുടെ വിവരം പട്ടികയായി കൊടുത്തിട്ടുണ്ട്. 281.72 മില്ലിമീറ്ററാണ് ശരാശരി പ്രതിവർഷ മഴ ലഭ്യത. ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവുമധികം മഴ ലഭിക്കുന്നത്. ഇത് ആകെ ലഭിക്കുന്ന മഴയുടെ 59.74% ആണ്.

പഞ്ചായത്തിന്റെ തീരപ്രദേശത്തും കിഴക്കൻ പ്രദേശങ്ങളിലും കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടാറുണ്ട്. ഇടയ്ക്കുള്ള പ്രദേശത്ത് പ്രായേണ ശുദ്ധജലം ലഭ്യമാണ്. ഭൂഗർജലം പഞ്ചായത്തിലെ മുഴുവൻ ഉപയോഗത്തിനും തികയുന്നതല്ല. നിലവിൽ പഞ്ചായത്ത് ഓഫീസിനു സമീപം മാത്രമെ പമ്പ് ഹൗസ് ഉള്ളൂ. പറവൂർ വാട്ടർ സപ്ലൈ സ്കീം തുടങ്ങിക്കഴിഞ്ഞാൽ പഞ്ചായത്തിന്റെ 75% ജലാവശ്യം നിറവേറ്റുവാനാകും. ഒരു ഭൂഗർഭ ജലപമ്പിംഗ് സ്റ്റേഷൻ കൂടിയുണ്ടെങ്കിലെ പഞ്ചായത്തിന്റെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ആകുകയുള്ളൂ. ജലവിതാനത്തിലേക്കുള്ള ഏറ്റവും കുറഞ്ഞ ആഴം രണ്ടര മീറ്ററും കൂടിയത് ആറ് മീറ്ററുമാണ്.

## പരിസ്ഥിതി പ്രശ്നങ്ങൾ

1. തീരപ്രദേശങ്ങളിൽ കടലാക്രമണം മൂലം സംഭവിക്കുന്ന തീരശോഷണം.
2. പഞ്ചായത്തിലെ കിഴക്കൻ പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും മടവീഴലും.
3. തോടുകളുടെ നശീകരണം മൂലം സ്വാഭാവിക ജലനിർഗമന മാർഗങ്ങൾ ഇല്ലാതാവുകയും തന്മൂലം വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ.
4. ആലപ്പുഴ-അമ്പലപ്പുഴ കനാലിന്റെ പ്രാധാന്യം കണക്കിലെടുക്കാതെ ജലഗതാഗതം നിർത്തലാക്കുംവിധം മുട്ടുകൾ നിർമ്മിച്ചിരിക്കുന്നു. കനാലിന്റെ വീതി കറുഞ്ഞുവരുന്നതും പായൽ നിറഞ്ഞു കിടക്കുന്നതും പ്രശ്നമാണ്.
5. ക്ഷിത്തോട് ജലസേചനയോഗ്യമല്ലാത്തത് മൂലം വെള്ളം നിൽക്കുകയും കൊതുകുകൾ പെരുകി രോഗസംക്രമണത്തിന് കാരണമാകുന്നു. മിൽമയിൽ നിന്നുള്ള മലിനജലം കാപ്പിത്തോട്ടിലേക്ക് ഒഴുക്കി വിടുന്നു. ഇത് കെട്ടി നിന്ന് പൊതുജനാരോഗ്യത്തിന് വൻഭീഷണി ആയി മാറുന്നു.

## ജൈവസമ്പത്ത്

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഇനം തിരിച്ചുള്ള വിവരം മൃഗസംരക്ഷണം എന്ന വിഭാഗത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മറ്റു പക്ഷിമൃഗാദികളുടെയും സസ്യങ്ങളുടെയും കാര്യത്തിൽ ഒരു വിലയിരുത്തൽ അനിവാര്യമാണ്.

പണ്ടുണ്ടായിരുന്ന പല മൃഗങ്ങളും ഇന്ന് എണ്ണത്തിൽ കുറഞ്ഞു. വെരുക്, കീരി, അണ്ണാൻ, കുരങ്ങ് തുടങ്ങിയ മൃഗങ്ങളും മൈന, തത്ത, കുയിൽ, വാൽകുലുക്കി, ഞാറ, മരംകൊത്തി, പരുന്ത്, കാക്കത്തമ്പുരാട്ടി, കുളക്കോഴി, മൂങ്ങ തുടങ്ങിയ പക്ഷികളും നിശാശലഭങ്ങളും ഏറെക്കുറെ വംശനാശ ഭീഷണി യെ നേരിടുകയാണ്. കാക്കകൾ വർദ്ധിച്ചിട്ടുമുണ്ട്. മുത്തങ്ങ, ഞാറമരം, ഇലഞ്ഞി, പുന്ന, ചൂരൽക്കാടുകൾ, കടമ്പ് എന്നിവയും ഔഷധസസ്യങ്ങളും നാട്ടിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## ജനപ്രകൃതി

1991-ലെ കനേഷുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 46050 ആണ്. 23645 സ്ത്രീകളും 22405 പുരുഷന്മാരും. പുരുഷന്മാരേക്കാൾ 1240 സ്ത്രീകൾ അധികമാണ്. 1000 പുരുഷന്മാർക്ക് 1055 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിന്റേത്. സംസ്ഥാന ശരാശരി 1036 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 2165 ആണ്. സംസ്ഥാന ശരാശരി 749 ആണ്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രത ഉള്ളത്. ജില്ലയുടെ ശരാശരി 1415 സ്ക്വയർ കിലോമീറ്റർ. പട്ടികജാതി ജനസംഖ്യ 1763 (സ്ത്രീകൾ 876, പുരുഷന്മാർ 887) ആണ്. 38231 പേർ സാക്ഷരരാണെന്ന് 91-ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 18951 പേർ പുരുഷന്മാരും 19280 പേർ സ്ത്രീകളും ആണ്. സാക്ഷരതാ ശതമാനം 83.02 ആണ്. സ്ത്രീ സാക്ഷരതാ 81.53 ശതമാനവും പുരുഷസാക്ഷരത 84.58 ശതമാനവും ആണ്. 91-ലെ സെൻസസ് പ്രകാരമുള്ള സംസ്ഥാന ശരാശരി സാക്ഷരത 89.81 ശതമാനം. സ്ത്രീ സാക്ഷരത 86.17 ശതമാനം. പുരുഷസാക്ഷരത 93.62 ശതമാനം. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5.11 ആണ്. കേരളത്തിന്റേത് 5.3 ആണ്. ദേശീയ ശരാശരി 5.6.

## വിദ്യാഭ്യാസ നിലവാരം

സാങ്കേതികബിരുദം, പ്രൊഫഷണൽ ബിരുദം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. വൊക്കേഷണൽ ട്രെയിനിങ് ലഭിച്ചവരുടെ എണ്ണത്തിൽ സ്ത്രീകൾ പൊതുവെ പിന്നിലാണ്. സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളാണ് മുന്നിലെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് വിദ്യാഭ്യാസം എന്ന വിഭാഗത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.



# കൃഷിയും ജലസേചനവും

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ നെൽകൃഷിയും, പടിഞ്ഞാറൻമേഖലയിൽ തെങ്ങ് കൃഷിയും പ്രധാനമായി നടത്തിവരുന്നു. കശുമാവ്, കുറ്റിമുല്ല, പച്ചക്കറി, മരച്ചീനി, വാഴ എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നുണ്ടെങ്കിലും ഇത്തരം കൃഷികൾക്ക് ഒരു ഏകീകൃതരൂപം കൈവന്നിട്ടില്ല. വർഷകാലങ്ങളിൽ സാമാന്യം നല്ല മഴ ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനാൽ കൃഷി അനുബന്ധ ജനസേചനസൗകര്യങ്ങൾ അടിയന്തിരമായി വികസിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ കാർഷിക വികസനത്തിനായി കൃഷി ഓഫീസർ കൺവീനറും പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനുമായുള്ള കാർഷിക വികസന സമിതിയും കേരക്കൃഷിയുടെ വികസനത്തിനായി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പ്രസിഡണ്ടായുള്ള കേര വികസന സമിതിയും നെൽകൃഷിയുടെ വികസനത്തിനുവേണ്ട മാർഗനിർദേശങ്ങൾ നൽകുവാൻ പതിനഞ്ച് പാടശേഖരങ്ങളിലെ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരടങ്ങുന്ന നെല്ലുൽപ്പാദന സമിതിയും പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുവേണ്ടി '3' ഏജൻറുമാർ കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മണ്ണ് പരിശോധനാ കേന്ദ്രവും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന ഏകവിത്തുപരിശോധനാകേന്ദ്രവും നമ്മുടെ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നു. മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങളുടേയും സേവനം കർഷകർ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കൃഷിഭവൻ, വിത്തുപരിശോധനാകേന്ദ്രം, മണ്ണുപരിശോധനാകേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ ആവശ്യകത കർഷകർക്ക് മനസിലാക്കുവാൻ വേണ്ട ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുതലത്തിൽ നടപ്പിൽ വരുത്തണം. വിവിധ ഗ്രാമസഭകളുടെ നിർദേശമനുസരിച്ച് കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ആവശ്യത്തിനുള്ള ഫിൽഡ് സ്റ്റാഫിനേയും വാഹനസൗകര്യവും ഏർപ്പെടുത്തിയാൽ കൃഷിഭവന്റെ സേവനം കൂടുതൽ കാര്യക്ഷമമാവും. കൃഷിഭവൻ പഞ്ചായത്തു കെട്ടിടത്തോടനുബന്ധിച്ച് പ്രവർത്തിക്കണമെന്നുള്ള ഗ്രാമസഭാ നിർദേശം പ്രസ്കതമാണെങ്കിലും സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ഒരു കൂട്ടം കൃഷി അനുബന്ധ സ്ഥാപനത്തോടൊപ്പം പ്രവർത്തിക്കുന്ന കൃഷിഭവൻ അവിടെത്തന്നെ പ്രവർത്തിക്കേണ്ടതും ആവശ്യമാണ്.

**കൃഷിഭവൻ ശരാശരി രേഖകൾ.**

വിളവിസ്തീർണം

| | | |
|---|---|---|
| നെല്ല്: ഒന്നാംവിള | - | 756 ഹെക്ടർ |
| രണ്ടാംവിള | - | 361 |
| തെങ്ങ് | - | 1074 " |
| വാഴ | - | 188 " |
| കശുമാവ് | - | 85 " |
| മരച്ചീനി | - | 85 " |
| പച്ചക്കറി | - | 35 " |
| പയർ | - | 21 " |
| എള്ള് | - | 8 " |

## നെൽക്കൃഷി

കെട്ടിടങ്ങളുടെ ആധിക്യം:- കൃഷിയിടങ്ങളുടെ വിസ്തൃതി കുറച്ചുകൊണ്ടിരിക്കുന്നു. ആദ്യകാലത്ത് കർഷകർ കൂടുതൽ സ്ഥലവിസ്തൃതിയുള്ളവരും ജന്മിത്ത സ്വഭാവമുള്ളവരും ആയിരുന്നു. പത്ത് ഹെക്ടർ മുതൽ 25 ഹെക്ടർ വരെ നെൽ വയലുകൾ ഉള്ള കർഷകർ ആയിരുന്നു അന്നുണ്ടായിരുന്നത്. ഇന്ന് പരമാവധി 5 ഹെക്ടർ മാത്രമുള്ളവരായി പരിമിതപ്പെട്ടിരിക്കുന്നു. തൊഴിലാളികളുടെ ബാഹുല്യം മൂലം പോലീസ് സഹായത്തോടെ കൊയ്ത്തുനടത്തിയിരുന്ന കൃഷിയിടങ്ങളിൽ ഇന്ന് കൃഷിപ്പണിക്കാരെ തേടി അലയുന്നു. കൃഷിപ്പണിക്കാരുടെ കുറവും, ഉള്ള കൃഷിസ്ഥലങ്ങൾ വിൽക്കുവാനും, മറ്റു കാർഷികാവശ്യങ്ങൾക്കായി വിനിയോഗിക്കാനും കർഷകർ നിർബന്ധിതരാകുന്നു. കർഷകത്തൊഴിലാളികളുടെ സേവനവേതന നിലവാരം ഉയർത്താനും, അവരുടെ സാമൂഹ്യജീ

വിതം ഉയർത്താനും കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്.

ചെമ്പാവ്, പൊക്കാളി, വിരിപ്പ്, കരിവണ്ണല, ഞവര, കുള പ്പാല, മുണ്ടകൻ, മൈല, കറുത്തചാര, കൊച്ചുവിത്ത് തുട ങ്ങിയ ആദ്യകാല നെൽവിത്തുകളിൽ നിന്ന് പരമാവധി പത്തു മേനി വിളവ് ലഭിച്ചിരുന്നു. ഒന്നിടവിട്ട വർഷങ്ങളിലാണ് ആദ്യ കാലത്ത് കൃഷി നടത്തിയിരുന്നത്. അതിനുശേഷം പി.ടി.ബി. -10, കർച്ചൽ-3, കൾച്ചർ-28, ഐ.ആർ.-8, ജയ, തൈച്ചൊങ്ങ് എന്നിവയും കൂടുതൽ അത്യുൽപ്പാദനശേഷിയുള്ളതും ഇപ്പോൾ പ്രചാരത്തിലുള്ളതും ആയ ജ്യോതി ത്രിവേണി, ചൂവന്ന ത്രിവേണി, പവിഴം തുടങ്ങിയ നെൽവിത്തിനങ്ങളും പ്രചാരത്തിലായി. ഇന്ന് കർഷകർക്ക് 25 മുതൽ 35 മേനി വിള വ് വരെ ലഭിക്കുന്നു.

പുഴു, ചാഴി എന്നിവയെ ആദ്യകാലത്ത് നീക്കം ചെയ്തി രുന്ന രീതി വളരെ രസകരമായിരുന്നു. ചൂലുകൊണ്ട് പുഴുക്ക ളെ അടിച്ച് നീക്കം ചെയ്തിരുന്നു. ചാഴിയെ നീക്കം ചെയ്യാനാ യി 'ചാഴി വിലക്കുക' എന്ന മന്ത്രവാദവും നടത്തിയിരുന്നു. ഇന്ന് കീടനിയന്ത്രണം പൂർണമായും അത്യുഗ്രവിഷമുള്ള കീട നാശിനി മുഖേനയാണ് നടത്തപ്പെടുന്നത്. അതുപോലെ തന്നെ കോര, കവട, ഉരുളംപുല്ല്, കതിര (ചെല്ലി), വരി എന്നീ കളകൾ പൂർണമായും കൈകൊണ്ട് പറിച്ചു നീക്കം ചെയ്തിരു ന്നു. ഇന്ന് കളനാശിനികൾ കടന്നുവന്നിരിക്കുന്നു. എരണ്ട, പ്രാ വ്, പേര തുടങ്ങിയ പക്ഷികൾ അന്നും ഇന്നും നമ്മുടെ പാട ശേഖരങ്ങളിൽ വിതയ്ക്കുന്ന നെൽമണികൾ കൊത്തിതിന്നു വാനായി രംഗത്തുണ്ട്. കൂടാതെ എലി വളരെ വ്യാപകമായി ഒരു സർവനാശക സ്വഭാവത്തിൽ കൃഷികളെ ആക്രമിച്ചുകൊ ണ്ടിരിക്കുന്നു. 1, 9, 15 എന്നീ വർഡുകൾ നെൽകൃഷിയ്ക്ക് അനുയോജ്യമല്ല. നാഷണൽ ഹൈവേയ്ക്ക് പടിഞ്ഞാറുവശമു ള്ള 2 മുതൽ 8 വരെയുള്ള വാർഡുകളിൽ വിരിപ്പ് കൃഷിയ്ക്ക് അനുയോജ്യമായ കരപ്പാടവും, 10, 11, 12, 13, 14 വാർഡുക ളിൽ പുഞ്ചകൃഷിയ്ക്ക് അനുയോജ്യമായ പാടങ്ങളും, ആവശ്യ മായ ജലസേചന സൗകര്യങ്ങളോടുകൂടി പുറംബണ്ട് നിർമ്മി ച്ച് കൃഷിയ്ക്ക് അനുയോജ്യമാക്കേണ്ടതുമായ കരപ്പാടങ്ങളും ഉണ്ട്. നിലവിൽ ഒന്നാംവിള നടത്തുന്ന 756 ഹെക്ടർ സ്ഥല വും രണ്ടാംവിള നടത്തുന്ന 361 ഹെക്ടർ സ്ഥലവും പഞ്ചായ ത്തിലുണ്ട്. രണ്ടാംവിള നടത്തുന്ന സ്ഥലത്തിന്റെ കുറവ് നെൽ കൃഷി നേരിടുന്ന പ്രശ്നത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

നെൽകൃഷി രംഗത്ത് തൊഴിലാളികളുടെ കുറവാണ് നൽകൃഷിക്കാർ നേരിടുന്ന പ്രധാനപ്രശ്നം. കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ ഈ പ്രശ്നം ശാശ്വതമായി പരിഹരി ക്കാൻ ആകുമെന്ന് കരുതുന്നില്ല. ആയതിനാൽ നെൽകൃഷിയു ടെ വിവിധതലങ്ങളിൽ യന്ത്രസംവിധാനങ്ങൾ ഏർപ്പെടുത്തി യാവ ദ്രുതഗതിയിൽ പഞ്ചായത്തുതലത്തിലൂടെ വിതരണം ചെയ്യണം. ഇപ്രകാരം ചെയ്യുമ്പോൾ കർഷകർ അമിതമായി വാടകത്തുക കൊടുത്തുവാങ്ങുന്ന മോട്ടറും മറ്റും വായ്പ ആയി നൽകുവാൻ കഴിയാണം.

## പുറം വണ്ട് നിർമ്മിയ്ക്കുന്ന തൊഴിലാളികളുടെ കുറവ്

പരമ്പരാഗതമായി വരമ്പ് നിർമ്മിച്ചിരുന്ന തൊഴിലാളിക ളുടെ കുറവ് മറ്റൊരു പ്രധാന വസ്തുതയാണ്. വരമ്പ് നിർ മ്മാണത്തിന്റെ ഏകപരിഹാരം കരിങ്കല്ല് കൊണ്ട് പുറംബണ്ട് നിർമ്മിക്കണമെന്നുതന്നെയാണ്. അപ്രകാരം ചെയ്യുമ്പോൾ രണ്ടുകൃഷി നടത്തുവാനും, മൽസ്യകൃഷി ശാസ്ത്രീയമായ രീതിയിൽ നടപ്പിൽ വരുത്തുവാനും കഴിയും.

കൃഷികൾക്ക് ആവശ്യമുള്ള ജലസേചനം നടത്തിയിരുന്ന തും വിത്ത്, വളം എന്നിവ കൃഷിയിടങ്ങളിൽ എത്തിച്ചിരുന്നതു മായ പല തോടുകളും പോളകൾ നിറഞ്ഞും മറ്റു കാരണ ങ്ങൾ മൂലവും തടസപ്പെട്ടിരിയ്ക്കുന്നു. കൂടാതെ പാടശേഖര ങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങളുടെയും, നടവഴിക ളുടെയും കുറവ് നെൽകൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്ന മറ്റൊ രു വസ്തുതയാണ്.

സർക്കാർ നടപ്പിലാക്കിയ കൃഷിയിടങ്ങൾക്കുള്ള സൗജ ന്യ വൈദ്യുത പദ്ധയതി സാർവത്രികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതും വിളകൾക്ക് പ്രകൃതിക്ഷോഭം മുഖേന നാശം സംഭവിക്കുന്നതിനു മാത്രം ഇൻഷ്വറൻസ് നൽകുന്ന ഇപ്പോഴത്തെ രീതിയിൽ നിന്ന് വ്യത്യാസ്തമായി കൃഷികൾക്ക് ഏത് തരത്തിലുള്ള നാശം സംഭവിച്ചാലും വിള ഇൻഷ്വറൻസ് പദ്ധതിയിൽനിന്നും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കേണ്ടതും കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളാണ്. കൂടാതെ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വിളനാശങ്ങൾക്ക് കാലകാല ങ്ങളിൽ അനുവദിക്കുന്ന തുക കാലതാമസം കൂടാതെ വിതര ണം ചെയ്യാൻ കഴിയണം.

ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവും, രാസ വളം, കീടനാശിനി എന്നിവയുടെ സബ്സിഡിതുകയുടെ കുറ വും, കാർഷികവായ്പയുടെ വർദ്ധിച്ചുവരുന്ന പലിശനിര ക്കും, കുറഞ്ഞ വായ്പാതുകയും, കൊയ്ത്തുകാലത്ത് നെല്ലിനു ണ്ടാകുന്ന വിലയിടിവു തടയുവാനായി കർഷകരിൽ നിന്നും ന്യായവിലയ്ക്ക് നെല്ല് ശേഖരിക്കുവാൻ സർക്കാർ നടപടി സ്വീ കരിക്കാത്തതും നെൽകൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്ന ങ്ങൾ തന്നെയാണ്.

വാർഡ് തലത്തിൽ നടന്ന ഗ്രാമസഭകളിൽ നെൽകൃഷി യും അതിന്റെ ജലസേചന സൗകര്യങ്ങളും അഭിവൃദ്ധിപ്പെടു ത്തുന്നതിന് ഉരുത്തിരിഞ്ഞ നിർദേശങ്ങൾ താഴെക്കുറിക്കുന്നു.

1. കാപ്പിത്തോട്, വാവക്കാട്ടുപൊഴി, കൊച്ചുപൊഴി എന്നിവയ് ക്ക് ചിർപ്പുകൾ നിർമ്മിച്ച് കൃഷിയ്ക്ക് അനുയോജ്യമാക്കണം.

കാപ്പിത്തോടിന്റെ ഇരുകരകളിലുമുള്ള കയ്യേറ്റഭൂമി വീണ്ടെടുത്ത് തോടിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് കരിങ്കൽ ചിറ കെട്ടി സംരക്ഷിക്കണം.

2. കുറുകപ്പാടം, മുന്നൂറ്റുംപാടം, അഞ്ഞൂറ്റുംപാടം എന്നിവിടങ്ങളിലെ മടവീഴ്ച തടയുവാനായി കരിങ്കൽ ചിറ കെട്ടി സംരക്ഷിക്കണം.

3. കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന വിരിപ്പ് പാടം കൃഷിക്കനുയോജ്യമാക്കുകയും, കൃഷി ചെയ്യുന്നതിന് സർക്കാർ സാമ്പത്തികസഹായം നൽകേണ്ടതുമാണ്.

4. പുന്നപ്ര അമ്പലപുഴ പഞ്ചായത്തുകൾ സഹകരിച്ച് കാപ്പിത്തോട്, കാക്കായം തോടുമായി ബന്ധിപ്പിച്ച് ആഴംകൂട്ടി ദേശീയജലപാതയുമായി ബന്ധിപ്പിക്കണം. ഇപ്രകാരം ചെയ്യുമ്പോൾ കാപ്പിത്തോടിന് ഇരുവശങ്ങളിലുമുള്ള കരപ്പാടങ്ങളിൽ നെൽകൃഷിയും, ശുദ്ധജല കൊഞ്ചുകൃഷിയും സാധ്യമാകും.

5. പൊഴിക്കടവ്, ചെമ്പിൽതോട് തുറന്ന് ജലവിനിമയം നിലനിറുത്തണം.

6. പൊന്നാകരി, കുമ്പളത്താക്കൽക്കരി, വെട്ടിക്കരി, കണ്ണാങ്കുരുവി, ഇളയാടംതുരുത്ത്, പൂന്തുരം തുടങ്ങിയ പാടശേഖരങ്ങളിലെ മടവീഴ്ച തടയുവാനായി കരിങ്കൽ ഉപയോഗിച്ച് പുറംബണ്ട് നിർമ്മിക്കണം.

7. പൂന്തുരം വടക്ക് പാടശേഖരത്തിൽ തർക്കം മൂലം കൃഷിചെയ്യാതിരിക്കുന്ന '20' ഏക്കർ സ്ഥലം എത്രയും വേഗം തർക്കം പരിഹരിച്ച് കൃഷിക്കനുയോജ്യമാക്കണം.

8. ഈരേത്തോട്ടിൽ വന്നുചേരുന്ന തോടിന് കുറുകെ ഇട്ടിരിക്കുന്ന റോഡുകളിൽ ചെറിയ പൈപ്പുകൾ ആണ് ഇട്ടിരിക്കുന്നത്. ഇവ മാറ്റി കൂടുതൽ വ്യാസമുള്ള പൈപ്പുകൾ ഇട്ട് ഒഴുക്ക് തടസപ്പെട്ടിരിക്കുന്ന ഈ തോട്ടിൽ മാലിന്യങ്ങൾ നീക്കം ചെയ്ത ഒഴുക്ക് സുഗമമാക്കണം.

9. പാരിയക്കാടൻ പാടശേഖരത്തിന്റെ മൂന്നുവശവും പുറംബണ്ട് നിർമ്മിച്ച് രണ്ടാംകൃഷിയ്ക്ക് അനുയോജ്യമാക്കുകയും, ഈ പാടശേഖരത്തിന്റെ ജലസേചന സൗകര്യത്തിനായി പള്ളത്തുപിറതോട് കല്ല് കെട്ടി താഴ്ചയുണ്ടാക്കി കൃഷിക്കാവശ്യമായ വെള്ളം കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

10. തടത്തിൽ പാടത്തിലെ കൃഷിയ്ക്ക് അനുയോജ്യമായ രീതിയിൽ ചൂളപ്പുറമ്പ് തോട് ആഴം കൂട്ടുകയും, പോളക്കുളത്തിലെ വെള്ളം ഓടുകെട്ടി തടത്തിൽ പാടത്തിലേയ്ക്ക് ഒഴുക്കിവിടുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻന്റ പദ്ധതി നടപ്പാക്കണം.

11. ആലപ്പുഴ, അമ്പലപ്പുഴ കനാലിനു കുറുകെ ഇട്ടിരിയ്ക്കുന്ന മൂടുകൾ മാറ്റി, ഗതാഗതതടസം ഉണ്ടാകാത്ത രീതിയിൽ ജലനിർഗമന കലിങ്ക് സ്ഥാപിക്കണം.

12. മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി മോട്ടോർ തറകളിലേയ്ക്ക് വരുന്ന പൊതുപാലുകൾ കരിങ്കല്ല് കെട്ടി ബലപ്പെടുത്തണം.

13. കൃഷി ചെയ്യാതിരിക്കുന്ന സ്ഥലത്തെ കൃഷിക്കാരെ ഏകോപിപ്പിച്ച് കൃഷി നടപ്പാക്കണം. അപ്രകാരം ചെയ്യുമ്പോൾ സൗജന്യമായി മോട്ടോർ വൈദ്യുതി കണക്ഷൻ നൽകുകയും ചാലുകൾ നിർമ്മിക്കുകയും ചെയ്യണം.

14. നെൽകൃഷിക്കാർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മങ്കൊമ്പ്, ചമ്പക്കുളം എന്നിവിടങ്ങളിൽ നിന്നു മാറ്റി പുന്നപ്ര ഇലക്ട്രിക്ക് പവർ സ്റ്റേഷന്റെ കീഴിലാക്കണം. വൈദ്യുതി കണക്ഷൻ സർട്ടിഫിക്കറ്റ് കൃഷിഭവനിൽ നിന്ന് ലഭ്യമാക്കണം.

15. പഞ്ചായത്തിലെ-ചതുപ്പുനിലങ്ങൾ സംരക്ഷിച്ച് അനുയോജ്യമായ കൃഷി നടപ്പാക്കണം.

16. പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, പ്രൊഡക്ഷൻ ബോണസ് തുക വർദ്ധിപ്പിക്കുകയും, കൃഷി ചിലവിന്റെ നിശ്ചിതശതമാനം തുക സർക്കാർ സൗജന്യമായി നൽകുവാനും കഴിയണം. അപ്രകാരം ചെയ്യുമ്പോൾ കൂടുതൽ വരുമാനം തേടിപ്പോകുന്ന കർഷകർ തൊഴിലാളികൾക്ക് ആകർഷകമായ കൂലി കൊടുത്ത് കാർഷികവൃത്തിയിലേയ്ക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

17. കൃഷിഭവനിൽ നിന്ന് കീടനാശിനികൾക്ക് കിട്ടിക്കൊണ്ടിരുന്ന 50% സബ്സിഡി തുക പുനഃസ്ഥാപിക്കണം. വിവിധ സബ്സിഡി തുകകൾ കർഷകർക്ക് നേരിട്ട് ലഭിക്കണം.

18. നെൽപ്പാടങ്ങൾ നികത്തുന്നതിന് എതിരായുള്ള നിയമനടപടികൾ കാര്യക്ഷമമാക്കണം.

19. കൃഷിയിടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടത്തിയില്ലെങ്കിൽ നിശ്ചിത തുക പിഴ അടയ്ക്കുന്നതിന് നിയമം ഉണ്ടാക്കണം.

20. സ്കൂൾ തലത്തിൽ പ്രായോഗിക കൃഷിരീതികളിൽ പരിശീലനപരിപാടി നടപ്പാക്കണം.

21. കാർഷികവിളകൾ നശിപ്പിക്കുന്ന എലികളെ തടയുന്നതിന് പഞ്ചായത്തു വ്യാപകമായി നിരന്തരം എലിനശീകരണ മാർഗങ്ങൾ നടപ്പിലാക്കണം.

22. കർഷകർക്കുള്ള പെൻഷൻ പദ്ധതിയും, കർഷകർക്കും കർഷകത്തൊഴിലാളികൾക്കുമുള്ള ഭവനപദ്ധതിയും എത്രയും വേഗം നടപ്പിലാക്കണം.

23. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സംഭരണകേന്ദ്രം ആരംഭിക്കുക.

24. രോഗപ്രതിരോധ നടപടികൾ വാർഡുതലത്തിൽ ഏകീകൃതമായി നടത്തുവാൻ സൊസൈറ്റികൾ സ്ഥാപിക്കുക. അതുവഴി കൂലിനിരക്ക് ഏകീകരിക്കുക.

25. പ്രാദേശികമായി ഒറ്റപ്പെട്ടുണ്ടാകുന്ന കൃഷിനാശങ്ങൾക്കും ഇൻഷുറൻസ് തുക നൽകണം.

**തെങ്ങുകൃഷി**

നെല്ലിനേക്കാൾ കൂടുതൽ ആദായകരമായ തെങ്ങുകൃഷി

ണ് ആദ്യകാലത്ത് കർഷകർ കൂടുതൽ ശ്രദ്ധിച്ചുപോന്ന ിത്തുതേങ്ങാ തിരഞ്ഞെടുക്കുന്നതിനും പരിചരിക്കുന്നതി പ്രത്യേക ശ്രദ്ധ നൽകിയിരുന്നതിനാൽ തെങ്ങിൽ നിന്നു ാദായം പൊതുവെ മെച്ചമായിരുന്നു. അന്ന് തെങ്ങുകൃ ാഗവിമുക്തമായിരുന്നു. ഇന്നത്തെക്കാൾ അദ്ധ്വാനശീല ചെറുപ്പക്കാർ ആഴ്ചയിൽകുറഞ്ഞത് മൂന്നു ദിവസമെങ്കി കുടം ഉപയോഗിച്ച് ആവശ്യാനുസരണം ജലസേചനം ിയിരുന്നു. ജലസേചനത്തിന് ആശ്രയിച്ചിരുന്ന കുള എല്ലാവർഷവും കൃത്യമായി വെട്ടി. അതിൽ നിന്നു ലഭി ന, ജൈവസമൃദ്ധമായ മണ്ണ് തെങ്ങിൻതോപ്പിൽ നിക്ഷേപി നതുമൂലം ഉൽപ്പാദനക്ഷമത ഉയർന്നതായിരുന്നു. ഇന്നാ നമ്മുടെ പഞ്ചായത്തിൽ 1074 ഹെകടർ സ്ഥലത്തിലാ ഏകദേശം 1,70,000 കായ്ഫലമുള്ളതും, കായ്ക്കാത്തതു തെങ്ങുകളിൽ റൂട്ട്വിൽറ്റ്, ലീഫ് റോട്ട്, ബസ്സ്റോട്ട്, സ്റ്റം ിംഗ് എന്നിവ മുഖേന 95% തെങ്ങിനും രോഗബാധയേറ്റി ുന്നു. പഞ്ചായത്തിൽ 65% തെങ്ങുകൾക്ക് കാറ്റുവീഴ്ച രോ ബാധിച്ചിരിക്കുന്നു. അപ്രകാരം നോക്കുമ്പോൾ പുന്നപ്ര ായത്ത് കേരരോഗബാധിത പ്രദേശമായി പ്രഖ്യാപിച്ചുകൊ കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ പ്രത്യേക ശ്രദ്ധ ായത്തിലെ കേരകൃഷിയിൽ പതിയേണ്ടതാണ്. സാർവത്രി ്യ രോഗബാധയ്ക്കുപുറമെ, ജലസേചനസൗകര്യങ്ങളു അഭാവവും, മണ്ണിൻെറ വളക്കുറവും ഈ കൃഷിയുടെ ശോ യാവസ്ഥയ്ക്ക് കാരണമാകുന്നു. വർദ്ധിച്ചുവരുന്ന ങ്ങുകൃഷിയുടെ സാധ്യത മനസിലാക്കിക്കൊണ്ട് സ്ഥായി ്യ ഒരു വരുമാനം തെങ്ങുകൃഷിയിൽ നിന്ന് ഉണ്ടാക്കാൻ യുമെന്ന പ്രതീക്ഷയിൽ തെങ്ങുകൃഷിയുടെ പരിപോഷണ നായി ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള പ്രായങ്ങൾ താഴെക്കുറിക്കുന്നു.

കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം രോഗപ്രതിരോധ ശി കൂടുതൽ ഉള്ളതും അത്യുൽപ്പാദനശേഷി ഉള്ളതു തെങ്ങിൻ തൈകൾ വെയ്ക്കുന്നതിനാവശ്യമായ നിലവി ള സ്കീം നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുത്തണം. കേടു വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരമായി ഏറ്റ കുറഞ്ഞത് തൊങ്ങൊന്നിന് 500 രൂപായെങ്കിലും കണം.

തെങ്ങുകൃഷിയെ ബാധിക്കുന്ന നാമ്പുചീയൽ, ചെമ്പൻചെ ുടെ ശല്യം, മഞ്ഞളിപ്പ് എന്നിവ തടയുന്നതിനായി പഞ്ചായ തലത്തിൽ ഉണ്ടായിരുന്ന സ്പ്രേയിങ് സ്കീം സ്ഥാപിക്കണം.

സൗജന്യനിരക്കിൽ നിലവിലുള്ള കുഴൽകിണർ നിർമ്മാ പമ്പുസെറ്റു വിതരണം, രാസവളം, ജൈവവളം ഇവയു വിതരണം കാര്യക്ഷമമാക്കണം. 1. എച്ച്.പി. മോട്ടോർ പമ്പു റ്റുകൾക്കുള്ള സബ്സിഡി അര എച്ച്.പി. പമ്പുസെറ്റുകൾ കൂടി ഏർപ്പെടുത്തണം.

4. സ്ഥലപരിമിതികൾ നോക്കാതെ എല്ലാ കേരകർഷകരെയും കൃഷിഭവൻെറ കീഴിൽ പ്രവർത്തിക്കുന്ന കേരവികസന സമിതി യിൽ അംഗങ്ങളായി ചേർത്തുകൊണ്ട് കേരകർഷകർക്കുള്ള ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കണം.

5. കേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൊപ്രായ്ക്ക് കാലാകാലങ്ങളിൽ താങ്ങ് വില നടപ്പാക്കണം.

6. കാർഷികവായ്പകളുടെ ഉയർന്ന പലിശനിരക്ക് അടിയന്തിര മായി കുറയ്ക്കണം. വായ്പാ വിതരണത്തിൽ ബാങ്കുകൾ കാണിക്കുന്ന ഉദാസീനതയ്ക്ക് പരിഹാരം ഉണ്ടാകണം.

7. തെങ്ങുകയറ്റത്തിന് തൊഴിലാളിക്ഷാമം നേരിടുന്നതിനാൽ അക്കാര്യത്തിൽ പരിശീലനം കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

8. മണ്ണു പരിശോധന വാർഡുതലത്തിൽ നടത്തണം.

9. ജൈവവള പ്രയോഗത്തിൽ പ്രോൽസാഹനം നൽകണം.

## പച്ചക്കറി കൃഷി

തെങ്ങുകൾക്ക് ഇടവിളയായും തരിശുഭൂമിയും, കൃഷി ചെയ്യാതെ ദീർഘകാലമായി കിടക്കുന്ന കരപ്പാടങ്ങളും, കുടു കൃഷി വ്യവസ്ഥയിലോ, വ്യക്തികൾ തനിച്ചോ, പച്ചക്കറി കൃഷി നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തുവക സ്ഥലങ്ങ ളും, പഞ്ചായത്തുവക പുറമ്പോക്കു സ്ഥലങ്ങളും സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ പരിസരവും ഇതിനാ യി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം പച്ചക്കറി കൃഷി നടപ്പിലാക്കുമ്പോൾ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യ മായ പച്ചക്കറികൾ തിരഞ്ഞെടുക്കേണ്ടതാണ്. കർഷകർക്ക് ഉയർന്ന ലാഭം തരുന്ന വാഴ, മുരിങ്ങ, പടവലം, പാവൽ, പയർ തുടങ്ങിയവ തിരഞ്ഞെടുക്കുവാൻ ശ്രമിക്കണം. നമ്മു ടെ പഞ്ചായത്ത് സമഗ്രപച്ചക്കറി വികസനത്തിന് തുടക്കം കുറി ച്ചുകഴിഞ്ഞു. അതിൻെറ ആദ്യപടിയായി, ഓരോവാർഡിലും 50 വീടുകൾ വീതം 15 വാർഡുകളിലായി 750 വീടുകൾക്ക് അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുന്ന നടപടിക്ക് തുടക്കമിട്ടു. ഒന്നാംഘട്ടത്തിൽ പരീക്ഷണാ ടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിക്കുശേഷം സാർവ ത്രികമായി എല്ലാ വീടുകളിലും പച്ചക്കറികൃഷി നടപ്പിലാക്കു വാൻ തീരുമാനിച്ചിരിക്കുന്നു. ഇത്തരം പദ്ധതി നടപ്പിലാക്കു മ്പോൾ പഞ്ചായത്തുതലത്തിൽ കൃഷി വിദഗ്ധരുടെയും, പരമ്പ രാഗതമായി കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും സേവനം ഉറപ്പാക്കുന്നതിന് പുറമെ, അത്യാവശ്യം വേണ്ട വളങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്നും കരുതുന്നു. പച്ചക്കറിയോടൊപ്പം തന്നെ കിഴങ്ങുവർഗങ്ങളും, വാഴ, എള്ള്, പയർ, മരച്ചീനി, മഞ്ഞൾ, ഇഞ്ചി എന്നിവയിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതികൾ പഞ്ചായത്ത്

തലത്തിൽ നടപ്പിൽ വരുത്തുവാനും കഴിയണം. വേനൽക്കാല പച്ചക്കറികൃഷിയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ് നിത്യേനയുള്ള ജലസേചനം. ഇതിനായി 5 സെൻറിലധികം സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകന് അര എച്ച്. പി. മോട്ടോർ പമ്പുസെറ്റ് വാങ്ങുന്നതിനുള്ള ധനസഹായം ചെയ്യണം. ഗ്രാമതലത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിന് പുറമെ, സംസ്ഥാനതലത്തിൽ താലൂക്കടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സസ്യകേന്ദ്രം ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന കർഷകർക്ക് ന്യായമായ വില ലഭ്യമാക്കും എന്ന് പ്രതീക്ഷിക്കാം.

## നൂതനകൃഷി

തെങ്ങ്, നെല്ല് തുടങ്ങിയ പ്രധാനവിളകൾക്ക് പുറമേ, സംസ്ഥാന ഗവൺമെൻറ് നൂതനകൃഷി രീതികൾ കണ്ടെത്തി അവയിൽ പ്രായോഗിക പരിശീലനം നൽകി നമ്മുടെ സംസ്ഥാനത്തിൻറെ കാർഷിക ആദായം വർദ്ധിപ്പിക്കുന്നതോടൊപ്പം, അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. 1997-ൽ തുടങ്ങി 2002-ൽ അവസാനിക്കുന്ന 9-ാം പദ്ധതിക്കാലത്ത് നൂതന കൃഷിയിലൂടെ 5 ലക്ഷം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിൻറെ ഭാഗമായി പഞ്ചായത്തുതലത്തിൽ കുറ്റിമുല്ലക്കൃഷി, ആന്തൂറിയം, ഓർക്കിഡ് കൃഷി, കൂൺ കൃഷി, ഔഷധസസ്യക്കൃഷി എന്നീ മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ കുറ്റിമുല്ലക്കൃഷി ചെയ്യുന്നവർ ഉണ്ടെങ്കിലും ഈ കൃഷിയ്ക്ക് ഒരു ഏകീകൃതരൂപം കൈവന്നിട്ടില്ല. വളരെ വരുമാനം ലഭിക്കുന്ന കൂൺകൃഷി, ഔഷധസസ്യകൃഷി, ആന്തൂറിയം, ഓർക്കിഡ് കൃഷി എന്നീ മേഖലകളിലേയ്ക്ക് ഇത്തരം കൃഷികളുടെ വാണിജ്യപ്രാധാന്യം മനസിലാക്കിയുവാക്കൾ രംഗത്തുവരണമെന്ന് താൽപര്യപ്പെടുന്നു. ഇത്തരം കൃഷിക്കാർക്ക് സർക്കാർ ഏർപ്പെടുത്തുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് നേടിക്കൊടുക്കുവാൻ പഞ്ചായത്തുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും, ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കാനും വിപണന സൗകര്യം ഉണ്ടാക്കുന്നതിലും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. മൾബറി കൃഷിയും പട്ടുനൂൽ പുഴുവളർത്തലും പ്രോൽസാഹിപ്പിക്കണം.

## കശുമാവ് കൃഷി

നമ്മുടെ പഞ്ചായത്തിൽ കശുമാവ് കൃഷിയ്ക്ക് അനുയോജ്യമായ കാലാവസ്ഥയാണുള്ളത്. ഏകദേശം 85 ഹെക്ടർ സ്ഥലത്തിൽ കൃഷിയുണ്ട്. പഞ്ചായത്തിൻറെ എല്ലാ വാർഡുകളിലും കശുമാവുകൃഷി ശാസ്ത്രീയമായി നടപ്പാക്കണം. അത്യുൽപ്പാദനശേഷിയുള്ളതും വലിപ്പമുള്ള കായ്കൾ പിടിക്കുന്നതുമായ മാവിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്യണം. പൂങ്കുലകളെ ആക്രമിച്ച് നാശം വരുത്തുന്ന തേയില കൊതുകിനെ നശിപ്പിക്കുന്നതിനായി സ്പ്രേയിങ് സൗകര്യം കൃഷിഭവൻ വഴി നടപ്പാക്കുകയും, സർക്കാരിൻറെ സാമ്പത്തികസഹായങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. ഒരുവീടിന് ഒരു കശുമാവ് എങ്കിലും വളർത്തണം. പഞ്ചായത്തിലുള്ള തരിശുഭൂമിയിൽ കശുമാവു കൃഷി നടപ്പാക്കണം.

## ജലസേചനസൗകര്യങ്ങൾ

പഞ്ചായത്തിൻറെ ഏറിയഭാഗവും ഈർപ്പം പിടിച്ചുനിർത്താൻ ശേഷിക്കുറവുള്ള ചൊരിമണൽ പ്രകൃതിയാണുള്ളത്. കായലിൽ നേരിട്ട് പതിക്കുന്ന തോടുകളും, പൊഴികളുമായി ബന്ധപ്പെട്ട് കടലിൽ പതിക്കുന്ന തോടുകളും മാലിന്യങ്ങൾ നിറഞ്ഞും, മണ്ണൊലിപ്പുമൂലവും തോടിൻറെ ഇരുകരകളും കയ്യേറിയതിൻറെ ഫലമായും പൂർണമായോ, അപൂർണമായോ നികന്നിരിക്കുന്നു. വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച തടയുവാനായി ഉണ്ടായിരുന്ന കുളങ്ങളുടെ അവസ്ഥയും മറിച്ചല്ല. ഇത്തരം കുളങ്ങളിൽ നിന്ന് കൂടങ്ങളിൽ കൈനന നടത്തിയിരുന്നത് പൂർണമായും അപ്രത്യക്ഷമായിരിക്കുന്നു. പ്രകൃത്യാലുള്ള തോട്, കുളം എന്നിവയുടെ ഉപയോഗം കുറഞ്ഞ് കിണർ, കുഴൽക്കിണർ എന്നിവ പ്രചാരത്തിൽ ഏറിവരുന്നു. തൽഫലമായി മണ്ണിൻറെ ഈർപ്പം കുറഞ്ഞുകൊണ്ടിരിക്കുന്നു. നിലവിലുള്ള തോടുകൾ, ചാലുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കണം. കൃഷിവേനിൽ നിന്ന് കുളം, തോട് എന്നിവ വെട്ടുന്നതിന് നൽകിയിരുന്ന സാമ്പത്തികസഹായം പുനഃസ്ഥാപിക്കണം. കൂടാതെ തോടുകളുടെ വശങ്ങളിൽ കരിങ്കൽചിറ കെട്ടി ഫലഭൂയിഷ്ടമായ മേൽമണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കണം. വാവക്കാട്ട് പൊഴിയുടെ ഇരുകരകളിലും പൊഴിമുഖം മുതൽ കിഴക്കോട്ട് പാലയ്ക്കാപ്പള്ളി പുരയിടത്തിൻറെ കിഴക്കേ മൂല വരെ സൈഡുകളിൽ കരിങ്കൽഭിത്തി കെട്ടേണ്ടതാണ്.

കാർഷിക ഉൽപ്പാദനം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരുകയും ജനസംഖ്യ വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഉന്നതജീവിത നിലവാരമുള്ള കേരളജനതയുടെ വരുംകാല ജീവിതം നരകതുല്യമാക്കാതിരിക്കാനായി ജനകീയ ആസൂത്രണപദ്ധതിയിലൂടെ സംസ്ഥാന സർക്കാർ, സംസ്ഥാനത്തിലെ ഓരോ പൗരൻറെയും ശരാശരി ജീവിത നിലവാരം വർദ്ധിപ്പിക്കുവാനായി കാർഷികാധിഷ്ഠിത വ്യവ

സായങ്ങൾ രൂപീകരിക്കുന്നതോടൊപ്പം തന്നെ കൃഷി അനുബന്ധ ജലസേചനസൗകര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു ഉപഭോക്തൃ സംസ്കാരത്തിൽ നിന്ന് ഒരു ഉൽപ്പാദക സംസ്കാരത്തിലേക്ക് കേരളത്തെ നയിക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും പങ്ക് എന്താണെന്ന് വിസ്മരിച്ചുകൂടാ.

1. തീരദേശകരപ്പാടങ്ങളിൽ മോട്ടോർ പമ്പുകൾ സ്ഥാപിച്ച് ജലസേചനസൗകര്യം ഉണ്ടാക്കണം.
2. ട്രാക്ടർ ബ്രിഡ്ജുകൾ നിർമ്മിക്കണം.
3. പുന്നപ്രയിലെ പുഞ്ചപ്പാടങ്ങളെ കരിനില വികസന പദ്ധതിയിൽപ്പെടുത്തണം.



# മൃഗസംരക്ഷണം

പുന്നപ്ര ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണത്തെ രണ്ടു മേഖലകളായി തന്നെ കാണേണ്ടിയിരിക്കുന്നു. ഒന്നുമുതൽ എട്ടുവരെയും പതിനഞ്ചാം വാർഡും ദേശീയ പാതയ്ക്കു പടിഞ്ഞാറുവശവും, ഒമ്പതുമുതൽ പതിനാലുവരെ വാർഡുകൾ കിഴക്കുവശവും സ്ഥിതിചെയ്യുന്നു. ഹൈവേയ്ക്ക് പടിഞ്ഞാറു ഭാഗത്തെ ജനങ്ങൾ പ്രധാനമായും കടൽമൽസ്യബന്ധനത്തെയും ഉപതൊഴിലുകളെയും ആശ്രയിക്കുമ്പോൾ കിഴക്കു പ്രദേശത്തുള്ളവർ കൂടുതലായി കാർഷിക പ്രവർത്തിയിലും അനുബന്ധ തൊഴിലുകളിലും ഏർപ്പെടുന്നവരാണ്. ഭൂമിശാസ്ത്രപരമായി ഈ മേഖലകൾക്ക് പ്രകടമായ വ്യത്യാസങ്ങളുണ്ട്. സ്വാഭാവികമായും ഈർപ്പം കൂടുതലുള്ള വയലുകളും ജലാശയങ്ങളുമുള്ള കിഴക്കൻ മേഖലയിലാണ് കന്നുകാലി വളർത്തൽ കൂടുതലായി കണ്ടുവരുന്നത്. കാർഷിക മേഖലയ്ക്കുണ്ടാകുന്ന പ്രശ്നങ്ങൾ കാലിവളർത്തലിനേയും സാരമായി ബാധിക്കുന്നുണ്ട്. വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ക്ഷാമം മുഖ്യപ്രശ്നമാണ്.

ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയും നാമമാത്രമായി എരുമ, പന്നി എന്നിവയും ആണ്. വളർത്തുപക്ഷികൾ കോഴി, താറാവ് എന്നിവയാണ്. ഇവയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവ ക്ഷേണത്തിന് അസംസ്കൃത ഉൽപ്പന്നങ്ങളായതുകൾ, എല്ല്, ജലാറ്റിൻ, കൊഴുപ്പ് മുതലായവയും ഔഷധനിർമ്മാണത്തിനാവശ്യമായ ഹോർമോണുകൾ, വാക്സിനുകൾ, എൻസൈമുകൾ എന്നിവയും മൃഗങ്ങളുടെ സംഭാവനകളാണ്. കാർഷികമേഖലയുടെ പുരോഗതിയ്ക്ക് ജൈവവള, ജൈവവാതക നിർമ്മാണ രംഗത്ത് ഇവയുടെ സേവനം നിസ്തുലമാണ്. കന്നുകാലി വളർത്തൽ പ്രധാനമായും ഗ്രാമീണകർഷകർ ചെയ്യുന്നതാകയാൽ മൃഗപരിപാലന രംഗത്തെ നേട്ടങ്ങൾ ഗ്രാമീണസമ്പദ്ഘടനയെതന്നെ സ്വാധീനിക്കാൻ പര്യാപ്തമാണ്. ഈ തൊഴിലുകൾ സമൂഹത്തിൽ സ്ത്രീകൾക്ക് വളരെയേറെ സഹായകരമായി തീർന്നിരിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ മൃഗപരിപാലനരംഗത്തുണ്ടായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

| പക്ഷി/മൃഗങ്ങളുടെ ഇനം | 1986 | 1996 | കുറവുള്ളത് |
|---|---|---|---|
| സങ്കരയിനം പശു | 6600 | 9900 | 4500 |
| സങ്കരയിനം കാള | 4 | 2 | - |
| നാടൻപശു | 22 | 10 | 8 |
| നാടൻകാള | 6 | — | -- |
| എരുമ | 59 | 68 | 60 |
| പോത്ത് | 72 | 60 | — |
| മുട്ടൻ ആട് | 1020 | 1565 | --- |
| പെണ്ണാട് | 3600 | 4685 | 3510 |
| പന്നി | 40 | 60 | --- |
| പട്ടി | 2350 | 2700 | ---- |
| താറാവ് | 11000 | 12000 | ---- |
| കോഴി | 8500 | 10650 | --- |

## മൃഗസംരക്ഷണസ്ഥാപനങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള ഒരു മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത് പതിമൂന്നാം വാർഡിലാണ്. ഇതു ദേശീയപാതയോട് ചേർന്നുള്ള ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 16-7-1955ൽ കുട്ടനാട് ഡവലപ്മെന്റ് ബ്ലോക്കിന്റെ കീഴിൽ തോട്ടപ്പള്ളിയിലാണ് ഈ കേന്ദ്രം ആദ്യം ആരംഭിച്ചത്. 30-4-62ൽ ഇത് പുന്നപ്രയിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടാ

യി. 1-4-81ൽ ആണ് വെറ്റിനറി ഡിസ്പെൻസറി ആയി ഉയർത്തിയത്. ഇതിന് സ്വന്തമായി ഒരു കെട്ടിടമോ ആവശ്യത്തിന്ഉപകരണമോ ഇല്ല. പന്ത്രണ്ടാം വാർഡിൽ ഒരു ഗോസംവർദ്ധക ഉപകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | സ്റ്റാഫ് | ശരാശരി കേസ് | ഒരുദിവസം ഇൻസെമിനേഷൻ |
|---|---|---|---|---|
| മൃഗാശുപത്രി | 1-4-81 | 4 | 12 | 4 |
| ഗോസംവർദ്ധക ഉപകേന്ദ്രം | 28-12-74 | 1 | ഇല്ല | 8 |

പഞ്ചായത്തിൽ ആകെ അഞ്ച് ക്ഷീരസഹകരണസംഘങ്ങൾ ഉണ്ട്. അവയുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | സ്റ്റാഫ് | അംഗങ്ങൾ | പ്രതിദിനംശേഖരിക്കുന്ന പാൽ ലിറ്ററിൽ |
|---|---|---|---|---|---|
| 1. | പുന്നപ്ര ക്ഷീരോൽപ്പാദക സഹകരണസംഘം No. 7 | 1984 | 3 | 892 | 955 |
| 2. | വാടയ്ക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | 1985 | 3 | 497 | 895 |
| 3. | പറവൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | 22-3-87 | 3 | 356 | 551 |
| 4. | പുന്നപ്ര വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | 29-3-88 | 3 | 226 | 339 |
| 5. | നടുത്തുരുത്ത് ക്ഷീരോൽപ്പാദക സഹകരണസംഘം | 1994 | 2 | 150 | 212 |
| | ആകെ | — | 14 | 2121 | 2952 |

മേൽപ്പറഞ്ഞ അഞ്ച് ക്ഷീരസഹകരണസംഘങ്ങളിലും കൂടി 2121 പേർ അംഗങ്ങളായിട്ടുണ്ടെങ്കിലും പ്രതിദിനം 2952 ലിറ്റർ പാൽ മാത്രമാണ് ശേഖരിക്കുന്നത്. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ നാലിലൊന്ന് മാത്രമാണ് ഈ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നത്. ബാക്കി മിൽമയിൽ കൊടുക്കുകയും വീട്ടാവശ്യത്തിനായി എടുക്കുകയും ചെയ്യുന്നു. പാരമ്പര്യചികിൽസാ സമ്പ്രദായം, അംഗീകൃത അറവുശാലകൾ, നാടൻ ബീജദാനകേന്ദ്രങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്തിലില്ല. കന്നുകാലികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, വിരശല്യം, കുളമ്പുപനി, വയറിളക്കം, ദഹനക്കേട്, മുടന്തൻപനി, പുഴുക്കടി മുതലായവയും പ്പെട്ട 'കിറ്റോസിസ് ഫൈപോ കാൽസിനിയ' എന്ന രോഗമാണ്. കോഴികളിൽ വസന്തരോഗവും കൊക്കൊ പുഴുവും കണ്ടുവരുന്നു.

## എട്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ

**1992-**

1. പഞ്ചായത്തിലെ ഇരുപത് കർഷകർക്ക് രണ്ടു സ്കീമുകളിലായി 150 കോഴിക്കുഞ്ഞുങ്ങളേയും, നൂറുകിലോ തീറ്റയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ കോഴിക്കുഞ്ഞുങ്ങൾക്ക് 2850 രൂപയും തീറ്റയ്ക്ക് 570 രൂപായും ഉൾപ്പെടെ ആകെ 3420 രൂപ ചിലവാക്കി.

2. പഞ്ചായത്തിലെ 15 കർഷകർക്ക് 15 ാറാവിൻകുഞ്ഞുങ്ങളേയും, 15 നൈലോൺ വലയും, 37.. കിലോ തീറ്റയും സബ്സിഡി നിരക്കിൽ വിതരണം ചെയ്ത വകയിൽ താറാവിൻകുഞ്ഞുങ്ങൾക്ക് 3240 രൂപായും വലയ്ക്ക് 1125 രൂപായും തീറ്റയ്ക്ക് 225 രൂപായും അടക്കം 4590 രൂപ ചിലവഴിച്ചിട്ടുണ്ട്.

**1993**

1. പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലായി 30 വിതം അതായത് 90 കുട്ടികൾക്ക് ( ഒരു കുട്ടിക്ക് മൂന്ന് എന്ന ക്രമത്തിൽ ) 270 കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകി. ഈ വകയിൽ 8100 രൂപ ചിലവഴിച്ചു.

2. എം. എൽ.പി.പി. സ്കീമിൽ പഞ്ചായത്തിലെ 110 കർഷകർക്ക് 330 കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്തു. ആയതിന് 9900 രൂപ ചെലവായി.

**1994**

1. പഞ്ചായത്തിലെ 10 കർഷകർക്കായി സബ്സിഡി നിരക്കിൽ 20 പന്നിക്കുഞ്ഞുങ്ങളെ നൽകി. ഇതിനായി 5000 രൂപ ചെലവഴിച്ചു.

2. പഞ്ചായത്തിലെ 223 കർഷകർക്ക് എം. എൽ. പി.പി. സ്കീമിൽ 669 കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകി. ചിലവായ തുക 20070 രൂപാ.

3. പഞ്ചായത്തുതലത്തിൽ രണ്ടു ഗോരക്ഷക്യാമ്പുകൾ നടത്തി. 400 രൂപാ ഈ ആവശ്യത്തിനായി ചെലവഴിച്ചു.

1995

1. കർഷകർക്ക് 750 താറാവിൻ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽക്കി. ഇതിനായി 5250 രൂപാ ചെലവഴിച്ചു.
2.രണ്ട് ഗോരക്ഷ ക്യാമ്പുകൾ നടത്തി 400 രൂപാ ചെലവഴിച്ചു.
3. സൗജന്യനിരക്കിൽ 80 നായ്ക്കൾക്ക് പേവിഷപ്രതിരോധ കുത്തിവയ്പ് നടത്തി. ഇതിനായി 1760 രൂപാ ചെലവഴിച്ചു.

1996

ഈ വർഷം 2 ഗോരക്ഷാക്യാമ്പുകൾ നടത്തുക, 500 താറാവിൻ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ 25 കർഷകർക്ക് വിതരണം ചെയ്യുക, കഴിയുന്നത്ര നായ്ക്കളെ പേവിഷപ്രതിരോധ കുത്തിവെയ്പ് നടത്തുക തുടങ്ങിയ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

## മൃഗപരിപാലനരംഗത്ത് പ്രത്യേക ഊന്നൽ നൽക്കേണ്ട മേഖലകൾ.

1. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക.
2. മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക.
3. മാംസോൽപ്പാദനം വർദ്ധിപ്പിക്കുക.
4. തെരുവുനായ്ക്കളെ നശിപ്പിക്കുക
5. പഞ്ചായത്തിൽ ഒരു കാലി/കോഴി തീറ്റ ഫാക്ടറി സ്ഥാപിക്കുക.
6. ആധുനിക രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കുക.

### പാൽ ഉൽപ്പാദനം

പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ അമ്പതിനായിരത്തിനടുത്താണ്. ആളോഹരി പ്രതിദിനം 250 മില്ലിലിറ്റർ പാൽ എന്ന കണക്കിൽ ലോകാരോഗ്യസംഘടന ശുപാർശ ചെയ്തിരിക്കുന്നതനുസരിച്ച് കൊടുക്കണമെങ്കിൽ പഞ്ചായത്തിൽ ദിനം പ്രതി 12,500 ലിറ്റർ പാൽ വേണം. എന്നാൽ ഇപ്പോഴത്തെ പ്രതിദിന പാലുൽപ്പാദനം 2,740 ലിറ്റർ മാത്രമാണ്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ പ്രതിദിനം 9760 ലിറ്റർ പാൽ കൂടി പുതിയതായി ഉൽപ്പാദിപ്പിക്കപ്പെടണം. ഇതിന് ശരാശരി പത്തുലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുവാൻ കഴിയുന്ന 976 പശുക്കളെ കൂടി വളർത്തേണ്ടിയിരിക്കുന്നു. മൂന്ന് പശുക്കളടങ്ങിയ ഓരോ യൂണിറ്റുകൾ വീതം 325 കർഷകർക്ക് പശുവിനെ വളർത്തുവാൻ സാധിച്ചാൽ ഈ കുറവ് പരിഹരിക്കുവാൻ കഴിയും. ഈ രംഗത്തെ വികസനത്തിനുവേണ്ടി മോഡൽ ഡയറി ഫാം, മൃഗസംരക്ഷണകിറ്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കണം.

### 2. മുട്ട ഉൽപ്പാദനം

ലോകാരോഗ്യസംഘടനയുടെ കണക്കുകൾ അനുസരിച്ച് ഒരാൾക്ക് പ്രതിദിനം പകുതി മുട്ടയാണ് വേണ്ടത്. അങ്ങനെയാവുമ്പോൾ പ്രതിദിനം 25,000 മുട്ടകൾ പഞ്ചായത്തുതലത്തിൽ വേണ്ടിയിരിക്കുന്നു. ഇവിടുത്തെ പ്രതിദിനോൽപ്പാദനം ശരാശരി 8000 മുട്ടയാണ്. ബാക്കിയുള്ള 17000 മുട്ടകൾ കൂടി ഉൽപ്പാദിപ്പിക്കുന്നതിന് 22000 കോഴികളെ കൂടി വളർത്തേണ്ടിയിരിക്കുന്നു. ഒപ്പം താറാവ്, കാട എന്നിവയേയും വളർത്തി മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയണം.

### 3. മാംസ ഉൽപ്പാദനം

ആരോഗ്യമുള്ള ഒരാൾ ദിനംപ്രതി കുറഞ്ഞത് 15 ഗ്രാം മാംസം എങ്കിലും കഴിച്ചിരിക്കണം. എന്നാൽ ഈ അളവിൽ മാംസം ലഭിക്കുന്നില്ല എന്നുമാത്രമല്ല, ഈ രംഗത്ത് ഒട്ടേറെ അപാകതകളും ഉണ്ട്.

1. രോഗം ഉള്ള മൃഗങ്ങളെ കശാപ്പു ചെയ്യുന്നു.
2. അശാസ്ത്രീയമായ കശാപ്പുരീതി.
3. വിപണനം ചെയ്യുന്ന മാംസത്തിൽ പലപ്പോഴും മണ്ണ്, ചാണകം, രക്തം മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നു.
4. വഴിവക്കിലും തട്ടുകടകളിലും വിൽപ്പന നടത്തുന്നു.
5. ക്ഷീണിച്ചതും അണുബാധയുള്ളതും ചത്തതുമായ മൃഗങ്ങളെ കശാപ്പു ചെയ്യുന്നു.
6. മാംസ പരിശോധനയുടെ അഭാവം.

### മാംസ ഉൽപ്പാദനവും ഉപഭോഗവും

വിപണനരംഗത്ത് മുഴുവൻ ജനങ്ങളുടെയും ആവശ്യം നിറവേറ്റുന്നതിന് പ്രതിദിനം 750 കിലോഗ്രാം മാംസം വേണ്ടിയിരിക്കുന്നു. അതിനായി താഴെ പറയുന്ന നാലു പ്രോജക്ടുകൾ നടപ്പിലാക്കാം.

1. ഇറച്ചിക്കോഴി വളർത്തൽ.
2. ആടു വളർത്തൽ:– അശാസ്ത്രീയമായ വിധത്തിൽ കൂടുകെട്ടി ആടിനെ വളർത്തുന്നില്ല. ആടു വളർത്തൽ വളരെയേറെ ലാഭകരമായി നടപ്പിലാക്കാൻ കഴിയുന്ന ഒന്നാണ്. പ്രത്യേകിച്ച് തീറ്റപ്പുല്ലിന്റെയും കാലിത്തീറ്റയുടെയും വില കൂടിയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പാവപ്പെട്ടവന്റെ പശു എന്നറിയപ്പെടുന്ന ആടിനെ വളർത്തുന്നതാണ് ലാഭകരം. ഇലകളും മറ്റും തിന്നു ജീവിക്കുന്ന നാടൻ ഇനങ്ങളെ അപേക്ഷിച്ച് ഉൽപ്പാദനശേഷി കൂടിയ ഇനങ്ങളാണ് കൂടുതൽ ലാഭകരം. ഇതിന് പുല്ല്, ആടുതീറ്റ, വെള്ളം എന്നിവ കൊടുത്താൽ

മതിയാകും.

3. കാളക്കുട്ടികളെ, പോത്തിൻകുട്ടികളെ വളർത്തൽ:- ഉൽപ്പാദിപ്പിക്കപ്പെടുന്ന കാളക്കുട്ടികളുടെയും പോത്തിൻകുട്ടികളുടെയും സിംഹഭാഗവും ചെറുപ്രായത്തിൽ തന്നെ ചത്തുപോകുന്നു. ഇതിനു പ്രധാനകാരണം യഥാസമയത്ത് വിരയിളക്കാതിരിക്കുക, നന്നായി സംരക്ഷിക്കാതിരിക്കുക മുതലായവയാണ്. നല്ല രീതിയിൽ ഇവയെ വളർത്തി എടുത്താൽ ഒരു വർഷം കഴിയുമ്പോൾ മാംസത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയും.

4. പന്നി വളർത്തൽ:- പന്നി വളർത്തലിന് അനുയോജ്യമല്ല ഈ പ്രദേശം. പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യത, പന്നിവളർത്തൽ മൂലം ഉണ്ടാകുന്ന പരിസരമലിനീകരണം ഫലപ്രദമായി തടയുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത, ഇവയ്ക്കുള്ള ആഹാരപദാർത്ഥങ്ങൾ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയും, സാമൂഹ്യവിലക്കുകളും ഈ കൃഷിയ്ക്ക് പ്രതികൂലമായി സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. മേൽപ്പറഞ്ഞ പ്രോജക്ടുകൾ വിജയകരമായി നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ ശാസ്ത്രീയമായ സംവിധാനങ്ങളോടു കൂടിയ ഒരു അറവുശാല സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കുക വഴി പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മാംസ ഉൽപ്പാദനം ഉണ്ടാക്കിയെടുക്കുവാനും, വരുമാനം വർദ്ധിപ്പിക്കുവാനും അതോടൊപ്പം തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാനും കഴിയും.

| ഇനം | ഉൽപ്പാദനം | പ്രതിശീർഷ ആവശ്യകത | ഉപഭോഗം | ലക്ഷ്യം |
|---|---|---|---|---|
| പാൽ | 2740 ലി. | 250 മി.ലി. | 2548 ലി. | 12500ലി. |
| മുട്ട | 8000 | 11/2 | 8000 | 25000 |
| മാസം | —— | 15 ഗ്രാം | 600 കെ.ജി. | 750 കെ.ജി. |

5. തെരുവു നായ്ക്കളെ നശിപ്പിക്കൽ:- അലഞ്ഞുതിരിയുന്ന നായ്ക്കൾ പലപ്പോഴും കാലികൾക്കും മനുഷ്യനും ഭീഷണിയായി തീരാറുണ്ട്. പേവിഷബാധ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ വിജയത്തിന് തെരുവു നായ്ക്കളെ മുഴുവൻ നശിപ്പിക്കുകയും എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും പഞ്ചായത്ത് ലൈസൻസ് കർശനമാക്കുകയും വേണം.

6. കാലിത്തീറ്റ ഫാക്ടറികൾ:- കാലിത്തീറ്റയ്ക്കുവേണ്ടി നമ്മുടെ പഞ്ചായത്തിൽ നിന്ന് പ്രതിവർഷം പുറത്തേക്കുപോകുന്ന ഏതാണ്ട് ഒന്നരക്കോടി രൂപയോളം വരുമെന്ന് ചില പഠനങ്ങൾ കാണിക്കുന്നു. പതിനായിരത്തിലധികം കാലികളും 22650-ഓളം വളർത്തുപക്ഷികളും 4685 ആടുകളുമുള്ള പുന്നപ്ര പഞ്ചായത്തിൽ ഒരു ചെറുകിട കാലിത്തീറ്റ ഫാക്ടറി സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുകയാണെങ്കിൽ കുറഞ്ഞ വിലയ്ക്ക് കൃഷിക്കാർക്ക് കാലിത്തീറ്റ ലഭ്യമാക്കുവാൻ കഴിയും.

7. ആധുനിക അറവുശാല:- പഞ്ചായത്തിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുക. അറവുമൃഗങ്ങളുടെ പരിശ്രോധന കർശനമായും പാലിക്കുക. രോഗം വന്നതും, ചത്തതുമായ മൃഗങ്ങളെ കശാപ്പു ചെയ്യാതിരിക്കുക– ഇതിന് പഞ്ചായത്ത് ആക്ടിൽ പറയുന്ന കാര്യങ്ങൾ കർശനമായും നടപ്പിലാക്കണം.

## ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. കാലിത്തീറ്റ, കോഴിത്തീറ്റ, വയ്ക്കോൽ എന്നിവയുടെ വിലക്കൂടുതലും തീറ്റപ്പുല്ലിന്റെ ലഭ്യതയില്ലായ്മയും.
2. അടിസ്ഥാന സൗകര്യങ്ങളോ, സ്വന്തം കെട്ടിടമോ ഇല്ലാത്ത മൃഗാശുപത്രിയും, ഗോ സംവർദ്ധന കേന്ദ്രവും.
3. ഉയർന്ന ഉൽപ്പാദനശേഷിയും ആരോഗ്യമുള്ള കന്നുകാലികിടാക്കളുടെ ലഭ്യതയില്ലായ്മ.
4. സാങ്കേതിക പരിജ്ഞാനക്കുറവു മൂലം ഇവയെ ലാഭകരമായി വളർത്തുവാൻ ഉതകുന്ന രീതിയിലുള്ള തൊഴുത്തുകളുടെ കുറവ്.
5. കാലികൾക്കുണ്ടാകുന്ന കുളമ്പുരോഗം, കോഴികൾക്കുണ്ടാകുന്ന വസന്ത എന്നിവയ്ക്കെതിരെ സമയാസമയങ്ങളിൽ കുത്തിവെയ്പ് നടത്താനുള്ള മരുന്നുകളുടെ ലഭ്യതക്കുറവ്.
6. മൃഗസംരക്ഷണമേഖലയിലെ വിവിധ പദ്ധതികളെക്കുറിച്ചും അവയുടെ പ്രയോജനം എവിടെ നിന്നെല്ലാം ലഭിക്കും എന്നിവയെക്കുറിച്ചും കർഷകർക്കുള്ള അജ്ഞത.
7. മൃഗപരിപാലന മേഖലയെ സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ കിട്ടായ്മ.
8. ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും കാലിക്കൃഷിക്കും കോഴിക്കൃഷിക്കും വായ്പകൾ നൽകുവാൻ കാണിക്കുന്ന വൈമുഖ്യം.
9. പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്, യഥാസമയം കിടാക്കൾക്ക് വിരയിളക്കുന്നതിനുള്ള ഔഷധലഭ്യതക്കുറവ്, അറിവ് കുറവ്.
10. മൃഗചികിൽസയ്ക്ക് ഉപയോഗിക്കുന്ന മരുന്നുകളുടെ വിലക്കൂടുതൽ.
11. മിൽമയിൽ കൊടുക്കുന്ന പാലിന്റെ വിലക്കുറവ്.
12. ഇതൊരു ഉപതൊഴിലായി കണ്ടുകൊണ്ട് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കി സൊസൈറ്റി അടിസ്ഥാനത്തിൽ സ്കീമുകൾ തയ്യാറാക്കി കാലിവളർത്തൽ പ്രോൽസാഹിപ്പിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

2. ആശുപത്രി പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുക.

3. ആശുപത്രിയിൽ ടെലഫോൺ കണക്ഷൻ അത്യാന്താപേക്ഷിതമാണ്.

4. റഫ്രിജറേറ്റർ, മൈക്രോസ്കോപ്പ്, റീ ഏജൻറ്സ്, ഡെൻസിറ്റി വിറ്റി ടെസ്ററിനുളള സംവിധാനം, TREVIS (പശുക്കളെ കെട്ടി പരിശോധിക്കുന്നതിനുളള) സ്റ്റെയർലൈസർ, പ്രാഥമിക സൗകര്യങ്ങൾ തുടങ്ങിയവ അത്യാന്താപേക്ഷിതമാണ്.

5. മൃഗചികിൽസയ്ക്കാവശ്യമായ മരുന്നുകൾ എല്ലാം ആശുപത്രിയിൽ ഉണ്ടായിരിക്കണം.

6. ജീവനക്കാരുടെ സേവനം 24 മണിക്കൂറും ലഭിക്കുന്നതിന് ആശുപത്രി കോമ്പൗണ്ടിൽ കോർട്ടേഴ്സ് ഉണ്ടാകണം.

7. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭിക്കണമെങ്കിൽ പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ സമാഹരിച്ച് പഞ്ചായത്തിലെ കൃഷിക്കാരുടെ സഹകരണസംഘം സ്ഥാപിച്ച് പൊതുഫാക്ടറി ഉണ്ടാക്കി കാലിത്തീറ്റ നിർമ്മാണം ആരംഭിക്കണം. ഇതുകൊണ്ട് കൃഷിക്കാരുടെ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കും.

8. പുല്ല്, വയ്ക്കോൽ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കൃഷിക്കാർക്ക് പരിശീലനം കൊടുക്കണം.

9. തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തും വളവും ക്ഷീരവികസന വകുപ്പിൽ നിന്നും കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യണം.

10. അത്യുൽപ്പാദനശേഷിയുള്ള കന്നുകാലി കിടാക്കളെയും, വളർത്തുപക്ഷികളെയും സൗജന്യമായി മൃഗാശുപത്രി വഴി കർഷകർക്ക് നൽകണം.

11. വെച്ചൂർ പശുവിനെപ്പോലുള്ള നാടൻപശുക്കളുടെ വംശനാശം തടയുന്നതിനുളള മാർഗങ്ങൾ സ്വീകരിക്കുകയും ആയതിന്റെ വംശവർദ്ധനവ് നടത്തി കൃഷിക്കാർക്ക് നൽകണം.

12. സങ്കരയിനം പശുക്കളിൽ ഇപ്പോൾ വ്യാപകമായി കാണുന്ന വന്ധ്യതാ നിവാരണത്തിനായി ക്യാമ്പുകൾ സംഘടിപ്പിച്ച് ചികിൽസിപ്പിക്കുവാൻ സംവിധാനം ഉണ്ടാക്കുക.

13. കുളമ്പുരോഗം, കോഴിവസന്ത ഇവയ്ക്കുള്ള പ്രതിരോധ കുത്തിവെയ്പ്, കാലികളുടെ ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുക.

14. ശാസ്ത്രീയമായ തൊഴുത്തുകളും, കോഴിക്കൂടുകളും നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കുക.

15. വ്യാവസായികാടിസ്ഥാനത്തിൽ കന്നുകാലികളേയും, വളർത്തുപക്ഷികളേയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ ഉണ്ടാക്കി തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കണം.

16. കന്നുകാലിവളർത്തൽ കൃഷിക്ക് വൻതോതിൽ ജൈവവളം നൽകുന്ന ശ്രോതസ് ആകത്തക്കവിധം ഗോബർഗ്യാസ് പ്ലാൻറുകളും മറ്റും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

17. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് താറാവു കൃഷി പ്രോൽസാഹിപ്പിക്കുക.

18. കർഷകരെ അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ കർഷക അവാർഡുകൾ ഏർപ്പെടുത്തുക.

19. പഞ്ചായത്ത് അതിർത്തിയിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മുഴുവൻ പട്ടികളെയും പിടിച്ച് നശിപ്പിക്കുകയും, വളർത്തു നായ്കൾക്കു പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെയ്പ് നിർബന്ധമാക്കുകയും, ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നത് തടയുകയും ചെയ്യുക.





# മൽസ്യബന്ധനം

പുന്നപ്ര ഗ്രാമപഞ്ചായത്തിൽ ഏകദേശം 6.5 കിലോമീറ്റർ ദൈർഘ്യം വരുന്ന കടലോരം ഉണ്ട്. ഉദ്ദേശം 60% ആളുകൾ മൽസ്യബന്ധനവും അതുമായി ബന്ധപ്പെട്ട തൊഴിലുകളും ചെയ്ത് ജീവിക്കുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ആണ്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗവും ഈ മേഖലയാണ്.

**ഇന്നലെകൾ:-**

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ മൽസ്യബന്ധനമേഖലയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അന്ന് ഈ തൊഴിലിന് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ചീനത്തടിയിലും, ഇലവും തടിയിലും നിർമ്മിച്ച ഉദ്ദേശം '5' കോൽ മുതൽ '17' കോൽ വരെ നീളവും '20' അംഗുലം മുതൽ '51' അംഗുലം വരെ വണ്ണവും ഉണ്ടായിരുന്ന വള്ളങ്ങൾ ആയിരുന്നു. വള്ളങ്ങൾ ഈടു നിൽക്കുന്നതിനുവേണ്ടി മീനെണ്ണയും, ചിരട്ടക്കരി, തൊണ്ടിൻകരി, എള്ളിൻ തണ്ടിൻകരി എന്നിവയും ഉപയോഗിച്ചിരുന്നു. ഈ വള്ളങ്ങളിൽ തണ്ട്, പങ്കായം, ഓട്പായ് (കട്ടിത്തുണികൊണ്ടുള്ള പായ്) കമുകിൻപാള, തടികൊണ്ടുള്ള മരവോട്, പുന്നത്തടി, മുള എന്നിവ കൊണ്ടുള്ള തള്ളി, പരുമൽ, പാമരം മുതലായവയും ഉപയോഗിച്ചിരുന്നു.

മൽസ്യബന്ധനത്തിനുളള വല നിർമ്മിക്കുന്നതിന് പഞ്ഞിയും, ചണവും വാങ്ങി പാകപ്പെടുത്തിയെടുത്ത് നൂലും ചരടുമാക്കി വലകൾ കെട്ടി ഉണ്ടാക്കിയിരുന്നു. ഇത് പ്രധാനമായും മൽസ്യത്തൊഴിലാളി ഭവനങ്ങളിലെ സ്ത്രീകളുടെയും, പ്രായമുള്ളവരുടെയും തൊഴിലായിരുന്നു. ഓരോയിനം മൽസ്യങ്ങളെ പിടിയ്ക്കുന്നതിനും പ്രത്യേകം വലകൾ ഉണ്ടായിരുന്നു. താങ്ങുവല, അയലവല, ചാളവല, തോലിവല (വട്ടമത്തിവല), നാനാവല, കെട്ടിവലിമല, കോരുവല, കൂത്തുവല, വീശുവല, കമ്പാവല, ഒഴുക്കുവല (വലയോട്ടവല), പെരുവല, നരിമീൻ വല, തിരണ്ടിവല, മാണവല, ആവേലിവല മുതലായ വലകൾ ഉപയോഗിച്ചിരുന്നു. ഈ വലകൾ മൽസ്യത്തൊഴിലാളികൾ തന്നെയാണ് വേണ്ടവിധം സജ്ജീകരിച്ചിരുന്നത്. വലകൾ മീൻ പിടിയ്ക്കത്തക്ക രീതിയിൽ കൂട്ടിയോജിപ്പിക്കുന്നതിന് 'വലമാട്ടുക' എന്നു പറഞ്ഞിരുന്നു. ഈ വലകളുടെ ഓരോ ഭാഗത്തിനും ഓരോ പേര് ഉണ്ടായിരുന്നു. ചുവട്, ഇടവല, നെറ്റി, എട്ട, കൈവല, കുട്ടി, ചാർത്ത്, ചങ്ങല, പൊരം എന്നീ പേരുകൾ ഉണ്ടായിരുന്നു. ഇതിനുപുറമെ കയർകൊണ്ടുള്ള കമ്പാ, തള്ളപുരം, ചങ്ങലപുരം, കുട്ടിപുരം, എന്നീ പേരുകളിൽ അറിയപ്പെടുന്ന കയർ കൂട്ടിപ്പിരിച്ച് ഉണ്ടാക്കിയ പുരങ്ങളും ഉണ്ടായിരുന്നു. വലയുടെ നാല് മൂലയ്ക്കും, കുഴപുരം എന്ന് പറഞ്ഞിരുന്നു. ആൾക്കമ്പ, വട്ടക്കമ്പ, നെടുംകമ്പ, താക്ക്കമ്പ്, കല്ല്, മുട്ടി മുതലായ ഉപകരണങ്ങളും അന്നത്തെ വലയുടെ ഭാഗങ്ങൾ ആയിരുന്നു.

അയലവല, ചാളവല, തോലിവല, ഒഴുക്ക്വല എന്നിവയ്ക്ക് പൊതുവിൽ "നീട്ടുവല" എന്നും, പെരുവലയ്ക്ക് "നിറുത്തുവല" എന്നും പേര് ഉണ്ടായിരുന്നു. കെട്ടിവലി, കമ്പാവല, നോനാവല എന്നിവ കരയിൽ നിന്ന് വലിച്ചു കയറ്റുന്ന തരത്തിലാണ് നിർമ്മിച്ചിരുന്നത്. കെട്ടിവലിയാകട്ടെ താങ്ങുവലയുടെ രൂപത്തിൽ ഉണ്ടാക്കപ്പെട്ടതും കരയിൽ നിന്ന് വലിയ്ക്കുന്നതിന് അനേകമാറ് (ഒരുമാറ് ആറടി), കമ്പ (വടം), വലയുടെ രണ്ടറ്റത്തും ഉപയോഗിച്ചുള്ളതും ആയിരുന്നു. കമ്പാവലയ്ക്ക് കരയിൽ നിന്ന് വലിച്ചു കേറ്റുന്നതിന് രണ്ടറ്റത്തും കമ്പായും കടലിന്റെ ആഴത്തിനനുസരിച്ചുള്ള കയർകൊണ്ട് നിർമ്മിച്ച കയറ്റുവല (ഏനം) യും, അതിന്റെ രണ്ടറ്റവും യോജിപ്പിക്കുന്ന തരത്തിലുളളതും അകത്ത് കയറുന്ന മീൻ പുറത്തുപോകാത്ത രീതിയിൽ ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട കരിവലയും, കല്ലയും ഉപയോഗിച്ചിരുന്നു. കട്ടി കൂടിയ നൂലിൽ തയ്യാറാക്കപ്പെട്ട തൂർ, എടവല, കവിളും വല, അകത്തുവല, കയറിൽ നിർമ്മിച്ച അള്ള് മുതലായവയും ഉപയോഗിച്ചിരുന്നു. മൽസ്യബന്ധനസമയത്ത് വലയിടുന്ന രീതിയ്ക്ക് കരവല, തെമ്മേതല്ല, വടമേതല്ല, വളളകൈ, കൊമ്പ്കൈ, ഓടുംകട എന്നീ പേരുകളും ഉപയോഗിച്ചിരുന്നു. ഇവ കൂടാതെ വീശുവല, ചൂണ്ട എന്നിവ ഉപയോഗിച്ചും മൽസ്യബന്ധനം നടത്തിയിരുന്നു.

അന്നത്തെ പ്രധാന മൽസ്യഇനങ്ങൾ താഴെ പറയുന്നവയാണ്. അയല, മത്തി, വട്ടമത്തി (കരിച്ചാള), കൊക്കോലമത്തി, കൂരി, താട, ചെമ്മീൻ, കുട്ടൻ, വറ്റപ്പാര, നന്തൻ, നെത്തോലി,

ചൂട, പരവ, ആവോലി, മണങ്ങ്, കുറിച്ചി, കൊഴുവാ, വേളൂരി, സ്രാവ്, ഏട്ട, തിരണ്ടി, തോവാര, കൂടുക്ക, വറ്റ, പ്രാച്ചിൽ, പൂമീൻ, നെയ്മീൻ, നങ്ക്, മാന്തൽ, കരിക്കാടി, കഴന്തൻ, പൂവാലൻ, നാരൻ, കോരവർഗങ്ങൾ, താട, മാച്ചാൻ, പാമ്പാട, മുള്ളൻവാള, എളമീൻ, കണമ്പ്, വളയോടി, കതിരാൻ, തിരിയാൻ, കരിപ്പെട്ടിമീൻ, നൊച്ചക്കാ, കിളിമീൻവർഗങ്ങൾ, മങ്കട, കണ്ണിങ്ങായല, വരുതല, മാണ, പാലവ, ഒളക്കാ തുടങ്ങിയ വരുതല (പാലചൊറക്ക്) മൽസ്യങ്ങളും ഞണ്ടും അന്ന് സുലഭമായി കിട്ടിയിരുന്നു.

മൽസ്യത്തെ മാംസാഹാരത്തിന്റെ ഭാഗമായി കണ്ടിരുന്നതുകൊണ്ട് സസ്യഭുക്കുകൾ മൽസ്യാഹാരം പരമാവധി നിരുൽസാഹപ്പെടുത്തിയിരുന്നു. കൂടാതെ ഗതാഗത സൗകര്യങ്ങളുടെ കുറവുമൂലം മൽസ്യം വിപണനമേഖലയിൽ എത്തിക്കുവാനും കഴിഞ്ഞിരുന്നില്ല. കൂട്ടനാട് താലൂക്കിലെ ചമ്പക്കുളം, നെടുമുടി, കൈനകരി, മുട്ടാർ, വെളിയനാട് മുതലായ സ്ഥലങ്ങളിൽ നിന്ന് കൊച്ചുവള്ളങ്ങളിൽ എത്തിയിരുന്ന കച്ചവടക്കാരും തലച്ചുമടായും, കാവിയും, കുടിയിടകളിൽ മൽസ്യം വിറ്റിരുന്ന സ്ത്രീകളും പുരുഷന്മാരും കൂടാതെ പുത്തൻകാവ്, അതിരമ്പുഴ, കോഴഞ്ചേരി, കോട്ടയം, ചങ്ങനാശേരി, പായിപ്പാട് മുതലായ മാർക്കറ്റുകളിൽ മൽസ്യം എത്തിച്ചിരുന്ന കുറെ കച്ചവടക്കാരും, പുന്നപ്ര, പറവൂർ, കളർകോട്, പുലയൻവഴി, ആലപ്പുഴ എന്നി മാർക്കറ്റുകളിലും ആണ് അന്ന് ഇവിടെ പിടിച്ചിരുന്ന മൽസ്യം വിൽപ്പന നടത്തിയിരുന്നത്. അങ്ങനെ വിറ്റതിനുശേഷം ബാക്കി വരുന്ന മൽസ്യം കൂടങ്ങളിൽ ഉപ്പ് ഇട്ട് ഉണക്കിയും, തളിമീൻ ആയും പാകപ്പെടുത്തി ചങ്ങനാശേരി, കോട്ടയം, തിരുവല്ല, ഏറ്റുമാനൂർ, കോഴഞ്ചേരി, മുതലായ സ്ഥലങ്ങളിൽ കേവ് വള്ളങ്ങളിൽ കയറ്റി കൊണ്ടുപോയി വിറ്റഴിച്ചുകൊണ്ടിരുന്നു. ചെമ്മീൻ പുഴുങ്ങി ഉണക്കി പരിപ്പാക്കി ബർമ്മ (മ്യാൻമാർ), സിലോൺ (ശ്രീലങ്ക) എന്നിവിടങ്ങളിലേയ്ക്ക് ഏജൻറുമാർ മുഖേന കയറ്റി അയച്ചിരുന്നു. അതുപോലെ ഉണങ്ങിയ നത്തോലിയും കയറ്റി അയച്ചിരുന്നു. സുലഭമായി ലഭിച്ചുകൊണ്ടിരുന്ന മൽസ്യം ശരിയായി സംസ്കരിക്കുന്നതിനോ, വിപണനം ചെയ്യുന്നതിനോ ഉളള സംവിധാനങ്ങളുടെ അഭാവം മൂലം മൽസ്യത്തിന് ശരിയായ വില ലഭിക്കാതെ വരികയും, പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ജീവിതം ദുസ്സഹമായിത്തീരുകയും ചെയ്തുകൊണ്ടിരുന്നു.

മൽസ്യബന്ധനം അല്ലാതെ മറ്റൊരു തൊഴിലും വശമില്ലാതിരുന്ന ഇവരുടെ ജീവിതം മൽസ്യലഭ്യത കുറയുന്ന കാലങ്ങളിലും കടൽക്ഷോഭത്തിന്റെ നാളുകളിലും അതിദയനീയമായി തീരാറുണ്ട്.

വിദ്യാഭ്യാസ, സാമ്പത്തിക, സാംസ്കാരിക രേണരംഗങ്ങളിൽ വളരെയേറെ പിന്നോക്കക്കാരായിരുന്നു മൽസ്യത്തൊഴിലാളികൾ. എങ്കിലും ഇവർക്ക് ഇവരുടേതായ ചില തനതു കലാപരിപാടികൾ ഉണ്ടായിരുന്നു. അധ്വാനഭാരം ലഘൂകരിയ്ക്കുന്നതിനുവേണ്ടി വഞ്ചിപ്പാട്ടുകൾ പാടാറുണ്ടായിരുന്നു. വളളം നിറയെ മീനുമായ് തണ്ടുവലിച്ച് തിരത്തേയ്ക്ക് അണയുന്ന സമയത്തും, ഓടുപായ് കെട്ടി വള്ളം ഓടിക്കുമ്പോഴും, വഞ്ചിപ്പാട്ട് പാടി തണ്ടുവലിയ്ക്ക് ആക്കം കൂട്ടുമായിരുന്നു.

"മാനം പറക്കിണ ചെമ്പരുന്തേ.....
എന്തെല്ലാം കണ്ടെന്റെ ചെമ്പരുന്തേ?
കടലിൽ തിര കണ്ടു കപ്പലു കണ്ടു
പിന്നെന്തു കണ്ടെന്റെ ചെമ്പരുന്തേ?
ചെമ്മീൻ പൊലിപ്പുകണ്ടു"....

"കറുത്ത പെണ്ണേ കരിങ്കുഴലീ...
നിനക്കൊരുത്തൻ കിഴക്കുദിച്ചു.....ഹൈലോ
പൊന്നുതരാം പുടവതരാം
ഒരുങ്ങുപെണ്ണേ... ഒരുങ്ങൊരുങ്ങു....ഹൈലോ

"പത്തുതണ്ടും പനംതണ്ടും
ആകെമുപ്പത്താറുതണ്ടും
ശങ്കരാന്തിച്ചോറു ചൊല്ലി
കുമ്പിടും തണ്ടോ...താത്തീം ഞങ്ങളും വന്നേ...ഹൈലേ

തുടങ്ങിയ വള്ളപ്പാട്ടുകൾ കടലോരമേഖലകളിൽ വളരെ പ്രസിദ്ധമാണ്. ഇതുകൂടാതെ ആഘോഷങ്ങളിലും, പെരുന്നാളിലും പരിചമുട്ടുകളി, കാറൽസ്മാൻ ചവിട്ടുനാടകം, കോൽക്കളി, തിരുവാതിര മുതലായ കലകൾ മൽസ്യത്തൊഴിലാളികൾ അവതരിപ്പിക്കുമായിരുന്നു. ഈശ്വരവിശ്വാസികളായ ഇക്കൂട്ടർ കടുത്ത സത്യസന്ധന്മാരും പരസ്പരവിശ്വാസികളും, നിഷ്കളങ്കരും, അന്യദു:ഖത്തിൽ കരുണയുള്ളവരും ആയിരുന്നു. വളളത്തിൽ കയറി പണിയെടുക്കുവാൻ വരുന്ന എല്ലാവർക്കും അവർ വള്ളത്തിൽ കയറിയില്ലെങ്കിലും പണിചെയ്തു ലഭിയ്ക്കുന്ന ആദായവിഹിതം തുല്യമായി പങ്കുവയ്ക്കുമായിരുന്നു. ഇങ്ങനെ പണിയെടുക്കാത്തവർക്കു കൊടുക്കുന്ന വീതത്തിന് കരപങ്ക് എന്നു പറയുമായിരുന്നു.

തൊഴിൽ മേഖലയായ കടലിനെ കടലമ്മയായി എല്ലാവ്രതശുദ്ധിയോടും, പവിത്രതയോടും ആരാധിച്ചിരുന്നു. അവകാശബോധത്തേക്കാൾ ഔദാര്യബോധമാണ് ഇവരെ നയിച്ചിരുന്നത്. സ്വന്തം ജീവിതപുരോഗതിയ്ക്കുവേണ്ടി സമരങ്ങളോ, അതുപോലെ തന്നെ പൊതുമുതൽ നശിപ്പിയ്ക്കലോ ഇവർ ചെയ്തിരുന്നില്ല. നല്ല കായികശേഷിയുള്ള ഇവർ പൊതുവേ സ്വതന്ത്രചിന്താഗതിക്കാരും ധീരന്മാരും അകാരണമായി ആർക്കും വഴങ്ങാത്തവരും, അമ്പലങ്ങളിലും പള്ളികളിലും നേർച്ചകാഴ്ചകൾ കൊടുക്കുന്നവരും ആയിരുന്നു.

## ഇന്ന്

ജനകീയസർക്കാരുകൾ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ പുരോഗതിയെ ലാക്കാക്കിക്കൊണ്ട് മൽസ്യബന്ധ

ധന വിപണന മേഖലയുടെ വികസനത്തിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികളെ ഗ്രാമസംഘങ്ങളുടെ കീഴിൽ കൊണ്ടുവരികയും, മൽസ്യബന്ധന ഉപകരണങ്ങൾ വായ്പയായ് നൽകുകയും ഉപതൊഴിലുകൾ നടപ്പിലാക്കുക, ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുക, മൽസ്യം സംഘങ്ങൾ വഴി സംഭരിക്കുകയും, അത് സംസ്കരിച്ച് വിപണിയിൽ എത്തിയ്ക്കുകയും ചെയ്യുക, ഇടത്തട്ടുകാരെ ഒഴിവാക്കുക, ആധുനിക മൽസ്യബന്ധന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ആധുനിക മൽസ്യബന്ധനരീതികൾ പരിശീലിപ്പിക്കുക, വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പുരോഗതിയുണ്ടാക്കുക, ഭരണമണ്ഡലങ്ങളിൽ എത്തിച്ചേരുന്നതിന് പ്രാപ്തരാക്കുക, ഉപതൊഴിലുകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക, ഉപതൊഴിലുകൾ ചെയ്യുന്നതിന് അവസരങ്ങൾ ഉണ്ടാക്കുക, ഭക്ഷണസാധനങ്ങൾ സൗജന്യനിരക്കിൽ എത്തിക്കുക, ശുചീകരണ,വൈദ്യസഹായ പ്രവർത്തനങ്ങൾ വ്യാപകമാക്കുക, തുടങ്ങിയപല കാര്യങ്ങളും ഇവർക്കുവേണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എങ്കിലും, ഇവയൊന്നും തന്നെ പൂർണമായി നടപ്പിലാക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

വിദേശരാജ്യങ്ങൾ മൽസ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുമായി രംഗത്തു വരികയും, അതു വഴി മൽസ്യബന്ധനവും വിപണനവും വളരെ ആദായകരമാണെന്ന് കാണുകയും ചെയ്തു. ഇക്കാലത്ത് മൽസ്യമേഖല തദ്ദേശീയരും, വിദേശീയരുമായ കുത്തകകളുടെ കൈകളിൽ സർക്കാരുകളുടെ അംഗീകാരത്തോടു കൂടി എത്തിച്ചേർന്നിരിക്കുന്നു. ഇതിൽ വ്യാപകമായ പ്രതിഷേധം മൽസ്യത്തൊഴിലാളി മേഖലകളിൽ നിന്നും ഉയർന്നു വന്നുകൊണ്ടിരിക്കുന്നു. മൽസ്യബന്ധന-വിപണന മേഖലകളിൽ നിന്നും ഇന്നല്ലെങ്കിൽ നാളെ പുറന്തള്ളപ്പെടും എന്ന ഉൾക്കാഴ്ചയോടെ തദ്ദേശീയരും വിദേശീയരുമായ കുത്തകകൾ മൽസ്യത്തിന്റെ വംശനാശം വരുത്തിക്കൊണ്ടുള്ള മൽസ്യബന്ധന സംവിധാനങ്ങളാണ് ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെയൊക്കെ ദോഷഫലങ്ങൾ ഇനിയും അനുഭവിക്കേണ്ടി വരിക പരമ്പരാഗത മൽസ്യത്തൊഴിലാളികൾ തന്നെ ആയിരിക്കും. ഇത് തടയുന്നതിന് ഭരണതലത്തിൽ ഈ മേഖലകളിൽ നിന്നുള്ളവർ തന്നെ കൂടുതലായി കടന്നുവരേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമായി മാറിയിരിക്കുന്നു.

1960-65-കൾക്കു മുമ്പ് തൊഴിലുപകരണങ്ങളുടെ പൂർണ ഉടമസ്ഥാവകാശം സ്വകാര്യവ്യക്തികൾക്ക് ആയിരുന്നു. എന്നാൽ 1952-ൽ ഡവലപ്മെന്റ് ബ്ലോക്കുകൾ നിലവിൽ വരികയും മൽസ്യമേഖലയുടെ സമഗ്രപുരോഗതിയ്ക്ക് തൊഴിലാളികൾ തന്നെ ഉടമകൾ ആകണം എന്ന കാഴ്ചപ്പാടോടുകൂടി സഹകരണാടിസ്ഥാനത്തിൽ വള്ളവും വലയും കൊടുക്കുകയും ചെയ്തു. എന്നാൽ സൊസൈറ്റികളുടെ രൂപീകരണവും, നിയമാവലിയുമൊക്കെ ഈ മേഖലയുടെ പുരോഗതിയ്ക്ക് സഹായകരമായിരുന്നില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന മൽസ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളിൽ അവരെ സഹായിക്കുന്നതിനുവേണ്ടി മറ്റു വിഭാഗത്തിൽപ്പെട്ട അഞ്ചു ശതമാനം പേരെ ഉൾപ്പെടുത്തിയിരുന്നു. ക്രമേണ സംഘങ്ങളുടെ ഭരണം ഈ വിഭാഗത്തിന്റെ കൈകളിൽ ആകുകയും, മൽസ്യത്തൊഴിലാളി വീണ്ടും ചൂഷണത്തിന് ഇരയാവുകയും ചെയ്തു.

1952-ൽ നോർവേ ഗവൺമെന്റിലെ സാങ്കേതിക-സാമ്പത്തിക സഹകരണത്തോടു കൂടി കേരളത്തിൽ നീണ്ടകര കേന്ദ്രീകരിച്ച്രൂപീകൃതമായ ഇൻഡോ-നോർവീജിയൻ പ്രോജക്ട് ആണ് മൽസ്യബന്ധനരംഗത്ത് പിന്നീടുണ്ടായ യന്ത്രവൽക്കരണത്തിന് തുടക്കം കുറിച്ചത്. ഈ പ്രോജക്ടിന്റെ നിയന്ത്രണത്തിൽ സഹകരണാടിസ്ഥാനത്തിൽ യന്ത്രവൽകൃത മൽസ്യബന്ധനബോട്ടുകൾ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് നൽകുകയുണ്ടായി. എന്നാൽ ശാസ്ത്ര സാങ്കേതിക പരിജ്ഞാനം ഇല്ലാതിരുന്ന തൊഴിലാളികളാൽ നിയന്ത്രിക്കപ്പെട്ടതും ആവശ്യത്തിന് സൗകര്യങ്ങൾ ഇല്ലാതിരുന്നതും മൂലം പൊതുവെ ഈ ബോട്ട് ഉപയോഗിച്ചുള്ള മൽസ്യബന്ധനം പരാജയപ്പെടുകയായിരുന്നു.

പിന്നീട് സ്വകാര്യമേഖലയുടെ കടന്നുകയറ്റവും മൽസരവും ഈ മേഖലയിൽ വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാക്കി. തുടർന്ന് ഔട്ട്ബോർഡ് എഞ്ചിനിലേക്കായി മൽസ്യത്തൊഴിലാളികളുടെ ശ്രദ്ധ 1980-81 കാലഘട്ടങ്ങളിൽ യമഹ, ലുംബാഡിനി തുടങ്ങിയ ഔട്ട്ബോർഡ് എഞ്ചിനുകളുടെ കടന്നുവരവ് മൽസ്യബന്ധന മേഖലയിൽ മാറ്റത്തിന്റെ വഴിത്തിരിവായിരുന്നു. നിലവിലിപ്പോൾ യമഹ, സുസുക്കി, മറൈനർ തുടങ്ങിയ ഔട്ട്ബോർഡ് എഞ്ചിനുകൾ തൊഴിലാളികൾ ഉപയോഗിക്കുന്നു. പുന്നപ്ര പഞ്ചായത്തിലെ ആദ്യത്തെ മൽസ്യബന്ധന ബോട്ടിനെക്കുറിച്ച് ഇത്തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. പുന്നപ്ര പഞ്ചായത്ത് മൂന്നാം വാർഡ് കേന്ദ്രീകരിച്ചുണ്ടായിരുന്ന മൽസ്യോൽപ്പാദക സഹകരണസംഘം നമ്പർ 222 ലിമിറ്റഡ് മുഖേന കടലിലിറക്കിയ കിർലോസ്കർ കമ്പനിയുടെ ഒരു മൽസ്യബന്ധന ബോട്ടായിരുന്നു പഞ്ചായത്തിലെ പ്രഥമ യന്ത്രവൽകൃത മൽസ്യബന്ധന യാനം. നോർവീജിയൻ പ്രോജക്ടുകളിലൂടെയാണ് ആദ്യമായി നൂൽവലയ്ക്കു പകരം നൈലോൺ വലകൾ ഉപയോഗിക്കാൻ തുടങ്ങിയത്.

നിലവിൽ 30-35 ആളുകൾ കയറുന്ന താങ്ങുവള്ളങ്ങളും, അവയിൽ താങ്ങുവല, ചൂടവല എന്നിവയും 12നും 20നും ഇടയ്ക്ക് ആളുകൾ കയറുന്ന ഡിസ്കോ വള്ളങ്ങളും അതിൽ കണ്ണി വലിപ്പം കുറഞ്ഞ ഡിസ്കോ വലയും, കോരുവലയും ഉപയോഗിക്കുന്നു. 5-ആളുകൾ കയറുന്ന ഗിൽനെറ്റ് വള്ളങ്ങളും, 2-3 പേർ കയറുന്ന മുറി വള്ളവും ഡിങ്കി വള്ളവും മൽസ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട്. മേൽപ്പറഞ്ഞ

വള്ളങ്ങളിൽ യഥാക്രമം 40, 25, 15, 9.9, 8, 7, 4, 2 എന്നീ കുതിര ശക്തികളുള്ള ഔട്ട്ബോർഡ് എഞ്ചിനുകളുമാണ് ഉപയോഗിച്ചുവരുന്നത്.

പഞ്ചായത്തുതലത്തിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട വിവിധ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വള്ളങ്ങളുടെ ഇനം | എണ്ണം | എഞ്ചിൻ/ കുതിരശക്തി | എണ്ണം |
|---|---|---|---|
| താങ്ങുവള്ളം | 46 | 7എച്ച്.പി. | 45 |
| ഡിസ്കോവള്ളം | 73 | 15/9.9 | 70 |
| അയലവള്ളം/ഗിൽനെറ്റ് | 64 | 85 എച്ച്.പി. | 185 |
| മിനിവള്ളങ്ങൾ | 15 | 40 എച്ച്.പി. | 5 |
| ആകെ | 198 | ആകെ | 305 |

മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഒരു ഓഹരി യുടെ വില | അംഗീകൃത ഓഹരികൾ | പരമാവധി കടം എടുക്കാവുന്ന തുക |
|---|---|---|---|---|---|
| മൽസ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം വിടയ്ക്കൽ സൗത്ത് | 1992 | 548 | 10 | 18758 | 1,00,000 |
| പുന്നപ്ര നോർത്ത് | 30-10-1992 | 786 | 10 | 50850 | 1,00,000 |
| പുന്നപ്ര സൗത്ത് | 5-3-1992 | 1091 | 10 | 500000 | 10,95,600 |

കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മൽസ്യത്തൊഴിലാളികളുടെ എണ്ണം

| സംഘം | സ്ത്രീകൾ | പുരുഷന്മാർ | ആകെ | പെൻഷൻകാർ | ഉൾനാടൻ മൽസ്യ ത്തൊഴിലാളികൾ |
|---|---|---|---|---|---|
| വാടയ്ക്കൽ സൗത്ത് | 28 | 520 | 548 | 71 | - |
| പുന്നപ്ര നോർത്ത് പുന്നപ്ര സൗത്ത് | 87 | 2409 | 2496 | 154 | 35 |
| ആകെ | 115 | 2929 | 3044 | 225 | 35 |

കടലിൽ നിന്നും ലഭിക്കുന്ന മൽസ്യങ്ങൾ

| മാസം | മൽസ്യം | ലഭ്യത |
|---|---|---|
| ജനുവരി | മത്തി, അയല, സ്രാവ്, നന്തൻ, കൂട്ടൻ | പരിമിതം |
| ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് | ഏട്ട, നെന്മീൻ | ചൂടുകാലം- കാറ്റ്, പൊതുവെ മൽസ്യം കുറവ്, വറുതിയുടെ കാലം |
| ജൂൺ, ജൂലായ്, ഓഗസ്റ്റ്, സെപ്റ്റംബർ | ചെമ്മീൻ, മത്തി, നെത്തോലി, ചൂട, വറ്റ, മങ്കട, മത്തി, നങ്ക്, കുറിച്ചി | കടൽക്ഷോഭത്തിന്റെ കാലം, ചാകര യിൽ നിന്നു മാത്രം ലഭിക്കുന്നു, സുലഭ മായി ലഭിക്കുന്നു. |
| ഒക്ടോബർ, നവംബർ, ഡിസംബർ | മത്തി, സ്രാവ്, അയ്ല, മാച്ചാൻ | പരിമിതം |

പുന്നപ്ര ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഏതാണ്ട് 3079 രജിസ്റ്റേർഡ് മൽസ്യത്തൊഴിലാളികളും 2629 മൽസ്യത്തൊഴിലാളി കുടുംബങ്ങളും ഉണ്ട്. മൽസ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്ന 225 പേരുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം ഇതിലും വളരെ കൂടുതൽ ആണ്. ഇപ്പോൾ ഈ മേഖലയിൽ നിലവിലുള്ള കാതലായ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. തീരദേശവാസികളുടെ തീരാശാപമാണ് കടലാക്രമണം.

2. സ്വദേശി ട്രോളറുകൾ, വിദേശ കപ്പലുകൾ എന്നിവയുടെ അശാസ്ത്രീയവും, അനിയന്ത്രിതവും, അനധികൃതവും, അനവസരത്തിലുള്ളതുമായ മൽസ്യബന്ധനം മൂലം മൽസ്യോൽപ്പാദനരംഗം വംശനാശ ഭീഷണിയെ നേരിടുന്നു. പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖലയിൽ ഉൽപ്പാദനം കുറയുന്നു.

3. നിർദ്ധനരായ മൽസ്യത്തൊഴിലാളികൾക്ക് യന്ത്രവൽകൃത മൽസ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കാൻ പലപ്പോഴും ബാങ്കുകളേയും മറ്റു വായ്പകളേയും ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ വായ്പകൾ ലഭിക്കുന്നതിലെ കാലതാമസവും തുകയുടെ അപര്യാപ്തതയും മൂലം പലപ്പോഴും കമ്മീഷൻ ഏജൻറുമാരിൽ നിന്നും, ബ്ലെയ്ഡു കമ്പനിക്കാരിൽ നിന്നും ഉയർന്ന പലിശയ്ക്ക് പണം കടം എടുക്കേണ്ടി വരുന്നു. ഈ കടബാധ്യതയിൽ നിന്നും ഒരിക്കലും കരകയറാൻ കഴിയാതെ വരുന്നു.

4. മൽസ്യബന്ധനോപകരണങ്ങളുടെ സ്പെയർ പാർട്സുകൾ റിപ്പയറിംഗ് സൗകര്യങ്ങൾ എന്നിവ ആവശ്യാനുസരണം ലഭിക്കുന്നില്ല. അതുപോലെ തന്നെ ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗിക്കുന്നതിനുവേണ്ടി മണ്ണെണ്ണ, വൻവിലയ്ക്ക് കരിഞ്ചന്തയിൽ നിന്നും വാങ്ങേണ്ടിവരുന്നു. നിലവിലുള്ള പെർമിറ്റ് സമ്പ്രദായത്തിൽ ധാരാളം അപാകതകളുണ്ട്.

5. യന്ത്രവൽക്കരണം മൂലം ഉൽപ്പാദനച്ചെലവ് കൂടുന്നു. അതോടൊപ്പം അറ്റകുറ്റപ്പണികൾക്കും നല്ലൊരു തുക ചിലവായി കൊണ്ടിരിക്കുന്നു. തൽഫലമായി തൊഴിലാളികൾക്ക് ആദായം കുറയുന്നു.

6. കേരളത്തിൽ 41 നദികളും, 18-ഓളം കായലുകളും, അസംഖ്യം പൊഴികളും ഉണ്ട്. ഇതിൽ കിഴക്കോട്ടൊഴുകുന്ന പാമ്പാർ, ഭവാനി, കബനി എന്നീ നദികൾ ഒഴിച്ച് ബാക്കിയുള്ളവയെല്ലാം അറബിക്കടലിൽ പതിക്കുന്നവയാണ്. ഈ ജലാശയങ്ങൾ വാസ്തവത്തിൽ മൽസ്യത്തിൻെറ പ്രജനന കേന്ദ്രങ്ങളായിരുന്നു. ശുദ്ധജലം കടലിലേക്ക് ഒഴുകുകയും അത് കടൽജലത്തിലെ ഉപ്പിൻെറ സാന്ദ്രത കുറയ്ക്കുവാൻ പര്യാപ്തവുമായിരുന്നു. മൽസ്യത്തിൻെറ പ്രജനനം തീരക്കടലിലും പൊഴി, അഴി മുഖങ്ങളിലും ആയിരുന്നു. എന്നാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കുണ്ടായ തകരാറു മൂലം ഈ പൊഴിമുഖങ്ങളും മറ്റും നശിച്ചുകൊണ്ടിരിക്കുന്നു. ഇത് മൽസ്യോൽപ്പാദനരംഗത്ത് വംശനാശത്തിനും ഉൽപ്പാദനക്കുറവിനും വഴിവെക്കുന്നു.

7. മൽസ്യവിപണന രംഗത്ത് പ്രവർത്തിക്കുന്ന ഇടത്തട്ടുകാരുടെ ചൂഷണം മൂലം തൊഴിലാളികൾക്ക് (ഉൽപ്പാദകർ) ന്യായമായ വില ലഭിക്കുന്നില്ല. പല തട്ടുകളിലുമുള്ള ചൂഷണം മൂലം ഇടത്തട്ടുകാർ അമിതലാഭം കൊയ്യുമ്പോൾ മൽസ്യത്തൊഴിലാളി ദാരിദ്ര്യത്തിൽ നിന്നും ദാരിദ്ര്യത്തിലേയ്ക്ക് മുതലക്കൂപ്പു കുത്തിക്കൊണ്ടിരിക്കുന്നു.

8. വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, പൊതുജനാരോഗ്യ രംഗങ്ങളിൽ മൽസ്യമേഖല വളരെ പിന്നോക്കമാണ്.

9. തീരദേശ റോഡുകളുടെ ശോചനീയാവസ്ഥ മൽസ്യത്തൊഴിലാളികൾക്കും, മൽസ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും, രോഗികൾക്കും ഒരു തീരാശാപമായി നിലനിൽക്കുന്നു. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത മൽസ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമാണ്.

10. കുടിവെള്ള ക്ഷാമം തീരദേശങ്ങളിൽ വളരെ രൂക്ഷമാണ്. ഇതുമൂലം പകർച്ചവ്യാധികൾ വളരെ പെട്ടെന്ന് പടർന്നുപിടിക്കുന്നു.

11. തീരപരിപാലന നിയമം ഈ പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

12. അടക്കംകൊല്ലി വലയും, രാത്രികാല ട്രോളിംഗും, കണ്ണി വലിപ്പം കുറഞ്ഞ വലകളുടെ ഉപയോഗവും മൽസ്യബന്ധന മേഖലയ്ക്ക് ഒരു ഭീഷണിയാണ്.

## ഉൾനാടൻ മൽസ്യബന്ധനം

1. മൽസ്യരോഗം, ജലമലിനീകരണം എന്നിവയും അശാസ്ത്രീയമായ മൽസ്യബന്ധനവും കായൽ മേഖലയിലെ കൊല്ലിവല ഉപയോഗിച്ചുള്ള കക്കവാരൽ, നഞ്ചുകലക്കിയും തോട്ടപൊട്ടിച്ചും ഉള്ള മൽസ്യബന്ധനവും വംശനാശത്തിനു വഴിതെളിക്കുന്നു.

2. ഉൾനാടൻ മൽസ്യകൃഷിക്ക് ശരിയായ പ്രോൽസാഹനം ലഭിക്കുന്നില്ല.

3.ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ആവശ്യമായ മൽസ്യബന്ധനോപകരണങ്ങളും സാങ്കേതിക വിദ്യയും വിപണനസൗകര്യവും ഇന്നില്ല.

## മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദ്ദേശങ്ങൾ

1. കടൽഭിത്തി പഞ്ചായത്തിന്റെ തീരപ്രദേശം മുഴുവൻ വ്യാപിപ്പിക്കുക.

2. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ എല്ലാ വിധത്തിലുമുള്ള ട്രോളിങ് പൂർണ്ണമായും നിരോധിക്കുക. വിദേശകപ്പലുകളുടെ ആഴക്കടൽ മത്സ്യബന്ധനം തടയുന്നതിന് നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായത്തിൽ കർശനമായ മാറ്റം നിയമം മൂലം ഉണ്ടാക്കണം. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് തീരദേശ സംരക്ഷണസേനയുടെ ഒരു പ്രത്യേകസെൽ രൂപീകരിക്കണം.

3. രാത്രികാല ട്രോളിങ്ങും അടക്കം കൊല്ലിവലയും (പേഴ്സിൻ, പാലജിക്ക് നെറ്റ്) പൂർണമായും നിരോധിക്കണം.

4. കണ്ണി അടുപ്പം കുറഞ്ഞ വലകൾ ഉപയോഗിക്കാതിരിക്കുകയും എഞ്ചിനുകളുടെ കുതിരശക്തി, എണ്ണം, ഉപയോഗിക്കുന്ന വലയുടെ വലിപ്പം ഇവ ഏകീകരിക്കുന്നതിനുവേണ്ടി കർശനമായ നടപടികൾ എടുക്കുകയും അതുവഴി അനാരോഗ്യകരമായ മൽസരവും ഇന്ധനത്തിന്റെ അമിതചെലവും ഒഴിവാക്കേണ്ടതാണ്. 40 എച്ച്.പി. എഞ്ചിനുകളുടെ ഇറക്കുമതി നിരോധിക്കേണ്ടതാണ്.

5. മൽസ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ വലിയ വളളങ്ങളും ചെറിയ വളളങ്ങളും അനുബന്ധോപകരണങ്ങളും ബാങ്ക് വായ്പയിലൂടേയും, മൽസ്യഫെഡ്ഡിലൂടേയും ലഭ്യമാക്കുകയും തുക ഉപകരണങ്ങൾ വാങ്ങുന്നതിന് തികയുന്നതും കാലതാമസം കൂടാതെ ലഭിക്കുന്നതുമായിരിക്കണം.

6. തൊഴിൽ ഉപകരണങ്ങളുടെ സർവീസിങ്, റിപ്പയറിംഗ് എന്നിവയ്ക്കും സ്പെയർ പാർട്സുകൾ ലഭിക്കുന്നതിനും സൗകര്യമുള്ള മൂന്ന് കേന്ദ്രങ്ങൾ സ്ഥാപിക്കണം. മൂന്ന് സ്ഥലങ്ങളിൽ ചന്തകടവുകൾ സ്ഥാപിക്കണം.

7. എഞ്ചിനുകൾ, സ്പെയർ പാർട്ടുകൾ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിനും യന്ത്രവൽക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പൂർണമായും മൽസ്യബന്ധനത്തിനു വേണ്ടി ഡിസൈൻ ചെയ്തിട്ടുളളതും ജലമലിനീകരണം ഒഴിവാക്കുന്നതും, ക്ഷമത കൂടിയതുമായ ഔട്ട്ബോർഡ് എഞ്ചിനുകൾ നമ്മുടെ നാട്ടിൽ തന്നെ നിർമ്മിക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കേണ്ടതും ഇത് എത്രയും പെട്ടെന്ന് തുടങ്ങേണ്ടതുമാണ്.

8. നിലവിലുള്ള മണ്ണെണ്ണ പെർമിറ്റ് സമ്പ്രദായത്തിൽ ധാരാളം അപാകതകൾ ഉണ്ട്. ഇപ്പോൾ ലഭിയ്ക്കുന്ന മണ്ണെണ്ണ ആവശ്യത്തിന് തികയുന്നില്ല. പ്രതിമാസ ഉപയോഗത്തിന് തികയുന്ന അളവിലുള്ള എണ്ണ വള്ളങ്ങൾക്ക് കൊടുക്കേണ്ടതാണ്. മണ്ണെണ്ണ ബാങ്കുകൾ പഞ്ചായത്തുതലത്തിൽ സ്ഥാപിച്ച് ന്യായമായ വിലയ്ക്ക് നൽകാനുള്ള നടപടി ഉടൻ സ്വീകരിക്കണം.

9. വിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനുവേണ്ടി മൽസ്യഫെഡിന്റെ സഹായത്തോടെ സഹകരണസംഘങ്ങൾ ശക്തമായി രംഗത്തു വരണം. കുറഞ്ഞ ചിലവിൽ തെർമോകോൾ ഉപയോഗിച്ച് നിർമ്മിയ്ക്കാവുന്ന ഫ്രീസറുകളിൽ മൽസ്യം കേടുകൂടാതെ സൂക്ഷിക്കുവാനും സഹകരണാടിസ്ഥാനത്തിൽ മൽസ്യം വെട്ടി വൃത്തിയാക്കി പാക്കറ്റുകളിലാക്കി വീടുവീടാന്തരം എത്തിച്ചു വിൽപ്പന നടത്തുന്ന പരിപാടി നടപ്പിലാക്കുകയും ഇതിൽ വനിതാപങ്കാളിത്തം ഉറപ്പാക്കുകയും വേണം. ഇതിനു വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കണം. അതോടൊപ്പം വ്യാസസ്റ്റോറാറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

10. തീരപരിപാലന നിയമത്തിൽ നിലനിൽക്കുന്ന ആശങ്ക ദൂരീകരിക്കണം.

11. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ എല്ലാ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിക്കുന്നതിനുളള നടപടി ഉണ്ടാകണം.

12. മൽസ്യബന്ധനത്തിലേർപ്പെടുന്ന സമയത്ത് പെട്ടെന്നുണ്ടാകുന്ന അസുഖം മൂലമോ പ്രകൃതിക്ഷോഭത്തിലോ കഷ്ടപ്പെട്ടേണ്ടിവരുന്ന മൽസ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിന് റഡാർ, വയർലസ് അല്ലെങ്കിൽ സെല്ലുലോർ ഫോൺ വഴി മൽസ്യബന്ധന വള്ളങ്ങൾക്ക് കരയുമായി ബന്ധപ്പെടാനുള്ള സംവിധാനം ഉണ്ടാകണം.

13. മൽസ്യമേഖലയിൽ പഞ്ചായത്തു തലത്തിൽ ഒരു സഹകരണ ബാങ്ക്, വനിതാ സഹകരണസംഘങ്ങൾ, മൽസ്യസംസ്കരണ കോൾഡ് സ്റ്റോറാേജ് കേന്ദ്രങ്ങൾ, വനിതാ മൽസ്യ വ്യാപാരികൾക്ക് വാഹനസൗകര്യം തുടങ്ങിയവ ഉടനടി ഉണ്ടാകണം.

14. തീരദേശ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പൈപ്പുലൈൻ വഴി കുടിവെള്ളം എത്തിച്ച് ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണണം.

15. പഞ്ചമാസങ്ങളിൽ ഉപതൊഴിലുകൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി വനിതാ കുടിൽ, ചെറുകിട-സഹകരണ പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് മൽസ്യബന്ധനോപകരണങ്ങളുടെ നിർമ്മാണയൂണിറ്റ് സ്ഥാപിക്കണം. ഇതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകണം.

16. വിദ്യാഭ്യാസ പുരോഗതിയുടെ ഭാഗമായി തീരദേശ സ്കൂളുകളായ പുന്നപ്ര ബീച്ച് എൽ.പി.എസ്., ഗവ. സി.വൈ.എം.എ.യു.പി. സ്കൂൾ, സെൻറ് ലൂർദ് മേരി യു.പി.എസ്., പൂന്തോട്ടം സെൻറ് ജോസഫ്സ് എൽ:പി.എസ്. എന്നിവ അപ്ഗ്രേഡ് ചെയ്യുകയും പഞ്ചായത്തു നിലവാരത്തിൽ തീരദേശത്തുള്ള

ഏക ഗവൺമെൻറ് സ്കൂളായ സി.വൈ.എം.എ. യു.പി.എസ്. ഒരു ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുക യും വേണം.

17. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലുമുള്ള കുളങ്ങൾ, തോടുകൾ, ചതുപ്പുകൾ എന്നിവിടങ്ങളിൽ മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുക.

18. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങളിലുള്ള പാടശേഖര ങ്ങളിൽ ഒരു നെൽകൃഷിക്കുശേഷം കൊഞ്ചുകൃഷി സ്വീകരി ക്കാവുന്നതാണ്. ഇതിന് കർഷകരുടെ ഒരു കൂട്ടായ ശ്രമം ഉണ്ടാകണം.

19. കായൽമേഖലയിലെ മൽസ്യരോഗത്തെക്കുറിച്ച് വിശദ മായ പഠനങ്ങൾ നടത്തുകയും വംശനാശഭീഷണി നേരിടുന്ന ഇനങ്ങളുടെ സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിക്കു കയും വേണം.

20. എഫ്.എഫ്.ഡി.എ., ബി.എഫ്., എഫ്.സി.എ., അഡാക്, നബാർഡ് സിഫ്റ്റ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടത്തുന്ന പദ്ധതികളെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കര ണം നടത്തുക.

21. ഉൾനാടൻ മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേ ണ്ടി ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങളും, മീൻകുഞ്ഞുങ്ങളും ലഭ്യമാക്കണം.

22. ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനോ പകരണങ്ങൾ ലഭ്യമാക്കുന്നതിന് സാമ്പത്തികസഹായം ബാങ്കു കൾ വഴി ലഭ്യമാക്കണം.

23. പുന്നപ്രയിലെ ഫിഷ് ലാൻറിംഗ് സെൻററിൻെറ പണി പൂർത്തിയാക്കുക.

## മറ്റു നിർദ്ദേശങ്ങൾ

1. പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് സഹകരണാടിസ് ഥാനത്തിൽ ഫാക്ടറി കപ്പലുകൾ (Trawler) നൽകുക. ഇവ ഉപയോഗിച്ച് മൽസ്യബന്ധനം നടത്തി കിട്ടുന്ന ലാഭം ഉപയോ ഗിച്ച് പ്രാദേശിക വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴി യും. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് മൽസ്യ ഫെഡ്ഡിൻെറ സഹായത്തോടെ തയ്യാറാക്കാൻ കഴിയണം

2. ഇന്നത്തെ മൽസ്യബന്ധനവളളങ്ങൾ വളരെ വലുപ്പമുള്ളവ യും വല തുടങ്ങിയ ഉപകരണങ്ങൾ വളരെ ഭാരിച്ചതുമാണ്. വലിപ്പം കൂടിയ താങ്ങുവള്ളങ്ങൾ കരയ്ക്കുപിടിച്ച് കയറ്റാൻ പറ്റാത്തതാണ്. ആയതിനാൽ പ്രകൃതിദത്തമായ പൊഴികൾ ഡ്രെഡ്ജറുകൾ ഉപയോഗിച്ച് കുഴിച്ച് ആഴം കൂട്ടി പുലിമുട്ടു കൾ സ്ഥാപിച്ച് മിനി ഹാർബറുകൾ ആക്കുകയാണെങ്കിൽ ഈ വള്ളങ്ങളും വലയും മറ്റു ഉപകരണങ്ങളും ഇവിടെ സുര ക്ഷിതമായി സൂക്ഷിക്കാൻ കഴിയും. ഇത് ഇന്നത്തെ കാലഘട്ട ത്തിൽ മൽസ്യബന്ധന മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. കുറഞ്ഞത് ഈ പഞ്ചായത്തിൽ രണ്ട് മിനി ഹാർബറുകൾ എങ്കിലും സ്ഥാപിക്കുവാൻ കഴിയും. തീരദേശ വാർഡുകളെ ചേർത്ത് മൽസ്യഗ്രാമം രൂപീകരിക്കണം.



*സമൃദ്ധം, മനോഹരം പുന്നപ്രയുടെ കടൽത്തീരം*

# വ്യവസായം

പുന്നപ്ര പഞ്ചായത്തിലെ വ്യവസായമേഖലയെ ആധുനിക വ്യവസായമെന്നും പരമ്പരാഗത വ്യവസായമെന്നും പൊതുവെ രണ്ടായിത്തിരിക്കാം. പരമ്പരാഗത വ്യവസായങ്ങളുടെ കൂട്ടത്തിൽ മൽസ്യം. കയർ, കൈത്തറി, തെങ്ങുചെത്ത്, ബീഡി എന്നിവയും കുടിൽവ്യവസായങ്ങളുടെ പട്ടികയിൽ മെഴുകുതിരി, തീപ്പെട്ടി, മരച്ചക്കിൽ എണ്ണയാട്ട്, തുണിനെയ്ത്ത്, ഉലക്കെട്ട്, സോപ്പുനിർമ്മാണം എന്നിവയും ഉൾപ്പെടുന്നു. തടിമില്ലുകൾ, കൊല്ലന്റെ ആലകൾ, ഐസ് പ്ലാന്റുകൾ, ഫിലിങ് ഷെഡ്ഡുകൾ, നെല്ലുകുത്തു മില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ എന്നിവയാണ് പ്രദേശത്തെ ചെറുകിട വ്യവസായസംരംഭങ്ങൾ. ഇവ കൂടാതെ വള്ളം നിർമ്മാണവും തീരപ്രദേശത്തോടനുബന്ധിച്ച് പ്രാധാന്യമുള്ള ചെറുകിട വ്യവസായം ആണ്.

പുന്നപ്ര ഗ്രാമത്തിലെ ഏറ്റവും പുരാതനമായ വ്യവസായം മൽസ്യമേഖലയുമായി ബന്ധപ്പെട്ടതാണ്. ഇതിന് ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. കടൽത്തീരത്ത് ഓലകൊണ്ടു നിർമ്മിച്ച വലിയ കൂടങ്ങളിൽ (ഷെഡ്ഡുകൾ) വിസ്തൃതമായ പാത്രങ്ങളിൽ (ഇതിന് ചെമ്പുകൾ എന്നു പറഞ്ഞിരുന്നു.) ചെമ്മീൻ പുഴുങ്ങി ഉണക്കി തല്ലി പരിപ്പാക്കി ബർമ്മ (ഇന്നത്തെ മ്യാൻമർ), സിലോൺ (ശ്രീലങ്ക) തുടങ്ങിയ രാജ്യങ്ങളിലേക്ക് ഏജന്റുമാർ മുഖേന കയറ്റുമതി ചെയ്തിരുന്നു. അതുപോലെ നത്തോലി തുടങ്ങിയ മൽസ്യങ്ങൾ ഉപ്പിട്ടുണക്കി ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ഉള്ള മാർക്കറ്റുകളിൽ എത്തിക്കാറുണ്ടായിരുന്നു. നൂലും ചണവും ഉപയോഗിച്ചുള്ള വലക്കെട്ട് തീരപ്രദേശത്തെ മുൻകാലങ്ങളിലെ ഒരു പ്രധാന കുടിൽവ്യവസായമായിരുന്നു. തിരിക്കോട് എന്നറിപ്പെട്ടിരുന്ന ഒരു ഉപകരണം ഉപയോഗിച്ച് നൂൽമുറുക്കി (ബലപ്പെടുത്തി) ആണ് വലകൾ നിർമ്മിച്ചിരുന്നത്. എന്നാൽ യന്ത്രവൽകൃത മൽസ്യബന്ധനത്തിന്റെ വ്യാപനത്തോടു കൂടി നൈലോൺ വലകൾ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങുകയും ഒരു കുടിൽ വ്യവസായം എന്ന നിലയിൽ വലക്കെട്ടിനുണ്ടായിരുന്ന പ്രാധാന്യം കുറയുകയും ഇപ്പോൾ ഏറെക്കുറെ നിലച്ചുംപോയിട്ടുണ്ട്. മൽസ്യസംസ്കരണവും, വൈവിധ്യമാർന്ന മൽസ്യോൽപ്പന്നങ്ങളുടെ നിർമ്മാണവും വൻകിട ഫാക്ടറികളിലേയ്ക്ക് മാറ്റിയതോടു കൂടി കുടിൽവ്യവസായ തലത്തിലുള്ള മൽസ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നിരുൽസാഹപ്പെട്ടു.

ബീഡി വ്യവസായവും പുന്നപ്രയിലെ ഒരു പരമ്പരാഗത വ്യവസായമായിരുന്നു. ഈ മേഖലയിൽ മുമ്പ് വളരെയധികം പേർ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഈ മേഖലയിൽ ജോലിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. പഞ്ചായത്തിൽ ആകെ 268 രജിസ്ട്രേർഡ് തൊഴിലാളികൾ ഉൾപ്പെടെ 450-ഓളം പേർ ഉണ്ട്. കൈത്തറി വ്യവസായ സംരംഭം എന്ന നിലയിൽ പുന്നപ്ര പഞ്ചായത്ത് 3, 5 എന്നീ വാർഡുകളിൽ ഓരോ നൂൽനൂൽപ്പ് കേന്ദ്രങ്ങളും, 6, 7 എന്നീ വാർഡുകളിലും ഖാദിബോർഡിന്റെ നിയന്ത്രണത്തിലുള്ള നെയ്ത്തുശാലകളും ഉണ്ട്. തെങ്ങുചെത്തു തൊഴിലായി സ്വീകരിച്ചിട്ടുള്ള നിരവധി ആളുകൾ പുന്നപ്രയിലുണ്ട്.

1930-കൾക്കുമുമ്പുതന്നെ ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്ന ചെറുകിട കയർ ഫാക്ടറികൾ പുന്നപ്രയിൽ പ്രവർത്തിച്ചിരുന്നു. കടപ്പുറംതടുക്ക് എന്ന പേരിലറിയപ്പെടുന്ന ചുറ്റുതടുക്ക്, ഓവൽതടുക്ക് എന്നിവയായിരുന്നു പ്രധാന ഉൽപ്പന്നങ്ങൾ. സർവശ്രീ കെ.എസ്. ജോസഫ്, കെ.എസ്. ബെൻ എന്നിവർ നേതൃത്വം നൽകി ചുറ്റുതടുക്ക് വ്യവസായത്തിൽ നിന്ന് വ്യത്യാസ്തമായി ഒരു പായ് നെയ്ത്തു ഫാക്ടറി സ്ഥാപിച്ചുവെങ്കിലും കാലാന്തരത്തിൽ അതിന്റെ പ്രവർത്തനം നിലച്ചുപോയി. കടപ്പുറം തടുക്കു മാത്രം ഉൽപ്പാദിപ്പിക്കുന്ന ചെറുകിട കുടിൽ സംരംഭങ്ങൾ നിലനിൽക്കുകയും ചെയ്തു. ഇന്നും അവ തുടരുന്നുണ്ട്.

കുടിൽവ്യവസായം എന്ന നിലയിൽ കയറിന്റെ പ്രാധാന്യം കുറഞ്ഞുവരികയാണ്. സഹകരണാടിസ്ഥാനത്തിലുള്ള പരിമിതമായ യന്ത്രവൽക്കരണത്തിൽ പ്രവർത്തിക്കുന്ന കയർ ഫാക്ടറികളും പൂർണമായി യന്ത്രവൽക്കൃതമായ ഫാക്ടറികളും ഈ മേഖലയിൽ പ്രാധാന്യം നേടിവരുന്നു. കഴിഞ്ഞ ദശകത്തിൽ പറവൂരിൽ കെ.റ്റി.എൽ. കമ്പനി എന്ന പേരിൽ ഒരു വൻകിട കയർഫാക്ടറി ഉണ്ടായിരുന്നു. അതിപ്പോൾ നിലവിലില്ല.

ഇന്ന് കയർമേഖലയിൽ 29 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കമ്പി കാർപ്പെറ്റ്, കടപ്പുറം തടുക്ക്, ചകിരി തടുക്ക്, ലാറ്റക്സ് ബാക്ക് തടുക്കുകൾ, റബ്ബറൈസ്ഡ് തടുക്കുകൾ, വിവിധയിനം കയറുപായകൾ എന്നിവയാണ് നിർമ്മിച്ചുവരുന്നത്.

കയർ മേഖലയിൽ മൂന്ന് സഹകരണസംഘങ്ങൾ നിലവിലുണ്ട്. അമ്പലപ്പുഴ കയർ മാറ്റ്സ് ആൻറ് മാറ്റിങ് സൊസൈറ്റി, പുന്നപ്ര കയർ മാറ്റ്സ് ആൻറ് മാറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മോഡേൺ കയർ മാറ്റ്സ് ആൻറ് മാറ്റിങ് സൊസൈറ്റി എന്നിവയാണ് ആ സ്ഥാപനങ്ങൾ. ഇവയിലെല്ലാം കൂടി ആകെ 600 പേർ പണിയെടുക്കുന്നുണ്ട്.

കയർ വ്യവസായത്തിൽ കാലഘട്ടത്തിൻെറ ആവശ്യവും ആധുനികവൽക്കരണവും യന്ത്രവൽക്കരണവും സമന്വയിപ്പിച്ചുകൊണ്ട് പറവൂരിൽ പ്രവർത്തിക്കുന്ന ആസ്പിൻവാൾ പവർലൂം ഫാക്ടറിയിൽ രണ്ടുമീറ്റർ വീതിയിലും അറുപത് മീറ്ററിൽ തുടങ്ങി താഴോട്ട് വ്യത്യാസ്ത നീളമുള്ള വിവിധയിനം കയറുപായകൾ നിർമ്മിച്ചുവരുന്നു. ഇതിൽ 43 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ വിലവരുന്ന യന്ത്രങ്ങൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത് ജിയോടെക്സ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഇവിടെ സ്ഥാപിച്ചുകഴിഞ്ഞു. ഇതിൻെറ പ്രവർത്തനം ഉടൻ ആരംഭിക്കും. മലയോരങ്ങളിലും ചരിവുപ്രദേശങ്ങളിലും കായലോരങ്ങളിലുമുണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിനുപയോഗിക്കുന്നതിന് ജിയോടെക്സ് വിദേശങ്ങളിൽ നല്ല മാർക്കറ്റുണ്ട്.

കയർമേഖലയിലെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ആധുനിക സങ്കേതങ്ങൾ അവലംബിക്കേണ്ടതുണ്ട്. പ്രകൃതിദത്ത നാരുകളോടുള്ള പ്രതിപത്തി ഏറി വരുന്നതിനാൽ കയറിനും കയർ ഉൽപ്പന്നങ്ങൾക്കും ആഭ്യന്തര വിദേശവിപണിയിൽ വളരെ നല്ല ഡിമാൻഡുണ്ട്. പാരമ്പര്യ വൈദഗ്ധ്യം പരിരക്ഷിച്ച് ഗുണമേന്മയിൽ നിഷ്കർഷത പാലിച്ചുകൊണ്ടുള്ള ആധുനിക വൽക്കരണത്തിലൂടെ ഈ മേഖലയെ വികസിപ്പിക്കുവാൻ കഴിയും. മഹാകവി കുമാരനാശാൻ 1080 തുലാം മാസം വിവേകോദയം മാസികയിൽ എഴുതി "കയർ പിരിക്കാനുള്ള സംവിധാനവും വളരെ ഭേദപ്പെടേണ്ടതുണ്ട്. ആറു മാസക്കാലം വരെ തൊണ്ടുച്ചേറിൽ താഴ്ത്തി, അഴുക്കി നാറ്റി, നിറം കൊടുക്കാതെ പച്ചത്തൊണ്ടുതല്ലി ചകിരിയാക്കി എടുക്കുന്നതിനുള്ള ഒരു യന്ത്രം വരുത്തുന്ന കാര്യം അത്ര പ്രയാസമുള്ളതല്ല. ഇങ്ങനെ ചെയ്യുന്നതാകയാൽ കയറിന് കൂടുതൽ വില കിട്ടുന്നതും അഴുക്കുതൊണ്ടിൻെറ ദുസ്സഹമായ ദുർഗന്ധത്തെ ഒഴിവാക്കാവുന്നതും ആകുന്നു." അദ്ദേഹത്തിൻെറ വാക്കുകളെ അന്വർത്ഥമാക്കിക്കൊണ്ട് ഇന്ന് തൊണ്ടടിക്കുന്നതിനും കയർ പിരിക്കുന്നതിനും തുടങ്ങി സമസ്ത മേഖലകളിലും യന്ത്രവൽക്കരണം നടപ്പിലാക്കി കഴിഞ്ഞു.

## കയർമേഖലയിലെ പ്രശ്നങ്ങൾ

1. ഇടനിലക്കാരുടെയും കയറ്റുമതിക്കാരുടെയും കൊടിയ ചൂഷണം.
2. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്.
3. കയർ വ്യവസായത്തിൽ നിലനിൽക്കുന്ന കടുത്ത സ്ത്രീ വിവേചനം.
4. ഈ രംഗത്തെ പഴഞ്ചൻ സാങ്കേതികത.
5. വിപണന പ്രശ്നങ്ങൾ.
6. ബ്ലീച്ചിങ്, ഡൈ മുതലായവ ഉയർത്തുന്ന പരിതസ്ഥിതി പ്രശ്നങ്ങൾ.

സാധ്യതകൾ

ആധുനിക യന്ത്രവൽക്കരണത്തിൻെറ ഭാഗമായി ഇതിനകം പ്രയോഗത്തിൽ വന്നിട്ടുള്ളവയും അതിനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നവയുമായ താഴെ പറയുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം.

1. പച്ചത്തൊണ്ടിൽ നിന്നും മലിനീകരണം സൃഷ്ടിക്കാത്ത തരത്തിൽ ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മില്ലുകൾ സ്ഥാപിക്കുക. ഈ മില്ലുകളിൽ തന്നെ ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിയും ഉൽപ്പാദിപ്പിക്കുവാൻ കഴിയും. പച്ചത്തൊണ്ടി

ന്റെ ചകിരി ഉപയോഗിച്ച് കയറും, തനി കയറുൽപ്പന്നങ്ങളും നിർമ്മിക്കുവാനും ഉണക്കത്തൊണ്ടിന്റെ ചകിരി റബ്ബറൈസ്ഡ് മെത്തകൾ, പുതിയ കണ്ടുപിടിത്തമായ പോളികയർ എന്നിവയുടെ ഉൽപ്പാദനത്തിനും ഉപയോഗിക്കാം.

2. ചകിരിച്ചോർ, പിത്ത് പ്രസ് ഉപയോഗിച്ച് ജൈവവളം ആക്കി മാറ്റാൻ കഴിയും.

3. കേന്ദ്ര സംസ്ഥാന സർക്കാരുകളും എൻ.സി.ഡി.സി.യും ചേർന്ന് നടപ്പിലാക്കുന്ന ചകിരി മില്ലുകളും യന്ത്രവൽക്കൃത കയർപിരി യൂണിറ്റുകളും സ്ഥാപിക്കണം.

4. ചകിരി നാരും റെക്സിനും ചേർത്ത് തടിക്കു പകരമായി ഉപയോഗിക്കാവുന്ന പോളികയർ നിർമ്മാണ ഫാക്ടറിക്ക് സാധ്യതകൾ ഏറെയാണ്.

5. ഉൽപ്പന്നമേഖലയിൽ സെമി ഓട്ടോമാറ്റിക് ലൂമുകൾ ഉപയോഗിക്കാം.

6. കയർമില്ലുകൾ, റബർ ബക്സ്ഡ് ഉൽപ്പന്നങ്ങൾ, പി.വി.സി. ടെപ്പ്ഡ് മാറ്റുകൾ മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുക.

7. കയർ മാറ്റിൻ ഡെക്രറേറ്റീവ് ബോർഡുകൾ, കയർ പ്ലൈ ബോർഡ്, ചകിരിച്ചോറിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ, മിശ്രിത കയർ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

8. വനിതകൾക്ക് സ്റ്റിച്ചിങ്, ക്ലിപ്പിങ്, സ്റ്റെൻസിലിങ്, ഡൈയിംങ്, തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള നടപടികൾ കൈക്കൊള്ളുക.

9. മുകളിൽ പറഞ്ഞ സംരംഭങ്ങൾക്കൊപ്പം സഹകരണസംഘങ്ങൾ രൂപീകരിക്കുക.

10. കയർ വ്യവസായം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം.

## കയറുകൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ വാർഡടിസ്ഥാനത്തിൽ (ചാർട്ട്)

| വാർഡ് | കമ്പി കാർപ്പറ്റ് | തടുക്ക് | കയറുപായ് | റബ്ബറൈസ്ഡ് |
|---|---|---|---|---|
| 1 | 3 | 1 | — | — |
| 2 | — | 2 | — | — |
| 3 | — | 2 | — | 1 |
| 4 | — | 4 | — | 1 |
| 5 | 1 | 4 | 1 | — |
| 6 | 2 | 5 | 4 | — |
| 7 | 1 | 1 | 1 | — |
| 8 | — | 2 | — | — |
| 9 | — | — | — | — |
| 10 | — | — | — | — |
| 11 | — | 2 | — | — |
| 12 | — | 3 | — | — |
| 13 | — | 4 | — | — |
| 14 | — | 2 | | |
| 15 nil | ആകെ 7 | 32 | 6 | 2 |

## പൊതുമേഖല സ്ഥാപനങ്ങൾ

പഞ്ചായത്തിൽ ഗവൺമെന്റ് ഉടമയിൽ സ്കൂട്ടേഴ്സ് കേരള എന്ന സ്ഥാപനവും, സഹകരണ മേഖലയിൽ മിൽമയും സ്വകാര്യമേഖലയിൽ സെന്റ് തോമസ് മോഡേൺ റൈസ് മില്ലും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള സംക്ഷിപ്തവിവരണം ചുവടെ കൊടുക്കുന്നു.

1. മിൽമ

പുന്നപ്ര ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായസ്ഥാപനം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷന്റെ ഒരു യൂണിറ്റായ മിൽമയാണ്. ഇതിൽ സെൻട്രൽ പ്രോഡക്ട്സ് ഡയറി, എ.പി.എസ്., മിൽക്ക് പൗഡർ പ്ലാന്റ് എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

എ. സെൻട്രൽ പ്രോഡക്ട്സ് ഡയറി

നാലുകോടി രൂപ മുതൽ മുടക്കുള്ളതാണ് ഈ യൂണിറ്റ്. പ്രതിദിനം 60,000 ലിറ്റർ പാൽ സംസ്കരിക്കാനുള്ള ശേഷി ഇതിനുണ്ട്. ഇപ്പോൾ ശരാശരി 30,000 ലിറ്റർ പാൽ പ്രോസസ് ചെയ്യുന്നു. പ്രതിമാസം 10 മെട്രിക് ടൺ നെയ്യും 250 കിലോ ഗ്രാം പേടയും ഉപോൽപ്പന്നങ്ങളായി നിർമ്മിക്കുന്നു. ജില്ലയിലെ 112 പ്രൈമറി അപ്കോസ് സൊസൈറ്റികളിൽ നിന്നുള്ള പാൽ സംഭരിച്ചാണ് പ്രവർത്തനം നടത്തുന്നത്. ഈ സ്ഥാപനം 23-12-87ലാണ് പ്രവർത്തനം ആരംഭിച്ചത്.

ബി. എ.പി.എസ്:- ഈ യൂണിറ്റ് 4-12-88ൽ കമ്മീഷൻ ചെയ്തു. റീഫ്രഷ് മാങ്ങാ ജൂസ്, കാർഡമം, ഫ്ളവേർഡ് മിൽക്ക് എന്നിവ ഉൽപ്പാദിപ്പിക്കുന്നു. പ്രതിമാസം 7,200 ബാഗ്സ് • 27 പായ്ക്കറ്റ്സ് റീഫ്രഷ് ശരാശരി വിൽപ്പന നടക്കുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ കാർഡമം ഫ്ളവേഴ്സ് മിൽക്കിന്റെ ഉൽപ്പാദനം താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

സി. പാൽപ്പൊടി ഫാക്ടറി.

ഇത് 15-9-96ലാണ് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും പ്രവർത്തനം ആരംഭിച്ചതും. ഉദ്ദേശം 525 ലക്ഷം രൂപ മുതൽമുടക്കുള്ളതാണ് ഈ സംരംഭം. 96 ജൂണിനും ഓഗസ്റ്റിനും ഇടയ്ക്ക് ട്രയൽ പ്രൊഡക്ഷൻ നടത്തുകയുണ്ടായി. ഈ സമയത്ത് 33 ലക്ഷം ലിറ്റർ പാൽ 261.5 മെട്രിക് ടൺ പാൽപ്പൊടിയാക്കി മാറ്റുകയുണ്ടായി. സീസണലായി മാത്രമേ തൽക്കാലം ഇത് പ്രവർത്തിക്കുകയുള്ളൂ. കാരണം പാലിന്റെ ക്ഷാമം തന്നെ. ഫ്ളൈഡ് സീസണിൽ അധികം വരുന്ന പാൽ പൊടിയാക്കി മാറ്റുക എന്നുള്ള പ്രക്രിയ മാത്രമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെയാകെ 85 പേർ ജോലി ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

മിൽമ നേരിടുന്ന ഏറ്റവും കാതലായ പ്രശ്നം പാൽക്ഷാമം തന്നെയാണ്. മിൽക്ക് പൗഡർ പ്ലാന്റ് വർഷം മുഴുവൻ പ്രവർത്തിക്കണമെങ്കിൽതന്നെ 200 ലക്ഷം ലിറ്റർ പാലെങ്കിലും പുതുതായി ലഭിക്കേണ്ടിയിരിക്കുന്നു. ഇത് മറ്റു സംസ്ഥാനങ്ങ

ളിൽ നിന്ന് പ്രത്യേകിച്ച് കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവരികയാണെങ്കിൽ പാൽപ്പൊടി നിർമ്മാണഫാക്ടറി പ്രവർത്തിപ്പിക്കുവാൻ കഴിയുമെങ്കിലും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകും. പി.ഡി.ഡി.പി. മലനാട്, കാമധേനു തുടങ്ങിയ സ്വകാര്യ ഏജൻസികളുടെ പാൽ മാർക്കറ്റിൽ എത്തിച്ചേരുന്നതിനേറെയും അവയുടെ വിലക്കുറവിനേറെയും കാരണത്താൽ മിൽമാപാലിനെറ ഡിമാൻറ് കുറഞ്ഞുവരുന്നതും പ്രശ്നമാണ്.

### സാധ്യതകൾ

1. പാൽക്ഷാമം പരിഹരിക്കുന്നതിന് മിൽമയോടനുബന്ധിച്ച് അത്യാധുനികങ്ങളായ സങ്കരയിനം പശുക്കളെ വളർത്തുന്നതിനുള്ള വൻകിട ഡയറികൾ ഇൻഡോ-സ്വിസ് പ്രോജക്ടിനെറ മാതൃകയിൽ ഡയറി വകുപ്പ് എൻ.ഡി.ഡി.പി. യുടെ സഹായത്തോടെ ആരംഭിക്കുക. സൊസൈറ്റികളുടെ കീഴിലും ഇതുപോലുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കണം.
2. ബേബി ഫുഡ് ഐസ്ക്രീം, ഫ്ളവേർഡ് മിൽക്ക് തുടങ്ങിയ വമ്പിച്ച തോതിൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയും.
3. സെൻട്രൽ പ്രോഡക്ട്സ് ഡയറിയോടനുബന്ധിച്ച് ആരംഭിക്കാൻ തീരുമാനിച്ച് യന്ത്രങ്ങൾക്കുവരെ ഓർഡർ നൽകിയതും 23 ലക്ഷം രൂപ നിർമ്മാണചെലവ് വരുന്നതുമായ പുതിയ പ്ലാൻറ് മാന്നാറിലേക്ക് കൊണ്ടുപോകുന്നതിനുള്ള നീക്കം തടഞ്ഞ് ഇവിടെത്തന്നെ സ്ഥാപിക്കുക.
4. കൂടുതലായി നൂറു പേർക്കു കൂടി നേരിട്ട് തൊഴിൽ കൊടുക്കുവാൻ കഴിയും.

## II സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്

1969-ൽ സഹകരണമേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം സ്കൂട്ടർ നിർമ്മിക്കുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്തതാണ്. എന്നാൽ പിന്നീട് സ്കൂട്ടേഴ്സ് ഇന്ത്യയുമായി ചേർന്നുകൊണ്ട് സ്കൂട്ടറുകൾ അസംബിൾ ചെയ്യുവാൻ ആരംഭിച്ചിരുന്നു. ഇവിടെ സ്കൂട്ടർ നിർമ്മിക്കാനുള്ള ലൈസൻസ് വഴിമാറ്റിയതിനേറെ ഫലമാണ് ഇന്നു നാം കാണുന്ന എൽ.എം. എൽ. വെസ്പ. പിന്നീട് സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കുകയും ഷീറ്റ് മെറ്റൽ വർക്കും ടെലഫോൺ എക്സ്ചേഞ്ചിനെറ കാബിനും ബസ് ബോഡി ബിൽഡിങും എല്ലാം മാറിമാറി നടത്തിയെങ്കിലും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയായിരുന്നു. സർക്കാർ ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി പുതിയ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ആകെ 92 പേർ ഇവിടെ ജോലി ചെയ്യുന്നു. ഏഷ്യായിലെ ഏറ്റവും വലിയ പെയ്ൻഷോപ്പ് ആണ് ഇവിടെയുള്ളത്. 65 പേരെ കൂടി പുതുതായി ട്രെയിനികളായി എടുത്തിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. വൈദ്യുതിക്ഷാമം
2. നല്ല മാനേജുമെൻറ് സംവിധാനത്തിനെറ അഭാവം.
3. പഴയതും തേയ്മാനം സംഭവിച്ചതുമായ യന്ത്രസംവിധാനങ്ങൾ.
4. മൂലധനത്തിനെറ കുറവ്.
| 4. | മഠത്തിപ്പറമ്പ് ക്ഷേത്രം കർത്താമഠം. | 250M | | ✔ | |
| 5. | പരപ്പിൽ-മാടച്ചിത്തറ-കർത്താമഠം. | 300M | | | ✔ |
| 6. | പാലയ്ക്കാപ്പള്ളി പുത്തൻചിറ. | 300M | | ✔ | |
| 7. | വൈ.എം.എ. കണ്ണാട്ടിപ്പറമ്പ്-തറയിൽതോട്. | 250M | | ✔ | |
| 8. | വെളിമ്പറമ്പ്-അഞ്ചിൽ-മാലേപ്പറമ്പിൽ. | 200M | | ✔ | |
| 9. | മച്ചുങ്കൽ റോഡ്. | 200M | | ✔ | |
| 10. | യുവജന-കിഴവന-തയ്യിൽ കളരിക്ഷേത്രം. | 200M | | ✔ | |
| 11. | കണ്ണമ്പള്ളി കറുത്താംമഠം. | 200M | | ✔ | |
| 12. | ജയകൃഷ്ണാ ട്രേഡേഴ്സ് മുതൽ പഴയനടക്കാവ് റോഡ് വരെ | 250M | | ✔ | ✔ |
| | വാർഡ് 14 | | | | |
| 1. | കപ്പക്കട-കരിമ്പാവളവ് റോഡ്. (12, 14 വാർഡുകൾ). | 3.5KM | | | ✔ |
| 2. | തഴവനപ്പറമ്പ് ജങ്ഷൻ മുതൽ തെക്കോട്ട്. | 500M | | ✔ | |
| 3. | തെവേലിയ്ക്കകം ജങ്ഷൻ മുതൽ തെക്കോട്ട് കുറവൻതോട് വരെ. | 700M | | | ✔ |
| 4. | തോപ്പിൽ പുരയിടം മുതൽ കിഴക്കോട്ടുള്ള വഴി. | 200M | | ✔ | |
| 5. | പണ്ടാരപ്പറമ്പ് ജങ്ഷൻ മുതൽ കിഴക്കോട്ട്. | 200M | | ✔ | |
| 6. | പട്ടാര്യ സമാജത്തിന് അടുത്തുകൂടി കിഴക്കോട്ടുള്ള വഴി. | 200M | | ✔ | |
| 7. | പുതുപ്പുരയ്ക്കൽ മുതൽ തെക്കോട്ടുള്ള വഴി. | 200M | | ✔ | |

| Sl.No. | റോഡിന്റെ പേര് | നീളം | ടാർ | പൂഴി | ടാറിങ് നിർദ്ദേശം |
|---|---|---|---|---|---|
| 8. | കുമ്പളത്താക്കൽ റോഡിൽ ഗോഡൗണിന് സമീപത്തു കൂടി തെക്കോട്ടുള്ള വഴി.<br>വാർഡ് 15 | 300M | | ✔ | |
| 1. | കുറവൻതോട് മുതൽ പടിഞ്ഞാറോട്ട് മാക്കിജങ്ഷൻ വരെ ടാർ ചെയ്യണം. | 300M | | | ✔ |
| 2. | മാക്കിയിൽ ജങ്ഷന്റെ പടിഞ്ഞാറ് വടക്കോട്ട് കുഴിയിൽ അമ്പലത്തിന് സമീപം വരെ. | 300M | | ✔ | - |
| 3. | മെമ്പർ റോഡിന്റെ പൂർത്തീകരണം. | 250M | | ✔ | ✔ |
| 4. | കുറവൻതോടിന് പടിഞ്ഞാറ് ഷാപ്പ് ജങ്ഷൻ മുതൽ വടക്കോട്ട് കല്ലുപാറലിൽ സമീപം വരെ. | 300M | | ✔ | |
| 5. | കുഴിയിൽ അമ്പലത്തിന് വടക്കുവശത്തുനിന്നും കിഴക്കോട്ട് മുസ്ലിംപള്ളി വരെ. | 300M | | ✔ | |

*അവലംബം:-*

## (ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം)

### സാദ്ധ്യതകൾ

പുതിയതായി നിർമ്മിക്കുന്നതിന് തീരുമാനിച്ച റോഡുകളുടെ പണി ഗ്രാമസഭകളുടെ നേതൃത്വത്തിൽ തന്നെ നടത്തുമെന്ന് ഉറപ്പുവരുത്തണം. കോൺട്രാക്ടർമാരെ ഉപയോഗിച്ചു കൊണ്ടാവരുത് റോഡുകളുടെ നിർമ്മാണം. ജനകീയ പങ്കാളിത്തത്തോടു കൂടി മെമ്പർമാരുടെ നേതൃത്വത്തിൽ പണികൾ നടത്തേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ റോഡുകൾക്കും ശരിയായ ഓടകൾ ഉണ്ടാക്കിയാൽ റോഡ് റിപ്പയർ ചെലവ് പകുതി കണ്ട് കുറയ്ക്കുവാൻ കഴിയും. റോഡുകളുടെ നിശ്ചിതദൂരം സന്നദ്ധസംഘടനകളെക്കൊണ്ടും, സ്ഥാപനങ്ങളെക്കൊണ്ടും സ്പോൺസർ ചെയ്യിക്കുന്ന രീതി ആലോചിക്കേണ്ടതാണ്. റോഡ് നിർമ്മിക്കുമ്പോൾ പരിസ്ഥിതി പ്രശ്നം ഉണ്ടാകാത്ത രീതിയിൽ ആയിരിക്കുമെന്ന് ഉറപ്പുവരുത്തുക.

റോഡുകളുടെ നിർമ്മാണത്തിനായി സന്നദ്ധ പ്രവർത്തനം എല്ലാ ഗ്രാമസഭകളിലും വാഗ്ദാനം ചെയ്തിട്ടുണ്ട്. അടുത്തകാലത്തായി പൂർത്തീകരിച്ച പൂഴി റോഡുകളിൽ മിക്കവയും ജനപങ്കാളിത്തത്തോടെ പൂർത്തീകരിച്ചവയാണ്. അഞ്ചു വെയിറ്റിങ് ഷെഡ്ഡുകൾ പഞ്ചായത്തിലുണ്ട്. മാതൃഭൂമി സ്റ്റഡി സർക്കിൾ (പറവൂർ) പണിയിപ്പിച്ച വെയിറ്റിങ് ഷെഡ്ഡ് ഉപ്പോൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. പുന്നപ്ര ചന്തയിൽ എൻ.എച്ച്.47-നോടു ചേർന്ന് ഒരു വെയിറ്റിങ് ഷെഡ്ഡ് ആവശ്യമാണ്.

പുന്നപ്രയിൽ നിർമ്മിക്കുന്ന റോഡുകൾ വളരെ സൂക്ഷ്മതയോടെ മുൻഗണനാക്രമമനുസരിച്ച്, (ആവശ്യകത പരിഗണിച്ച്) മാത്രം നിർമ്മിക്കാൻ ശ്രദ്ധിക്കണം, പഞ്ചായത്തിലെ റോഡ് രജിസ്റ്റർ കുറ്റമറ്റതാക്കണം.

### പുതിയ റോഡുകളുടെ നിർദ്ദേശം

1. ഒൻപതാം വാർഡിൽ എൻ.എച്ച് മുതൽ കിഴക്കോട്ട് പഴയനടക്കാവ് വരെ.
2. ഇറച്ചിക്കട ജംഗ്ഷൻ മുതൽ പഴയനടക്കാവ് വരെ.
3. ബ്ലോക്കിന്റെ തെക്കുവശം മുതൽ പഴയനടക്കാവ് വരെ.
4. കൃഷിഭവന്റെ തെക്കുഭാഗം മുതൽ പഴയനടക്കാവ് വരെ.
5. ചിന്മയായുടെ വടക്കുവശം കിഴക്കോട്ട് പഴയനടക്കാവ് വരെ.
6. ഡി.എസ്.എസ്. റോഡ് പഴയ നടക്കാവ് വരെ.
7. തൂക്കുകുളം വടക്കുവശത്തു കൂടി കിഴക്കോട്ട്.
8. തൂക്കുകുളം തെക്കുവശത്തു കൂടി കൊച്ചുവെളി വരെ.
9. തൂക്കുകുളം എൻ.എച്ച്. മുതൽ കിഴക്കോട്ട് താടിക്കവല വരെ.
10. മെറ്റൽ ഡെക്ക് മുതൽ കിഴക്കോട്ട് കമലന്റെ തയ്യൽക്കട വരെ (പഴയനടക്കാവ്).
11. 5-ാം വാർഡിൽ ആസ്പിൻ വാൾ കമ്പനിയുടെ വടക്കുവശം കൂടി പടിഞ്ഞാറോട്ടുള്ള വഴി റോഡ് നിർമ്മിക്കുക.



# മാർക്കറ്റ്

പുന്നപ്രയിലെ ആദ്യമാർക്കറ്റ് പുന്നപ്ര പബ്ലിക് മാർക്കറ്റാണ്. പായിക്കാരൻ ആദംകുട്ടി എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലായിരുന്ന ഈ മാർക്കറ്റ് അദ്ദേഹം 1964-ൽ പഞ്ചായത്ത് സമിതിയ്ക്ക് കൈമാറുകയായിരുന്നു. പറവൂർ മാർക്കറ്റ് പഞ്ചായത്ത് സമിതി സ്വകാര്യവ്യക്തിയിൽ നിന്നും വിലയ്ക്കുവാങ്ങിയതാണ്.

ഏതാണ്ട് 35 വർഷങ്ങൾക്കുമുമ്പ് വരെ സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറുന്ന ബാർട്ടർ സമ്പ്രദായം ഇവിടെ നിലവിലുണ്ടായിരുന്നു. പലചരക്കുകടയിലും മറ്റും സാധനങ്ങൾക്കുപകരമായി തേങ്ങ, കയർ, മുട്ട തുടങ്ങിയവ വാങ്ങാറുണ്ടായിരുന്നു. കച്ചവടക്കാരിൽ സ്ത്രീകളും ഉണ്ടായിരുന്നു. കോട്ടയം, മണിമല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പള്ളാത്തുരുത്തി ആറ് വഴി ഈരേത്തോടു കടവിൽ കപ്പ എത്തിയിരുന്നു. ഏതാണ്ട് പത്തുവർഷം മുമ്പുവരെ സമീപപ്രദേശങ്ങളിൽ മരച്ചീനി വിൽക്കുന്ന കച്ചവടക്കാർ മരച്ചീനി വാങ്ങിയത് ഇവിടെ നിന്നുമാണ്. ഈ കടവാണ് പിന്നീട് കപ്പക്കട എന്നറിയപ്പെട്ടത്.

പുന്നപ്ര പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ഗൃഹോപകരണങ്ങളുടെയും, കാർഷികോൽപ്പന്നങ്ങളുടേയും കച്ചവടകേന്ദ്രം എത്രയോ വർഷങ്ങളായി നിലനിന്നുപോരുന്നു. മൽസ്യത്തൊഴിലാളി കുടുംബങ്ങളിൽ നൂൽക്കുന്ന നൂൽ, വല എന്നിവയുടെ ഒരു വിപണനകേന്ദ്രം കൂടിയായിരുന്നു ഇത്. പായ്, മുറം, കൊട്ട, പനമ്പ്, മൺപാത്രങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന പരമ്പരാഗത കൈത്തൊഴിലുകാരുടെ ഒത്തുചേരലായിരുന്നു ഈ പെരുന്നാളിന്റെ മുഖ്യ ആകർഷണം. ഈരേത്തോട്ടിലൂടെയും, കുമ്പളത്താക്കൽ തോട്ടിലൂടെയും വള്ളത്തിലാണ് വിപണനത്തിനുള്ള സാമഗ്രികൾ എത്തിയിരുന്നത്. ഈ കടവുകളിൽ നിന്ന് തിരികെ പോയിരുന്ന വള്ളങ്ങളിൽ തേങ്ങ, ഉണക്കമീൻ ഇവ കോട്ടയം, ചങ്ങനാശ്ശേരി മുതലായ മാർക്കറ്റുകളിലേക്കും കൊണ്ടുപോയിരുന്നു. ഇപ്പോൾ തേങ്ങ മറ്റു സമീപജില്ലകളിൽനിന്നും കൊണ്ടുവരേണ്ട സ്ഥിതിയാണുള്ളത്.

നിലവിലുള്ള രണ്ട് പബ്ലിക് മാർക്കറ്റുകളുടെയും സ്ഥിതി ശോചനീയമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം രണ്ട് മാർക്കറ്റുകളും നേരിടുന്നു. പുന്നപ്ര മാർക്കറ്റിൽ നിന്ന് മൽസ്യചന്ത അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ മാലിന്യനിർമ്മാർജ്ജനത്തിന് ഒരു പദ്ധതിയും നടപ്പിലാക്കണം. പഞ്ചായത്തുവക ഒരു അറവുശാല സ്ഥാപിക്കുക, മാർക്കറ്റും പരിസരവും മാലിന്യങ്ങൾ നീക്കം ചെയ്ത് അണുവിമുക്തമാക്കുക, മാർക്കറ്റുകളോട് അനുബന്ധമായി മൂത്രപ്പുര സ്ഥാപിക്കുക, കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക തുടങ്ങിയ നിർദേശങ്ങളും ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

# വിദ്യാഭ്യാസം

പുന്നപ്ര പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ എല്ലാം തന്നെ സ്വകാര്യ സ്കൂളുകളായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭദശയിൽ അമ്പലങ്ങൾ, കാവുകൾ, പള്ളികൾ എന്നിവയോടു ചേർന്ന് സരസ്വതീക്ഷേത്രങ്ങൾ പ്രവർത്തനമാരംഭിച്ചു. നിലത്തെഴുത്ത് ആശാൻ പള്ളിക്കൂടങ്ങളും, കളരികളും മഠങ്ങളും നിലവിൽ ഉണ്ടായിരുന്നു. അവർണ ജനവിഭാഗത്തിന് നിലവിലുണ്ടായിരുന്ന സരസ്വതീക്ഷേത്രങ്ങളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. ഈ കാലയളവിൽ ക്രിസ്തീയ മിഷനറിമാർ പള്ളികൾ സ്ഥാപിക്കുകയും അതിനോട് ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും ചെയ്തു. സാധാരണക്കാരുടെ ഭാഷയിലും ലളിതമായ ശൈലിയിലും പുസ്തകങ്ങളും ലഘുലേഖകളും ഇവർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. പിന്നോക്ക ദലിത ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിന് അവസരം സൃഷ്ടിച്ചത് ഇത്തരം വിദ്യാലയങ്ങളാണ്.

പുന്നപ്ര നാലാം വാർഡിൽ സി.എം.എസ്. കോമ്പൗണ്ടിൽ ആരംഭിച്ച മിഷൻ സ്കൂളിൽ രണ്ട് ക്ലാസു വരെയുള്ള പഠനമേ നടന്നിരുന്നുള്ളൂ. ഈ സ്കൂളിന്റെ പ്രവർത്തനം അധികകാലം നീണ്ടുനിന്നില്ല. ഇതേ കാലഘട്ടത്തോട് അടുപ്പിച്ചുതന്നെ കാത്തലിക് യംഗ്മെൻസ് അസോസിയേഷൻ വക (സി.വൈ.എം.എ.) എലിമെന്ററി സ്കൂൾ ആരംഭിച്ചു. മൂന്നാം വാർഡിൽ പ്രവർത്തിച്ചിരുന്ന കളരിയുടെ തുടർച്ചയായിരുന്നു ഈ വിദ്യാലയം. ഇവിടെയും തുടക്കത്തിൽ രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസമേ ലഭിച്ചിരുന്നുള്ളൂ. ഏറെ താമസിയാതെ നാലാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം നിലവിൽ വന്നു. സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. 1982-ൽ ഇത് ഗവൺമെൻറ് യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു. തീരദേശമേഖലയിലുള്ള കാലപ്പഴക്കം ചെന്ന ഈ വിദ്യാലയത്തിന് സ്കൂൾ കെട്ടിടം നിൽക്കുന്ന സ്ഥലമല്ലാതെ ഒരിഞ്ചു ഭൂമി പോലും സ്വന്തമായി ഇല്ല. ഈ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിന് ഈ വിദ്യാലയത്തെ "ഫിഷറീസ്" ടെക്നിക്കൽ ഹൈസ്കൂളാക്കി ഉയർത്തേണ്ടത് വലിയൊരു ആവശ്യമാണ്. പറവൂർ കിഴക്ക് വലിയതറയിൽ അധഃസ്ഥിത ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി ഒരു സ്കൂൾ പ്രവർത്തിച്ചിരുന്നു. പറവൂർ അറയ്ക്കൽ മാളികയുടെ താഴത്തെ നിലയിൽ പ്രവർത്തിച്ചിരുന്ന എലിമെൻററി സ്കൂളാണ് പനയക്കുളങ്ങര സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടത്. ഒരു ചക്രം പ്രതിഫലം നൽകി പറവൂർ എൻ.എസ്.എസ്. കരയോഗത്തിൽ നിന്ന് സർ. സി.പി. രാമസ്വാമി അയ്യരുടെ ഗവൺമെൻറ് ഈ സ്ഥാപനം സർക്കാരിലേക്ക് ഏറ്റെടുത്തു. പിന്നീട് യു.പി. സ്കൂളായും 1982-ൽ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. സ്ഥലഭൗതിക സാഹചര്യങ്ങളുടെ പോരായ്മകളുള്ള ഈ സ്കൂൾ അടുത്ത കാലത്തായി ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്നു. കമ്പ്യൂട്ടർ വിദ്യാഭ്യാസ സൗകര്യം ഈ അടുത്ത സന്ദർഭത്തിൽ ലഭിച്ച സാഹചര്യത്തിൽ ഇതിനെ വെക്കോണൽ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുവാൻ കഴിഞ്ഞാൽ പഞ്ചായത്തിന് മൊത്തത്തിൽ അത് പ്രയോജനകരമായി തീരുന്നതാണ്.

13-ാം വാർഡിലുള്ള ഗവ. ജെ.ബി. സ്കൂൾ പഴക്കം ചെന്ന ഒരു പ്രധാനപ്പെട്ട സർക്കാർ സ്കൂളാണ്. ഏറെ പരിമിതികളുള്ള ഈ സ്കൂളിന് ക്ലാസ്സ് മുറികളും മറ്റ് സൗകര്യങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

14-ാം വാർഡിലെ ജനങ്ങൾക്ക് ഏറെ ആശ്വാസമായിട്ടുള്ള പെൺ-പള്ളിക്കൂടം എന്ന പേരിലറിയപ്പെട്ടിരുന്ന വിദ്യാലയമാണ് ഗവ. മുസ്ലിം എൽ.പി.ജി.എസ്. പവർഹൗസിന് കിഴക്കുവശം പണ്ടുണ്ടായിരുന്ന ഒരു സേട്ടിന്റെ വകയായിരുന്ന കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളിലെ കുട്ടികളെ ഇപ്പോഴുള്ള മുസ്ലിം എൽ.പി.ജി.എസ്.-ലേയ്ക്ക് മാറ്റുകയും അതിനുശേഷം എല്ലാ സമുദായത്തിലും പെട്ട കുട്ടികൾ അവിടെ ചേർന്ന് പഠിക്കുവാൻ ഇടയാകുകയും ചെയ്തു. ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ലായെന്നത് ഈ സ്കൂളിന്റെ ഏറ്റവും വലിയ പോരായ്മയാണ്.

13-ാം വാർഡിൽ നിന്ന് മുളങ്ങാട്ട് പുരയിടത്തിൽ എം.ഇ. 1103-ൽ കുമ്പളത്താക്കൽ പുരയിടത്തിൽ ആരംഭിച്ച ആണ്

ക്കിക്കൂടം പുന്നപ്ര നായർ സമാജത്തിന്റെ വകയായിരുന്നു. വെർണാക്കുലർ സ്കൂൾ, മലയാളം മിഡിൽ സ്കൂൾ, ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെട്ട വിദ്യാലയമാണ് ഇന്നത്തെ പുന്നപ്ര യു.പി. സ്കൂൾ. യു.പി. വിഭാഗത്തിൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയവും ഇതുതന്നെ. കലാകായികരംഗത്തും പ്രശസ്ത വിജയത്തിന് മുന്നിൽ നിൽക്കുന്ന ഈ സ്കൂൾ ഒരു ഹൈസ്കൂൾ ആയി ഉയർത്തേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സ്ഥാപിതമായ എലിമെന്ററി സ്കൂളാണ് പൂന്തോട്ടം സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ. ഇതേ കാലയളവിൽ തന്നെ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1956-ൽ ഈ വിദ്യാലയം സെന്റ് ജോസഫ്സ് ഹൈസ്കൂളായി ഉയർന്നു. ഇന്ന് പുന്നപ്ര പഞ്ചായത്തിൽ ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയവും ഇതുതന്നെയാണ്. എന്നാൽ അടുത്ത കാലത്തായി കാണുന്ന ഇവിടുത്തെ വിജയശോനത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ട്.

വാടക്കൽ പ്രദേശത്ത് ആരംഭിച്ച സെന്റ് ലൂർദ് മേരീസ് എൽ.പി. സ്കൂൾ പിന്നീട് യു.പി. സ്കൂളായി തീർന്നു. വാടയ്ക്കൽ തീരപ്രദേശത്തെ ജനങ്ങൾക്ക് ഏറ്റവും വലിയ ആശ്വാസമാണ് ഈ സ്കൂൾ. കുടിവെള്ളത്തിന്റെയും വാർത്താവിനിമയ ബന്ധത്തിന്റെയും പോരായ്മയുള്ള ഈ സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണത്തിലും ആരോഗ്യ സംരക്ഷണത്തിലും ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. പരിമിതികൾ പരിഹരിച്ചുകൊണ്ട് ഈ വിദ്യാലയത്തെ ഹൈസ്കൂളാക്കി ഉയർത്തേണ്ടതാണ്.

പുന്നപ്ര പന്ത്രണ്ടാം വാർഡിൽ അറവുകാട് ക്ഷേത്രത്തിനോട് ചേർന്നുള്ള സ്കൂളാണ് 1958-ൽ ആരംഭിച്ച അറവുകാട് എൽ.പി. സ്കൂൾ. 1968-69 കാലയളവിൽ അറവുകാട് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ മാത്രമായി ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം അറവുകാട് ഹൈസ്കൂൾ തന്നെയാണ്. എസ്.എസ്.എൽ.സി. വിജയത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ഇതിനോടു ചേർന്ന് ഒരു യു.പി. വിഭാഗം ഉണ്ടാകേണ്ടത് ന്യായമായ ഒരു ആവശ്യമാണ്.

1979-ൽ ആരംഭിച്ച ബീച്ച് എൽ.പി. സ്കൂൾ തീരപ്രദേശത്തെ ജനങ്ങൾക്ക് ഒരു ആശ്വാസകേന്ദ്രമാണ്. ഇത് ഒരു മിഡിൽ സ്കൂളായി ഉയർത്തപ്പെടേണ്ടതാണ്.

സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂൾ പുന്നപ്രയിലെ ഏക അംഗീകൃത ആംഗലേയ മാധ്യമ സ്കൂളാണ്. സെന്റ് അലോഷ്യസ് ഇംഗ്ലീഷു മീഡിയം സ്കൂൾ, ചിന്മയ വിദ്യാലയം ഇംഗ്ലീഷ് മീഡിയം, അറവുകാട് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവയും പുന്നപ്രയിൽ പ്രവർത്തിക്കുന്നുണ്ട്.

രണ്ട് ഇംഗ്ലീഷ് മീഡിയം നേഴ്സറികളും ഏഴ് ട്യൂഷൻ സെന്ററുകളും നാല് പാരലൽ കോളേജുകളും നാല് മിക്സഡ് ട്യൂട്ടോറിയലുകളും ഏഴ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ ഒരു കോളേജോ, ഒരു ഹയർ സെക്കൻററിയോ ഈ പഞ്ചായത്തിലില്ല എന്നത് ഏറെ ഖേദകരമാണ്.

## സാങ്കേതിക വിദ്യാലയങ്ങൾ

കേരളത്തിലെ ഏറ്റവും പ്രശസ്തമായ കാർമൽ പോളിടെക്നിക് പുന്നപ്ര പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു. റാങ്കു ജേതാക്കളെ വാർത്തെടുക്കുന്ന ഈ സ്ഥാപനം അച്ചടക്കത്തിലും മുൻപന്തിയിൽ തന്നെയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന ഈ സ്ഥാപനം ഇലക്ട്രിക്കൽ, മെക്കാനിക്കൽ, സിവിൽ കോഴ്സുകൾക്കു പുറമെ കമ്പ്യൂണിറ്റി പോളിടെക്നിക്കായും പ്രവർത്തിക്കുന്നു. അടുത്ത കാലത്തായി നവീന ഹ്രസ്വകാലകോഴ്സുകളും ഇവിടെ ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ സ്ഥാപനം ഒരു മുതൽക്കൂട്ടുതന്നെയാണ്. (ചാർട്ട് എ. നോക്കുക)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കളർകോട്, അറവുകാട് ഐ.റ്റി.സി., എൻ.എസ്.എസ്.-ഐ.റ്റി.സി. എന്നിവയും ശ്രദ്ധാകേന്ദ്രങ്ങൾ തന്നെയാണ്. ഇവയ്ക്കും പുറമേ രണ്ട് സ്വകാര്യ കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങളും പുന്നപ്രയിൽ പ്രവർത്തിക്കുന്നുണ്ട്.

1996-ലെ സെൻസസ് ജനസംഖ്യ കണക്കനുസരിച്ച് ആകെയുള്ള 48558 പേരിൽ 24733 സ്ത്രീകളും 23825 പുരുഷന്മാരുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ 1831 പട്ടികജാതിക്കാരും 121 പട്ടികവർഗക്കാരുമാണുള്ളത്. ജനസംഖ്യാനുപാതികമായി നോക്കിയാൽ 49 അംഗൻവാടികളാണ് ഉണ്ടാകേണ്ടത്. എന്നാൽ 40 എണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. ഇവയിൽപലതിനും സ്വന്തം കെട്ടിടങ്ങളോ മറ്റു അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെന്നു കാണാവുന്നതാണ്. വളർച്ചയുടെ ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിലെ കുട്ടികൾ കാക്കഴം, അമ്പലപ്പുഴ, ആലപ്പുഴ എന്നിവിടങ്ങളിലെ ഹൈസ്കൂളുകളിൽ പോയി പഠിച്ചിരുന്നു. പഞ്ചായത്തുവിട്ടുള്ള വിദ്യാഭ്യാസരീതി ഇപ്പോഴും തുടരുന്നുണ്ട്. ഇതരപഞ്ചായത്തുകളിൽ നിന്നുള്ള വിദ്യാർത്ഥീവിദ്യാർത്ഥിനികളും ഈ പഞ്ചായത്തിലെ സ്കൂളുകളിൽ വന്നു പഠിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥീവിദ്യാർത്ഥിനികളുടെ വിവരങ്ങൾ പട്ടിക A + B യിൽ കൊടുത്തിരിക്കുന്നു.

തോറ്റു പഠിക്കുന്നവരുടേയും പഠനം നിർത്തിയവരുടേയും സംഖ്യ പരിശോധിച്ചാൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ബോദ്ധ്യപ്പെടും. പട്ടിക 2 (9.1)

ആവശ്യത്തിനുള്ള കെട്ടിടം, പ്രാഥമിക സൗകര്യങ്ങളുടെ പോരായ്മ, സ്റ്റാഫ് റൂം, പാചകമുറി, ഫർണീച്ചറുകളുടെ കുറവ് എന്നിവ ഭൗതിക സൗകര്യങ്ങളുടെ കണക്ക് വെളിപ്പെടുത്തുന്നു. പട്ടിക 9 (3)

ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ബ്ലാക്ക് ബോർഡ് എന്നിവയുടെ കുറവ് കുട്ടികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നവയാണ്.

സമരങ്ങളിലൂടെയും സർക്കാർ അവധികളിലൂടെയും നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങൾ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. അക്കാദമിക് സൗകര്യങ്ങൾ പട്ടിക (4)

കുട്ടികളുടെ പൊതുനിലവാരം പരിശോധിച്ചാൽ മിക്ക സ്കൂളുകളിലും സ്ഥിതി പരിതാപകരമാണ്. എസ്.എസ്.എൽ. സി. റിസൽട്ടും മെച്ചമല്ല. പട്ടിക 5 (9.5)

മെറിറ്റു സ്കോളർഷിപ്പ്, ലംസംഗ്രാന്റ്, മുസ്ലീം കുട്ടികളുടെ സ്കോളർഷിപ്പ്, വികലാംഗ സ്കോളർഷിപ്പ്, ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം, ബീഡിത്തൊഴിലാളി, മൽസ്യത്തൊഴിലാളി കുട്ടികൾക്കുള്ള സ്കോളർഷിപ്പുകളും വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും ഈ സൗകര്യങ്ങൾ ശരിയായി പ്രയോജനപ്പെടുത്താൻ ആരും ശ്രദ്ധിക്കാറില്ല. തുക കൈപ്പറ്റുമ്പോഴുള്ള സന്തോഷവും തൃപ്തിയും സ്വന്തം കുട്ടികളുടെ ഉന്നമനത്തിനായി പ്രയോഗിക്കാതും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്കു കാരണമാണ്.

## പ്രീ പ്രൈമറി

പഞ്ചായത്തിൽ 40 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു കുട്ടികൾ വിടുന്ന സ്ഥിതിവിശേഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ നാല് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

## പഞ്ചായത്തിലെ വിദ്യാഭ്യാസ സമിതി

പഞ്ചായത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും സാമൂഹിക ഇടപെടൽ ഉണ്ടാകുന്നതിനുമായി 1995-ൽ പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പറവൂർ ഗവ. ഹൈസ്കൂളിൽ വെച്ച് പ്രാരംഭ നടപടികൾ ആരംഭിച്ചു. ഏതാനും സ്കൂളുകളിൽ അക്ഷരവേദി, കളിക്കൂട്ടം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്.

## കാർമൽ പോളിടെക്നിക്

| കോഴ്സുകളുടെ പേര് | അധ്യാപകർ ആണ് | പെണ്ണ് | ആകെ | വിദ്യാർത്ഥികൾ ആണ് | പെണ്ണ് | ആകെ | കെട്ടിടം സ്ഥിരം | ലൈബ്രറി സ്റ്റോക്ക് സംഖ്യ | വിതരണ സംഖ്യ |
|---|---|---|---|---|---|---|---|---|---|
| സിവിൽ | 10 | 2 | 12 | 82 | 96 | 178 | 7 | 10350+ Periodicals 55 | 21500 |
| മെക്കാനിക്കൽ | 18 | - | 18 | 166 | 1 | 167 | | | |
| ഇലക്ട്രിക്കൽ | 12 | 4 | 16 | 141 | 37 | 178 | | | |
| ആകെ | 40 | 6 | 46 | 389 | 134 | 523 | | | |
| ഉടമസ്ഥത | SC/ST | കുട്ടികൾ | | പഠനം നിർത്തിയവർ | | | കാമ്പസിന്റെ കളിസ്ഥലം | | |
| എയിഡഡ് | ആണ് 20 | പെണ്ണ് 7 | 27 | ആണ് 369 | പെണ്ണ് 127 | | 1,11,500 Sq. Feet. | | 12500 Sq. Feet. |

## വിജയശതമാനം കോഴ്സുകളുടെ അടിസ്ഥാനത്തിൽ

| | 1993-'94 | 1994-'95 | 1995-'96 |
|---|---|---|---|
| സിവിൽ | 86.9 % | സി. 84 % | സി. 70.9 % |
| മെക്കാനിക്കൽ | 83.6 % | എം. 94.4 % | എ. 80 % |
| ഇലക്ട്രിക്കൽ | 90 % | ഇ. 77.35 % | ഇ. 85.45 % |

## സ്ത്രീ വിദ്യാഭ്യാസം

പൊതുവിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളിൽ പെൺകുട്ടികളുടെ സംഖ്യ കുറവാണ്. ചേരുന്നവരിൽ തന്നെ പലരും ഇടയ്ക്കുവെച്ച് പഠിത്തം നിർത്തുന്നതായി കാണാം. മൽസ്യത്തൊഴിലാളി രംഗത്തും കാർഷികരംഗത്തുമാണ് ഇത് കൂടുതൽ. ഇളയകുട്ടികളെ സംരക്ഷിക്കുന്നതിനും ജോലി തേടിയും അടുക്കളപ്പണിയിൽ ഏർപ്പെട്ടും പെൺകുട്ടികൾ ഇടയ്ക്കുവെച്ച് പഠിത്തം നിറുത്തുന്നതായി മനസിലാക്കാം. സാങ്കേതികരംഗത്ത് സിവിൽ എഞ്ചിനീയറിംഗ് ഒഴികെയുള്ള ട്രെയിഡുകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വളരെ കുറവാണെന്ന് പോളിടെക്നിക്, ഐ.റ്റി.സി.കൾ ഇവയുടെ ചാർട്ടു നോക്കിയാൽ വളരെ വേഗം ബോധ്യപ്പെടുന്നതാണ്. അധ്യാപനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലുണ്ടെന്നത് സന്തോഷകരമാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലേയും കുട്ടികളുടെ എണ്ണം കുറയുന്നു.
2. സ്കൂളുകളുടെ ഭൗതിക സാഹചര്യം മോശമായതിനാൽ ഷിഫ്റ്റു സമ്പ്രദായം നിലനിൽക്കുന്നു.
3. സർക്കാർ സ്കൂളുകളിൽ കളിസ്ഥലം, സ്ഥിരമായ കെട്ടിടങ്ങൾ, മൂത്രപ്പുരകൾ, കക്കൂസുകൾ, പാചകമുറികൾ, വൈദ്യുതി കണക്ഷൻ, വെള്ളം, ബോർഡ് സ്റാഫ് റൂം, ഓഫീസുമുറികൾ, പഠനോപകരണങ്ങൾ എന്നിവയുടെ പോരായ്മകളുണ്ട്.
4. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം പല സ്കൂളുകൾക്കും ലഭിക്കുന്നില്ല.
5. പ്രൈമറി തലത്തിലെ ആൾ പ്രമോഷൻ സമ്പ്രദായവും യു.പി., എച്ച്.എസ്. വിഭാഗങ്ങളിലെ അനിയന്ത്രിത പ്രമോഷൻ സമ്പ്രദായവും പ്രശ്നങ്ങളാണ്.
6. സ്കൂളുകൾക്കു ചുറ്റുമതിൽ ഇല്ലാത്തതും സയൻസ് കോർണറുകൾ ശരിയായി പ്രവർത്തിക്കാതിരിക്കുന്നതും ദോഷം ചെയ്യുന്നു.
7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകാതിരിക്കുന്നത് പ്രശ്നമാണ്.
8. വിദ്യാർത്ഥിസമരം മൂലം നഷ്ടപ്പെടുന്ന അധ്യയനദിവസങ്ങൾ.
9. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാതിരിക്കൽ.
10. നമ്മുടെ പഞ്ചായത്തിൽ ഒരു ജൂനിയർ കോളേജോ, പ്ലസ് ടുവോ, ഫിഷറീസ് ടെക്നിക്കൽ സ്കൂളോ, വൊക്കേഷണൽ ഹയർ സെക്കണ്ടറിയോ ഇല്ല.
11. വിരസമായ അധ്യാപനശൈലി വിദ്യാഭ്യാസ ഗുണനിലവാരത്തെ തകർത്തുകൊണ്ടിരിയ്ക്കുന്നു.
12. അധ്യാപക-രക്ഷാകർതൃ സമിതികളുടെ കാര്യക്ഷമത കുറവാണ്.
13. മാതൃഭാഷാപഠനത്തിനും പ്രാഥമിക വിദ്യാഭ്യാസത്തിനുംആതിയായ പ്രോത്സാഹനം ലഭിക്കണം.
14. അദ്ധ്യാപകർക്ക് വിഷയാടിസ്ഥാനത്തിലുള്ള ഇൻസർവ്വിസ് കോഴ്സുകൾ കാലാനുസൃതമായ രീതിയിൽ ലഭിക്കുന്നില്ല.
15. ജനപങ്കാളിത്തത്തിലൂടെയുള്ള വിദ്യാഭ്യാസസമിതികൾ രൂപികരിച്ചിട്ടില്ല
16. സർക്കാർ സ്കൂളുകളിൽ യഥാസമയം അധ്യാപകനിയമനം നടക്കുന്നില്ല.
17. പഞ്ചായത്തിന്റെ അതിർത്തി-വാർഡുകളിൽ നിന്നും സ്കൂളുകളിലേക്കുള്ള അകലം.
18. മിക്ക സ്കൂളുകളിലും ലൈബ്രറി, ലാബറട്ടറി പ്രവർത്തനങ്ങൾ നടക്കുന്നില്ല.
19. കുട്ടികളിൽ സാംസ്കാരികബോധം വളർത്തുവാനായി സാഹിത്യസമാജം, വിശിഷ്ടവ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളങ്ങൾ, ദേശീയദിനാചരണങ്ങൾ, ക്വിസ് മൽസരങ്ങൾ എന്നിവ നടക്കുന്നില്ല.
20. സമപ്രായചർച്ചകളും സെമിനാറുകളും പ്രദർശനങ്ങളും നടക്കുന്നില്ല.

## സാദ്ധ്യതകൾ പരിഹാരങ്ങൾ

1. പഞ്ചായത്തിലെ കുട്ടിൾക്ക് വിദ്യാഭ്യാസത്തിനായി പുറത്തു പോകേണ്ടി വരുന്നത് ഒഴിവാക്കണം. ആവശ്യമായ രീതിയിൽ സ്ക്കുളുകൾ അപ്ഗ്രേഡ് ചെയ്യണം.
2. പഞ്ചായത്തിൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, വൊക്കേഷനൽ ഹയർ സെക്കൻറി, പ്ലസ് ടൂ കോഴ്സ് എന്നിവ ലഭ്യമാക്കണം.
3. സർക്കാർ സ്ക്കൂളുകളിൽ ജനപങ്കാളിത്തത്തോടെ ആവശ്യമായ സ്ഥിരം കെട്ടിടങ്ങളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കണം.
4. ഓരോ സ്ക്കൂളുകളിലേയും അദ്ധ്യാപകർ വിഷയാടിസ്ഥാനത്തിൽ ഒന്നിച്ചിരുന്ന് ഗുണനിലവാരം മെച്ചപ്പെടുത്തുകയും പിന്നോക്കാവസ്ഥ പരിഹരിക്കുകയും ചെയ്യണം. ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ്തുകൊടുക്കേണ്ടതാണ്.
5.ഇംഗ്ലീഷ് മീഡിയം ഭ്രമം ഇല്ലാതാക്കാനായി മാതൃഭാഷാ വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.
6.അധ്യാപക-രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
7. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവശ്യമുള്ള അംഗൻവാടികൾ ആരംഭിക്കണം. നിലവിലുള്ളവയുടെ പോരായ്മകൾ

പരിഹരിക്കണം.

8. പഞ്ചായത്തുതലത്തിൽ DIET തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

9. പരീക്ഷാ സമ്പ്രദായത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ അക്കാദമിക് കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്.

10. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കാൻ പഞ്ചായത്തുതലത്തിൽ സൊസൈറ്റി സംവിധാനം ഉണ്ടാക്കേണ്ടതാണ്.

11. സർക്കാർ സ്കൂളുകളിലെ ഒഴിവുള്ള തസ്തികകൾ യഥാസമയം നികത്തപ്പെടണം. മാനേജുമെൻറ് സ്കൂളുകളിലെ നിയമനങ്ങളിൽ അധ്യാപകൻറെ കഴിവു കൂടി വിലയിരുത്തുവാൻ നിർദേശിക്കേണ്ടതാണ്.

12. പഞ്ചായത്തുതലത്തിൽ നാല്, ഏഴ് ക്ലാസ്സുകളിൽ പൊതുപരീക്ഷാ രീതി സംഘടിപ്പിക്കേണ്ടതാണ്.

13. പഠനോപകരണങ്ങൾ സൗജന്യമായി സ്കൂളുകളിൽ എത്തിക്കുകയും അവ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ പരിശീലനം നൽകുകയും വേണം.

14. സംസ്ഥാന നിലവാരത്തിൽ തന്നെ പ്രമോഷൻ രീതിയിൽ മാറ്റം വരുത്തുവാൻ പഞ്ചായത്ത് മുൻകൈ എടുത്ത് നിർദ്ദേശങ്ങൾ വയ്ക്കണം.

15. സ്കൂൾ വിവരങ്ങളിൽ ചേർത്തിരിക്കുന്ന രീതിയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ശുപാർശ ചെയ്യേണ്ടതാണ്.

16. പഞ്ചായത്ത് മുൻകൈ എടുത്ത് ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

17. സ്കൂളുകൾക്ക് കുടിവെള്ളം, വൈദ്യുതി എന്നിവ സൗജന്യമായി ഏർപ്പെടുത്തുകയും പ്രാഥമിക സൗകര്യങ്ങൾ നിർമ്മിച്ചു നൽകുകയും ചെയ്യണം. സർക്കാർ സ്കൂളുകൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകേണ്ടതാണ്.

18. പഞ്ചായത്തു തലത്തിൽ സ്കൂൾ കോംപ്ലക്സ് പരിപാടി ശക്തിപ്പെടുത്തേണ്ടതാണ്.

19. ഗവൺമെൻറ് സി.വൈ.എം.എ. യു.പി. സ്കൂളിന് കളിസ്ഥലം വാങ്ങുവാൻ വേണ്ടിവരുന്ന തുകയുടെ 10 ശതമാനത്തിൽ താഴെയുള്ള തുക വിഭവസമാഹരണത്തിലൂടെ നൽകുവാൻ ജനങ്ങൾ തയ്യാറാണ്. ബാക്കി തുക സഹായധനമായി അനുവദിക്കുന്നതിനുള്ള നടപടി പഞ്ചായത്തു സ്വീകരിക്കണം.

20. കൃഷി, കൈത്തൊഴിൽ എന്നിവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുവാൻ ഗവൺമെൻറ് മുൻകൈ എടുക്കണം.

21. സ്കൂളുകളിൽ ദേശീയ ദിനാചരണങ്ങൾ, സാഹിത്യസമാജങ്ങൾ, ക്വിസ് മൽസരങ്ങൾ, വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളനങ്ങൾ എന്നിവ കർശനമാക്കുവാൻ പഞ്ചായത്ത് നിർദേശിക്കേണ്ടതാണ്.

നിലവിലുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ഹെൽത്ത് ക്ലബുകളും വിപുലികരിക്കേണ്ടതാണ്. വിവിധ രോഗങ്ങളെ കുറിച്ചും നിവാരണമാർഗങ്ങളെക്കുറിച്ചും ഡോക്ടർമാർ നേരിട്ട് സ്കൂളിലെത്തി ബോധവൽക്കരണം നടത്തുവാൻ പഞ്ചായത്ത് ഏർപ്പാട് ചെയ്യണം.

23. സാമൂഹ്യ, സാംസ്കാരിക പരിപാടികളിൽ യു.പി.എസ്. തലങ്ങളിലുള്ള കുട്ടികളെ പങ്കാളികളാക്കാനുള്ള പരിപാടികൾ പഞ്ചായത്തു ആസൂത്രണം ചെയ്യണം.

24. പഞ്ചായത്തിൽ നിന്നും നൽകിവരുന്ന വിദ്യാഭ്യാസ ധനസഹായ പ്രവർത്തനങ്ങൾ വിപുലീകരിക്കണം. പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് ട്യൂഷൻ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

25. കലാകായിക രംഗം പരിപോഷിപ്പിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

സമൂഹത്തിൻറെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിൻറെ എക്കാലത്തേയും ലക്ഷ്യം. വിദ്യാഭ്യാസം ഒരു വികസന പ്രക്രിയയാണ്. അഭിലഷണീയമായ വർത്തന വ്യതിയാനമാണിത്. ആയതിനാൽ ഒരു പ്രദേശത്തിൻറെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് കഴിയണം. കേരളത്തിലെ അഞ്ചു വയസ്സു കഴിഞ്ഞ ഏതാണ്ട് മുഴുവൻ കുട്ടികളും ഒന്നാം ക്ലാസിൽ എത്തിച്ചേരുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവും ആകണമെന്ന് ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെടുന്ന ഏക സംസ്ഥാനം എന്ന ബഹുമതി കേരളം നേടിക്കഴിഞ്ഞിരിക്കുന്നു.

അധ്യാപകനും വിദ്യാർത്ഥിയും രക്ഷകർത്താവും ചേർന്ന ത്രിമുഖ ബന്ധ പ്രവർത്തനം പരസ്പരം കോർത്തിണക്കിയാൽ മാത്രമേ ശരിയായ വിദ്യാഭ്യാസ പ്രക്രിയ പൂർണ്ണമാകൂ.

സ്കൂളുകളുടെ എണ്ണത്തിൻറെ കാര്യത്തിൽ വിദ്യാഭ്യാസ മേഖല വളർന്നുവെങ്കിലും ഗുണപരമായ കാര്യത്തിൽ വളരെയേറെ പിന്നിലേക്കുപോയിരിക്കുന്നു. പുന്നപ്രയെ സംബന്ധിച്ചിടത്തോളം വീടുകളിലെ പഠനസാഹചര്യങ്ങൾക്ക് പരിമിതികൾ ഏറെയാണ്. വിദ്യാഭ്യാസവും ജീവിതനിലവാരവും തമ്മിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു.

പഞ്ചായത്തീരാജ് നഗരപാലികാ നിയമം നടപ്പിൽ വന്നതോടെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള അധികാരങ്ങൾ വിവിധ തട്ടുകളിലുള്ള പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് കൈവന്നിരിക്കുന്നു. പുന്നപ്ര പ്രദേശത്തെ മൊത്തം പ്രശ്നങ്ങൾ കണ്ടെത്താനും സമൂഹത്തിൻറെ കൂട്ടായ്മയിലൂടെ പരിഹരിക്കുവാനുമുള്ള അവസരം സംജാതമായിരിക്കുന്നു. പ്രൈമറി തലത്തിൽ വച്ചുതന്നെ അക്ഷര ബോധവും അക്കബോധവും സമയബന്ധിതമായി ഉറപ്പാക്കേണ്ടതാണ്. എല്ലാ വിഷയങ്ങളിലും അടിസ്ഥാന ധാരണകൾ ഉറപ്പിക്കാനായി അനുപൂരക പ്രവർത്തനങ്ങൾ സംഘടിപ്പിക്കേ

ണ്ടതാണ്. പുതിയ അധ്യാപനതന്ത്രങ്ങളും പഠനരീതികളും ക്കാദമിക് സംശയനിവാരണവും നടപ്പിലാക്കുവാനായി ലീഡ് സ്കൂൾ കണ്ടെത്തി മാസത്തിലൊരു പ്രാവശ്യം വിതം പുനഃപരിശീലനം നൽകണം. ഇതിനായി മുൻകൂട്ടി തന്നെ വിവിധവിഷയങ്ങളിൽ വിദഗ്ധരായവരെ റിസോഴ്സ് പേഴ്സ ണുകളായി കണ്ടെത്തി പരിശീലിപ്പിക്കണം. ഇതിനായി ഡയറ്റ്, സി.ടി.ഇ. പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെടണം. പാഠ അക്കാദമിക പ്രവർത്തനങ്ങൾ (സാഹിത്യസമാജം), സയൻസ് കോർണർ പ്രവർത്തനങ്ങൾ, പരിസരശുചീകരണ ബോധവൽക്കരണം, മാസ്ഡ്രിൽ, ദേശീയ ദിനാചരണം, പഠന യാത്രകൾ, കലോൽസവങ്ങൾ, കൈയെഴുത്തു മൽസരങ്ങൾ, ക്ലാസ് റൂം ഡിബെയ്റ്റുകൾ തുടങ്ങിയവ) ആസൂത്രണം ചെയ് ത് നടപ്പിലാക്കേണ്ടതാണ്. കുട്ടികളുടെ ഫീസ് ഏകീകരണം, പഠനനിലവാരം, അധ്യാപകവേതനം, ഭൗതിക സാഹചര്യ ങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുകയും വേണം. അതാതു ക്ലാസുകളിൽ വച്ചു നേടേണ്ടതൊക്കെ നേടിക്കഴി ഞ്ഞേ അടുത്ത ക്ലാസ്സിലേയ്ക്ക് പ്രൊമോട്ട് ചെയ്യാവൂ എന്ന് സ്ഥിതിവിശേഷവും ഉണ്ടാവണം. തുടർ വിദ്യാഭ്യാസരംഗ ത്തും പ്രദേശത്തിനനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.



*'ഉജ്ജ്വലം, അഭിമാനമീ സരസ്വതീ ക്ഷേത്രം'*
**കാർമ്മൽ പോളിടെക്നിക്, പുന്നപ്ര.**

## അധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| SL. No. | സ്കൂളുകൾ | അദ്ധ്യാപകർ ആണ് | പെണ്ണ് | ആകെ | വിദ്യാർത്ഥികൾ ആണ് | പെണ്ണ് | ആകെ | മറ്റു സൗകര്യങ്ങൾ വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | ഫർണിച്ചർ വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | ഡിസ്റ്റൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവൺമെൻറ് ഹൈസ്കൂൾ, പറവൂർ | 6 | 31 | 37 | 599 | 527 | 1126 | 22 | 8 | B.300 D300 | AL.2R-3 | ഉണ്ട് |
| 2. | അറവുകാട് ഹൈസ്കൂൾ, പുന്നപ്ര | 20 | 28 | 48 | 612 | 616 | 1228 | 36 | - | B240 D240 | – | ഇല്ല |
| 3. | സെൻറ് ജോസഫ്സ് ഹൈസ്കൂൾ, പുന്നപ്ര | 7 | 35 | 42 | 722 | 703 | 1425 | 37 | 5 | B.340 D340 | — | ഇല്ല |
| 4. | ചിയ്യാ വിദ്യാലയ ഹയർ സെക്കൻററി സ്കൂൾ കളർകോട് | 1. | 14 | 15 | .172 | 139 | 311 | ഉണ്ട് | — | ഉണ്ട് | — | ഇല്ല |
| 5. | അപ്പർ പ്രൈമറി സ്കൂൾ, പുന്നപ്ര | 5 | 31 | 36 | 632 | 535 | 1167 | ✔ | — | ✔ | – | ഇല്ല |
| 6. | ഗവ. സി.വൈ.എം.എ.യു.പി.എസ്സ്. പുന്നപ്ര | 4 | 9 | 13 | 211 | 192 | 403 | 1 | 5 | B.75 | D.75 B.40 T.10 C.10 A-3-S-4 | ഉണ്ട് |
| 7. | സെൻറ് ലൂർദ് മേരീസ് യു.പി.എസ്സ്., വാടയ്ക്കൽ | 3 | 10 | 13 | 301 | 288 | 589 | 15 | 1 | – | D20B-20 T.5.C-5 | ഉണ്ട് |
| 8. | ഗവ. മുസ്ലിം എൽ.പി.ജി.എസ്സ്. | 2 | 4 | 6 | 157 | 139 | 296 | 7 | 5 | B.150 | D.150 | ഉണ്ട് |
| 9. | ഗവ. ജെ.ബി.എസ്സ്. പുന്നപ്ര | 3 | 7 | 10 | 214 | 175 | 389 | 9 | 2 | – | D.20 B.10 C.4 T.4 A.1 | ഇല്ല |
| 10. | അറവുകാട് എൽ.പി.എസ്. പുന്നപ്ര | — | 13 | 13 | 226 | 197 | 423 | 14 | — | – | A2 T2 S.1 | ഇല്ല |
| 11 | സെൻറ് ജോസഫ്സ് എൽ.പി.എസ്സ്. പുന്നൊട്ടം, പുന്നപ്ര | 1 | 8 | 9 | 261 | 257 | 518 | 9 | 4 | — | D.32 B24 T5 C5 S.1 | ഇല്ല |
| 12. | ഖിച്ച്. എൽ.പി.എസ്സ്. പുന്നപ്ര | 1 | 12 | 13 | 213 | 201 | 414 | 13 | — | – | D80 T2 T10 C-50 | ഇല്ല |
| 13. | സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം എൽ.പി. എസ്., പറവൂർ | 0 | 5 | 5 | 114 | 71 | 185 | 4 | — | – | – | ഇല്ല |
| 14 | സെൻറ് അലോഷ്യസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പുന്നപ്ര | 0 | 6 | 6 | 88 | 73 | 161 | 1 | – | C.170 T.60 | – | ഇല്ല |
| 15. | അറവുകാട് ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറി സ്കൂൾ | – | 4 | 4 | 25 | 39 | 64 | 1 | --- | --- | ഓഫീസ് മുറി, പുന്നോട്ടം കളി ഉപകരണങ്ങൾ എന്നിവ ഇല്ല. | |
| | ആകെ 15 | 53 | 217 | 270 | 4547 | 4152 | 8699 | | | | | |

*കുറിപ്പ്: B- ബഞ്ച്, D- ഡസ്ക്, A- അലമാര, C- കസേര, R- റാക്ക്, T- മേശ.*

# സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കുവാനുള്ള സ്ഥലം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിവലിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല | കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപുര ഉണ്ട്/ഇല്ല | സ്റ്റാഫ് റൂം ഉണ്ട്/ഇല്ല | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല | തനി ആവശ്യഗായനയുടെ എണ്ണം (1996-97) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | | | | ഡസ്ക് | ബഞ്ച് | ചേർ | കസേര | അലമാര | മറ്റു ഫർണിച്ചർ |
| 1. ഗവ. ഹൈസ്കൂൾ, പറവൂർ | 29 | 2 | 2 | 2 | 9 | 10 | 8 | 10 | ഉണ്ട് | 2 | 10 | 3 | 1 | ഇല്ല | ഉണ്ട് | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 250 | 250 | 10 | 10 | 2 | 5 |
| 2. അറവുകാട് ഹൈസ്കൂൾ | 30 | 3 | -- | -- | 36 | -- | -- | -- | ഉണ്ട് | 3 | 30 | -- | 3 | - | ✓ | ✓ | ഉണ്ട് | ഇല്ല | 2 | ഒന്ന് | - | - | -- | -- | -- | -- |
| 3. സെന്റ് ജോസഫ്സ് ഹൈസ്കൂൾ | 29 | 4 | -- | -- | 37 | -- | -- | 5 | ഉണ്ട് | 3 | 30 | 4 | 3 | -- | ✓ | ✓ | ✓ | ഉണ്ട് | 2 | ഇല്ല | 10 | 10 | 4 | 2 | 2 | -- |
| 4. ചിന്മയാ വിദ്യാലയം കളർകോട് (ഇംഗ്ലീഷ് മീഡിയം) | 11 | 2 | -- | -- | 11 | -- | -- | 8 | ഉണ്ട് | 4 | 30 | 4 | 3 | -- | ✓ | ✓ | ✓ | ✓ | 1 | മതി | 50 | 50 | 11 | 22 | 2 | 3 |
| 5. ഗവ. സി.വൈ.എം.എ. യു.പി സ്കൂൾ | 14 | 2 | -- | 1 | -- | -- | -- | 5 | ഇല്ല | 2 | 10 | 6 | 2 | -- | ട്യൂബ് വെൽ | ✓ | ✓ | ✓ | ഇല്ല | ഇല്ല | 75 | 40 | 10 | 10 | 3 | 4 |
| 6. എൽ.എസ്.എസ്.യു.പി. സ്കൂൾ | 27 | 5 | -- | -- | 27 | -- | -- | -- | -- | 2 | 16 | 2 | 1 | --- | ✓ | ✓ | ✓ | ✓ | ✓ | മതി | -- | -- | -- | -- | -- | -- |
| 7. സെന്റ് ലൂർദ് മേരി യു.പി. സ്കൂൾ വാടയ്ക്കൽ | 15 | 15 | -- | -- | 15 | -- | -- | -- | -- | 1 | 6 | 1 | 1 | 1 | ഇല്ല | ✓ | ഉണ്ട് | ഇല്ല | 2 | ഇല്ല | 20 | 20 | 5 | 5 | 2 | -- |
| 8. ഗവ. മുസ്ലിം എൽ.പി.ജി. സ്കൂൾ | 8 | 1 | 1 | 1 | 3 | 2 | 2 | 5 | ✓ | 1 | 4 | 1 | 1 | -- | ✓ | ✓ | ✓ | ഇല്ല | ഇല്ല | മതി | 150 | - | -- | -- | -- | -- |
| 9. ഗവ. ജെ.ബി. സ്കൂൾ | 10 | 3 | -- | -- | 9 | -- | -- | 2 | ✓ | 2 | 2 | 2 | 1 | 1 | ✓ | ✓ | ✓ | ✓ | ഇല്ല | -- | 20 | 10 | 4 | 4 | 4 | 2 |
| 10. അറവുകാട് എൽ.പി. സ്കൂൾ | 12 | 2 | -- | -- | 12 | -- | -- | -- | -- | 1 | 10 | 1 | 1 | 1 | ✓ | ✓ | ✓ | ✓ | 1 | മതി | -- | -- | -- | -- | -- | 4 |
| 11. ബീച്ച് എൽ.പി.എസ്. | 12 | 1 | 2 | -- | 13 | -- | -- | -- | ✓ | 2 | 4 | 2 | 2 | 2 | ✓ | ✓ | ഇല്ല | ✓ | 1 | മതി | 80 | -- | 2 | 2 | 2 | 2 |
| 12. പുന്നോട്ടം സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ | 12 | 1 | -- | -- | 9 | -- | -- | 4 | ✓ | 1 | 4 | 1 | 1 | -- | ✓ | ✓ | ✓ | ✓ | ഇല്ല | ഇല്ല | 32 | 24 | 5 | 5 | 3 | 2 |
| 13. സെന്റ് ജൂഡ്സ് ഇം. മീഡിയം എൽ.പി.എസ്. പറവൂർ | 4 | 2 | -- | -- | 4 | -- | -- | -- | -- | 5 | 5 | -- | 5 | -- | ✓ | ✓ | ഇല്ല | ഇല്ല | ✓ | -- | -- | -- | -- | 10 | 50 | --- | --- |
| 14. സെന്റ് അഗോസ്സ് എൽ.പി. സ്കൂൾ (ഇം. മീഡിയം) | 5 | 1 | -- | -- | 6 | -- | - | -- | -- | 3 | 3 | -- | 4 | -- | ✓ | ✓ | ✓ | ഇല്ല | ✓ | മതി | -- | -- | -- | -- | -- | --- |
| 15. അറവുകാട് ഇം. എൽ.പി എസ്. | 4 | 1 | -- | -- | 4 | -- | -- | -- | -- | 1 | 2 | 1 | 1 | -- | ✓ | ✓ | ✓ | -- | -- | -- | -- | -- | -- | -- | -- | |

## പുന്നപ്ര ഗ്രാമ പഞ്ചായത്ത്

### കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളുകളുടെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1. ഗവൺമെന്റ് ഹൈസ്കൂൾ, പറവൂർ | 599 | 527 | 1126 | 45 | 44 | 89 | 6 | 1 | 7 | 60 | 7 | 67 | 2 | – | 2 | 16 | 5 | 21 | 23 |
| 2. അറവുകാട് ഹൈസ്കൂൾ, പുന്നപ്ര | 612 | 616 | 1228 | 23 | 25 | 48 | 5 | 4 | 9 | 82 | 88 | 170 | 2 | 2 | 4 | 30 | 26 | 56 | 60 |
| 3. സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പുന്നപ്ര | 722 | 703 | 1425 | 22 | 16 | 38 | – | 1 | 1 | 77 | 38 | 115 | – | 1 | 1 | 133 | 58 | 191 | 192 |
| 4. പിന്നയാ വിദ്യാലയ ഇ.എം.എച്ച്. എസ്. ഹൈസ്കൂൾ, പുന്നപ്ര | 172 | 139 | 311 | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| 5. യു.പി. സ്കൂൾ, പുന്നപ്ര | 632 | 535 | 1167 | 26 | 23 | 49 | 1 | - | 1 | 110 | 34 | 144 | 1 | – | 1 | 12 | 4 | 16 | 17 |
| 6. ഗവ. സി.വൈ.എം.എ.യു.പി.എസ്., പുന്നപ്ര | 211 | 192 | 403 | 1 | - | 1 | – | – | – | 21 | 10 | 31 | – | – | – | – | – | – | – |
| 7. സെന്റ് ലൂർദ് മേരീസ് യു.പി.എസ്. വാടയ്ക്കൽ | 301 | 288 | 589 | 2 | – | 2 | 1 | – | 1 | 31 | 19 | 50 | – | – | – | 3 | 2 | 5 | 5 |
| 8. ഗവ. മുസ്ലീ എൽ.പി.ജി.എസ്. പുന്നപ്ര. | 157 | 139 | 296 | 8 | 6 | 14 | – | – | – | 7 | 4 | 11 | – | – | – | – | – | – | – |
| 9. ഗവ. ജെ.ബി. സ്കൂൾ പുന്നപ്ര | 214 | 175 | 389 | 11 | 10 | 21 | 1 | 0 | 1 | – | – | – | – | – | – | 2 | 0 | 2 | 2 |
| 10. സെന്റ് ജോസഫ്സ് എൽ.പി. എസ്. പുന്നോട്ടം | 261 | 257 | 518 | 8 | 7 | 15 | – | – | – | 26 | 10 | 36 | – | – | – | 4 | 2 | 6 | 6 |
| 11. അറവുകാട് എൽ.പി.എസ്. | 226 | 197 | 423 | 24 | 16 | 40 | 2 | 1 | 3 | – | – | – | 1 | 1 | 2 | 2 | 2 | 4 | 6 |
| 12. ബീച്ച് എൽ.പി.എസ്., പുന്നപ്ര | 213 | 201 | 414 | 4 | 2 | 6 | – | – | – | 16 | 12 | 28 | – | – | – | 2 | 3 | 5 | 5 |
| 13. സെന്റ് മേരീസ് ഇം: മീഡിയം എൽ.പി.എസ്. പറവൂർ | 114 | 71 | 185 | 7 | 3 | 10 | – | 1 | 1 | 1 | 1 | 2 | – | – | – | – | – | – | – |
| 14. സെന്റ് അലോഷ്യസ് ഇം: മീഡിയം എൽ.പി.എസ്. പുന്നപ്ര | 88 | 73 | 161 | – | 1 | 1 | – | – | – | – | – | – | – | – | – | - | – | – | – |
| 15. അറവുകാട്, ഇം. മീഡിയം പ്രീപ്രൈമറി സ്കൂൾ, പുന്നപ്ര | 25 | 39 | 64 | – | 1 | 1 | 1 | – | 1 | – | – | – | – | – | – | – | – | – | – |
| ആകെ 15 സ്ഥാപനങ്ങൾ | 4547 | 4152 | 8699 | 181 | 154 | 335 | 16 | 8 | 24 | 431 | 223 | 654 | 6 | 4 | 10 | 204 | 102 | 306 | 316 |

# സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിന്റെ പേര് | HS/UP /LPS | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കൂമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | നിന്നും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവയുടെ മറ്റു കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1. ഗവ. ഹൈസ്കൂൾ, പറവൂർ | H.S. | ✓ | | | | 599 | 527 | 1126 | 41 | 43 | – | – | 2 ഏക്കർ 56 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിൽ ഇല്ല |
| 2. അറവുകാട്, ഹൈസ്കൂൾ | H.S. | | ✓ | | | 612 | 616 | 1228 | 30 | 30 | – | 2 | 5 ഏക്കർ | 3 ഏക്കർ | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 3. സെന്റ് ജോസഫ്സ് ഹൈസ്കൂൾ | H.S. | | ✓ | | | 722 | 703 | 1425 | 42 | 42 | – | – | 5 ഏക്കർ | രണ്ടര ഏക്കർ | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 4. ചിന്മയാ ഇം.മീഡിയം വിദ്യാലയം | H.S. | | | | ✓ | 172 | 139 | 311 | 15 | 15 | – | – | 3 ഏക്കർ | അര ഏക്കർ | ഒന്നര ഏക്കർ | ചുറ്റുമതിൽ ഇല്ല |
| 5. യു.പി.എസ്., പുന്നപ്ര | U.P. | | ✓ | | | 632 | 535 | 1167 | 36 | 36 | – | – | 2 ഏക്കർ | ഒരേക്കർ | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 6. ഗവ. സി.വൈ.എം.എ. യു.പി സ്കൂൾ | U.P. | ✓ | | | | 211 | 192 | 403 | 13 | 13 | – | – | 82.5 സെന്റ് | ഇല്ല | ഇല്ല | ചുറ്റുമതിലില്ല |
| 7. സെന്റ് ലൂർദ് മേരിസ് യു.പി. സ്കൂൾ | U.P. | | ✓ | | | 301 | 288 | 589 | 13 | 13 | – | – | 3 ഏക്കർ | 2 ഏക്കർ | ഇല്ല | ചുറ്റുമതിലില്ല |
| 8. ഗവ. മുസ്ലീം എൽ.പി.ബി.എസ്. | L.P. | ✓ | | | | 157 | 139 | 296 | 6 | 6 | – | – | 50 സെന്റ് | 5 സെന്റ് | 20 സെന്റ് | ചുറ്റുമതിൽ ഭാഗികം |
| 9. ഗവ. ജെ.ബി.എസ്. | L.P. | ✓ | | | | 214 | 175 | 389 | 10 | 10 | – | – | 1 ഏക്കർ പതിനെട്ടര സെന്റ് | 45 സെന്റ് | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 10. അറവുകാട് എൽ.പി.എസ്. | L.P. | | ✓ | | | 226 | 197 | 423 | 13 | 13 | – | –1 | 5 ഏക്കർ | ഒന്നേകാൽ ഏക്കർ | 1 ഏക്കർ | ചുറ്റുമതിൽ ഭാഗികം |
| 11. സെന്റ് ജോസഫ്സ് എൽ.പി.എസ്., പുന്തോട്ടം | L.P. | | ✓ | | | 261 | 257 | 518 | 9 | 9 | – | – | 1 ഏക്കർ | 84 സെന്റ് | 1 സെന്റ് | ചുറ്റുമതിലില്ല |
| 12. ബീച്ച്. എൽ.പി.എസ്. | L.P. | | ✓ | | | 213 | 201 | 414 | 13 | 13 | – | – | 1 ഏക്കർ | അര ഏക്കർ | ഇല്ല | ഭാഗികം |
| 13. സെന്റ് മേരിസ് ഇം: മീഡിയം എൽ.പി.എസ്. | L.P. | | | ✓ | | 114 | 71 | 185 | 5 | 5 | – | – | 2 ഏക്കർ | ഒന്നര ഏക്കർ | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 14. സെന്റ് അലോഷ്യസ് ഇം: മീഡിയം എൽ.പി.എസ്. | L.P. | | | | ✓ | 88 | 73 | 161 | -- | -- | -- | -- | രണ്ടര ഏക്കർ | 50 സെന്റ് | ഇല്ല | ചുറ്റുമതിൽ ഉണ്ട്. |
| 15. അറവുകാട് ഇം. മീഡിയം പ്രൈമറി സ്കൂൾ | L.P. | | | | ✓ | 25 | 39 | 64 | 4 | 4 | – | – | – | – | ഇല്ല | ഭാഗികം |

## അക്കാദമിക് നിലവാരം

| സ്കൂൾ | കുട്ടികൾ ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | | എസ്.എസ്.എൽ.സി. വിജയശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ | 30-40% മാർക്കു നേടുന്നവർ | 40-50% മാർക്കു നേടുന്നവർ | 50-60% മാർക്കു നേടുന്നവർ | 60%ത്തിന് മുകളിൽ നേടുന്നവർ | | 92-93 | 93-94 | 94-95 | 95-96 |
| 1. ഗവ. ഹൈസ്കൂൾ പറവൂർ | 934 | 264 | 168 | 139 | 121 | 242 | | 38 | 55 | 58.6 | 44.5 |
| 2. അറവുകാട് ഹൈസ്കൂൾ | 1228 | 714 | 218 | 131 | 80 | 85 | | 40 | 36 | 48 | 38 |
| 3. സെന്റ് ജോസഫ്സ് ഹൈസ്കൂൾ | 1419 | 750 | 262 | 153 | 118 | 136 | | | 57 | 54 | 34 |
| 4. ചിന്മയാ ഇംഗ്ലീഷ് മീഡിയം വിദ്യാലയം | 146 | – | – | 14 | 15 | 117 | | | | | |
| 5. യു.പി.എസ്. പുന്നപ്ര | 1167 | 499 | 201 | 153 | 118 | 196 | | | | | |
| 6. ഗവ. സി.വൈ.എം.എ. യു.പി.എസ്. | 289 | 101 | 56 | 39 | 19 | 74 | 90% ന് മേൽ | | | | |
| 7. സെന്റ് ലൂർദ് മേരീസ്, യു.പിഎസ്. | 425 | 53 | 77 | 120 | 80 | 70 | 25 | | | | |
| 8. ഗവ. മുസ്ലിം എൽ.പി.ജി.എസ്. | 166 | 16 | 25 | 34 | 30 | 61 | -- | | | | |
| 9. ഗവ. ജെ.ബി. സ്കൂൾ | 387 | 44 | 43 | 62 | 58 | 118 | 62 | | | | |
| 10. അറവുകാട് എൽ.പി.എസ്. | 423 | 35 | 75 | 63 | 156 | 94 | – | | | | |
| 11. സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ പൂന്തോട്ടം | 246 | 98 | 35 | 33 | 25 | 55 | – | | | | |
| 12. നീർച്ച്. എൽ.പി. സ്കൂൾ | 203 | 87 | 34 | 25 | 26 | 31 | -- | | | | |
| 13. സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്. | 34 | -- | -- | 3 | 7 | 15 | 9 | | | | |
| 14. സെന്റ് അലോഷ്യസ് ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്. | 91 | 2 | 10 | 12 | 22 | 38 | 7 | | | | |
| 15. അറവുകാട് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂൾ | 64 | – | – | 4 | 10 | 30 | 20 | | | | |

# കുടിവെള്ളം പൊതുജനാരോഗ്യം

പുന്നപ്രയിൽ പൊതുജനാരോഗ്യവും കുടിവെള്ളവും ഏറ്റവും ഗൗരവമായി പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായി വളർന്നുകഴിഞ്ഞു. 'വെള്ളം സർവ്വത്ര വെള്ളം'. പുന്നപ്രയിലെ അവസ്ഥ ഇതായിരുന്നു. പ്രകൃതിദത്ത ജലശ്രോതസ്സുകളായ തോടുകളും കുളങ്ങളും ഇവിടെ ധാരാളമായി ഉണ്ടായിരുന്നു. എന്നാൽ 'കുടിക്കാനൊരു തുള്ളി വെള്ളമില്ല' എന്ന നിലയിൽ ജലസ്രോതസ്സുകൾ ഈ ഗ്രാമഭൂമിയിൽ ഇന്ന് കുറവായിരിക്കുന്നു. ശുദ്ധജലക്ഷാമം അതിരൂക്ഷമാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും അശാസ്ത്രീയ മൽസ്യസംസ്കരണവും കിഴക്കൻ മേഖലകളിൽ കൃഷി ആവശ്യങ്ങൾക്ക് അനിയന്ത്രിതമായി ഉപയോഗിക്കുന്ന കീടനാശിനിയും രാസവളങ്ങളും ജലമലിനീകരണം വിളിച്ചുവരുത്തുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 43% പേരും കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന പൈപ്പുവെള്ളമാണ് ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആകെ ആവശ്യമുള്ള ശുദ്ധജലം $280m^3$ ആണ്. അതേസമയം ഇപ്പോൾ ലഭിക്കുന്നത് $120m^3$ മാത്രമാണ്. അതായത് പുന്നപ്ര, പറവൂർ പമ്പ് ഹൗസുകളിൽ നിന്നായി പ്രതിദിനം 4 ലക്ഷം ലിറ്റർ വെള്ളം സപ്ലൈ ചെയ്യുന്നു. ഇതിനായി 23 കിലോമീറ്റർ പൈപ്പ് ലൈനേ വലിച്ചിട്ടുള്ളു. 220 വാട്ടർ ടാപ്പുകളും 667 ഹൗസ് കണക്ഷനുകളുമുണ്ട്. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 70 പൊതുകിണറുകളും സ്ഥാപിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിക്ക് പുന്നപ്രയിലും കപ്പക്കടയിലുമായി രണ്ട് പമ്പ് ഹൗസുകളുണ്ട്. ഇതിൽ കപ്പക്കടയിലെ പമ്പ് ഹൗസ് പ്രവർത്തനക്ഷമമല്ല. പറവൂരിൽ മറ്റൊരു വാട്ടർ പ്രോജക്ട് നിലവിൽ പ്രവർത്തനക്ഷമമാണ്. എന്നാൽ ഈ പദ്ധതി പൂർണമായിട്ടില്ല. ഇത് പൂർത്തീകരിച്ചാൽ $80m^3$ വെള്ളം കൂടി ലഭിക്കും. അതായത് 12,636 ജനങ്ങൾ ഇതിന്റെ ഗുണഭോക്താക്കളാകും. എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പറവൂർ വാട്ടർ സ്കീമിന് 85 ലക്ഷം രൂപയാണ് പുതുക്കിയ എസ്റ്റിമേറ്റ് നിരക്ക്.

പുന്നപ്ര വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ മൂന്നര ലക്ഷം രൂപാ മുതൽമുടക്കി ഒരു ട്യൂബ്മെൽ സ്ഥാപിക്കുന്നതിനും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 8 ലക്ഷം രൂപ ചെലവിട്ട് 8 കിലോമീറ്റർ പൈപ്പ് വലിക്കുന്നതിനും പുന്നപ്ര യൂപി സ്കൂൾ മുതൽ എഴുപതിൽപാടം വരെ 4 ലക്ഷം രൂപാ ചെലവഴിച്ച് നാല് കിലോമീറ്റർ ദൂരത്തിൽ പഴയതും കേട്പാടുവന്നതുമായ പൈപ്പ് ലൈൻ (110 mm P.V.C>) മാറ്റിയിടുന്നതിനും ഇ പദ്ധതി വിയാനിപ്പള്ളി മുതൽ നടപ്പാക്കാൻ നാലര ലക്ഷം രൂപായും 12, 13 വാർഡുകളിൽ 1.75 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് കിലോമീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനും പദ്ധതിയിൽ നിർദേശിച്ചിട്ടുണ്ട്. (പട്ടിക - 1).

**AMZA - 8**

**PROPOSAL FOR IMPROVEMENTS - PUNNAPRA PANCHAYATH**

| | | |
|---|---|---|
| 1. | Sinking of 1 No Tube well at Village Office compound | Rs.3.50 lakhs |
| 2. | Request from Panchayath for extension of pipe line to various wards - 8 KM. | Rs.8.00 lakhs |
| 3. | Distribution old and damaged small dia pipe from Ezupathil Palam to Punnapra U.P.S. requiring 110 mm PVC 4KM | Rs.4.00 lakhs |
| 4. | -do-from Viyani Church to SIDCO AKDS 1.50KM | Rs.4.50 lakhs |
| 5. | Extn. of pipe line to Ward No: XII, XIII, of length 2000 mtr. (63/4) work tendered, (as per the direction of the Hon:Minister of Irrigation) work not started due to non-availability of pipe. | Rs.1.75 lakhs |

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമവാസികൾ പലതരം സാംക്രമികരോഗങ്ങൾക്ക് അടിമപ്പെടുന്നു. ശുദ്ധജലം ദുർലഭ്യവും മറ്റ് ഭൗതിക സാഹചര്യങ്ങളും മുകളിൽ ഇക്കഴിഞ്ഞ കാലയളവിൽ പുന്നപ്ര പഞ്ചായത്തിൽ കോളറ

ടിപ്പെട്ട് ജീവൻ നഷ്ടപ്പെട്ടു.

നിലവിലുള്ള പൊതുടാപ്പുകളിൽ 60 ശതമാനവും ഉപയോഗിക്കുവാൻ പറ്റാത്ത നിലയിലാണ്. ലൈനുകൾ, ടാപ്പുകൾ എന്നിവ കൃത്യമായി റിപ്പയർ ചെയ്യുക എന്ന കടമ വാട്ടർ അതോറിറ്റിയിലെ അധികൃതർ നിർവഹിക്കുന്നില്ല. ഇതേസമയം കുടിവെള്ളത്തിനായി പുന്നപ്ര പഞ്ചായത്ത് നല്ലൊരു തുക ചെലവഴിക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമസഭകളിൽ നിന്നുണ്ടായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ആവശ്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കി പുന്നപ്ര പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടണം.

1. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു സബ്ട്രാക്ട് സിസ്റ്റം, വാട്ടർടാങ്ക്, ബോർവെൽ, പ്ലാറ്റ്ഫോമുള്ള കിണറുകൾ മുതലായവ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥാപിക്കണം.

2. ഉപ്പുവെള്ള പ്രദേശമായ തീരമേഖലയിൽ പൈപ്പ്ലൈൻ വലിച്ച് ശുദ്ധജലം എത്തിക്കണം.

3. കോളനികളിൽ പൊതുവായി സെപ്റ്റിക്ടാങ്ക് നിർമ്മിച്ച് ശുദ്ധജലം സംരക്ഷിക്കണം. മുഴുവൻ കോളനികളിലും കർശനമായി പൈപ്പ്ലൈൻ വലിച്ച് ശുദ്ധജലം എത്തിക്കണം.

4. ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ, കുളങ്ങൾ മുതലായവ ശുദ്ധീകരിക്കേണ്ടതുണ്ട്.

5. 24 മണിക്കൂറും ശുദ്ധജലം ലഭ്യമാക്കുക.

6. പൈപ്പുലൈനുകൾ മാസത്തിലൊരിക്കൽ ശുദ്ധിയാക്കുകയും അതിനുള്ള സ്ക്വവർ വാൾവ് പൈപ്പുലൈനുകളുടെ അറ്റങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുക.

7. ആലപ്പുഴ പട്ടണത്തിന്റെ കിഴക്കുഭാഗത്ത് ഒരു ദ്വീപായി ഈ പഞ്ചായത്തിലുൾപ്പെടുന്ന നടുത്തുരുത്തിയുടെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്ത് അവിടെ ശുദ്ധജലമെത്തിക്കുക.

8. അംഗൻവാടികൾ സ്കൂളുകൾ എന്നിവയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

9. പഞ്ചായത്തിന്റെ പല സ്ഥലങ്ങളിലായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ സ്ഥാപിച്ചിട്ടുള്ള ഹാൻഡ് പമ്പുകളിലെ ജലത്തിൽ അപകടകരമാംവിധം മാലിന്യങ്ങൾ അടങ്ങിയിരിക്കുന്നു. ഇത് ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

10. പറവൂർ പ്രോജക്ടിനോടുകൂടി ഒരു 'വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്' സ്ഥാപിക്കണം.

11. ഫാക്ടറികളിൽ നിന്നുള്ള രാസവിസർജ്ജ്യങ്ങൾ ശുദ്ധജലം മലിനമാക്കുന്നു. ഇതിന് ആരോഗ്യവകുപ്പ് നിർദേശിക്കുന്ന പരിഹാരമാർഗങ്ങൾ നടപ്പിലാക്കണം.

12. വെള്ളത്തിനുള്ള കരം അടക്കുന്നതിന് പഞ്ചായത്തിൽ സംവിധാനമേർപ്പെടുത്തുക.

13. വെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുവാൻ ഒരു ജനകീയ സമിതി രൂപീകരിക്കുക.

കൂടാതെ വാർഡുകളിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി പൈപ്പുലൈൻ വലിച്ച് ശുദ്ധജലമെത്തിക്കുവാനുള്ള സംവിധാനമേർപ്പെടുത്തുക.

1. ഒന്നാം വാർഡിൽ മൂന്ന് കിലോമീറ്റർ പൈപ്പ് ലൈൻ വലിച്ച് അവിടുത്തെ ശുദ്ധജലക്ഷാമം പരിഹരിക്കണം.

2. വാർഡ് രണ്ടിൽ എ.കെ.വിശ്വനാഥന്റെ വീടിന് പരിസരത്തുള്ള പള്ളിവെളിപ്രദേശം കൊട്ടകയിൽ ജയസിംഹന്റെ വീടിന് പരിസരം, ആഞ്ഞിലിപ്പറമ്പ് പുരയിടത്തിന് സമീപം, 2, 3 വാർഡുകൾ തമ്മിൽ വേർതിരിക്കുന്ന ഭാഗത്തും പുതുതായി ലൈൻ വലിക്കണം.

3. മൂന്നാം വാർഡിൽ പുള്ളിക്കൽ പ്രദേശത്ത് 15 ടാപ്പുകൾ, ബീച്ച് റോഡിൽ കടപ്പുറം മുതൽ വടക്ക്-തെക്കോട്ട് 10 ടാപ്പുകൾ, C.Y.M. സ്കൂളിന് പടിഞ്ഞാറോട്ട് പൊക്കലയിൽ കോളനി മുതൽ പടിഞ്ഞാറോട്ട് 5 ടാപ്പുകൾ, പുതുതായി സ്ഥാപിക്കണം.

4. നാലാം വാർഡിൽ സി.എം.എസ്.-പനച്ചുവട്, സി.വൈ.എം.-നർബോൻ, മുരുകാലക്ഷേത്രം, കുതിരപ്പന്തി റോഡ്, പനച്ചുവട് ഭാഗങ്ങളിൽ പുതുതായി പൈപ്പ് ലൈൻ വലിക്കണം.

5. 5-ാം വാർഡിൽ കുടിവെള്ളം കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കുക. (കെ.ടി.എൽ. റോഡിൽ പൈപ്പ് ലൈൻ വലിക്കണം)

5-ാം വാർഡിൽ റെയിൽവേ ക്രോസിനു കിഴക്കുവശം പേർഷ്യൻ ഗോപാലന്റെ വീടിനു സമീപം ടാപ്പ് സ്ഥാപിക്കുക. എൻറോഡിൽ നിന്നും കുതിരപ്പന്തി റോഡുവരെ പൈപ്പ് സ്ഥാപിക്കുക, രണ്ടുതെക്കോളനി, ലക്ഷംവീട് കോളനി, ഇന്ദിരാജി ഫിഷർമെൻ കോളനി, വടക്കേഅറ്റത്ത് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. ആകെ. 25 ടാപ്പുകൾ സ്ഥാപിക്കുക. 5-ാം വാർഡിൽ തീരദേശ റെയിൽവേ പാതയ്ക്ക് പടിഞ്ഞാറുവശം തെക്ക് വടക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുക. ആലുംപറമ്പിൽ പാലം, കൂട്ടുങ്കൽപാലം, പനഞ്ചിയ്ക്കൽപാലം എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. പറവൂർ പബ്ലിക് മാർക്കറ്റ്, 609-ാം നമ്പർ എസ്.എൻ.ഡി.പി.യ്ക്ക് തെക്കുവശം ഉള്ള അംഗൻവാടി, ചിയേഴ്സ് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

6. ആറാം വാർഡിൽ ഗലീലിയോ ജങ്ഷൻ മുതൽ അറപ്പപൊഴി ചാപ്പൽവരെയും, ഹെൽത്ത് സെൻറർ മുതൽ മെറ്റൽഡക്ക് റോഡ് വരെയും, കുതിരപ്പന്തി റോഡിൽ നിന്നും പടിഞ്ഞാറോട്ടും കെ.സി. ലോറൻസിന്റെ വീടിനു തെക്കുവശത്തുകൂടി പടിഞ്ഞാറോട്ട് വരെയും പുതുതായി പൈപ്പ്ലൈൻ വലിക്കുക.

7. ഏഴാം വാർഡിൽ സ്കൂട്ടർ ഫാക്ടറിക്കും പടിഞ്ഞാറുഭാഗത്തുകൂടി തെക്കോട്ട് അരകിലോമീറ്റർ, സ്കൂട്ടർ ഫാക്ടറിക്ക് വടക്കുഭാഗം കൂടി വടക്ക് പടിഞ്ഞാറുഭാഗത്ത് അറപ്പപൊഴി സമീപം വരെ അര കിലോമീറ്റർ, സ്കൂട്ടർ ഫാക്ടറിക്ക് പടി

ഞ്ഞാറുഭാഗത്തുകൂടി തെക്കോട്ട് അര കിലോമീറ്റർ, പടിഞ്ഞാറോട്ട് റെയിൽവേ ട്രാക്കുവരെയും അവിടന്ന് പടിഞ്ഞാറോട്ടും ഒരു കിലോമീറ്റർ, റെയിൽവേ ട്രാക്കിന് പടിഞ്ഞാറോട്ട് വാർഡിന്റെ വടക്ക് പടിഞ്ഞാറ് ജോസഫ് കുട്ടിയുടെ വീടിന് തെക്കുവശം കൂടി കിഴക്കോട്ട് അരകിലോമീറ്റർ, ലൂദ് മാതാപള്ളിക്ക് പടിഞ്ഞാറ് ഭാഗത്ത് മാത്തൻസാറിന്റെ വീടിന് വടക്കുഭാഗത്തുകൂടി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് 400 മീറ്റർ, സ്കൂട്ടർ ഫാക്ടറിക്ക് വടക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടു പോകുന്ന റോഡിൽ ഫാക്ടറിക്ക് വടക്കുപടിഞ്ഞാറ് ഗോപിയുടെ കടയുടെ വടക്കുഭാഗത്തുനിന്ന് വടക്കോട്ട് 400 മീറ്റർ, സ്കൂട്ടർ ഫാക്ടറി വടക്കുഭാഗത്ത് ചുള്ളിയിൽ രജീവിന്റെ വീടിന് തെക്കുഭാഗത്തുകൂടിയുള്ള വഴിയിൽ 200 മീറ്റർ, ഫാക്ടറിക്ക് കിഴക്ക് എ.പി. മോഹനൻ ജങ്ഷനിൽ നിന്നും കിഴക്കോട്ടുള്ള വഴിയിൽ 200 മീറ്റർ, ഫാക്ടറിക്ക് കിഴക്കും എസ്.എൻ.ഡി.പി. ഓഫീസിന് അടുത്തുകൂടി കിഴക്കോട്ട് 200 മീറ്റർ നീളത്തിൽ പുതുതായി പൈപ്പ് ലൈൻ വലിക്കണം.

8. 8-ാം വാർഡിൽ കാട്ടുങ്കൽ ജങ്ഷൻ മുതൽ വടക്കോട്ട് എം. ജി. വളപ്പുവരെ 25 ടാപ്പുകൾ കാണാം. ഒമ്പതാം വാർഡിൽ തൂക്കുകുളത്തിന് കിഴക്കുവശമുള്ള പ്രദേശത്തും പനയക്കുളങ്ങര-പുത്തൻപറമ്പ് ഭാഗത്തും, പൈപ്പ്ലൈൻ വലിക്കണം. മൊത്തം വാർഡിൽ മൊത്തം 18 ടാപ്പുകൾ സ്ഥാപിക്കണം.

8. പത്താം വാർഡിൽ നടുത്തുരുത്ത് പ്രദേശത്തേയ്ക്ക് ഒരു കിലോമീറ്റർ പൈപ്പ് ലൈൻ വലിക്കണം. വാർഡിൽ 30 ടാപ്പുകൾ സ്ഥാപിക്കണം.

9. പതിനൊന്നാം വാർഡിൽ ഇളയാതുരുത്ത് നിന്നും പൂന്തിരം കിഴക്കേയറ്റം വരെ പൈപ്പ്ലൈൻ വലിക്കണം. ഉദ്ദേശം 18 ടാപ്പുകൾ സ്ഥാപിക്കണം.

10. പന്ത്രണ്ടാം വാർഡിൽ പൈപ്പ്ലൈൻ ഇല്ലാത്ത എല്ലായിടങ്ങളിലും പുതുതായി പൈപ്പ്ലൈൻ വലിക്കണം.

11. പതിമൂന്നാം വാർഡിൽ എൻ.എച്ച്. ജയകൃഷ്ണ-കണ്ണമ്പള്ളി, കറുത്താമഠം (600 മീറ്റർ, പരപ്പിൽ-തിരുവനന്തറ (400 മീറ്റർ, പരപ്പിൽ സിദ്ധാർത്ഥന്റെ വീട് മുതൽ കറുത്താമഠം (200 മീറ്റർ) പഴയനടക്കാവ് നവാസ്മൻസിൽ-തായ്പ്പള്ളി (350 മീറ്റർ), എൻ.എച്ച്. ഇന്ദിരാജങ്ഷൻ മുല്ലയിൽ (150 മീറ്റർ) മുല്ലയിൽ ജങ്ഷൻ കളരിയ്ക്കൽ വരെ (400 മീറ്റർ) പത്താംപിയൂസ് ചർച്ച് റോഡ് (250 മീറ്റർ), പാലയ്ക്കാപ്പള്ളി മലേപ്പറമ്പിൽ (200 മീറ്റർ), വൈ.എം.സി.എ. വായനശാല പറയിൽതോടെ 300 (MTR), എൻ.എച്ച്. ഗൗരിമന്ദിരം പഴയനടക്കാവ് (400 മീറ്റർ), ശ്രീദേവി തിയേറ്റർ-കോമരം വെളി (300 മീറ്റർ), പുവജനവായനശാല-കിഴവനതയ്യിൽ-മഠത്തിൽപ്പറമ്പ് (400 മീറ്റർ), പാസ് ഗ്ലാസ്-പഴയനടക്കാവ് (250 മീറ്റർ), സറീന മൻസിൽ-അലക്കുകുളം (150 മീറ്റർ), അനുഗ്രഹ വടക്കോട്ട് (100 മീറ്റർ), പുതുശ്ശേരി മഠം-കറുത്താമഠം (300മീറ്റർ), വെളിമ്പറമ്പ്-കുറിയന്തർ-മുല്ലേൽ (400 മീറ്റർ), ആര്യപ്പള്ളി-പുത്തൻച്ചിറ (400 മീറ്റർ) എന്നിവിടങ്ങളിൽ പുതുതായി പൈപ്പ്ലൈൻ വലിക്കണം.

4. പതിനാലാം വാർഡിൽ കരിമ്പാവളവ് തോപ്പിൽ പൈപ്പ് ലൈൻ വലിച്ച് ടാപ്പിടണം. പരപ്പിൽപ്പാടം മുതൽ പൊന്നാകരി ചിറവരെയും അവിടെ നിന്ന് വടക്കോട്ട് പൂന്തിരം തെക്കുപാടശേഖരത്തിന്റെ പടിഞ്ഞാറെ ചിറയിലേയ്ക്കും പൈപ്പ് ലൈൻ നീട്ടണം. പൊന്നാകരിയുടെ തെക്കേ ചിറയിലേക്കും കിഴക്കേ ചിറയിലേക്കും ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. തെവേലിക്കര ജങ്ഷൻ മുതൽ തെക്കോട്ട് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം. താഴവനപറമ്പ് ജങ്ഷൻ മുതൽ തെക്കോട്ടും പൈപ്പ് ലൈൻ നീട്ടി രണ്ട് ടാപ്പുകൾ സ്ഥാപിക്കണം. കോലത്തു ജങ്ഷൻ മുതൽ കിഴക്കോട്ട് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. തോപ്പിൽ ജങ്ഷൻ മുതൽ കിഴക്കോട്ട് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. തോപ്പിൽ ജങ്ഷൻ മുതൽ കിഴക്കോട്ട് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം. കാക്കനാട്ടുമഠം ക്ഷേത്രത്തിനു കിഴക്കുവശം കൂടി വടക്കോട്ടും ലൈൻ നീട്ടി ഒരു ടാപ്പ് സ്ഥാപിക്കണം. പട്ടാര്യാസമാളും ജങ്ഷൻ മുതൽ കിഴക്കോട്ടും ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.

13. 15-ാം വാർഡിന്റെ എല്ലാ റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കണം.

## സാധ്യതകൾ/പരിഹാരങ്ങൾ

1. പറവൂർ വാട്ടർ സപ്ലൈ സ്കീം കഴിയുന്നതും വേഗം നടപ്പിലാക്കണം.

2. പ്രാദേശികതലത്തിൽ ശുദ്ധജലടാപ്പുകളുടെ ദുരുപയോഗം തടയുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിനു കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന പമ്പയാറിലെ ജലം ശുദ്ധീകരിച്ചു ഇപ്പോഴുള്ള ജലസ്രോതസ്സുകൾ വഴി ജലം പൊതുജനങ്ങൾക്കു വിതരണം ചെയ്യേണ്ടതാണ്.

4. ചെക്ക് ഡാം അഥവാ തടയണകൾ സ്ഥാപിച്ച് ജല ഒഴുക്കുകൾ തടഞ്ഞുനിർത്തേണ്ടതാണ്. വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യത്തിന് ഇത് ഒരു പരിഹാരമാകുന്നതാണ്.

❐ ❐ ❐

# പൊതുജനാരോഗ്യം

## ആമുഖം

അവികസിത രാജ്യങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നാണ് പൊതുജനാരോഗ്യം. ദാരിദ്ര്യത്തെ ജനിപിക്കുന്നു എന്ന സാമ്പത്തിക ശാസ്ത്രസിദ്ധാന്തത്തെ അന്വർത്ഥമാക്കുന്നതാണ് അവികസിതരാജ്യങ്ങിലെ ഇന്നത്തെ സ്ഥിതി. പരിമിതമായ വിഭവലഭ്യത ജനങ്ങൾക്ക് വർത്തമാനമായ തോതിൽ ആരോഗ്യസേവനസൗകര്യങ്ങൾ പ്രധാനം ചെയ്യുവാൻ പര്യാപ്തമാകുന്നില്ല എന്നാണ് പ്രശ്നം. പൊതുജനാരോഗ്യ സേവന രംഗത്ത് ഇന്ത്യയിൽ മുന്നിൽ നിക്കുന്ന സംസ്ഥാനമാണ് കേരളം. കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ലോകരാജ്യങ്ങൾക്കു മാതൃകയാകുവാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾക്കിടയിലും ജനങ്ങൾക്ക് പ്രത്യേകിച്ചും ദുർബലവിഭാഗങ്ങൾക്ക് ആവശ്യമായ പൊതുജനാരോഗ്യസേവന സൗകര്യങ്ങൾ പ്രധാനം ചെയ്യുവാൻ സാധിച്ചിട്ടില്ല എന്ന സത്യം അവശേഷിക്കുന്നു.

പഞ്ചായത്തിൽ ദേശീയപായത്ക്ക് പടിഞ്ഞാറു കടലിനോടു ചേർന്നുകിടക്കുന്ന ഭാഗത്ത് ഏറ്റവും താഴ്ന്ന വരുമാനക്കാരായ മൽസ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും മറ്റു കൂലിപ്പണിക്കാരും, കിഴക്ക് കുട്ടനാടൻ മേഖലയോടു ചേർന്ന് കർഷകത്തൊഴിലാളികളും നാമമാത്ര പരിമിതി കർഷകരും, ഇടത്തരം കർഷകരും ആണ് അധിവസിക്കുന്നത്. തൊണ്ടഴുക്കുന്ന കുളങ്ങളും വെള്ളക്കെട്ടുകളും, പൊഴികളും, ഇടത്തോടുകളും, പീലിംഗ് ഷെഡ്ഡുകളും മൽസ്യസംസ്കര പ്രദേശങ്ങളും ഉൾക്കൊള്ളുന്ന പുന്നപ്ര പഞ്ചായത്തിന്റെ ഭൂരിഭാഗവും വരുന്ന തീരപ്രദേശമേഖലയിൽ സാംക്രമികരോഗങ്ങളുണ്ടാകുവാനുള്ള സാധ്യതകൾ ഏറെയാണ്. മതിയായ സാനിട്ടേഷൻ സൗകര്യം ഇല്ലാത്തതും ശുദ്ധജലത്തിന്റെ ദൗർലഭ്യവും മേൽപറഞ്ഞ മേഖലയിൽ രോഗസാധ്യതകൾ വർദ്ധിക്കുന്നു. മലിനജലനിർഗമന സൗകര്യമില്ലാത്ത തീരപ്രദേശങ്ങളിൽ മന്തുരോഗവും പരക്കെ കണ്ടുവരുന്നു.

ആരോഗ്യസേവന സൗകര്യങ്ങളുടെ അപര്യാപ്തത സാനിട്ടേഷനൻ സൗകര്യങ്ങളുടെ കുറവും ശുദ്ധജല ദൗർലഭ്യം, ജന്യമായ പോഷകാഹാര കുറവുമൂലമുള്ള അസുഖങ്ങളുമാണ് പഞ്ചായത്തിലെ എടുത്തുപറയേണ്ട പ്രശ്നങ്ങൾ.

പഞ്ചായത്തിൽ രണ്ടു ഗവൺമെന്റ് ആതുര ശുശ്രൂഷാകേന്ദ്രങ്ങളാണുള്ളത്. ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുമാണ് ഇപ്പോൾ നിലവിലുള്ളത്.

താഴ്ന്ന വരുമാനക്കാരായ പഞ്ചായത്തിലെ മുഴുവൻ ജനങ്ങക്കൾക്കും ആരോഗ്യസേവനങ്ങൾ പ്രധാനം ചെയ്യുവാൻ മേൽപറഞ്ഞ സ്ഥാപനങ്ങൾക്കു സാധിക്കുന്നില്ല.

1996 ഫെബ്രുവരി 20-ാം തീയതിയാണ് പുന്നപ്ര പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്. ആതുര സേവനരംഗത്ത് പുന്നപ്ര പി.എച്ച്.സി. ഉദ്ഘാടനം ചെയ്ത അന്നുമുതൽ പ്രശംസനാർഹമായ സേവനം ചെയ്തുവരുന്നു. വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ദിവസവും 90-120നും ഇടയക്ക് രോഗികൾ ഒ.പി. ആയി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവിടെ എത്ത രോഗികളിൽ 60% ത്തിൽ ശ്വാസകോശ സംബന്ധമായ ങ്ങൾ ബാധിച്ചവരാണ്. സ്ത്രീകളിൽ കൂടുതലായും വി രോഗം കാണപ്പെടുന്നു.

ജപ്പാൻജ്വരം പുന്നപ്ര പഞ്ചായത്തിൽ ഏറെ ബാധ ല്ലെങ്കിലും വയറിളക്കരോഗം അധികം കണ്ടത് ഈ പഞ്ചാ ലാണ്. 68 പേർ ഈ രോഗത്തിന് ഒ.പി.യായി ചികിൽസ 128 പേർ ഇവിടെ നിന്നും മെഡിക്കൽ കോളേജ് ആശു യിൽ പ്രവേശിക്കപ്പെട്ടു. അതിൽ അഞ്ചുപേർ മരിച്ചു. 9 മലേറിയ രോഗം ബാധിച്ചും 5 പേർ കുഷ്ഠരോഗം ബാധ ചികിൽസയ്ക്ക് വിധേയരായി. ഇതിൽ നാലു കുഷ്ഠ കൾ രോഗവിമുക്തരായി. ത്വക്ക് രോഗങ്ങളിൽ പൂപ്പൽ, കരപ്പൻ, തേമൽ തുടങ്ങിയവ 10% പേരിൽ കണ്ട ന്നു.

### പി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ

മെഡിക്കൽ ഓഫീസർ - 1
ഫാർമസിസ്റ്റ് - 1
ജനറൽ നേഴ്സ് - 1
നഴ്സിംഗ് അസിസ്റ്റന്റ് - 1
അറ്റൻഡർ ഗ്രേഡ് 2 - 1
പാർട് ടൈം സ്വീപ്പർ - 1
എൽ.ഡി. ക്ലാർക്ക് - 1
പ്യൂൺ - 1

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 9 കു ക്ഷേമ യൂണിറ്റുകൾ ഉണ്ട്. ഇപ്പോൾ കുടുംബക്ഷേമ ഉപ ങ്ങളുടെ നിയന്ത്രണം അമ്പലപ്പുഴ പഞ്ചായത്തിലുള്ള ക്കൽ കോളേജ് ഹെൽത്ത് യൂണിറ്റിലാണ്. ഇവ പുന്നപ്ര ച്ച്.സി.ലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. കുടുംബക്ഷേമ ഉപ ങ്ങളിൽ ഇപ്പോൾ ഒമ്പതു ജൂനിയർ പി.എച്ച്.എൻ. അഞ്ചു ഐ.എച്ച്.മാരും ഉണ്ട്. ഒരു കുടുംബക്ഷേമ ഉപ ത്തിനുമാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ

**പി.എച്ച്.സി.യുടെ ഇപ്പോഴത്തെ പരാധീനതകൾ:-** വാട ട്ടിടത്തിലുള്ള പ്രവർത്തനം. സ്ഥലസൗകര്യം പരിമിത ഫാർമസിക്ക് പ്രത്യേക സ്റ്റോർ മുറി. ഡ്രെസിംഗിനും പ്രത്യേക മുറി എന്നിവയെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന

ഫീൽഡു പ്രവർത്തനങ്ങൾ അമ്പലപ്പുഴ എം.സ് യൂണിറ്റിൽ നിന്നും വിഭജിച്ച് പുന്നപ്ര പി.എച്ച്.സി.യിൽ ണ്ടിയിരിക്കുന്നു. ലാബറട്ടറി ടെക്നിഷ്യന്റെ തസ്തിക നിർദേശം സർക്കാർ പരിഗണനയിലാണ്.

പി.എച്ച്.സി.യുടെ നടത്തിപ്പിൽ ആത്മാർത്ഥ ജനകീയ സഹകരണം ഉണ്ട്. പി.എച്ച്.സി.യ്ക്ക് വേണ്ട ച്ചറുകൾ ഒ.പി. ടിക്കറ്റ് മുതലായവ സംഭാവനയായി ല ണ്ട്. ആശുപത്രി സൗഹൃദസമിതി, തീരദേശ ആരോഗ്യ സന സമിതി എന്നിവ പഞ്ചായത്തു നേതൃത്വത്തിൽ സ യി പ്രവർത്തിച്ചുവരുന്നു. പുന്നപ്ര പി.എച്ച്.സി.യിൽ വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെ പ്രസവാനുകൂല സഹായം, വിധവാ പെൻഷൻ തു ക്ഷേമ പദ്ധതികൾക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നു ലെ എല്ലാവിധ സർട്ടിഫിക്കറ്റുകളും പി.എച്ച്.സി. വഴി

ക്കണം.

പി.എച്ച്.സി.യുടെ ദൈനംദിന ചിലവുകൾക്ക് സർക്കാർ അലോട്ടുമെന്റുകളെയാണ് ആശ്രയിക്കുന്നത്. അടിയന്തിര ഘട്ടങ്ങളിൽ ചിലവഴിക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹായനിധി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. വികസന സമിതിയുടെ അനുമതിയോടുകൂടി മാത്രമേ ഈ തുക ചെലവഴിക്കാൻ പാടുള്ളൂ.

പി.എച്ച്.സി.യിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിലും ഫീൽഡ് പ്രവർത്തകരെ അമ്പലപ്പുഴ എം.സി.എച്ച്. യൂണിറ്റിൽ നിന്നും ഈ പി.എച്ച്.സി.യിലേയ്ക്ക് കൊണ്ടുവരുന്നതിന് ഭരണതലത്തിൽ സത്വരനടപടികൾ ഉണ്ടാകേണ്ടതാണ്.

## വികസന സാധ്യതകൾ

തീരദേശ ആരോഗ്യപദ്ധതിയുടെ കീഴിൽ വരുന്ന പുന്നപ്ര പി.എച്ച്.സി. പത്തു കിടക്കകളും 3 ഡോക്ടർമാരും ഒരു ഫൈനക്കോളജിസ്റ്റും അനുബന്ധ സ്റ്റാഫും മറ്റു സൗകര്യങ്ങളുമുള്ള ഒരു ആശുപത്രിയായി വികസിപ്പിക്കേണ്ടതാണ്.

പഞ്ചായത്തു ജനസംഖ്യ അമ്പതിനായിരത്തിലും അധികമായതിനാൽ ടി. വികസനം അത്യന്താപേക്ഷിതമാണ്. ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽ ലഭ്യമാണ്. പുന്നപ്ര കളിത്തട്ടിനടുത്തുള്ള പഞ്ചായത്തു വക പുറമ്പോക്കു സ്ഥലം (കുളം) നികത്തിയെടുത്താൽ ആശുപത്രി കെട്ടിടം ഇവിടെ സ്ഥാപിക്കാം.

പ്രാഥമികാരോഗ്യകേന്ദ്രത്തിന് ടെലഫോൺ അടിയന്തിരമായി അനുവദിക്കണം. (ഫോണിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.) ആമ്പുലൻസ് സൗകര്യവും ആവശ്യമാണ്. ആംബുലൻസു ഡ്രൈവറുടെ ശമ്പളച്ചെലവ് പഞ്ചായത്തു വഹിച്ചുകൊണ്ട് ആംബുലൻസ് വാങ്ങുന്നതിനുള്ള അപേക്ഷ ഗവൺമെന്റിന് സമർപ്പിക്കുന്ന കാര്യം പഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.

എല്ലാ കുടുംബക്ഷേ കേന്ദ്രങ്ങൾക്കും 5 സെന്റ് സ്ഥലം വീതം പഞ്ചായത്ത് കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ ഗവൺമെന്റിന് സമർപ്പിക്കുകയും വേണം. ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പു ജീവനക്കാരുടെ ഒഴിവുകൾ നികത്തണം. നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഇപ്പോൾ പഞ്ചായത്തിൽ നിലവിലുണ്ട്.

## ഗവ. ആയുർവേദ ആശുപത്രി

ഗവ. ആയുർവേദ ഡിസ്പെൻസറി പരിമിത സൗകര്യങ്ങൾ മാത്രമുള്ള വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആശുപത്രിയിൽ കഴിഞ്ഞ മൂന്നു വർഷമായി നടന്ന ചികിൽസാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

സ്ഥലപരിമിതി, മരുന്നുകളുടെ കുറവ് എന്നിവ ആയുർവേദ ആശുപത്രിയുടെ പ്രധാന പ്രശ്നങ്ങളാണ്.

കിടക്കകളോടെ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. ആശുപത്രിയ്ക്കായി 4-ാം വാർഡിൽ കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്മേലുള്ള അവകാശങ്ങൾ പരിഹരിച്ച്, അടിയന്തിരമായി കെട്ടിട നിർമ്മാണ നടപടി ആരംഭിക്കേണ്ടതാണ്.

"നാം രണ്ട് നമുക്കു രണ്ട്,
നമുക്കു നാലൗഷധവൃക്ഷം
നമ്മുടെ വീട് ഒരു ഔഷധത്തോട്ടം"

ഈ മുദ്രാവാക്യത്തിന്റെ ഫലപ്രാപ്തമായ നടത്തിപ്പിനുവേണ്ടി സ്കൂളുകൾ, റയിൽവേസ്റ്റേഷൻ, പഞ്ചായത്താഫീസ് മുതലായ സർക്കാർ സ്ഥാപനങ്ങളോടു ചേർന്ന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഔഷധവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക. വീട്ടിൽ നട്ടുവളർത്താവുന്ന ഔഷധച്ചെടികൾ പഞ്ചായത്തിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുക. വീട്ടിൽ വളരുന്ന അത്തരം ചെടികളുടെ ഉപയോഗങ്ങളെപ്പറ്റിയുള്ള പ്രാഥമിക അറിവ് പകർന്നുകൊടുക്കുക. പുന്ന പ്ര പഞ്ചായത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഷെഹവേയുടെ ഇരുവശവും വളർന്നു നിൽക്കുന്ന കാട് തീവെച്ച് നശിപ്പിച്ച് അവിടങ്ങളിൽ കുറുന്തോട്ടിയുടെ വിത്ത് വിതറുക. യാതൊരുവിധ പരിചരണവുമില്ലാതെ അതു വളർന്നുകൊള്ളും. ബോധപൂർവം ഇതു നശിപിക്കുന്നവക്കെതിരെ നടപടി എടുക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തണം. പൊതുസ്ഥാപനങ്ങളിൽ വയ്ക്കുന്ന ചെടികളുടെ സ്ഥിതി വിവരങ്ങൾ നിരീക്ഷിക്കുവാനും മെഡിക്കൽ ഓഫീസർക്ക് അധികാരം നൽകണം.

## കാർഷികലോൺ

അമ്പതു സെന്റോ, അതിൽ കൂടുതലോ ഉള്ള കർഷകർക്ക് വ്യവസായ അടിസ്ഥാനത്തിൽ ഔഷധകൃഷി നടത്തുന്നതിന് പഞ്ചായത്ത് ലോൺ നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകുകയും പൊതുമേഖലാ സ്ഥാപനമായ ഔഷധിയെക്കൊണ്ട് ഔഷധച്ചെടി വിലയ്ക്കു വാങ്ങുന്നതിനുള്ള നടപടി എടുപ്പിക്കുകയും ചെയ്യുക. നൽകുന്ന ലോൺ ടി. ആവശ്യത്തിലേയ്ക്ക് തന്നെ ഉപയോഗിക്കുന്നുയെന്ന് ഉറപ്പുവരുത്തുക. പുന്നപ്ര ആയുർവേദാശുപത്രിയോടു ചേർന്ന് ഒരു മാതൃകാ ഔഷധത്തോട്ടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഉള്ള ഇടത്തായിരിക്കണം ആശുപത്രി കെട്ടിടം നിർമ്മിക്കേണ്ടത്.

ഔഷധകൃഷിയ്ക്കുള്ള പ്രോൽസാഹനവും പരിശീലനവും ആയുർവേദ ആശുപത്രി മുഖേന നൽകുവാൻ കഴിയണം. ഗവൺമെന്റ് സ്ഥാപനമായ ഔഷധിയുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണം.

തീരദേശമേഖലയിൽ ഒരു ഹോമിയോ ആശുപത്രി കൂടി ആരംഭിക്കേണ്ടതുണ്ട്.

ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ മറ്റു പൊതുജനാരോഗ്യപ്രശ്നങ്ങളിന്മേലുള്ള പരിഹാര നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ ദുർബല വിഭാഗങ്ങൾക്കും കക്കൂസുകൾ ലഭ്യമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാരായ ജനങ്ങളുടെ വീടുകളുടെ വിവരം താഴെ കൊടുക്കുന്നു.

ഓട് - 3885
ഓല - 2304
മറ്റുളവ - 3

നബാർഡ്, യൂണിസെഫ് എന്നീ സംഘടനകളുടെ സഹായത്തോടെ സന്നദ്ധസേവനം പ്രയോജനപ്പെടുത്തി കക്കൂസുകളില്ലാത്ത എല്ലാ താഴ്ന്നവരുമാനക്കാർക്കും കൂക്കൂസുകൾ നിർമ്മിച്ചു നൽകാവുന്നതാണ്.

വെള്ളക്കെട്ടുള്ള സ്ഥലങ്ങൾക്കനുയോജ്യമായ രീതിയിലുള്ള കക്കൂസുകൾ അത്തരം പ്രദേശങ്ങൾക്കായി ഡിസൈൻ ചെയ്യേണ്ടതാണ്. ചിലവ് കുറഞ്ഞ കക്കൂസുകൾ മതിയാകും.

പഞ്ചായത്തിൽ നിന്നും സബ്സിഡി നൽകി കക്കൂസുകളുടെ നിർ
മ്മാണത്തെ പ്രോൽസാഹിപ്പിക്കാവുന്നതാണ്.

2) പഞ്ചായത്തിൽ ഡ്രെയിനേജ് സംവിധാനത്തിന്റെ അഭാ
വം പലതരം ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാവുന്നുണ്ട്. പിലിംഗ് ഷെഡ്ഡുകളിൽ നിന്നുള്ള മാലിന്യങ്ങളും, മൽസ്യസംസ്
കരണ അവശിഷ്ടങ്ങളും പൊഴികൾ, തോടുകൾ എന്നിവയെ മലീ
മസമാക്കുന്നു. പായൽ നിറഞ്ഞ കുളങ്ങൾ തോടുകൾ തൊണ്ടഴു
കുന്ന വെള്ളക്കെട്ടുകൾ എന്നിവയും കൊതുകുകളുടെ വിഹാര
രംഗങ്ങളാണ്. തീരദേശ മേഖലയിൽ മലിനജലം ഒഴുക്കിക്കളയുന്ന
തിനുള്ള ഏറ്റവും നല്ല മാർഗം പൊഴികളാണ്. 1 മുതൽ 7 വരെ
വാർഡിലുള്ള 4 പൊഴികളും സൈഡുകൾ ബണ്ടുകെട്ടി സംരക്ഷി
ച്ചുകൊണ്ട് പൊഴിമുഖത്തിന്റെ ആഴം വർദ്ധിപ്പിയ്ക്കുക വഴി
കടലിലേയ്ക്കു മലിനജലം ഒഴിക്കിക്കളയുവാൻ കഴിയും. പൊഴിക
ളോട് ചേർന്നുള്ള തോടുകളും ആഴം കൂട്ടി വൃത്തിയാക്കിയാൽ
ജലത്തിന്റെ ഒഴുക്ക് തടസപ്പെടാതിരിക്കും.

3) എല്ലാ റോഡുകൾക്കും കോൺക്രീറ്റു കാണകളും വെള്ളം
കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ റോഡിനു കുറുകെ ജലനിർഗ
മന പൈപ്പുകളും സ്ഥാപിക്കുകയും വഴി മലനിജലം റോഡിൽ
കെട്ടിനിന്ന് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാം. റോ
ഡുകൾ നല്ല രീതിയിൽ സംരക്ഷിക്കുകയും ചെയ്യാം. ഇത്തരം സ്ഥ
ലങ്ങൾ വാർഡ് തലത്തിൽ സർവേ നടത്തി മനസിലാക്കണം.

4. ഫൈലേറിയ ബാധ കൂടുതലായി കാണപ്പെടുന്ന തീരദേശമേ
ഖല ഉൾക്കൊള്ളുന്ന പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും
കൊതുകു നിർമാർജ്ജ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.
കുളങ്ങളും, തോടുകളും പായൽവാരി വൃത്തിയാക്കണം. ക്ലോറി
നേഷൻ, ഫ്യൂമിഗേഷൻ തുടങ്ങിയ രോഗപ്രതിരോധ പ്രവർത്തന
ങ്ങളും അതാതു വാർഡുകളിൽ മെമ്പർമാരുടെയും സന്നദ്ധസം
ഘടനാ പ്രവർത്തകരുടെയും സഹായത്തോടു കൂടി ഫലപ്രദമാ
യി നടത്തണം.

5. പഞ്ചായത്തിൽ പൊതുകക്കൂസുകളോ, മൂത്രപ്പുരകളോ ഇല്ല.
പഞ്ചായത്തിൽ രണ്ടു പ്രധാന പബ്ലിക് മാർക്കറ്റുകളാണുള്ളത്. 1)
പറവൂർ, 2) പുന്നപ്ര. ഈ മാർക്കറ്റുകളിൽ മലിനജല നിർഗമന
സൗകര്യങ്ങളോ, വിസർജ്ജനത്തിനുള്ള സൗകര്യങ്ങളോ, ശുദ്ധജ
ലമോ ലഭ്യമല്ല. മാർക്കറ്റുകളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരി
ച്ച് നശിപ്പിക്കുന്നതിനുള്ള സംവിധാനം അതാതു മാർക്കറ്റുകളിൽ
തന്നെ ഉണ്ടാക്കണം. സെപ്റ്റിക് ടാങ്ക് മാതൃകയിലുള്ള സ്റ്റോറേജ്
ടാങ്കുകളിൽ മലിനജലവും മറ്റു മാലിന്യങ്ങളും ശേഖരിക്കുന്നതി
ന് സമയാസമയങ്ങളിൽ അവ ശുദ്ധീകരിക്കുന്നതിനുള്ള സംവിധാ
നവും ഉണ്ടാവണം. പബ്ലിക് മാർക്കറ്റുകളോട് ചേർന്ന് പൊതുക്കൂ
സുകൾ, മൂത്രപ്പുരുകൾ എനിവ നിർമ്മിക്കണം. മാർക്കറ്റുകളും,
ശുദ്ധജലവും ലഭ്യമാക്കണം.

6. ഫീലിംഗ് ഷെഡ്ഡുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് മതിയായ
ഡ്രെയ്നേജ് സൗകര്യങ്ങളും തൊഴിലാളികൾക്ക് ആവശ്യമായ
സാനിട്ടേഷൻ സൗകര്യങ്ങളും ഉണ്ടാവണം.

ഹോട്ടലുകൾ, ഫീലിങ് ഷെഡ്ഡുകൾ, കശാപ്പുശാലകൾ
എന്നിവയ്ക്കുള്ള ലൈസൻസ് നിയമങ്ങൾ പഞ്ചായത്ത് കർശനമാ
യി നടപ്പിലാക്കണം. പഞ്ചായത്തിലെ ഹോട്ടലുകളിൽ ഭക്ഷണകാര്യ
ത്തിൽ ശുചിത്വം പാലിക്കുവാൻ പഞ്ചായത്തിന്റെ കീഴിൽ ഒരു
ഹെൽത്ത് സ്റ്റാൻറിങ് കമ്മിറ്റി രൂപീകരിക്കുക, ഹോട്ടൽ ജീവന
ക്കാർക്ക് ഹെൽത്ത് കാർഡുകൾ കർശനമാക്കണം. മേൽപ്പറഞ്ഞ
കമ്മിറ്റിക്ക് പഞ്ചായത്തിലെ മുഴുവൻ ആരോഗ്യപ്രശ്നങ്ങ
ശ്രദ്ധിക്കുവാൻ കഴിയണം.

7. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പേവിഷബ
യ്ക്കെതിരായ നായയ്ക്കുള്ള കുത്തിവെപ്പ് സർക്കാർ മൃഗാ
ത്രികളിലൂടെ ഫലപ്രദമായി നടത്തണം. കാലകാലങ്ങളിൽ പ
ടുത്തം കർശനമായും നടത്തിയിരിക്കണം. എലികളെ നശിപ്പി
ന്നതിന് കർഷകസമിതികളുടെ സഹകരണത്തോടു കൂടി
ഊർജ്ജിതപരിപാടി പഞ്ചായത്തുതലത്തിൽ നടപ്പിൽ വര
ണം.

8. ഇപ്പോഴുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ
തൃപ്തികരമല്ല. ഗ്രാമതലത്തിലുള്ള ആരോഗ്യപ്രവർത്തകർ, പ
ക് ഹെൽത്ത് നഴ്സുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെകട
മാർ എന്നിവർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മേൽപ്പറ
ഉദ്യോഗസ്ഥർ കൃത്യമായി ഭവനസന്ദർശനം നടത്തി ആരോ
ബോധൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പുവ
ത്തണം.

രോഗസാധ്യത കൂടുതലുള്ള തീരദേശമേഖലയിൽ ക
തൽ ബോധവൽക്കരണ പരിപാടികളും,രോഗപ്രതിരോധ പ്രവ
ത്തനങ്ങളും, മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതു
മദ്യത്തിനും മയക്കുമരുന്നിനുമെതിരേയും ബോധവൽക്കര
പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. മരുന്നുകളുടെ അമിതമാ
ഉപഭോഗത്തിനെതിരായും കൂടി ബോധവൽക്കരണ പരിപാടിക
സംഘടിപ്പിക്കണം. ആരോഗ്യവകുപ്പ്, അംഗൻവാടി പ്രവർത്തക
സന്നദ്ധസംഘനക്കൾ എന്നിവരേ ഉൾക്കൊള്ളിച്ചുകൊണ്ട് മേല
റഞ്ഞ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഒ
സ്ഥിരം സംവിധാനം പഞ്ചായത്തിൽ ഉണ്ടാക്കണം.

9. പഞ്ചായത്തിന് ഒരു പൊതു ശ്മശാനത്തിന്റെ കൂടി ആവശ്യ
തയുണ്ട്. ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമായ സ്ഥല
യിരിക്കണം ഇതിനായി കണ്ടെത്തേണ്ടതുണ്ട്.

10. ശുദ്ധജലത്തിന്റെ ദൗർല്ലഭ്യം പഞ്ചായത്തിൽ ഇപ്പോഴും നി
നിൽക്കുന്നു. എല്ലാ പ്രദേശങ്ങളിലും പൈപ്പുജലം എത്തിക്ക
വാൻ കഴിഞ്ഞിട്ടില്ല. പൈപ്പുലൈനുകളുടെ എക്സ്റ്റേൻഷനിലൂ
ടെ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജല ലഭ്യത ഉറപ്പു
വരുത്തണം.

11.ആരോഗ്യരംഗത്ത് ഏറ്റവും രൂക്ഷമായിട്ടുള്ളമറ്റൊരു പ്രശ്ന
മരുന്നിന്റെ വിലക്കുടുതലാണ്. കുറഞ്ഞ വിലയ്ക്ക് മരുന്നുക
ലഭ്യമാക്കുവാൻ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി
യിൽ പ്രവർത്തിക്കുന്ന തരത്തിലുള്ള ഒരു മെഡി ബാങ്കിന്റെ സ
കര്യം പഞ്ചായത്തിലുണ്ടാവണം. മെഡി ബാങ്കിന്റെ ഒരു എക്സ
റ്റൻഷൻകൗണ്ടർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടു ചേർന്
പ്രവർത്തിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ആരായണം.

12. മാരകമായ രോഗങ്ങൾ ബാധിച്ച ദരിദ്രരായ രോഗികൾക്കു ധ
ണ്ടി പഞ്ചായത്തിൽ ഒരു സഹായനിധി രൂപീകരിയ്ക്കണം. നിധ
യിലേയ്ക്കാവശ്യമായ ധനം സംഭാവനയായി സമാഹരിയക്കണം.

13. പഞ്ചായത്ത് വാർഡ് തിലത്തിൽ ജനങ്ങളുടെ രക്ത പരിശോ
ധന നടത്തി ഗ്രൂപ്പുനിർണ്ണയിച്ച്, രക്തധാനത്തിൽ സന്നദ്ധരായിട്ട
ള്ളവരുടെ രജിസ്ട്രേഷൻ നടത്തി വിവരങ്ങൾ പഞ്ചായത്തിൽ
സൂക്ഷിക്കണം. കുടുംബക്ഷേമ ഉദ്യോഗസ്ഥരുടെ സേവനം ഇതി
നായി പ്രയോജനപ്പെടുത്തണം.

❑ ❑ ❑

# പട്ടികജാതി-പട്ടികവർഗക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് പ്രസ്തുത ജനവിഭാഗങ്ങൾക്കായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ സംഖ്യയും കുടുംബകോളനി വിവരങ്ങളും താഴെ കൊടുക്കുന്നു.
(വിവരങ്ങൾ ഇവിടെ ചേർക്കുന്നു.)

## പട്ടികജാതി പട്ടികവർഗ ജനസംഖ്യ

| പട്ടികജാതി | | | പട്ടികവർഗം | | |
|---|---|---|---|---|---|
| ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| 887 | 876 | 1763 | 47 | 55 | 102 |

### പട്ടികജാതി/പട്ടികവർഗ കോളനികൾ. കുടുംബങ്ങൾ

| വാർഡ് | പ. ജാതി കുടുംബം | പ.വർഗ കുടുംബം | പ.ജാതി/പ.വർഗ കോളനികൾ |
|---|---|---|---|
| 1. | 4 | 1 | അറവുകാട് ഹരിജൻ |
| 2 | 22 | 1 | കോളനി |
| 3. | 4 | 1 | |
| 4 | 7 | | |
| 5 | 10 | 3 | അറയ്ക്കൽതറ ഹരിജൻ |
| 6 | 20 | | കോളനി |
| 7 | 10+5 | | |
| 8 | 4+4 | | |
| 9 | 10 | | 3. കനകശ്ശേരി ഹരിജൻ |
| 10 | 70 | 2 | കോളനി |
| 11 | 47 | 3 | |
| 12 | 22 | 1 | |
| 13 | | 1 | |
| 14 | 35 | | |
| 15 | 5 | | |

അറവുകാട് ഹരിജൻ കോളനി, കനകാശേരി ഹരിജൻ കോളനി, അറയ്ക്കൽത്തറ ഹരിജൻ കോളനി എന്നിവയാണ് പഞ്ചായത്തിലെ നിലവിലുള്ള പട്ടികജാതികോളനികൾ. കൂടാതെ പഞ്ചായത്തിലെ മറ്റ് അംഗീകൃത കോളനികളിൽ വസിക്കുന്ന പട്ടികജാതി പട്ടികവർഗ കുടുംബങ്ങളുമുണ്ട്. കോളനി നിവാസികളുടെയും കാര്യത്തിലാക്കലും മറ്റു ഒറ്റപ്പെട്ട കുടുംബങ്ങളുടെ കാര്യത്തിലായാലും അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ കഴിയുന്നത്.

വീടുകൾ, കക്കൂസുകൾ, ശുദ്ധജലം, ആരോഗ്യസേവന സൗകര്യങ്ങൾ എന്നിവ ഈ ജനവിഭാഗങ്ങൾക്ക് വർദ്ധമാനമായ തോതിൽ ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസം, തൊഴിൽ എന്നിയുടെ കാര്യത്തിലും ശ്രദ്ധേയമായ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾ എല്ലാതരത്തിലും പിന്നോക്കാവസ്ഥയിലാണെന്നുള്ളതാണ് ഗ്രാമസഭകളിൽ ഉയർന്നു കേട്ട പൊതുവായ അഭിപ്രായം. പട്ടികജാതി പട്ടികവർഗക്ഷേമ പ്രവർത്തനങ്ങൾ വിപുലികരിക്കണമെന്നും എല്ലാ വികസന ക്ഷേമ പരിപാടികളിലും പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരണമെന്നുള്ള കാര്യത്തിൽ ഗ്രാമസഭകളിൽ ഏകാഭിപ്രായമായിരുന്നു.

പട്ടികജാതി പട്ടികവർഗ ക്ഷേമപ്രവർത്തനങ്ങളുടെ സാധ്യതകൾ ഗ്രാമസഭാനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്നു.

### അടിസ്ഥാന സൗകര്യങ്ങൾ

എല്ലാം പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കും വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കണം. സ്വന്തമായി വീടില്ലാത്ത എല്ലാ പട്ടികജാതി പട്ടികവർഗക്കാർക്കും വീടുകൾ നിർമ്മിച്ചു നൽകണം.

പട്ടികജാതി പട്ടികവർഗഭവന നിർമ്മാണ പദ്ധതികളിൽ കീഴിലുള്ള ധനസഹായം വർദ്ധിപ്പിക്കണം. (ലോണും ഗ്രാന്റും) പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് നിലവിലുള്ള പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തികസഹായം നൽകണം. മുഴുവൻ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കും റോഡു സൗകര്യം ലഭ്യമാക്കണം. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലം നൽകണം.

## പട്ടികജാതി പട്ടികവർഗകോളനികൾ

നിലവിലുള്ള പഞ്ചായത്തു കോളനികളിൽ പട്ടികജാതി പട്ടികവർഗക്കാർ കൂടുതലുള്ള കോളനികളെ ഹരിജൻ കോളനികളായി അംഗീകരിച്ച് നൽകാൻ അനുവദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.

നിലവിലുള്ള പട്ടികജാതി പട്ടികവർഗകോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തണം. കോളനികളിലെ എല്ലാ വീട്ടിലും വൈദ്യുതിയും, പൈപ്പു ജലവും എത്തിയ്ക്കണം. കോളനികളിലേയ്ക്കുള്ള റോഡുകൾ നല്ല രീതിയിൽ സംരക്ഷിയ്ക്കണം. ആവശ്യമായ റോഡു സൗകര്യങ്ങൾ എല്ലാ കോളനികളിലും ഉണ്ടാവണം. എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചു നൽകണം. കോളനികൾക്കായി പൊതുകക്കൂസും നിർമ്മിയ്ക്കണം. മാസത്തിലൊരിയ്ക്കൽ കോളനിനിവാസികൾക്കായി വൈദ്യപരിശോധന, പ്രതിരോധ ചികിൽസാ ക്യാമ്പുകൾ നടത്തണം. കോളനികൾ ചുറളൂ മതിൽ കെട്ടി സംരക്ഷിക്കണം.

കോളനികളുടെ സമഗ്രവികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കാനും റോഡ്, പൈപ്പ് ലൈൻ, വഴിവിളക്കുകൾ, കൽക്കെട്ടുകൾ, തടിപ്പാലങ്ങൾ, അംഗൻവാടികൾ, വീട്, കക്കൂസ്, കുളിമുറി എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. കോളനി നിവാസികൾക്കായി വായനശാലകൾ സ്ഥാപിക്കണം.

## വിദ്യാഭ്യാസം/തൊഴിൽ

പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികളേയും സ്കൂൾ എത്തിയ്ക്കുന്നതിനും, അവർ പഠനം നിർത്തിപ്പോകുന്നത്ന തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ ബോധവൽക്കരണപരിപാടികൾ നടത്തണം. പട്ടികജാതി പട്ടികവർഗക്കാർക്ക് കൂടുതൽ പ്രയോജനം ലഭിയ്ക്കത്തക്ക വിധത്തിൽ കോളനികളിൽ അംഗനവാടികൾ സ്ഥാപിക്കണം. പ്രത്യേക ഘടകപദ്ധതിയിൽ കീഴിലുള്ള വിദ്യാഭ്യാസ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കണം.

പട്ടികജാതി പട്ടികവർഗക്കാരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പട്ടികജാതി പട്ടികവർഗക്കാർക്കിടയിലുള്ള നിരക്ഷരാത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

കൈത്തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്ന പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് തൊഴിലുപകരണങ്ങൾ സൗജന്യമായി നൽകുക.

സ്ത്രീകൾക്ക് ആട്, കോഴി, പശു എന്നിവ നൽകി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സ്ത്രീകൾക്ക് ചെറുകിട തൊഴിൽ പദ്ധതികൾക്ക് വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാവണം. അഭ്യസ്തവിദ്യരായ തൊഴിൽ സംരംഭകർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ ഗവൺമെൻറ്, സഹകരണധനകാര്യ സ്ഥാപനങ്ങൾ മുഖേന ലോണുകൾ നൽകുക.

പട്ടികജാതി പട്ടികവർഗ വിഭാഗത്തിനായുള്ള പ്രത്യേക തൊഴിൽ സംരംഭപദ്ധതികൾ പഞ്ചായത്തു മുഖേന നടപ്പിൽ വരുത്തുക. പ്രത്യേക തൊഴിൽദാന പദ്ധതികൾ ആരംഭിയ്ക്കുക.

സ്വയം തൊഴിൽ ചെയ്യുവാൻ സന്നദ്ധരായവർക്ക് വേണ്ട സാമ്പത്തികസഹായവും പരിശീലനവും നൽകുക.

## ക്ഷേമപരിപാടികൾ, മറ്റാനുകൂല്യങ്ങൾ

അവശതയനുഭവിയ്ക്കുന്ന പട്ടികജാതതി പട്ടികവർഗക്കാർക്ക് പെൻഷൻ നൽകണം. സർക്കാരിന്റെ ക്ഷേമപദ്ധതികൾ വീഴ്ച കൂടാതെ ഈ ജനവിഭാഗങ്ങൾക്ക് ലഭിക്കുവാൻ വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തണം. നിലവിലുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ നൽകി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുക.

❑ ❑ ❑

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ആഹാരവും വസ്ത്രവുമെന്നതുപോലെ മനുഷ്യന് അത്യന്താപേക്ഷിതമാണ് പാർപ്പിടവും. ഒരു കാലത്ത് "കിഴക്കിന്റെ വെനീസ്" എന്നറിയപ്പെട്ടിരുന്ന ആലപ്പുഴ പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്യുന്ന നമ്മുടെ ഗ്രാമത്തിൽ അടുത്ത കാലം വരെ ഇത്രത്തോളം ജനബാഹുല്യം അനുഭവപ്പെട്ടിരുന്നില്ല. ഈ ഗ്രാമത്തിൽ ഒരു കാലത്ത് ഒട്ടനവധി മൈതാനങ്ങളും കളി സ്ഥലങ്ങളും കാണാൻ കഴിഞ്ഞിരുന്നു. ചില പ്രദേശങ്ങളിൽ വീടുകൾ വളരെ അകലങ്ങളിലായിട്ടാണ് സ്ഥിതി ചെയ്തിരുന്നത്. ചില ഭാഗങ്ങളിൽ ഒറ്റപ്പെട്ട വീടുകളുമുണ്ടായിരുന്നു. വീടുകളുടെ നിലവാരം പരിശോധിച്ചാൽ അക്കാലത്ത് ഭൂരിഭാഗം വീടുകളും ഓലമേഞ്ഞവയായിരുന്നു. ഓടുമേഞ്ഞ വീടുകൾ വളരെ കുറവായിരുന്നു. കോൺക്രീറ്റ് വീടുകൾ ഇല്ലായിരുന്നു എന്നു തന്നെ പറയാം. ഒന്നിൽ കൂടുതൽ നിലകളുള്ള വീടുകൾ വിരലിൽ എണ്ണാവുന്നവ മാത്രമായിരുന്നു.

വൈദ്യുതിയുടെ ആഗമനം മറ്റെല്ലായിടങ്ങളിലേയും പോലെ നമ്മുടെ ഗ്രാമത്തിലും കെട്ടിട നിർമ്മാണരംഗത്ത് ചില മാറ്റങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ഓലമേഞ്ഞ വീടുകൾ ക്രമേണ അപ്രത്യക്ഷമാകുകയും തൽസ്ഥാനത്ത് ഓടുമേഞ്ഞവ പ്രത്യക്ഷമാകുകയും ചെയ്തു. ജനസാന്ദ്രത കൂടുവാൻ തുടങ്ങിയപ്പോൾ പല കളിസ്ഥലങ്ങളും മൈതാനങ്ങളും തിരോധാനം ചെയ്തു. മിൽമാഡയറി, ചെറിയ ചെറിയ ഫാക്ടറികൾ, സ്കൂട്ടർ ഫാക്ടറി, പോളിടെക്നിക്, ചില സ്കൂളുകൾ തുടങ്ങിയവ രൂപം കൊണ്ടപ്പോൾ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായയ്ക്കു തന്നെ മാറ്റം വന്നിട്ടുണ്ടെന്ന് കാണാം. ബഹുനില കോൺക്രീറ്റ് കെട്ടിടങ്ങൾ, ഓടുമേഞ്ഞവ, ഓലമേഞ്ഞവ, ചെറ്റക്കുടിൽ എന്നിവകളുടെ എണ്ണം പരിശോധിച്ചാൽ നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാകുന്നതാണ്. എന്നാൽ ജനസംഖ്യാ വർദ്ധനവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി ആശ്വാസത്തിനിട നൽകുന്നില്ലെന്ന് കാണാം.

മുമ്പ് കാലത്ത് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ജന്മികുടിയാൻ വ്യവസ്ഥിതിയിൽ കുടികിടപ്പിനുള്ള സൗകര്യം ലഭിച്ചുകൊണ്ടിരുന്നു. ഇങ്ങനെ കുടിയാന്മാരായിരുന്നവർ പ്രായേണ സ്വന്തമായ ഭൂമി ഇല്ലാത്തവരായിരുന്നു. എന്നാൽ ഭൂനിയമപ്രകാരം ജന്മി കുടിയാൻ വ്യവസ്ഥിതി അവസാനിച്ചതോടുകൂടി കുടിയാന്മാർ ഭൂവുടമകളായി മാറി. സ്വന്തമായി ഭൂമി ലഭ്യമായപ്പോൾ പാർപ്പിടരംഗത്തും ചില മാറ്റങ്ങൾ ഉണ്ടായി. എന്നാൽ അതിന്റെ പ്രത്യാഘാതമായി വാടകയ്ക്ക് പോലും കെട്ടിടങ്ങൾ ലഭിക്കുവാൻ ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ച അനേകം കുടിയാന്മാർക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായെങ്കിലും സ്ഥലപരിമിതി മൂലം ഒരേ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ ജീവിക്കേണ്ടി വരുന്ന സ്ഥിതിവിശേഷവും ഇന്ന് പരക്കെ കണ്ടുവരുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ഒട്ടനവധി കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഇവർക്ക് മതിയായ സൗകര്യങ്ങളോടു കൂടിയ വീട് ഇന്നും വെറും മരീചിക മാത്രമാണ്. ഇത് ജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളെ താറുമാറാക്കുന്ന ഒരു പ്രശ്നമാണ്. ശരിയായ പാർപ്പിടം ഒരു മനുഷ്യന്റെ സംസ്കാരത്തേയും ആരോഗ്യത്തേയും ഒട്ടേറെ സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിന്റെ ആരോഗ്യത്തേയും ഇത് ബാധിക്കുന്നു.

1973-ലെ ലക്ഷംവീട് പദ്ധതി പിന്നീട് നടപ്പിലാക്കപ്പെട്ട കുടികിടപ്പ് ഭവനനിർമ്മാണ പദ്ധതി, രാജീവ്ഗാന്ധി ദശലക്ഷം വീട് പദ്ധതി, മൽസ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി, പട്ടികജാതി പട്ടികവർഗ ഭവനനിർമ്മാണ പദ്ധതി തുടങ്ങി പല പദ്ധതികൾ വഴിയായി ഒട്ടനവധി കുടുംബങ്ങൾക്ക് പാർപ്പിടങ്ങൾ ലഭിക്കുവാനിടയായിട്ടുണ്ട്. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവരും വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്നവരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവരിൽ അധികം പേരും ജോലികൾക്കായി മറ്റ് പ്രദേശങ്ങളിൽ നിന്നു് വന്ന് താമസിക്കുന്നവരാണ്, സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത മറെറാരു വിഭാഗക്കാരും വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്നവരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവരിൽ അധികം പേരും ജോലികൾക്കാ

യി മറ്റ് പ്രദേശങ്ങളിൽ വന്ന് താമസിക്കുന്നവരാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത മറെറാരു വിഭാഗക്കാരും വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്നുണ്ട്.

പ്രകൃതിക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടമാകുന്നത് ഗ്രാമത്തിന്റെറ കടലോരപ്രദേശങ്ങളിലും വയലോര പ്രദേശങ്ങളിലും ഒരു സാധാരണ പ്രതിഭാസമായി തിർന്നിട്ടുണ്ട്. ഇങ്ങനെ എല്ലാം നഷ്ടപ്പെട്ട് അശരണരായി, നിരാലംബരായി തീരുന്ന ആളുകളെ പുനരധിവസിപ്പിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം ഈ ഗ്രാമപഞ്ചായത്തിന് ഉണ്ടെന്ന വസ്തുത വിസ്മരിക്കാൻ സാധിക്കുന്നതല്ല. അറബിക്കടലിന്റെറ തീരംചേർന്ന് കിടക്കുന്ന 7 വാർഡുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ അധികം പേരും വാസയോഗ്യമല്ലാത്ത കുടിലുകളിലാണ് കഴിയുന്നത്. നിരന്തരമായി ഉണ്ടാകുന്ന കടലാക്രമണം ഇവരുടെ കുടിലുകളെ നാശോന്മുഖമാക്കുകയാണ്. ഇവരുടെ പാർപ്പിടപ്രശ്നം ഈ പഞ്ചായത്തിന്റെറ നിത്യപ്രശ്നമായി മാറിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ രേഖകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ഇവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ:-

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ബഹുനില കെട്ടിടങ്ങൾ | കോൺക്രീറ്റ് കെട്ടിടങ്ങൾ | ഓട്മേഞ്ഞ കെട്ടിടങ്ങൾ | ഓലമേഞ്ഞ കെട്ടിടങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 490 | -- | 1 | 202 | 266 | 21 |
| II | 951 | 6 | 57 | 475 | 387 | 26 |
| III | 936 | 4 | 58 | 549 | 264 | 61 |
| IV | 666 | 1 | 7 | 344 | 314 | -- |
| V | 936 | 2 | 53 | 526 | 327 | 28 |
| VI | 849 | 2 | 2 | 510 | 335 | -- |
| VII | 715 | 1 | 5 | 430 | 222 | 17 |
| VIII | 795 | 4 | 58 | 573 | 223 | 37 |
| IX | 860 | 12 | 78 | 590 | 180 | --- |
| X | 851 | 4 | 30 | 561 | 248 | 8 |
| XI | 937 | 3 | 59 | 558 | 297 | 20 |
| XII | 932 | 9 | 46 | 515 | 351 | 11 |
| XIII | 1252 | --- | 228 | 589 | 363 | 72 |
| XIV | 801 | 6 | 37 | 470 | 228 | --- |
| XV | 471 | 1 | 19 | 142 | 306 | 3 |

മേൽ കാണിച്ചിരിക്കുന്ന കണക്കിൽ നിന്നും വ്യക്തമാകുന്നത് ഓലമേഞ്ഞകെട്ടിടങ്ങളും കുടിലുകളും വളരെ കൂടുതലാണെന്നാണ്. ഇവയിലെല്ലാം തന്നെ താമസിക്കുന്ന ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് വളരെ താഴെയുള്ളവരാണ്, മതിയായ സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ ഉണ്ടാകേണ്ടത് വളരെ ഗൗരവമായി കണക്കാക്കേണ്ട ഒരു പ്രശ്നമാണ്.

മുകളിൽകാണിച്ചിരിക്കുന്നകണക്കുകൾക്കുപുറമെ ഇവിടെ ആൾപാർപ്പില്ലാത്ത, കച്ചവടത്തിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നതും ശരിയായ ഉപയോഗമില്ലാത്തതുമായ ഒട്ടനവധി കെട്ടിടങ്ങളും ഉണ്ട്. അവയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | വീടുകൾ അല്ലാത്തവ- ഓട്, ഷീറ്റ് | വീടുകളില്ലാത്തവ ഓലമേഞ്ഞവ | ആകെ |
|---|---|---|---|
| I | മുതലുടയവ | 27 | 45 |
| II | 122 | 30 | 152 |
| III | 102 | 10 | 112 |
| IV | 70 | 38 | 108 |
| V | 135 | 27 | 162 |
| VI | 104 | 26 | 130 |
| VII | 40 | 51 | 91 |
| VIII | 103 | 9 | 112 |
| IX | 119 | 10 | 129 |
| X | 38 | 21 | 59 |
| XI | 97 | 23 | 120 |
| XII | 71 | 25 | 96 |
| XIII | 266 | 34 | 300 |
| XIV | 90 | 19 | 109 |
| XV | 52 | 29 | 81 |

നമ്മുടെ ഗ്രാമത്തിൽ 26 കോളനികൾ ഉണ്ട്. ഈ വിവിധ കോളനികളിലെ താമസക്കാർ ഭൂരിഭാഗവും ദരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരാണ്. അവിടെ പ്രാഥമിക സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ല. അവിടെയുള്ള ജനങ്ങളെ ഉദ്ധരിക്കുന്നതിന് ആവശ്യമായ പാർപ്പിടങ്ങളും പ്രാഥമിക സൗകര്യങ്ങളും ദ്രുതഗതിയിൽ കണ്ടെത്തേണ്ടതുണ്ട്.

ഐ.ആർ.ഡി.പി.യുടെ സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാൻ കഴിയും.

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 62 | Nil | Nil | Nil | 62 |
| II | 81 | 2 | 2 | – | 81 |
| III | 51 | -- | -- | — | 51 |
| IV | 45 | 1 | 1 | -- | 45 |
| V | 58 | 1 | 1 | — | 58 |
| VI | 69 | 2 | 2 | 1 | 69 |
| VII | 55 | 3 | 1 | -- | 55 |
| VIII | 45 | 1 | 1 | — | 45 |
| IX | 30 | --- | — | — | 30 |
| X | 40 | 4 | 2 | 2 | 40 |
| XI | 48 | 1 | -- | 1 | 48 |
| XII | 58 | 5 | 3 | 2 | 58 |
| XIII | 60 | 1 | 1 | — | 60 |
| XIV | 41 | 1 | 1 | — | 41 |
| XV | 38 | --- | --- | --- | 38 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

(IRDP സർവേ വിവരം)

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ചവയുടെ എണ്ണം 1992 ന് ശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനിയും കക്കൂസുകൾവേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 368 | 12 | 11 | 368 |
| II | 204 | 10 | 10 | 204 |
| III | 198 | 5 | 5 | 198 |
| IV | 206 | 9 | 9 | 206 |
| V | 218 | 12 | 12 | 218 |
| VI | 290 | 10 | 7 | 290 |
| VII | 300 | 10 | 8 | 300 |
| VIII | 100 | 3 | 3 | 100 |
| IX | 120 | 10 | 7 | 120 |
| X | 136 | 8 | 4 | 136 |
| XI | 198 | 13 | 9 | 198 |
| XII | 250 | 9 | 9 | 250 |
| XIII | 226 | 5 | 4 | 226 |
| XIV | 198 | 8 | 5 | 198 |
| XV | 63 | --- | --- | 63 |

മുകളിൽ ഉദ്ധരിച്ചിട്ടുള്ള കണക്കുകളിൽ നിന്നും ഒട്ടുവളരെ പേർ ശരിയായ പാർപ്പിട സൗകര്യങ്ങൾ ഇല്ലാത്തവരാണെന്ന് കാണാം. യഥാസ്ഥാനങ്ങളിൽ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവരുടെ എണ്ണവും വിരളമല്ല. മതിയായ കക്കൂസ് സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങൾ ലഭിക്കാനാവശ്യമായ നടപടികൾ അധികൃതരിൽ നിന്നും ഉണ്ടാകണം. എങ്കിൽ മാത്രമേ ആരോഗ്യസമ്പുഷ്ടമായ ഒരു ജനവിഭാഗത്തെ സൃഷ്ടിച്ചെടുക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

ഭവനനിർമ്മാണ സാമഗ്രികൾ ആവശ്യത്തിനു ലഭിക്കുവാൻ ചില അവസരങ്ങളിൽ കാലതാമസം അനുഭവപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ അവയുടെ വിലയും ക്രമാതീതമായി വർദ്ധിച്ചുകാണുന്നു. ഇതിന്റെയെല്ലാം ഫലമായി സാധാരണക്കാരന് പാർപ്പിടനിർമ്മാണം ഒരു പേടിസ്വപ്നമായി തീരാറുണ്ട്. ഈ സ്ഥിതിക്ക് ഒരു മാറ്റം അനിവാര്യമാണ്.

ഭവനനിർമ്മാണ തൊഴിലാളികളെ ലഭിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഗൾഫ് നാടുകളിലേക്കുള്ള ഭാഗ്യാന്വേഷികളായ വിദഗ്ധ തൊഴിലാളികളുടെ ഒഴുക്കാണ് ഇതിന് മുഖ്യകാരണമായി തോന്നുന്നത്. ഇവിടെയുള്ള ചുരുക്കം ചിലർ വലിയ പരിചയമില്ലാത്ത തൊഴിലാളികളെ തങ്ങളോടൊപ്പം കൂട്ടി പണിയെടുപ്പിക്കുയാണ് ചെയ്യുന്നത്. എന്നിട്ടും തൊഴിലാളികൾക്ക് ഭാരിച്ച കൂലി കൊടുക്കേണ്ടതായി വരുന്നു. ഒരു മരയാശാരിക്കും ഒരു കല്ലാശാരിക്കും ശരാശരി 150 രൂപ കൂലി കൊടുക്കണം. ഒരു മൈക്കാട് തൊഴിലാളി

ക്ക് നൂറു രൂപാ വരെ കൂലിയുണ്ട്. ഇന്നത്തെ ദുസ്സഹമായ ജീവിതച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ കൂലി അത്ര കൂടുതലല്ലെങ്കിലും സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്തതാണ്. അതുകൊണ്ട് നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണം.

ഭവനനിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്ക് ഒരു പരിധി വരെ സാധിക്കുന്നതാണ്. ഇവിടെ അങ്ങനെയുള്ള സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

നമ്മുടെ ഗ്രാമത്തിൽ അനേകം ഓലമേഞ്ഞ വീടുകളും, ഒട്ടനവധി വാസയോഗ്യമല്ലാത്ത കുടിലുകളുമുണ്ട്. ഇവയുടെയെല്ലാം സ്ഥാനത്ത് മതിയായ സൗകര്യങ്ങളുള്ള വീടുകൾ ഉണ്ടാകണം. അത് അത്ര എളുപ്പത്തിൽ നേടാവുന്ന ഒന്നല്ല. ജനപങ്കാളിത്തത്തോടു കൂടിയുള്ള ഒരു തീവ്രയത്നം ഇതിന് ആവശ്യമാണ്.

ഭവനനിർമ്മാണ രംഗത്തെക്കുറിച്ച് നടന്ന ചർച്ചകളിൽ ഉയർന്നുവന്ന കാതലായ ചില നിർദ്ദേശങ്ങൾ കൂടി ഇവിടെ പ്രസ്താവിക്കുന്നു. അതോടൊപ്പം ചില സാധ്യതകളും ചൂണ്ടിക്കാണിക്കുന്നു.

1. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും, ഭൂമിയും വീടും ഇല്ലാത്തവർക്ക് ഇവ രണ്ടും ലഭ്യമാക്കുക.

2. പ്രകൃതിക്ഷോഭം മൂലവും മറ്റും വീടും സ്ഥലവും നഷ്ടമാകുന്നവർക്ക് അവ എളുപ്പത്തിൽ കിട്ടുന്നതിനുള്ള നടപടികൾ എടുക്കുക.

3. കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ ലഭിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ സഹായം കിട്ടണം.

4. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവ വഴി ഭവനനിർമ്മാണ സാമഗ്രികൾ മിതവും ന്യായവുമായ വിലയ്ക്ക് ലഭ്യമാക്കുന്നതോടൊപ്പം ഭവനനിർമ്മാണ വായ്പകളും നൽകുക.

5. ഭവനനിർമ്മാണ വായ്പകൾ നൽകുമ്പോൾ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് ആവശ്യമായ കക്കൂസുകളുടെ പണിയും പൂർത്തിയാക്കേണ്ടതാണെന്ന നിർദ്ദേശവും അധികൃതർ നിർബന്ധമായും നൽകേണ്ടതാണ്.

6. ആഢംബര പൂർണമായ മണിമന്ദിരങ്ങളുടെ നിർമ്മാണത്തെ നിരുൽസാഹപ്പെടുത്തുക.

7. കെട്ടിട നിർമ്മാണ സാമഗ്രികൾ-ഹോളോബ്രിക്സ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക.

8. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വഴി നടപ്പാക്കുന്ന ഭവനനിർമ്മാണപദ്ധതി മൽസ്യഫെഡ് വഴി നടപ്പാക്കുക.

9. പട്ടികജാതി, പട്ടികവർഗക്കാർക്കും വിധവകൾക്കും വീടുവയ്ക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തു മുഖേന നൽകണം.

10. വീടുകളോട് ചേർന്ന് ശുദ്ധജല ലഭ്യതയ്ക്കുവേണ്ടി കിണർ കുഴിക്കുന്നതിന് സാമ്പത്തികസഹായം നൽകി ജനങ്ങളെ സാംക്രമിക രോഗങ്ങളിൽ നിന്ന് രക്ഷിക്കുക.

11. സമൂഹത്തിലെ അശരണരും സാമ്പത്തികശേഷി ഇല്ലാത്തവരുമായവർക്ക് പഞ്ചായത്ത് വീടു നിർമ്മിച്ചു നൽകുക.

മുൻ പറഞ്ഞ പ്രശ്നപരിഹാരങ്ങൾക്കു പുറമെ പഞ്ചായത്തിൽ നിന്നും സ്ഥലം വിലയ്ക്കുവാങ്ങി അർഹരായവർക്ക് നാലു സെന്റ് വീതം കൊടുക്കുന്നുണ്ട്. ഈ പദ്ധതിയിൽ പഞ്ചായത്തിൽ ലഭ്യമായ പുറമ്പോക്ക് ഭൂമി കൂടി ഉൾപ്പെടുത്തി കുറേക്കൂടി വിപുലീകരിച്ചാൽ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ്.

## സാമൂഹ്യക്ഷേമം

സ്വതന്ത്രഭാരതത്തിന്റെ ആരംഭദശയിൽ സാമൂഹ്യക്ഷേമത്തിന്റെ അടിത്തറയായ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നാം പിന്നോക്കം നിൽക്കുന്ന ഒരു രാഷ്ട്രമായിരുന്നു. എന്നാൽ നമ്മുടെ ആസൂത്രണപരിപാടികളിൽ കൂടി ഈ രംഗത്ത് ചില മാറ്റങ്ങൾ വരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിൽ പട്ടിണി മരണങ്ങൾ ഇല്ലാതാക്കാനും വിദ്യാഭ്യാസമണ്ഡലത്തിൽ ഉയർന്നു നിൽക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ആരോഗ്യരംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞു. പോഷകാഹാരക്കുറവുകൊണ്ട് സംഭവിച്ചുകൊണ്ടിരുന്ന ശിശുമരണത്തിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ട്. അതുപോലെ മാരകങ്ങളായ ചില പകർച്ച വ്യാധികളെ ഉന്മൂലനം ചെയ്യുവാനും സാധിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെ ആണെങ്കിലും സാമൂഹ്യരംഗത്ത് പൂർണമായ ക്ഷേമം കൈവരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തത്തോടു കൂടി വലിയൊരളവ് നേട്ടമുണ്ടാക്കി തീർക്കാൻ സാധിക്കുമെന്നാണ് വിചാരിക്കപ്പെടുന്നത്.

ഇന്ന് ജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി കേന്ദ്രസംസ്ഥാന സർക്കാരുകൾ പല നടപടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജനപങ്കാളിത്തത്തോടു കൂടി ദരിദ്രരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടിയിരിക്കുന്നു.

തൊഴിലുടമകളുടെ സഹകരണത്തോടു കൂടി ഒട്ടനവധി തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഇന്ന് നിലവിൽ വന്നിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡുകൾക്ക് പുറമെ പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തെ ലാക്കാക്കി പ്രവർത്തിക്കുന്ന പട്ടികവർഗ വികസന കോർപറേഷൻ, പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള

മൽസ്യത്തൊഴിലാളി ക്ഷേമ കോർപറേഷനും ഇവിടെ രൂപികരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ എല്ലാം പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനങ്ങൾ പൂർണമായി ലഭിക്കുന്നില്ലയെന്നത് ഒരു സത്യമാണ്. മറ്റു പരിപാടികളെ അപേക്ഷിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടികൾ മൂലം അൽപം കൂടുതൽ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് വസ്തുത വിസ്മരിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഹരിജൻ കോളനി, ഫിഷർമെൻ കോളനി, ലക്ഷംവീട് കോളനി, പഞ്ചായത്ത് സെറ്റിൽമെൻറ് കോളനി തുടങ്ങി 26 കോളനികൾ ഉണ്ട്. ഇവയുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അവിടെയുള്ള ജനങ്ങൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. അവർക്ക് തൊഴിൽസൗകര്യങ്ങൾ ലഭിക്കണം.

വനിതകളുടെ ക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കുന്ന '8' വനിതാ സമാജങ്ങളുണ്ട്. ഇപ്പോൾ പലതിന്റെയും പ്രവർത്തനം മന്ദിഭവിച്ചു കിടക്കുന്നു. വനിതകളെ ഇന്ന് അലട്ടിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളേയും നേരിടുന്നതിനും യുക്തമായ പരിഹാരം കണ്ടെത്തുന്നതിനും നല്ല രീതിയിൽ പ്രവർത്തിക്കുന്ന വനിതാ സമാജങ്ങൾക്ക് സാധിക്കും. അതുകൊണ്ട് നിർജ്ജീവങ്ങളായ വനിതാസമാജങ്ങളെ പുനർജ്ജീവിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സമാജങ്ങൾ രൂപീകരിക്കുകയും ചെയ്ത് വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്.

ഇവിടെ 40 അംഗൻവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇവ അപര്യാപ്തമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സംഖ്യയ്ക്ക് ആനുപാതികമായി നോക്കുമ്പോൾ കുറഞ്ഞത് 9 അംഗൻവാടികൾ കൂടി നമ്മുടെ ഗ്രാമത്തിൽ ആവശ്യമാണ്. അംഗൻവാടികളെ പ്രൈമറി വിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തി അവയിലെ കുഞ്ഞുങ്ങളുടെ തുടർന്നുള്ള വിദ്യാഭ്യാസം കാര്യക്ഷമമാക്കാവുന്നതാണ്. ചില അംഗൻവാടികൾക്ക് സ്വന്തമായ ഭൂമിയോ കെട്ടിടമോ ഉപകരണങ്ങളോ ഒന്നും തന്നെയില്ല എന്നത് ഒരു ദുഃഖസത്യമാണ്. ചില വാർഡുകളിൽ ചില സ്വകാര്യവ്യക്തികൾ അംഗൻവാടികൾക്ക് സ്ഥലം സൗജന്യമായി നൽകാൻ സന്മനസ് കാണിക്കുന്നുണ്ട്. അങ്ങനെയുള്ള വ്യക്തികളെ കൂടുതലായി കണ്ടെത്തി ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം ഉണ്ടാക്കാവുന്നതാണ്.

## അംഗൻവാടികളിൽ നിന്ന് ശേഖരിച്ച കണക്ക്

(ICDS പ്രകാരം 1996 ഏപ്രിൽ വരെയുള്ളത്)

| | | | | |
|---|---|---|---|---|
| I | a) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | - | 48756 |
| | b) | പുരുഷന്മാർ | - | 23825 |
| | c) | സ്ത്രീകൾ | - | 24993 |
| II | a) | പട്ടികജാതി ജനസംഖ്യ | - | 1831 |
| | b) | പട്ടികവർഗ്ഗ ജനസംഖ്യ | - | 121 |
| III | a) | അംഗൻവാടികളുടെ എണ്ണം | - | 40 |
| IV | a) | ആറുമാസത്തിന് താഴെ പ്രായമുള്ള കുട്ടികൾ | - | 321 |
| | b) | 6 മാസം മുതൽ 1 വയസുവരെയുള്ളവർ | - | 365 |
| | c) | 1 വർഷം മുതൽ 3 വയസുവരെയുള്ളവർ | - | 1244 |
| | d) | 3 വർഷം മുതൽ 6 വയസുവരെയുള്ളവർ | - | 1785 |
| V | a) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | - | 124 |
| | b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | - | 12 |
| VI | a) | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (ആറുമാസംവരെ പ്രായമുള്ള കുട്ടികൾ ഉള്ളവർ) | - | 321 |
| VII | a) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | - | 365 |
| | b) | ചാപിള്ള ജനനങ്ങൾ | - | — |
| VIII | a) | ഒരു വയസിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികൾ (95-96) | - | 2 |
| | b) | 1-3 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം | - | 3 |
| | c) | 3-6 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം | - | 2 |
| IX | a) | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | - | 1 |
| | b) | മറ്റു മരണങ്ങളുടെ എണ്ണം | - | 31 |
| X | a) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | - | 1536 |
| | b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | - | 214 |
| | c) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | - | 321 |

DWCRA (Development of Women and Children in Rural Areas). ഇതിന്റെ b യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നു. ഇവകളിൽ കമ്പി കാർപെറ്റ്, മെക്കനൈസ്ഡ് കയർറാട്ട്, dairy തുടങ്ങിയ വിവിധ രംഗങ്ങളിൽ പരിശീലനം സിദ്ധിച്ച വനിതകൾ തൊഴിൽ ചെയ്യുന്നു.

C.B.C.S (Community Based Convergent Scheme), ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന സ്ത്രീകൾ കുറവായിട്ടാണ് കാണപ്പെടുന്നത്. Micro Planning-ൽക്കൂടി സ്ത്രീകളെ സമ്പാദ്യശീലമുള്ളവരാക്കി തീർക്കാനുദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭിക്കുന്നതിന് ശരിയായ ബോധവൽക്കരണ പരിപാടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

(മുൻപറഞ്ഞ D.W.C.R.Aയും C.B.C.S.യും വിശദമായി അന്യത്ര ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്നതിൽ ഇവിടെ അവ പരാമർശിക്കപ്പെടുക മാത്രമെ ചെയ്തിട്ടുള്ളൂ.)

ട്രൈസം പദ്ധതിയനുസരിച്ച് വളരെ ചുരുക്കം ചിലർക്കു മാത്രമെ തൊഴിലിൽ പരിശീലനം ലഭിച്ചിട്ടുള്ളൂ. കൂടുതൽ പേർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

## ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽകണ്ടെത്തിയവരുടെ എണ്ണം. | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1992-93 | | | | | |
| I | കമ്പി കാർപ്പെറ്റ് | 12 | 12 | -- | Nil |
| XIII | കയർ | 11 | 11 | Nil | Nil |

| | | | | | |
|---|---|---|---|---|---|
| 1993-94 | | | | | |
| VIII | Mechanised Coir ratt | 10 | 10 | Nil | Nil |
| IX | Do | 10 | 10 | Nil | Nil |
| X | T.V. Radio, Two Whelers | 3 | 1 | 1 | 1 Not Completed |
| V | കമ്പി കാർപ്പെറ്റ് | 10 | 10 | Nil | Nil |
| IV | Do | 1 | 1 | Nil | Nil |
| XII | Do | 2 | 1 | Nil | 1 Not Completed |
| 1994-95 | | | | | |
| VIII | 6 (Electrical & Electrician) Printing | 6 | Nil | Wage | employed |
| XI | 1 Printing | -- | -- | -- | |
| XII | 3 Leather Works | 3 | Nil | Wage | employed |
| XIV | 1 | 1 | Nil | Do | Nil |
| 1995-96 | | | | | |
| VII | Leather Works | 7 | Nil | 7 | Nil |
| XI | | 2 | – | -- | -- |
| XII | | 1 | -- | -- | -- |
| XIV | | 1 | 1 | -- | -- |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരങ്ങൾ

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച വിവരം |
|---|---|---|---|---|
| I | കമ്പി കാർപ്പെറ്റ് യൂണിറ്റ് | 1992-93 | 12 | തൃപ്തികരം |
| II | ഇല്ല | – | – | – |
| III | ഇല്ല | – | – | – |
| IV | ഇല്ല | – | – | – |
| V | കമ്പി കാർപ്പെറ്റ് യൂണിറ്റ് | 1993-94 | 12 | തൃപ്തികരം |
| VI | ഇല്ല | – | – | – |
| VII | കയർയാൺ യൂണിറ്റ് | 1993-94 | 10 | തൃപ്തികരം |
| VIII | ഇല്ല | – | -- | -- |
| IX | കയർയാൺ യൂണിറ്റ് (യന്തം) | 1993-94 | 10 | തൃപ്തികരമല്ല |
| X | ഇല്ല | – | – | – |
| XI | ഇല്ല | – | – | – |
| XII | ഇല്ല | – | -- | – |
| XIII | കയർയാൺ യൂണിറ്റ് (യന്തം) | 1991-92 | 10 | തൃപ്തികരമല്ല |
| XIV | ഡയറി യൂണിറ്റ് | 1992-93 | 12 | തൃപ്തികരമല്ല |
| XV | ഇല്ല | – | – | – |

C.R.S.P. പരിപാടി അനുസരിച്ച് കക്കൂസ് ആവശ്യക്കാർക്ക് മുഴുവൻ വിതരണം നടത്തുവാൻ സാധിക്കുന്നില്ല. ഈ ന്യൂനത പരിഹരിക്കപ്പെടണം. (ഈ പരിപാടിയെക്കുറിച്ച് 'ആരോഗ്യം' എന്ന അധ്യായത്തിൽ വിവരിക്കുന്നുണ്ട്.)

ക്ഷേമപ്രവർത്തനങ്ങൾ നടത്തപ്പെടേണ്ട മറ്റൊരു വിഭാഗമാണ് അംഗവൈകല്യമുള്ളവർ. അന്ധർ, ബധിരർ, മാനസിക വൈകല്യമുള്ളവർ എന്നിങ്ങനെ ഈ വിഭാഗത്തിൽപ്പെടുന്ന 958 പേർ നമ്മുടെ ഗ്രാമത്തിലുണ്ട്. ഇവരെയും പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കണം.

## (പുന്നപ്ര പഞ്ചായത്തിലെ അംഗവൈകല്യ സർവേ വിവരങ്ങൾ)

| വൈകല്യം Nature of Disability | Male (പുരുഷന്മാർ) | | | | Female (സ്ത്രീകൾ) | | | | Total (ആകെ) |
|---|---|---|---|---|---|---|---|---|---|
| | 0 to 14 | 15 to 30 | 31 to 45 | 45 and above | 0 to 17 | 15 to 30 | 31 to 45 | 45 and above | |
| Phisically Handicipation (ശാരീരിക വൈകല്യം) | 25 | 69 | 51 | 50 | 13 | 40 | 25 | 36 | 309 |
| Blind (അന്ധർ) | 5 | 7 | 8 | 14 | 7 | 9 | 7 | 11 | 68 |
| Hearing Impaired (ബധിരർ) | 21 | 28 | 20 | 12 | 18 | 28 | 17 | 8 | 152 |
| Mentally retarded (മാനസിക വൈകല്യമുള്ളവർ) | 18 | 18 | 6 | 4 | 9 | 25 | 13 | 4 | 97 |
| Other disabilities (മറ്റു വൈകല്യമുള്ളവർ) | 12 | 16 | 23 | 151 | 15 | 7 | 40 | 68 | 332 |
| Total (ആകെ) | 81 | 138 | 108 | 231 | 62 | 109 | 102 | 127 | 958 |

ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള വിവിധ പെൻഷൻ പദ്ധതികൾ വഴി ആനുകൂല്യങ്ങൾ ലഭിക്കുന്ന 2046 പേർ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അർഹമായ പലർക്കും ഇനിയും അത് ലഭിക്കാനുണ്ട്. അശരണരും ആലംബഹീനരുമായ ഒട്ടനവധി ആളുകൾ അപേക്ഷ കൊടുത്തിട്ട് കാത്തിരിക്കുകയാണ്. അർഹരായ എല്ലാവർക്കും പെൻഷൻ എളുപ്പത്തിൽ കിടുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം.

## വിവിധ പെൻഷൻ സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | വർഷം | വിധവാ പെൻഷൻ | | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠരോഗ പെൻഷൻ | കാൻസർ പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ പെൻഷൻ |
|---|---|---|---|---|---|---|---|---|---|---|
| പുന്നപ്ര | 1991 | 248 | | 48 | 188 | 52 | 5 | 6 | 1026 | |
| | 1992 | 260 | | 53 | 196 | 57 | 7 | 9 | 1029 | |
| | 1993 | 265 | | 57 | 201 | 64 | 9 | 12 | 1024 | |
| | 1994 | 280 | | 64 | 212 | 71 | 10 | 14 | 1035 | |
| | 1995 | 288 | | 66 | 218 | 77 | 12 | 17 | 1066 | |
| പറവൂർ | 1991 | 57 | | 41 | 19 | 13 | 3 | 1 | 256 | |
| | 1992 | 43 | | 36 | 7 | 9 | 2 | -- | 266 | |
| | 1993 | 26 | | 15 | 11 | 17 | 4 | 2 | 268 | |
| | 1994 | 32 | | 28 | 22 | 10 | 7 | 1 | 268 | |
| | 1995 | 14 | | 9 | -- | 6 | 2 | 1 | 270 | |

I.R.D.P. (Integrated Rural Development Programme) നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഉദ്യോഗങ്ങൾക്കുവേണ്ടി നട്ടം തിരിയുന്നു. എന്നാൽ സ്വയംവഴി കണ്ടെത്താൻ ശ്രമിക്കുന്നവരുടെ എണ്ണം ഇപ്പോൾ താരതമ്യേന വർദ്ധിച്ചു വരുന്നുണ്ട്. അങ്ങനെ മുന്നോട്ടുവരുന്നവരുടെ അപേക്ഷകൾ പരിഗണിച്ച് ആവശ്യമായ സഹായം ലഭ്യമാക്കിയാൽ മാത്രമേ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ കഴിയുകയുള്ളു. അതിനാൽ ഈ പദ്ധതി കൂടുതൽ ലളിതവും കുറ്റമറ്റതാക്കേണ്ടവുമുണ്ട്.

I.R.D.P. സർവ്വേ അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും ആ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളായ കുടുംബങ്ങളുടെ വിവരവും കാണിക്കുന്ന ചാർട്ടാണ് ചുവടെ കൊടുത്തിരിക്കുന്നത്.

## പുന്നപ്ര ഗ്രാമപഞ്ചായത്ത്
### IRDP സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 347 | -- | 43 | 4 | 43 | 347 |
| II | 415 | -- | 21 | 2 | 21 | 415 |
| III | 335 | -- | 21 | 1 | 21 | 336 |
| IV | 354 | -- | 22 | 2 | 22 | 356 |
| V | 326 | -- | 26 | 1 | 26 | 326 |
| VI | 390 | -- | 19 | 1 | 19 | 390 |
| VII | 370 | -- | 26 | 2 | 26 | 370 |
| VIII | 175 | -- | 18 | 2 | 18 | 175 |

| | | | | | | |
|---|---|---|---|---|---|---|
| IX | 163 | -- | 23 | 2 | 23 | 163 |
| X | 191 | -- | 22 | 8 | 22 | 191 |
| XI | 236 | -- | 16 | -- | 16 | 236 |
| XII | 313 | -- | 21 | 4 | 21 | 313 |
| XIII | 325 | -- | 14 | 5 | 14 | 325 |
| XIV | 200 | -- | 18 | 4 | 18 | 200 |
| XV | പ്രത്യേകിച്ചില്ല | -- | 2 | -- | 2 | Nil |

## IRDP ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| ബ്ലോക്ക് നമ്പർ | IRDPസർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 5 | 2 | 3 | |
| II | 6 | 2 | 4 | |
| III | 8 | Nil | 8 | |
| IV | 12 | Nil | 12 | |
| V | 10 | 1 | 9 | |
| VI | 5 | 1 | 4 | |
| VII | 10 | 3 | 7 | |
| VII | 11 | 1 | 10 | |
| IX | 12 | 2 | 10 | |
| X | 8 | Nil | 8 | |
| XI | 12 | 2 | 10 | |
| XII | 8 | - | 8 | |
| XIII | 5 | - | 5 | |
| XIV | 3 | 2 | 1 | |
| XV | - | Nil | - | |

സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധക്ഷേമനിധി സംരംഭങ്ങളിൽ അംഗങ്ങളായിട്ടുള്ള അനവധി ആളുകൾ ഈ ഗ്രാമങ്ങളിലുണ്ട്. പ്രധാനപ്പെട്ട ക്ഷേമനിധി പ്രസ്ഥാനങ്ങളായ കർഷകത്തൊഴിലാളി ക്ഷേമനിധി, കയർതൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ജനക്ഷേമകരങ്ങളായ ക്ഷേമനിധികളിൽ അംഗങ്ങളാകേണ്ട ഒട്ടനവധി ആളുകൾ ഇവിടെയുണ്ട്. അങ്ങനെയുള്ളവരെക്കൂടി കണ്ടെത്തി ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കണം.

അംഗവൈകല്യം മൂലം സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു കഴിയുന്ന ഒട്ടനവധി ആളുകളുള്ള ഈ ഗ്രാമത്തിൽ അവർക്ക് തൊഴിൽ പരിശീലനവും വിദ്യാഭ്യാസവും ലഭിക്കുന്നതിനാവശ്യമായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങി അവരെക്കൂടി രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതാണ്.

അടുത്ത കാലത്ത് നടപ്പിലാക്കിയ ചാരായനിരോധനം ഒരു പരിധി വരെ വനിതകളുടെ സമാധാനജീവിതത്തെ സഹായിച്ചിട്ടുണ്ട്. ഈ സത്യം കണക്കിലെടുത്ത് പൂർണമായ മദ്യനിരോധനം നടപ്പിലാക്കി നാട്ടിലെ എല്ലാവിഭാഗം ആളുകളുടെയും ക്ഷേമ ഐശ്വര്യങ്ങൾക്ക് കൂടുതൽ സാധ്യതകൾ ഉണ്ടാക്കാവുന്നതാണ്.

മുൻപറഞ്ഞ കാര്യങ്ങൾക്കെല്ലാം ഉപരിയായി ആഹാരസാധനങ്ങളുടെയും മറ്റ് നിത്യോപയോ വസ്തുക്കളുടെയും വില സാധാരണക്കാരന് താങ്ങാൻ വയ്യാത്ത വിധം അനുദിനം കുതിച്ചു കയറിക്കൊണ്ടിരിക്കുന്നു. ജനജീവിതം ദുഃസഹമായിക്കൊണ്ടിരിക്കുന്നു. ഇതിനൊരു പ്രതിവിധിയായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായ കേന്ദ്രങ്ങൾ തുറന്ന് പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തണം.

സാമൂഹികക്ഷേമത്തെപ്പറ്റി നടന്ന ചർച്ചകളിൽ ഉയർന്നു വന്ന ചില മറ്റു നിർദ്ദേശങ്ങൾ കൂടി ഇവിടെ ചേർക്കുന്നു.

1. വിധവകളുടെ പെൺമക്കൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം Rs. 2000/- ത്തിൽ നിന്ന് Rs. 10,000/- ആക്കി ഉയർത്തുക.

2. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് നാലു ശതമാനം പലിശനിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ അനുവദിക്കുക.

3. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതുശ്മശാനം കൂടി അനുവദിക്കുക.

4. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കി നാട്ടിൽ സൈരജീവിതം ഉറപ്പാക്കുക.

5. സ്വതന്ത്ര സമരസേനാനികൾക്കും അർഹരായ ആശ്രിതർക്കും പെൻഷൻ അനുവദിക്കുക.

6. വനിതകൾക്കുവേണ്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തയ്യൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

7. നിരാലംബരായവർക്കുവേണ്ടി അഭയകേന്ദ്രം തുറന്നു പ്രവർത്തിക്കുക.

8. കോളനിനിവാസികൾക്കും മറ്റു പൊതുജനങ്ങൾക്കും വിശ്രമവേളകൾ ചിലവഴിക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക.

മുൻപറഞ്ഞ കാര്യങ്ങളെല്ലാം നേടാൻ കഴിഞ്ഞാൽ ജനജീവിതം കൂടുതൽ സന്തോഷപ്രദമായി തീരുന്നതാണ്. അപ്പോൾ നാട്ടിൽ ശാന്തിയും സമാധാനവും ഉറപ്പുവരുത്താനും ക്ഷേമ ഐശ്വര്യങ്ങൾ കൈവരുത്താനും കഴിയുമെന്ന് നമുക്ക് പ്രത്യേശിക്കാം.

# സഹകരണം

ഒമ്പതാം പദ്ധതി എന്ന ജനകീയ പ്രക്രിയയുടെ സമ്പൂർണ്ണ വിജയം സഹകരണം എന്ന മേഖലയെ ആശ്രയിച്ചിരിക്കുന്നു. സഹകരണം എന്ന വാക്കിന്റെ വിപുലമായ അർത്ഥതലം ഇവിടെ പ്രസക്തമാണ്. ജാതിക്കും, മതത്തിനും, രാഷ്ട്രീയത്തിനും അതീതമായ ഒരു സഹകരണമനോഭാവം ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിലൂടെ കെട്ടിപ്പടുക്കുന്ന സഹകരണപ്രസ്ഥാനങ്ങൾക്ക് ജനങ്ങളുടെ മൂഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. എന്നാൽ നാളിതുവരെയുള്ള അനുഭവം വെച്ചുനോക്കിയാൽ ബഹുഭൂരിപക്ഷം സഹകരണസ്ഥാപനങ്ങളും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു നിൽക്കുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. ഇത് ക്ഷന്തവ്യമായ ഒന്നാണെന്ന് ആർക്കും അംഗീകരിക്കുവാൻ കഴിയുകയില്ല. മേലിൽ അങ്ങനെ സംഭവിക്കാതെയിരിക്കാൻ നിലവിലുള്ള സംഘങ്ങളും, വരാൻ പോകുന്ന സംഘങ്ങളും ജനജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഇറങ്ങിവരികയും ഉദാത്തമായ സേവനം കാഴ്ചവയ്ക്കുകയും വേണം.

കൃഷി, വ്യവസായം, തൊഴിൽ, ഭവനനിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ഒട്ടനവധി മേഖലകളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സഹകരണസംഘങ്ങൾ പ്രയോജനപ്പെടും. ജനങ്ങളെ ചൂഷണത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കാൻ ഇത്തരം പ്രസ്ഥാനങ്ങൾക്കുമാത്രമേ കഴിയൂ. ഇക്കാര്യത്തിൽ ജനങ്ങൾ ബോധവാന്മാരാണെന്നുള്ളതിനു തെളിവാണ് ഇക്കഴിഞ്ഞ ഗ്രാമതലസർവേ.

പുന്നപ്ര ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയും പാരമ്പര്യവും അനുസരിച്ച് നിലവിലുള്ള സഹകരണസംഘങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതോടൊപ്പം പുതിയ സഹകരണപ്രസ്ഥാനങ്ങൾക്ക് രൂപം നൽകേണ്ടതായിട്ടുമാണിരിക്കുന്നത്.

വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനുതകുന്നതായിരിക്കണം സഹകരണസംഘങ്ങൾ. നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങൾ ഏതൊക്കെയെന്നു പരിശോധിക്കാം.

## 1 സർവീസ് സഹകരണബാങ്ക്/സംഘം

പുന്നപ്ര പഞ്ചായത്ത് അതിർത്തിയിൽ ഈ ഇനത്തിൽ മൂന്നു സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ രണ്ടെണ്ണം ക്രെഡിറ്റ് ബാങ്കുകളും ഒരെണ്ണം ക്രഡിറ്റ് സൊസൈറ്റിയുമാണ്.

1. പുന്നപ്ര സർവീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് നമ്പർ 181, 2. വാടയ്ക്കൽ സർവീസ് കോ. ഓപ്പറേറ്റീവ് ബാങ്കു നമ്പർ 1826 എന്നിവയും ആലപ്പി പറവൂർ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ 1214 എന്നതുമാണ്. മേൽസൂചിപ്പിച്ചിരിക്കുന്ന മൂന്നു പ്രസ്ഥാനങ്ങളും കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന വായ്പകൾ, വളം, കീടനാശിനി എന്നിവയും കൃഷിക്കാർക്കു കൊടുത്തു സഹായിക്കുന്നതോടൊപ്പം ആവശ്യക്കാർക്ക് സാധാരണ വായ്പകളും നൽകുന്നു.

എന്നാൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കുറേക്കൂടി വിപുലമാക്കുകയും പൊതുജനങ്ങൾക്ക് അതിന്റെ ഗുണമേന്മ ലഭിക്കത്തക്ക വിധത്തിലാക്കി തീർക്കണമെന്നും അഭിപ്രായങ്ങൾ ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. സ്വർപ്പണയത്തിന്മേൽ പണം കടം കൊടുക്കുകയും വിദ്യാഭ്യാസനിധികൾ ഫലപ്രദമായ വിധത്തിൽ കൈകാര്യം ചെയ്യണമെന്നുള്ളതുമാണ്. തന്നെയുമല്ല ഗ്രാമത്തിന്റെ ചില ഭാഗങ്ങളിൽ ഈ സംഘങ്ങളുടെ പ്രവർത്തനപരിധിയുമായി വളരെ അകലമായതിനാൽ അങ്ങനെയുള്ള ഭാഗങ്ങളിൽ പുതിയ സർവീസ് സഹകരണസംഘം സ്ഥാപിക്കണമെന്നും അഭിപ്രായമുണ്ട്. പഞ്ചായത്തു കമ്മിറ്റിയുടെ വിദഗ്ധപരിശോധനയ്ക്കുശേഷം അത്തരം സംഘം സ്ഥാപിക്കാവുന്നതാണ്.

## 2. വ്യവസായസഹകരണസംഘം

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള വേദിയൊരുക്കാൻ ഈ സംഘം പ്രയോജനപ്പെടും. ധനസഹായം നൽകാൻ നിയമത്തിന്റെ നൂലാമാലകളുമായി ബാങ്കുകൾ മടിച്ചു നിൽക്കുമ്പോൾ ആ കുറവ് വ്യവസായസഹകരണസംഘം പരിഹരിക്കുന്നു.

കയർ, ഫർണ്ണിച്ചർ, വസ്ത്രനിർമ്മാണം, ഹോളോബ്ലോക്ക് ഇഷ്ടിക നിർമ്മാണം തുടങ്ങി വിവിധ സാധനസാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്ക് സഹായം നൽകുന്നതിന് ഈ സംഘം പ്രയോജനപ്പെടും. നമ്മുടെ പഞ്ചായത്തിൽ കയർ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന രണ്ടു ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടിലും കൂടി ഏകദേശം മുന്നൂറ്റി പതിനേഴ് തൊഴിലാളികൾ ജോലി ചെയ്യുന്നു. വാടയ്ക്കൽ ഭാഗത്തുള്ള വ്യവസായ എസ്റ്റിമേറ്റിൽ പ്രവർത്തിക്കുന്ന മോഡേൺ കയർ മാറ്റ്സ് ആൻഡ് മാറ്റിങ് സഹകരണസംഘം നമ്പർ എ. 764, അമ്പലപ്പുഴ കയർ മാറ്റ്സ് ആൻഡ് മാറ്റിങ് സഹകരണസംഘം നമ്പർ 394 ആണ്. മേൽ സൂചിപ്പിച്ച വ്യവസായസഹകരണസംഘങ്ങൾ. ഇതുകൂടാതെ മറ്റനേകം വ്യവസായസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാകണം.

### 3. ക്ഷീരോൽപ്പാദക സഹകരണസംഘം

പുന്നപ്ര പഞ്ചായത്തിൽ ഇപ്പോൾ അഞ്ച് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയെല്ലാംതന്നെ മിൽമയുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. പുന്നപ്ര ക്ഷീരോൽപ്പാദക സഹകരണസംഘം നമ്പർ A7(D)APCOS, (II) പുന്നപ്ര വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം നമ്പർ A143(D)APCOS, (III) പറവൂർ ക്ഷീരോൽപ്പാദക സഹകരണസംഘം നമ്പർ A136(D)APCOS, (IV) വാടയ്ക്കൽ ക്ഷീരോൽപ്പാദക സഹകരണസംഘം നമ്പർ A132(D)APCOS തുടങ്ങിയവയിലുള്ള സഹകരണസംഘം എന്നിവയാണ് ക്ഷീരോൽപ്പാദനരംഗത്ത് പ്രവർത്തിക്കുന്നത്. ഗ്രാമത്തിന്റെ കിഴക്കൻ ഭാഗത്ത് രണ്ടോ, മൂന്നോ വാർഡുകൾ ഏകോപിപ്പിച്ചുകൊണ്ട് പുതിയ ഒന്നോ രണ്ടോ സംഘങ്ങൾ കൂടി തുടങ്ങാവുന്നതാണ്.

### 4. മൽസ്യത്തൊഴിലാളി ക്ഷേമസഹകരണസംഘം /മൽസ്യോദ്പാദക സഹകരണസംഘം

ഒരു തീരദേശ ഗ്രാമമായ പുന്നപ്രയിൽ മൽസ്യോൽപ്പാദക സഹകരണസംഘത്തിന് വളരെ പ്രാധാന്യമുണ്ട്. ഈ രംഗത്ത് മൂന്നു സംഘങ്ങൾ പ്രവർത്തിക്കുന്നു. (1) പുന്നപ്ര സൗത്ത് മൽസ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം നമ്പർ DF(A)72/92, (II) പുന്നപ്ര നോർത്ത് മൽസ്യത്തൊഴിലാളി വികസന ക്ഷേമസഹകരണസംഘം നമ്പർ DF(A)74/92 എന്നിവയാണ് അവ. എന്നാൽ മൽസ്യത്തൊഴിലാളികളുടെ അംഗസംഖ്യയ്ക്കനുസരണമായി ഈ മൂന്നു സംഘങ്ങൾ പോരാ എന്ന് ഒരഭിപ്രായം ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുള്ളത്. ഏതാണ്ട് 2425 അംഗങ്ങൾ മാത്രമാണ് മേൽപറഞ്ഞ മൂന്നു സംഘങ്ങളിലായിട്ടുള്ളത്. ഇതുപരിഗണിച്ച് ഇനിയും സംഘം അനിവാര്യമെന്നു കണ്ടാൽ പുതുതായി രൂപീകരിക്കാവുന്നതാണ്.

**പുതുതായി രൂപീകരിക്കേണ്ട സഹകരണസംഘങ്ങൾ**

### 5. ഭവനനിർമ്മാണ സഹകരണസംഘം

ഭവനനിർമ്മാണരംഗത്ത് സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുമായി സഹകരിച്ച് സാധാരണക്കാരന് ഭവനനിർമ്മാണത്തിനാവശ്യമായ ധനസഹായം ലഭിക്കുന്നതിനുതകുന്ന രീതിയിൽ പ്രവർത്തിക്കുന്ന സംഘമാണിത്. വീടു നിർമ്മിക്കുന്നതിനാവശ്യമായ മുഴുവൻ അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് അതായത് ഇടനിലക്കാരന്റെ ചൂഷണമില്ലാതെ ലഭിക്കുവാൻ വേണ്ട സംവിധാനം സംഘത്തിലൂടെ ഉണ്ടാക്കണം.

### 6. വനിതാ സഹകരണസംഘം

സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുന്നതിനും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുള്ള സഹകരണസംഘമാണിത്. വ്യവസായ സഹകരണസംഘവുമായി ബന്ധപ്പെട്ടുപ്പോകുന്നത് ഉചിതമായിരിക്കും. സ്ത്രീകളുടെ ജീവിതപുരോഗതി ലക്ഷ്യമാക്കിയിട്ടുള്ളതിനാൽ ഇതിനു പ്രത്യേകം പ്രസക്തിയുണ്ട്. ചൂരൽ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുക, ഭക്ഷണസാധനങ്ങൾ, അതായത് അച്ചാറുകൾ, പലഹാരങ്ങൾ മുതലായവ നിർമ്മിക്കുക, പച്ചക്കറി, ഓർക്കിഡ് ഉൾപ്പെടെയുള്ള പൂക്കളുടെ കൃഷികൾ, കോഴിവളർത്തൽ, ഹോട്ടൽ വ്യവസായം തുടങ്ങി ധാരാളം തൊഴിലുകൾ വനിതാ സഹകരണത്തിന്റെ കീഴിൽ നടത്താൻ കഴിയും.

### 7. കയർ സഹകരണസംഘം

സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു സംഘമാണിത്. താരതമ്യേന നമ്മുടെ പ്രദേശത്ത് തൊണ്ട് ലഭിക്കുവാൻ പ്രയാസമാണ്. ഇതു കണക്കിലെടുത്ത് തമിഴ്നാട് മുതലായ സ്ഥലങ്ങളിൽ നിന്നും സുലഭമായി ലഭിക്കുന്ന ചകിരിനാര് ഇറക്കുമതി ചെയ്ത് സംഘാംഗങ്ങൾക്ക് നിശ്ചിത അളവിൽ കൊടുക്കുക. ഗുണമേന്മയും, വേഗതയും പരിഗണിച്ച് വീടുകളിൽ ചെറിയ മോട്ടോർ ഘടിപ്പിച്ച റാട്ടിൽ പിരിച്ചെടുക്കുക, മോട്ടോർ റാട്ടുകൾ സംഘത്തിൽ നിന്നും വിതരണം ചെയ്യാവുന്നതുമാണ്. അതിലൂടെ കയർ പിരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും സംഘം മുൻ

കയ്യെടുത്ത് നടത്തേണ്ടതാണ്. ഇങ്ങനെ വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ, സഹകരണസംഘം തന്നെ വിലയ്ക്കെടുക്കേണ്ടതുമാണ്. കൂടാതെ തറികൾ ഇട്ട് കയർ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികളും ഈ സംഘത്തിൽ സ്ഥാപിക്കാവുന്നതാണ്. കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാൻ ഈ രീതിയും പര്യാപ്തമാകും. അതുപോലെ ബ്രിക്ക് ബൈൻറിങ്, കുടനിർമ്മാണം എന്നീ തൊഴിലുകളും ഈ സംഘം മുഖേന നടത്താവുന്നതാണ്.

## 8. പട്ടികജാതി/പട്ടികവർഗ വനിതാ വ്യവസായ സഹകരണസംഘം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതകളുടെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തനമാരംഭിക്കേണ്ട ഒരു സഹകരണസംഘമാണിത്. അവരുടെ പാരമ്പര്യതൊഴിലുകളും, അതോടൊപ്പം തന്നെ പുതിയ മേഖലകളിലെ തൊഴിലുകളിൽ പ്രത്യേകപരിശീലനം നൽകി പുത്തൻ പ്രവണതകളുമായി പൊരുത്തപ്പെട്ടുപോകുന്നതിനും ഈ സംഘം അവരെ സഹായിക്കുന്നു. സർക്കാരിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ ധനസഹായം സംഘം മുഖേന ലഭിക്കണം. കുട്ടവടി തുടങ്ങിയവയും, ചൂരൽ ഫർണിച്ചറുകൾ, റഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുക, എംബ്രോയ്ഡറി വർക്സ്, പ്ലാസ്റ്റിക് ഉപകരണനിർമ്മാണം തുടങ്ങി ഒട്ടനവധി തൊഴിലുകൾ ഈ സംഘത്തിലൂടെ ചെയ്യാൻ കഴിയും. പട്ടികജാതി/വർഗ വിഭാഗങ്ങൾ കൂടുതലായി പാർക്കുന വാർഡുകളിൽ ഇത്തരത്തിലുള്ള സംഘങ്ങൾ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

## 9. മാർക്കറ്റിങ് സഹകരണസംഘം

പ്രത്യുൽപ്പാദനപരമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മേൽപറഞ്ഞ സംഘങ്ങളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് മാർക്കറ്റിങ് സൊസൈറ്റികൾ ആവശ്യമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒന്നോ രണ്ടോ സംഘങ്ങൾ മതിയാകും. ഇതിൻറെ മേൽനോട്ടത്തിൽ ഗ്രാമത്തിലെ ജനസാന്ദ്രതയേറിയ ഭാഗങ്ങളിൽ മാവേലി സ്റ്റോറുകളെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, പൊതുമാർക്കറ്റിലെ വിലവർധനവ് ഒരു പരിധിവരെ പിടിച്ചുനിർത്തുന്നതിനും സാധിക്കുന്നു. അതിലുപരി ഒരു കുടയ്ക്കു താഴെ നിന്നും അത്യാവശ്യമായ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുകയും ചെയ്യുന്നു.

## ലേബർ കോണ്ടാക്ട് സൊസൈറ്റി

വ്യവസായം, ഭവനനിർമ്മാണം, ഗതാഗതം മുതലായ രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകാറുണ്ട്. ഗ്രാമത്തിൻറെ ചില ഭാഗങ്ങളിൽ തൊഴിൽ സാധ്യത കൂടുതലുള്ളപ്പോൾ മറ്റു ചില ഭാഗങ്ങളിൽ തൊഴിലില്ലായ്മയും അനുഭവപ്പെടുന്നു. ഈ അപാകതകൾ പരിഹരിക്കുന്നതിനും, തൊഴിലാളിക്ക് ന്യായമായ കൂലി ലഭിക്കുന്നതിനും, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഈ സംഘം ഉപകരിക്കും. കൂടാതെ ക്ഷേമനിധി, ഇൻഷുറൻസ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, തൊഴിലില്ലാത്ത അവസരങ്ങളിൽ ഇടക്കാലത്ത് ആശ്വാസം എന്ന നിലയിലുള്ള സാമ്പത്തികസഹായം എന്നിവ ലഭിക്കുന്നതിനും സർവോപരി ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും ഇത്തരത്തിലുള്ള സഹകരണസംഘം പ്രയോജനപ്പെടും. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒന്നോ രണ്ടോ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സ്ഥാപിക്കുന്നത് നന്നായിരിക്കും.

## പരിഹാരമാർഗങ്ങൾ

സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം സംക്ഷിപ്തമായി പറയുമ്പോൾ നാടിൻറെ പുരോഗതിക്കാവശ്യമായ ജനപങ്കാളിത്തം, തൊഴിൽ, ചൂഷണത്തിൽ നിന്നുള്ള മോചനം, സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന വളർച്ച, സർവോപരി മനുഷ്യൻ തമ്മിലുള്ള സ്നേഹം എന്നീ മഹത്തായ കാര്യങ്ങൾ സഹകരണ പ്രസ്ഥാനങ്ങളിലൂടെ ഉണ്ടാവണം. സംഘങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പാ സൗകര്യങ്ങൾ മറ്റുള്ളവർക്കു കൂടി ലഭ്യമാക്കാൻ എല്ലാവരും ശ്രമിക്കണം. പച്ചയായി പറഞ്ഞാൽ കടമെടുക്കുന്ന തുക കൈപ്പറ്റുന്ന അതേ സന്തോഷത്തോടുകൂടി തിരിച്ചടയ്ക്കാനും മറക്കരുത്. എങ്കിൽ മാത്രമെ വളരുന്ന സാഹചര്യത്തിൽ മനുഷ്യജീവിതം ഫലപ്രദമായി നയിക്കാൻ സാധിക്കുകയുള്ളൂ.

# പുന്നപ്ര ഗ്രാമപഞ്ചായത്തിലെ സഹകരണസംഘങ്ങൾ

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിതം | അംഗ സംഖ്യ | ഷെയർ മൂലധനം | സർക്കാർ ഓഹരി | നിക്ഷേപങ്ങൾ (പൊതുജനങ്ങൾ) | നൽകിയിട്ടുള്ള വായ്പകൾ | | പ്രവർത്തന ലാഭം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | കാർഷികം | മറ്റിനം | | |
| 1. സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് Ltd. No. 181 പുന്നപ്ര | 15-1-1096 | 5004 | 479708 | 95000 | 2911081 | 106977 | 3250452 | Share x 20 | Credit Check |
| 2. വാടയ്ക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് Ltd. No. 1826 പുന്നപ്ര | 19-9-1104 | 4428 | 500000 | 52000 | 2641202 | 1073759.70 | 2279701.79 | 5000000 | |
| 3. ആലപ്പി പറവൂർ സർവീസ് C.O.S. No. 1214. (Ltd.) | 13-9-1101 | 2269 | 500000 | 13000 | 434892 | 67449 | 39225 | 5000000 | |
| 4. Ltd. No.A.764 വാടയ്ക്കൽ, അമ്പല പ്പുഴ കയർ മാറ്റ്സ് മാറ്റിങ്സ് C.S. | 5-11-68 | 119 | 2000000 | 213525 | - | - | - | 2553135 | |
| 5. C.S. No. 394. | 18-1-63 | 199 | 4000000 | 612400 | - | | | [illegible] | |
| 6. പുന്നപ്ര ക്ഷീരോൽപ്പാദക സ.സം. Ltd. No. A7(D) APCOS. | 1954 | 892 | 10000 | - | - | - | - | | Non Credit |
| 7. പുന്നപ്ര വെസ്റ്റ് ക്ഷീരോൽപ്പാദക സ.സം. No.A 143 (D) APCOS. | 29-3-88 | 226 | 10000 | - | - | - | - | - | |
| 8. പറവൂർ ക്ഷീരോൽപ്പാദക സ. സം. No.A. 136(D) APCOS. | 22-3-87 | 356 | 10000 | - | - | - | - | - | |
| 9. വാടയ്ക്കൽ ക്ഷീരോൽപ്പാദക സ.സം. No. A132 (D) APCOS | 1985 | 497 | 10000 | - | - | - | - | | |
| 10. വാടയ്ക്കൽ സൗത്ത് മത്സ്യത്തൊഴിലാളി വികസന മേഖല സ.സം. No.D.F. (A) 74/92 | 1993 | 548 | 18758 | 55000 | 61807 | - | 180750 | - | Credit |
| 11. പുന്നപ്ര നോർത്ത് മത്സ്യത്തൊഴിലാളി വികസനമേഖല സ.സം. D.F.(A) 73/92. | 30-92 | 786 | 50850 | 32000 | 175840 | | 278000- | Credit | |
| 12. പുന്നപ്ര സൗത്ത് മത്സ്യത്തൊഴിലാളി വികസനമേഖല വാടയ്ക്കൽ ക്ഷീരോൽപ്പാദക സ. സം. DF. (F) 72/92 | 5-3-93 | 1091 | 500000 | 33000 | 61841 | - | 326900 | 1095660 | Credit |

നിർദേശങ്ങൾ

1. സഹകരണസ്ഥാപനങ്ങളുടെ വ്യക്തിഗത നിക്ഷേപത്തിന്റെ രഹസ്യം സ്വഭാവം-ഇതര ധനകാര്യസ്ഥാപന ങ്ങളുടെ പോലെ രഹസ്യസ്വഭാവം ഉണ്ടാവണം.
2. സഹകരണ സ്ഥാപനത്തിന്റെ നിക്ഷേപത്തിന്റെ മേലുള്ള ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പിക്കണം.



# സംസ്ക്കാരം

സ്വാതന്ത്ര്യ സമരചരിത്രത്തിന് ജീവൻ തുടിക്കുന്ന ഒരേട് സമ്മാനിച്ച പുന്നപ്ര സ്മരണകളുടെ തെളിഞ്ഞ വെട്ടത്തിൽ സമ്പന്നവും സജീവവുമായ സാംസ്കാരിക വളർച്ച ദർശിക്കാവുന്ന നാട്. നല്ല നാളെയുടെ ഹരിതനിറം പേറുന്ന പുഞ്ചപ്പാടങ്ങളും അനന്തതയുടെ നീലനിറം നിറഞ്ഞ അറബിക്കടലും അതിരിടുന്ന ഈ ഗ്രാമത്തിന് കാർഷികവൃത്തി തൊഴിലാക്കിയ ഒരു ജനതയുടെ സാംസ്കാരിക പൈതൃകവും മൽസ്യബന്ധനം തൊഴിലാക്കിയ തീരദേശവാസികളുടെ കലാപാരമ്പര്യവും അവകാശപ്പെടാം.

മണ്ണിൽ പണിയെടുക്കുന്നവന്റെ ജീവിതഗന്ധിയായ നാടൻ പാട്ടുകളും നാടൻ കലാരൂപങ്ങളും ഇവിടെ സജീവമായിരുന്നു. ഞാറ്റുവേലപ്പാട്ട്, കൊയ്ത്ത്പാട്ട്, പൊലിപ്പാട്ട്, സർപ്പപ്പാട്ട് എന്നിങ്ങനെ പാട്ടുകൾ. തിരിവാതിരക്കളി, കോൽക്കളി, കൈകൊട്ടിക്കളി, ഊഞ്ഞാൽ ആട്ടം, തുമ്പിതുള്ളൽ, വില്ലടിച്ചാൻപാട്ട് തുടങ്ങിയ കലാരൂപങ്ങൾ, പകിടകളി, തലപ്പന്തുകളി, ഗോലികളി, കിളിയന്തുട്ടുകളി, ചീട്ടുകളി, അണ്ടിക്കളി, ഏഴാമത്തുകളി, കൊടുംപൂജുകളി, ചതുരംഗക്കളി, പഞ്ചീസുകളി, കുട്ടിയും കോലും കളി,മഞ്ചാടി കൊണ്ടുള്ള ഒറ്റയെും വെട്ടയും കളി, വള്ളംകളി തുടങ്ങിയ വിനോദങ്ങൾ. ഒരു സാമൂഹ്യ വളർച്ചയുടെ ജീവൻരേഖകളായി ഇതെല്ലാം ഈ ഗ്രാമത്തിൽ നിറഞ്ഞുനിന്നിരുന്നു. ഓണക്കാലം ഇത്തരം കളികളുടെയും കലാരൂപങ്ങളുടേയും സമ്പന്നകാലമായിരുന്നു. ഇതിന്റെ ശേഷിപ്പുകൾ ഇന്നും ചില പ്രദേശങ്ങളിൽ ഓണക്കാലത്തെങ്കിലും ഇത്തിരിവെട്ടം നൽകാറുണ്ട്.

തീരദേശജനതയ്ക്കും തനിമയാർന്ന കലാപാരമ്പര്യം അവകാശപ്പെടാൻ ഉണ്ട്. കേരളത്തിന്റെ ക്ലാസിക് കലാരൂപമായ കഥകളിയുടെ മുദ്രകളും കളരിപ്പയറ്റിന്റെ ചുവടുകളും സമ്മേളിച്ച 'കാറൽമാൻ' ചവിട്ടുനാടകം ഇവിടുത്തെ ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളാഘോഷത്തിന് നിറം പകർന്നിരുന്നു. ക്രിസ്തുദേവന്റെ തിരുശേഷിപ്പുകൾ വീണ്ടെടുക്കാനുള്ള പോരാട്ടം ചിത്രീകരിക്കുന്ന ഈ കലാരൂപം പരിശീലിപ്പിക്കുന്നയാളെ 'അണ്ണാവി' എന്നാണ് വിളിച്ചിരുന്നത്. ഏതാണ്ട് എട്ട് വർഷങ്ങൾക്ക് മുമ്പാണ് ഏറ്റവും ഒടുവിലായി ഇവിടെ ചവിട്ടു നാടകം അവതരിപ്പിക്കപ്പെട്ടത്. ആധുനികതയുടെ കടന്നുകയറ്റത്തിൽ അന്യം നിന്നുപോയ ഈ കലാരൂപത്തിന്റെ പുനർജനി സ്വപ്നമായി കൂടെ കൊണ്ടുനടക്കുന്ന ഒരു കൂട്ടം കലാകാരന്മാർ ഇന്നും തീരദേശമേഖലയിലുണ്ട്. പരിചമുട്ടുകളി, മാർഗ്ഗംകളി എന്നീ കലാരൂപങ്ങൾ സാംസ്കാരിക ഘോഷയാത്രകളിലും യുവജനോൽസവവേദികളിലും മാത്രം പ്രത്യക്ഷപ്പെടുന്ന ഇനങ്ങളായി മാറിയിരിക്കുന്നു. അലറുന്ന കടലിന്റെ നടുവിൽ തണ്ടുവലിച്ച് മീൻ പിടിക്കുമ്പോഴും ചുണ്ടിൽനിന്നു തിർന്നു വീണിരുന്ന വള്ളപ്പാട്ടുകൾ ആ ചുണ്ടുകൾ ഇന്നു മറന്നിരിക്കുന്നുവെന്നതും എടുത്തു പറയേണ്ടതാണ്.

1093-ൽ സ്ഥാപിക്കപ്പെട്ട ആത്മവിദ്യാസംഘവും 1105-ൽ രജിസ്റ്റർ ചെയ്യപ്പെട്ട എസ്.എൻ.ഡി.പി. ശാഖകളും അതിനുമുമ്പ് ജാതിവ്യവസ്ഥയ്ക്കെതിരെ ഈഴവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മുഗ്ധസംബോധിനി സംഘത്തിന്റെ തുടർച്ചകളാണ്. 1093-ൽ ആത്മീയ നവോത്ഥാന നായകൻ ശ്രീ. വാഗ്ഭടാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ അയിത്തത്തിനും അനാചരത്തിനുമെതിരായ ശക്തമായ പ്രവർത്തനങ്ങൾക്ക് ഗ്രാമം സാക്ഷ്യം വഹിച്ചു. "ഭാരതികലാമണ്ഡലം" എന്ന പേരിൽ പുന്നപ്രയിൽ (ഇന്നത്തെ വില്ലേജാഫീസിനു സമീപം) പ്രവർത്തിച്ചിരുന്നന സ്ഥാപനം നാടകം, ഡാൻസ് എന്നിവ പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ നടത്തിപ്പുകാരനായ കങ്കാളി മുതലാളി ആത്മവിദ്യാസംഘത്തിന്റെയും പ്രധാന പ്രവർത്തകനായിരുന്നു. വാഗ്ഭടാനന്ദ സ്വാമികളുടെ ആസ്ഥാനവും ഭാരതി കലാമണ്ഡലമായിരുന്നു. 1107-ൽ ഇവിടെ അവതരിപ്പിച്ച പുരോഗമന നാടകമായിരുന്നു ശ്രീ. മുതുകുളം രാഘവൻപിള്ള (പിന്നിട് സിനിമാനടനും, തിരക്കഥാകൃത്തും) രചിച്ച ഡോക്ടർൾ സുധീന്ദ്രൻ അഥവാ പരിവർത്തനം. ഗാന്ധിജിയുടെ ആശ്രമത്തിൽ വളർന്ന താഴ്ന്ന ജാതിയിൽപ്പെട്ട ഒരു യുവാവ് സവർണയുവതിയെ വിവാഹം കഴിക്കുന്നതായിരുന്നു നാടകത്തിന്റെ പ്രമേയം. ഇതിനെതിരെ ഒരു സവർണൻ പോലിസിൽ പരാതിപ്പെടുകയും, താഴ്ന്ന ജാതിക്കാരനെ, ചാണകം വാരി നടക്കുന്ന ഒരു നായർ യുവാവായി മാറ്റിയെഴുതണമെന്ന് ഇൻസ്പെ

ക്ടർ നിർദേശിക്കുകയും ഈ നിർദേശം നാടകകൃത്ത മുതുകുളം അംഗീകരിക്കാതിരിക്കുകയും, ഒടുവിൽ കങ്കാളി മുതലാളിയുടെ ഉന്നതതലങ്ങളിലുള്ള ബന്ധം ഉപയോഗിച്ചു പോലീസിനെ പിന്തിരിപ്പിച്ചതും ഒക്കെ, ഈ നാടിന്റെ സാമൂഹ്യപരിവർത്തനാവേശങ്ങളിലെ രസകരമായ അനുഭവങ്ങളാണ്.

പ്രശസ്ത സാഹിത്യകാരൻ ശ്രീ. എ. കേശവദേവ് തന്റെ 'ജാതി' എന്ന നാടകത്തിന്റെ അവതരണവുമായി ബന്ധപ്പെട്ടു ഈ ഗ്രാമത്തിൽ മാസങ്ങളോളം താമസിച്ചിരുന്നു. സർ ജോൺ സാറിന്റെ പ്രൊഫഷണൽ നാടകസമിതിയായിരുന്നു നാടകം അവതരിപ്പിച്ചത്.

ശ്രീ. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതരുടെ 'ജ്ഞാനസുന്ദരി' തുടങ്ങിയ നാടകങ്ങൾ അവതരിപ്പിച്ച സമിതി പത്തു വർഷക്കാലം സജീവമായി പ്രവർത്തിച്ചിരുന്നു. ടി.ആർ. കൃഷ്ണന്റെ നേതൃത്വത്തിൽ പോളിടെക്നിക് ഹോസ്റ്റൽ മൈതാനിയിൽ അരങ്ങേറിയിരുന്ന നാടകങ്ങളും പ്രത്യേകിച്ച് എൻ. ശ്രീകണ്ഠൻനായരുടെ 'തോറ്റില്ല' എന്ന നാടകവും പ്രത്യേകം പരാമർശമർഹിക്കുന്നു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ആവേശം ഉൾക്കൊണ്ട് ഇവിടെയും വായനശാലകളും ഗ്രന്ഥശാലകളും പിറന്നു. നല്ലൊരു ഗ്രന്ഥശാല ഒരു നാടിന്റെ നല്ലൊരു സർവകലാശാലയാണെന്ന കാർലൈന്റെ വാക്യമുൾക്കൊണ്ട് ഈ ഗ്രാമത്തിന്റെ വൈജ്ഞാനിക സംസ്കാരത്തിന്റെ നവോത്ഥാനത്തിന് വായനശാലകളും ഗ്രന്ഥശാലകളും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ഗ്രാമത്തിലാദ്യം പിറന്ന ഗ്രന്ഥശാലയായ പറവൂർ പബ്ലിക് ലൈബ്രറി, 1947-ലെ പിറവി മുതൽ ഇന്നുവരെ നാടിന്റെ സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിലാകെ വെളിച്ചം പകർന്ന് നിറഞ്ഞു നിൽക്കുന്നു. 1995-ൽ കേരളത്തിലെ ഏറ്റവും മികച്ച പൊതുഗ്രന്ഥശാലയ്ക്കുള്ള ആദ്യത്തെ സമാധാനം പരമേശ്വരൻ സ്മാരക അവാർഡു ലഭിച്ചത് ഈ ഗ്രാന്ഥശാലയ്ക്കാണ്. ഗ്രന്ഥശാലയിലെത്തി പുസ്തകം വായിക്കുകയും, സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ കണ്ണികളായിമാറുകയും ചെയ്യുന്നു എന്നതിവിടുത്തെ പ്രത്യേകതയാണ്.

കുട്ടികളെ വായനശാലയിലേക്ക് നയിക്കുവാൻ അക്ഷരക്കൂട്ടം കുട്ടികൾക്കുവേണ്ടി നടത്തുന്ന കലാസാഹിത്യ മൽസരങ്ങൾ, സ്കോളർഷിപ്പ് പരീക്ഷാ പരിശീലന ക്ലാസുകൾ. വായനയെ പ്രോൽസാഹിപ്പിക്കുന്നതിന് മാസംതോറും അക്ഷരസദസ് പുസ്തകച്ചർച്ചയും 'കാവ്യാഞ്ജലി' എന്നിവ സാംസ്കാരിക-സഹൃദയവേദികളിൽ ചർച്ച ചെയ്യപ്പെടുന്നവയാണ്. 1996-97ൽ കനകജൂബിലി ആഘോഷിക്കുന്ന പറവൂർ ഗ്രന്ഥശാല, ഇൻഫർമേഷൻ കേന്ദ്രം, മനുഷ്യവിഭവശേഷി വികസന കേന്ദ്രം എന്നിവ ആരംഭിച്ചുകൊണ്ട് ജനസേവനത്തിന്റെ പുതിയ മേഖലകളിലേയ്ക്ക് കടന്നുചെല്ലുകയാണ്.

പുന്നപ്ര വിജ്ഞാനപ്രദായനി വായനശാലയുടെ ചരിത്രവും ഈ നാടിന്റെ സാംസ്കാരിക ദർശനത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. മൽസ്യബന്ധനം ഉപജീവനമാക്കിയ ഒരു സമൂഹത്തിന്റെ വിജ്ഞാനവാഞ്ചയുടെ ഫലപ്രാപ്തിയാണ് ഈ സ്ഥാപനം. പിടിയരി ശേഖരത്തിലൂടെയും കെട്ടുതെണ്ടിലൂടെയും നേടിയ മൂലധനനമാണ് ഈ അക്ഷരകേന്ദ്രത്തിന്റെ അടിത്തറ എന്നത് ഒരപൂർവതയാണ്. ഈ ഗ്രന്ഥശാലയ്ക്കുവേണ്ടി കറുകപ്പറമ്പിൽ രാഘവൻ കുടുംബവിഹിതമായി ലഭിച്ച ഭൂമിയിൽ നിന്നും 73 സെൻറ് സ്ഥലം ദാനം ചെയ്തു. ഈ ഗ്രന്ഥശാല സ്ഥാപിക്കുന്നതിനു വളരെ ക്ലേശങ്ങൾ സഹിച്ചു പ്രവർത്തിച്ച ആദ്യത്തെ പ്രസിഡണ്ട് ചള്ളിയിൽ ശ്രീ. വാവക്കുഞ്ഞിനേയും, ശ്രീ. രാഘവനേയും പോലുള്ള ത്യാഗസന്നദ്ധതയുടെയും ആത്മാർത്ഥതയുടെയും ആൾരൂപങ്ങളെ നാം വേണ്ടത്രത . ആദരിക്കുന്നുണ്ടേ ാഎന്നനത് പരിശോധിക്കപ്പെടണം.

ഗ്രന്ഥശാലകളുടെ വാർഷികാഘോഷങ്ങൾ പലതും അമേച്വർ നാടകങ്ങൾക്ക് വേദിയായി. ടി.എൻ. ഗോപിനാഥൻ നായരുടെ നിഴലും, നിലാവും, പി. കേശവദേവിന്റെ ജാതി, എൻ. കൃഷ്ണപിള്ളയുടെ ഭഗ്നഭവനം, പൊൻകുന്നം വർക്കിയുടെ വിശറിക്ക് കാറ്റുവേണ്ട തുടങ്ങിയ നാടകങ്ങൾ ഇത്തരത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളവയാണ്. ഈ വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള സാഹിത്യ സാംസ്കാരിക സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ പ്രഗത്ഭമതികൾ ഇവിടെ വന്നിട്ടുണ്ട്. മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പ് എന്നിവരും നാലാങ്കൽ, വയലാർ, സി.എൻ. ശ്രീകണ്ഠൻനായർ, പൊൻകുന്നം വർക്കി, കെ. ബാലകൃഷ്ണൻ, പ്രേംനസീർ, സി.എച്ച്. മുഹമ്മദ് കോയ, വി.ആർ. കൃഷ്ണയ്യർ, നിത്യചൈതന്യയതി എന്നിവർ അവരിൽ ചിലർ മാത്രമാണ്.

പറവൂർ പബ്ലിക് ലൈബ്രറി, വിജ്ഞാനപ്രദായനി ഗ്രന്ഥശാല എന്നിവക്കു പുറമെ പുന്നപ്ര പബ്ലിക് ലൈബ്രറി, അറവുകാട് ഗ്രന്ഥശാല എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ലൈബ്രറികൾ. ഇതിൽ അറവുകാട് ഗ്രന്ഥശാല, ക്ഷേത്രയോഗം നടത്തുന്ന ആദ്ധ്യാത്മിക പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന റഫറൻസ് ഗ്രന്ഥശാലയാണ്.

യുവജനവായനശാല കളർകോട്, നവതരംഗിണി വായനശാല, കളർകോട്, ഗ്രാമദീപം വായനശാല, പുന്നപ്ര, യുവജനവായനശാല പുന്നപ്ര, വൈ.എം.എ. വായനശാല പുന്നപ്ര എന്നിവ വളർന്നുവരുന്ന വായനശാലകളും ഗ്രന്ഥശാലകളുമാണ്. പഞ്ചായത്തിലെ മൂന്നു ഹൈസ്കൂളുകളിലും പുന്നപ്ര യു.പി. സ്കൂളിലും, ലൈബ്രറികൾ ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

പൊതുഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

പൊതുഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ.

| ഗ്രന്ഥശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ്. | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ പുസ്തകവിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ. |
|---|---|---|---|---|---|---|
| 1. പറവൂർ പബ്ലിക് ലൈബ്രറി രജി. നമ്പർ 260. | 1947. | എ. | 14,763 | 2627 | ദിനപ്പത്രം-10<br>വാരിക-17<br>ദ്വൈവാരിക - 9<br>മാസിക - 19<br>ദ്വൈമാസിക - 4<br>ആകെ. 59 | 1. ഇൻഫർമേഷൻ കേന്ദ്രം<br>2. മനുഷ്യാവിഭവശേഷി-വികസന കേന്ദ്രം<br>3. കുട്ടികളുടെ അക്ഷരക്കൂട്ടം.<br>4. വനിതാ വിഭാഗം<br>5. ഹെൽത്ത് ക്ലബ്<br>6. റിക്രിയേഷൻ ക്ലബ്.<br>7. മിറ്റററി ക്ലബ്ബ്.<br>8. വിഎസ്.സി. കോച്ചിങ് ക്ലാസ്<br>9. സ്കോളർഷിപ്പ്-പരീക്ഷാ ക്ലാസ്.<br>10. കാവ്യാഞ്ജലി.<br>11. സ്കോളർഷിപ്പ് ട്രോഫി വിതരണം.<br>12. അംഗങ്ങൾക്കായി വിനോദയാത്ര<br>13. അക്ഷരസദസ്<br>14. പ്രതിമാസ സാഹിത്യസാംസ്കാരിക പരിപാടികൾ.<br>15. ജനവിദ്യാകേന്ദ്രം<br>16. ജനകീയാസൂത്രണ പരിപാടികൾ.<br>17. റേഡിയോ, ടെലിവിഷൻ. |
| 2. പുന്നപ്ര പബ്ലിക് ലൈബ്രറി റീഡിങ് റൂം. രജി. നമ്പർ 1001. | 1949 | ഡി. | 4306 | 300 | ദിനപ്പത്രങ്ങൾ- 3<br>വാരിക-3<br>ദ്വൈവാരിക-2<br>മാസിക- 5<br>ആകെ. 13 | 1. വായനശീലം വളർത്തുന്നതിനുവേണ്ടി പ്രചാരണജാഥകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>2. ജനകീയാസൂത്രണ പരിപാടി.<br>3. ബാഡ്മിന്റൺ ടൂർണമെന്റ്<br>4. ചെസ് ടൂർണമെന്റ്. |
| 3. വിജ്ഞാനദ്രായനി ഗ്രന്ഥശാല, പുന്നപ്ര രജി. നമ്പർ 2842. | 1950 | ബി. | 6165 | 750 | ദിനപ്പത്രം-7<br>വാരിക, മാസിക-11<br>ആകെ. 18 | 1. പി.എസ്.സി. ക്ലാസ്<br>2. ചർച്ചാ ക്ലാസ്.<br>3. സ്പോർട്സ് സെന്ററർ<br>4. ടെലിവിഷൻ.<br>5. പൊതുജനാരോഗ്യം. |

ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആവിർഭാവം വായനയെ തളർത്തിയിട്ടുണ്ടെങ്കിലും വായനാശീലം ഇല്ലാതാകുന്നു എന്ന മുറവിളിക്ക് അർത്ഥമില്ല എന്ന പറവൂർ പബ്ലിക് ലൈബ്രറിയുടെ അനുഭവം തെളിയിക്കുന്നു. ബോധപൂർവമായ ഇടപെടലിലൂടെ ഗ്രന്ഥശാലകളെ സജീവമാക്കുവാനും അതുവഴി വായനാശീലം വളർത്തുവാനും കഴിയും, കഴിണം. ഗുണപരമായ വായന കുറയുന്നു എന്നതാണ് പഞ്ചായത്തിൽ പ്രചരിക്കുന പത്രമാസികകളുടെ അവലോകനത്തിലൂടെ മനസിലാക്കുവാൻ കഴിയുന്നത്.

പട്ടിക - 2.

പഞ്ചായത്തിൽ വിവരണം ചെയ്യപ്പെടുന്നതും വായിക്കപ്പെടുന്നതുമായ വിവിധ പ്രസിദ്ധീകരണങ്ങളുടെ ഏകദേശകണക്ക്.

ദിനപ്പത്രങ്ങൾ.

മലയാളമനോരമ 1348, മാതൃഭൂമി 772, കേരളാകൗമുദി, ദേശാഭിമാനി 120, ദീപിക 25, മാധ്യമം 18, മംഗളം 26, The Hindu 42, The Indian Express 76.

വാരികകൾ, മാസികകൾ.

മലയാളമനോരമ 1578, മാതൃഭൂമി 36, മംഗളം 1412, മനോരാജ്യം 42, കലാകൗമുദി 28, കേരളശബ്ദം 70, ഇൻഡ്യാ ടുഡെ 56, നാന 114, സിനിമ സിനിമ 106, ചിത്രഭൂമി 44, ഗൃഹ ലക്ഷ്മി 28, വനിത 158, കന്യക 16, മനശാസ്ത്രം, ബാലരമ 296, ബാലമംഗളം 276, പൂമ്പാറ്റ 206, കളിക്കുടുക്ക 66, ബാലഭൂമി 130, ചിത്രകഥ 302,.

മികച്ച പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായ ചില കലാ കായിക സാംസ്കാരിക കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ദേശാസേവാസമിതി കളർകോട് തുടങ്ങി പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

രണ്ടു ദശാബ്ദങ്ങളായി ഒരു ദേശത്തിന്റെ സാമൂഹ്യസേവന രംഗങ്ങളുമായി ഇടപഴകി പ്രവർത്തിക്കുന്ന കളർകോട് ദേശസേവാ സമിതിയുടെ ഓണാഘോഷ പരിപാടികൾ ഇടശ്ശേരിയുടെ പൂതപ്പാട്ടിന്റെ ദൃശ്യാവതരണം, നാടൻകലാ രൂപങ്ങളുടെ അവതരണം, നൂറിൽപ്പരം ഔഷധസസ്യങ്ങളുടെ ഉദ്യോനം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മറ്റു കലാ സാംസ്കാരിക സംഘടനകൾക്ക് മാതൃകയാണ്.

കലാകേരളത്തിന് ശ്രദ്ധേയമായ സംഭാവന നൽകാൻ കഴിഞ്ഞിട്ടുള്ള പല കലാകാരന്മാരേയും വാർത്തെടുക്കുവാൻ ഈ ഗ്രാമത്തിലെ കലാസാംസ്കാരിക സംഘടനകളിൽ പലതിനും കഴിഞ്ഞിട്ടുണ്ട്. പറവൂർ വൈ.എം.എം.എ., പറവൂർ വൈ.എം.എ. തുടങ്ങിയവയാണ് അവയിൽ ശ്രദ്ധേയം. ഏറ്റവും മികച്ച പ്രൊഫഷണൽ നാടകസംഗീത സംവിധായകനുള്ള സംസ്ഥാന അവാർഡു ലഭിച്ച ആലപ്പി വിവേകാനന്ദൻ ഉൾപ്പെടെ നിരവധി കലാകാരന്മാരുടെ പരിശീലനക്കളരിയായിരുന്ന ഇവയുടെ പ്രവർത്തനം ഇന്ന് മന്ദീഭവിച്ചിരിക്കുന്നു. ഗ്രാമത്തിലെ മറ്റ് കലാസംഘടനകളുടെയും സ്ഥിതി മറിച്ചല്ല.

പരേതനായ ആർട്ടിസ്റ്റ് ഗോപാലപിള്ള, രാജൻ ആശാൻ, നാടകനടൻ ജോൺ വർഗീസ്, നാടക-സിനിമാനടൻ പി.ആർ. അംബുജാക്ഷൻനായർ, സംസ്ഥാന നാടക അവാർഡ് ലഭിച്ച നടി പുന്നപ്ര ഗീത, സിനിമാനടൻ പുന്നപ്ര അപ്പച്ചൻ, സിനിമാ സംവിധായകൻ അനിൽ (അനിൽബാബു), സിനിമാ നിർമ്മാതാവ് പരേതനായ ചളിയിൽ ദാസ്, ജയൻമുളങ്കാട് എന്നിവരും പ്രശസ്ത ചിത്രകാരന്മാരായ എസ്. രാജേന്ദ്രൻ, അലക്സാണ്ടർ ഡി. എന്നിവരും കലാസാംസ്കാരികരംഗത്തിന് പുന്നപ്രയുടെ സംഭാവനകളാണ്.

കായികരംഗം

ഏഷ്യാഡിൽ പങ്കെടുത്ത കായികതാരം മുരളിക്കുട്ടൻ, ദേശീയ ബാസ്ക്കറ്റ്ബോൾ താരങ്ങളായ സതി, ബ്രൈറ്റ് എന്നിവരും ഈ ഗ്രാമത്തിന്റെ സംഭാവനകളാണ്. സ്കൂൾ കായികമേളയിൽ 27 വർഷങ്ങളായി ചാമ്പ്യൻ പദവി നിലനിർത്തി അത്ഭുതമായി മാറിയ പുന്നപ്ര യു.പി. സ്കൂളും, സ്കൂളിനെ ഈ പദവിയിലേക്കുയർത്തുന്നതിന് മുഖ്യപങ്കുവഹിച്ചുകൊണ്ടിരിക്കുന്ന കായികാദ്ധ്യാപകൻ ശ്രീ. എൻ.ആർ. അരവിന്ദാക്ഷനും പഞ്ചായത്തിലെ കായികരംഗത്തെ ഒറ്റപ്പെട്ട സംഭവനകളാണ്.

കായികരംഗത്ത് കഴിവുള്ളവരെ കണ്ടെത്തുന്നതിനോ അവർക്ക് പരിശീലനവും പ്രോൽസാഹനവും നൽകുന്നതിനോ ഇന്നുള്ള സഹായധനം തികച്ചും അപര്യാപ്തമാണ്.

ആരാധനാലയങ്ങൾ

ഈ പഞ്ചായത്തിലെ ഏറ്റവും പുരാതനമായ ആരാധനാലയം നൂറ്റാണ്ടുകൾ പഴക്കമുള്ള അറവുകാട് ശ്രീദേവി ക്ഷേത്രമാണ്. ഈ ക്ഷേത്രത്തിലെ പ്രധാന ഉൽസവമായ മീനമാസത്തിലെ പൂരമഹോൽസവം പുന്നപ്രയുടെ ദേശീയോൽസവമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ക്ഷേത്രകലകളും, ആധുനികകലകളും, ഒരു പോലെ അവതരിപ്പിക്കപ്പെടുന്ന പൂരമഹോൽസവം നാൾക്കുനാൾ പ്രശസ്തി കൈവരിച്ചുകൊണ്ടിരിക്കുന്നു. ശ്രീധർമ്മ ശാസ്ത്രാക്ഷേത്രം, ശ്രീ ഭഗവതിക്ഷേത്രം, ശ്രീ. സുബ്രഹ്മണ്യ സ്വാമിക്ഷേത്രം, അന്നപൂർണ്ണേശ്വരിക്ഷേത്രം എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ.

1892-ൽ സ്ഥാപിക്കപ്പെട്ട പുന്നപ്ര സെൻറ് ഗ്രിഗരിയോസ് പള്ളിയാണ് ഗ്രാമത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി. ജോൺ മരിയ നയാനിപള്ളി, സെൻറ്ജോസഫ് പള്ളി, സെൻറ് ലൂർദ് മേരി പള്ളി എന്നിവയാണ് ആറ് പ്രധാനപള്ളികൾ. സി.എം.എസ്., സി.എസ്.ഐ., മാർത്തോമ്മാപള്ളികളും ഗ്രാമത്തിലുണ്ട്.

വളരെ പഴക്കമുള്ള പുന്നപ്ര വണ്ടാനം ഷറഫുൽ ഇസ്ലാം മസ്ജിദും പുന്നപ്ര പറവൂർ മുഹ്യദ്ദീൻ മസ്ജിദ്ദും പുന്നപ്രയിലെ മുസ്ലിം പള്ളികളാണ്.

---

പ്രശ്നങ്ങൾ.

1. നാടൻ കലാരൂപങ്ങൾ അപ്രത്യക്ഷമാകുന്നു.
2. കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ.
3. പറവൂർ പബ്ലിക് ലൈബ്രറി ഒഴികെയുള്ള ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നു.

4. പറവൂർ പബ്ലിക് ലൈബ്രറി സ്ഥാലപരിമിതിയും, പുസ്തകങ്ങളുടെ അപര്യാപ്തതയും നേരിടുന്നു.

5. 1, 4, 5, 6, 7, 8, 12, 15 വാർഡുകളിൽ വായനശാലകൾ ഇല്ല.

6. ഗുണപരമായ വായനശീലം പ്രത്യേകിച്ച് സ്ത്രീകളിൽ കണ്ടു വരുന്നു.

7. സ്കൂൾ ലൈബ്രറി പ്രവർത്തനം ഫലപ്രദമല്ല.

8. കേരളോൽസവങ്ങളിൽ വേണ്ടത്ര പങ്കാളിത്തം ഉണ്ടാകുന്നില്ല.

9. അമേച്വർ നാടകസമിതികളുടെ പ്രവർത്തനം നിലച്ചിരിക്കുന്നു.

10. സ്കൂളുകളിൽ കലാകായികരംഗത്തെ ശോചനീയാവസ്ഥ. കഴിവുള്ള കുട്ടികൾക്ക് പ്രോൽസാഹനവും ആവശ്യമായ പരിശീലനവും ലഭിക്കുന്നില്ല.

11. പൊതുകളിസ്ഥലം, സാംസ്കാരിക നിലയം, കലാപരിശീലന കേന്ദ്രങ്ങൾ എന്നിവ ഇല്ല.

12. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു.

13. ടെലിവീഷൻ ചാനലുകളിലെ സാംസ്കാരിക കടന്നുകയറ്റം.

14. ലഹരിവസ്തുക്കൾ, അശ്ലീല സിനിമ, പോസ്റ്റർ എന്നിവയുടെ അതിപ്രസരം.

15. ഗ്രാമീണ വായനശാലകൾക്ക് ടി.വി., റേഡിയോ എന്നിവ ഇല്ല.

16. പുന്നപ്ര പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം വളരെ ശോചനീയം. സ്വന്തം കെട്ടിടം, ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ ഉണ്ടാകണം.

17. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

## സാധ്യതകൾ.

1. നാടൻകലകൾ ശേഖരിക്കുന്നതിനും, സംരക്ഷിക്കുന്നതിനും മുൻകൈ എടുക്കണം. ഇതിന് കലാസംഘടനകളെ പ്രാപ്തരാക്കണം. നാടൻ കലാകാരന്മാർക്ക് പ്രോൽസാഹനം നൽകണം.

2. കലാസാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് അനുവദിക്കുക. പഞ്ചായത്തു തലത്തിലെ പ്രോജക്ടുകൾ സംഘടനകളെ ഏൽപ്പിക്കുക.

3. സ്ത്രീകളിലും കുട്ടികളിലും വായനാശീലം വർദ്ധിപ്പിക്കുന്നതിന് താനൂർ പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം മാതൃകയാക്കുക.

4. പുന്നപ്ര, പബ്ലിക് ലൈബ്രറിക്ക് കെട്ടിടം മറ്റ് സൗകര്യങ്ങൾ, പറവൂർ പബ്ലിക് ലൈബ്രറിയുടെ വികസന പ്രവർത്തനങ്ങൾ എന്നിവക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക.

5. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അവ ആരംഭിക്കണം. വായനശാലകളുടെയും സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനങ്ങളെ ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും, ഏറ്റവും നല്ല സാംസ്കാരിക കേന്ദ്രത്തെ ചുമതല ഏൽപ്പിക്കുകയും ചെയ്യുക.

6. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഫുൾടൈം ലൈബ്രറിയന്മാരെ നിയമിക്കണം. കൂടുതൽ നല്ല പുസ്തകങ്ങൾ ശേഖരിക്കുകയും, കുട്ടികളിൽ വായനശീലം പ്രോൽസാഹിപ്പിക്കുകയും വേണം.

7. കേരളോൽസവത്തിനു മുന്നോടിയായി വാർഡുതലത്തിൽ ക്ലബ്ബുകളുടെ സഹകരണത്തോടെ പ്രാഥമിക മൽസരം സംഘടിപ്പിക്കുക. പഞ്ചായത്തുതല മൽസരം നടത്തുന്നതിനും സംഘടനകളുടെ സഹകരണം ഉറപ്പുവരുത്തുക.

മൽസരവിജയികൾക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തുടർ പരിശീലനം നൽകുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കണം.

8. അമേച്വർ നാടകസമിതികൾക്ക്, സാംസ്കാരിക കേന്ദ്രവുമായി ബന്ധപ്പെടുത്തി സാങ്കേതിക സഹായം നൽകണം.

9. സ്കൂളുകളിലെ കലാകായിക പരിശീലനം കാര്യക്ഷമമാക്കണം. വിദഗ്ദ്ധരായ പരിശീലകരുടെ സേവനം, ആവശ്യമെങ്കിൽ സ്കൂളുകൾക്ക് സംയുക്തമായ ലഭ്യമാക്കണം.

10. പഞ്ചായത്തുതലത്തിൽ കളിസ്ഥലം, അനുയോജ്യമായ സ്ഥലങ്ങളിൽ ആരംഭിക്കണം.

11. സ്ത്രീകൾക്കെതിരെയുള്ള അതിക്രമണത്തിനെതിരെ വാർഡുതലത്തിൽ ജാഗ്രതാസംഘങ്ങൾ രൂപീകരിക്കണം.

12. കേബിൾ ടി.വി., വിദേശചാനലുകൾ എന്നിവയുടെയുള്ള സാംസ്കാരിക കടന്നുകയറ്റത്തെ ചെറുക്കണം.

13. ലഹരി വസ്തുക്കൾ, അശ്ലീല സിനിമ, അശ്ലീല പോസ്റ്റർ, അശ്ലീല സാഹിത്യം ഇവയ്ക്കെതിരെ ബോധവൽക്കരണം സംഘടിപ്പിക്കുകയും പഞ്ചായത്തുതലത്തിൽ ഇവ നിരോധിക്കുകയും വേണം.

# വനിത

ആർഷഭാരത സംസ്കാരത്തിൽ സ്ത്രീകൾക്ക് മഹത്തായ ഒരു സ്ഥാനമാണ് നൽകിയിരുന്നത്. എന്നാൽ പുരാണേതിഹാസങ്ങളുടെ തെറ്റായ വ്യാഖ്യാനം മൂലമോ, മനപ്പൂർവമായ ഇടപെടലുകൾ മൂലമോ സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നു. ഇന്നലെകളെ ചികഞ്ഞു പരിശോധിച്ചാൽ സ്ത്രീ എന്നും സർവംസഹ ആയിരുന്നു. സ്ത്രീയിലെ സദ്ഗുണങ്ങളെ ചൂഷണം ചെയ്ത പുരുഷന്മാർ സത്രീസ്വാതന്ത്ര്യം നിഷേധിക്കുകയും എല്ലാ രംഗങ്ങളിലും സ്ത്രീയെ പിന്നിലാക്കുകയും ചെയ്തു. ആംഗലേയ വിദ്യാഭ്യാസ സംസ്കാരത്തിന്റെ സ്വാധീനം സ്ത്രീകളിലും പരിവർത്തനവാഞ്ച അങ്കുരിപ്പിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ മാതൃരാജ്യത്തിന്റെ മോചനത്തിനു വേണ്ടി പടവെട്ടി വീരചരമം പ്രാപിച്ച സ്ത്രീകൾ പുരുഷന്മാർക്കുപോലും പ്രചോദനമായി. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ രാഷ്ട്രീയ സാമൂഹ്യസംഘടനകളും വനിതകളെ ഒരു പരിധിവരെ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചു.

സ്ത്രീ പീഡനങ്ങൾക്കും അസമത്വത്തിനുമെതിരെ സ്ത്രീ വിമോചനത്തിനുവേണ്ടി പോരാടിയ വനിതകളുടെ കൂട്ടത്തിൽ പുന്നപ്രയുടെ സംഭാവനയാണ് ശ്രീമതി. കെ. ദേവയാനി. പോലീസ് തേർവാഴ്ചയുടെയും ഒറ്റുകാരുടെയും ജന്മിത്വ നാടുവാഴിത്ത മർദ്ദനങ്ങളുടേയും നടുവിൽ നിന്നുകൊണ്ട് ധീരധീരം പോരാടിയ ശ്രീമതി. കെ. ദേവയനാടി പുന്നപ്രയിലെ സ്ത്രീകൾക്ക് ഒരാവേശം തന്നെയായിരുന്നു. ശ്രീമതി. ദേവയാനി എഴുതിയ "കണ്ണീരും ചോരയും നനഞ്ഞ ചരിത്രം" ട്രേഡ് യൂണിയൻ രംഗത്തേക്കു വരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഒരു ചവിട്ടുപടി ആയിരുന്നു. നേട്ടങ്ങളുടെ പട്ടിക നിരത്തുമ്പോൾ സ്ത്രീകളുടെ സംഭാവന ബോധപൂർവം വിസ്മരിക്കപ്പെടുന്നു.

രണ്ട് ദശാബ്ദം മുമ്പുവരെ സ്ത്രീകൾ വീട്ടുജോലികൾ ചെയ്യാനും കുട്ടികളെ പരിപാലിക്കാനും മാത്രമുള്ള ഒരു ഉപകരണമായിരുന്നു. സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ തങ്ങളുടെ കഴിവുകൾ തെളിയിക്കാനുള്ള അവസരം അവർക്കു ലഭിച്ചിരുന്നില്ല. ഇന്നത്തെ സ്ഥിതി ആശ്വാസജനകമാണെങ്കിൽ പോലും ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് വിജയപ്രാപ്തിയിലെത്താൻ ഗ്രാമീണജനങ്ങളുടെ എല്ലാ തലങ്ങളിലുമുള്ള ഉദ്ധാരണ കൂടിയേ തീരൂ.

1952-ൽ വികസന ബ്ലോക്കുകൾ നിലവിൽ വന്നതോടുകൂടി വനിതാ സമാജങ്ങൾ രൂപീകരിച്ചുകൊണ്ട് സ്ത്രീകളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള പ്രയത്നം ആരംഭിച്ചു. കുടുംബാരോഗ്യകാര്യങ്ങളിൽ അവബോധമുണ്ടാക്കി സ്ത്രീ സമൂഹത്തെ ഉണർത്താനും നേതൃത്വഗുണമുള്ള കുറെപ്പേരെയെങ്കിലും കണ്ടെത്താനും ഇതുമൂലം സാധിച്ചു. സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് മുമ്പന്തിയിൽ എത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവരിൽ ഒരവബോധമുണ്ടാക്കാനും സാധിച്ചു. എന്നാൽ വായനശാലകൾ മറ്റ് സാമുദായിക സാംസ്കാരിക സംഘടനകൾ മുതലായവയെ പ്രതിനിധീകരിക്കുന്നതിനുള്ള അവസരം സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു.

പുന്നപ്ര പഞ്ചായത്തിലെ ജനസംഖ്യയിൽ അധികവും സ്ത്രീകളാണ്. ആകെയുള്ള 48,558 പേരിൽ 24,933 പേർ സ്ത്രീകളാണ്. 1000 പുരുഷന്മാർക്ക് 1036 സ്ത്രീകൾ എന്ന സംസ്ഥാന അനുപാതത്തിൽ നിന്നു വലിയ മാറ്റമില്ല. (1000-1033) എന്നു കാണാം.

## വിദ്യാഭ്യാസം

സാമ്പത്തികമായി മുൻപന്തിയിൽ നിന്നിരുന്നവരും സവർണരുമായ വളരെക്കുറച്ച് സ്ത്രീകൾക്കുമാത്രമേ ആദ്യകാലത്ത് വിദ്യാഭ്യാസാവസരങ്ങൾ ലഭിച്ചിരുന്നുള്ളൂ. കളർകോട് എസ്. ഡി. കോളേജ്, ആലപ്പുഴ സെൻറ് ജോസഫ്സ് കോളേജ് എന്നീ കോളേജുകൾ ആരംഭിച്ചതോടുകൂടി ഈ അവസ്ഥയ്ക്ക് കാതലായ മാറ്റം ഉണ്ടാകുകയും പഞ്ചായത്തിലെ സ്ത്രീകളിൽ ഉപരിപഠനം നേടിയവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എത്തിനിൽക്കുന്ന ഈ വേളയിൽ ആശ്വസിക്കാൻ ഇട നൽകുന്നത് മാതാപിതാക്കളുടെ പെൺകുട്ടികളോടുണ്ടായിരുന്ന സമീപനത്തിലെ മാറ്റമാണ്.

ഇപ്പോൾ പഞ്ചായത്തിലെ 15 സ്കൂളുകളിലായി പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് താഴെ കാണുന്ന പട്ടികയിലൂടെ പരിശോധിക്കാം.

| ആകെ എണ്ണം | HS | UPS | LPS | EMS | BOYS | GIRLS | TOTAL |
|---|---|---|---|---|---|---|---|
| 15 | 4 | 3 | 5 | 3 | 4547 | 4152 | 8699 |

ഈ ചാർട്ട് പരിശോധിച്ചാൽ വിദ്യാർത്ഥിനികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ആൺകുട്ടികളേക്കാൾ കുറവാണ് എന്നു കാണാം. എന്നാൽ വിദ്യാഭ്യാസകാലത്ത് കൊഴിഞ്ഞുപോകുന്ന പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കുറവാണ്. (316-ൽ 102) തോറ്റുപഠിക്കുന്നവരിലും ആൺകുട്ടികളേക്കാൾ കുറവാണ് പെൺകുട്ടികളുടെ സംഖ്യ. (654ൽ 223). സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ ദയനീയമായ ഒരവസ്ഥയിലാണെന്ന് താഴെ കാണുന്ന പട്ടിക പരിശോധിച്ചാൽ മനസിലാക്കാം.

| NO PARTICULARS | ITC | POLYTECHNIC |
|---|---|---|
| NO | 3 | 1 |
| BOYS | 569 | 523 |
| GIRLS | 46 | 134 |

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ITC 3, POLYTECHNIC 1, COMPUTER CENTER 2, TYPEWRITING CENTER 7) ആകെയുള്ള വിദ്യാർത്ഥികളിൽ 20% മാത്രമാണ് സ്ത്രീകൾ. സാങ്കേതിക വിദ്യാഭ്യാസമേഖല നവീകരിക്കപ്പെടുമ്പോൾ സ്ത്രീജന പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തേണ്ടതാണ്.

സ്ത്രീകളുടെ സാമ്പത്തിക, സാമൂഹ്യ ഉന്നമനത്തിനായി വികസന വകുപ്പ് സാമൂഹികക്ഷേമവകുപ്പ് എന്നീ സർക്കാർ വകുപ്പുകൾ പലവിധമായ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി പുന്നപ്ര പഞ്ചായത്തിൽ 6, DWCRA ഗ്രൂപ്പുകളുണ്ടാക്കി പ്രവർത്തിച്ചുവരുന്നു. 69 സ്ത്രീകൾക്ക് പുതിയ തൊഴിൽ സംരംഭത്തിലേർപ്പെടാൻ സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ ഏതാനും സംരംഭങ്ങൾക്ക് ഉദ്ദേശച്ച രീതിയിൽ സാമ്പത്തിക ഭദ്രതയുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇത്തരം സംരംഭങ്ങളുടെ പരാജയത്തിനു കാരണമായ പ്രശ്നങ്ങൾ മനസിലാക്കി പരിഹാരം കണ്ടെത്തേണ്ടതാണ്.

7 സി.ബി.സി. ഗ്രൂപ്പുകളും പുന്നപ്ര പഞ്ചായത്തിൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ശൈശവദശയിലാണ്. ഈ ദൃശപ്രവർത്തനങ്ങൾ ഗ്രാമത്തിന്റെ അവശ്യമേഖലകളിൽ എത്തപ്പെടാൻ ആവശ്യമായതു ചെയ്യേണ്ടതാണ്.

## തൊഴിൽ

സ്ത്രീകൾ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന ഒരു മേഖലയാണിത്. സർക്കാർ ഇതര രംഗങ്ങളിലെല്ലാം വേതന വിവേചനം നിലനിൽക്കുന്നു. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ രംഗത്ത് 1117 പുരുഷന്മാർ ജോലി ചെയ്യുമ്പോൾ വനിതാപ്രാതിനിധ്യം 315-ൽ ഒതുങ്ങുന്നു.

പുന്നപ്ര പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികളിൽ സിംഹഭാഗവും കാർഷിക, കയർ, മൽസ്യസംസ്കരണ വിപണന മേഖലകളിൽ പണിയെടുക്കുന്നു. കൂടാതെ കൺസ്ട്രക്ഷൻ രംഗത്തും ഒരു നല്ല ശതമാനം സ്ത്രീകൾ പണിയെടുക്കുന്നു. ഈ മേഖലകളിൽ പണിയെടുക്കുന്ന പുരുഷന്മാരുടെ വേതനവുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീക്കു ലഭിക്കുന്ന കൂലി തുലോം കുറവാണ്. സ്ത്രീകൾക്കു ലഭിക്കു വേതനം കുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുമ്പോൾ പുരുഷന്മാർക്ക് കിട്ടുന്ന വേതനത്തിന്റെ ചെറിയ ശതമാനം മാത്രമേ വീടുകളിൽ എത്തപ്പെടുന്നുള്ളൂ. ഈ മേഖലകളിലെ യന്ത്രവൽക്കരണം സ്ത്രീകൾക്ക് ജോലി നഷ്ടപ്പെടുത്തുന്നതിനു കാരണമാകുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്തോടു കാട്ടുന്ന വിമുഖത വിദഗ്ധ തൊഴിലാളികളിൽ നിന്നും പുറന്തള്ളപ്പെടാൻ കാരണമാകുന്നു. ഈ മനോഭാവം മാറ്റുന്നതിനുതകുന്ന ബോധവൽക്കരണ പരിപാടികളത്യാവശ്യമാണ്.

## സംവരണം

സ്ത്രീ സമത്വത്തിനുവേണ്ടി സെമിനാറുകളും മറ്റും നടക്കുന്നുണ്ടെങ്കിലും സ്ത്രീപരിഷ്കരണ വാദികൾക്ക് ഭാഗികമായ വിജയം നേടാൻ പോലും ഇന്നേവരെ സാധിച്ചിട്ടില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു. തിരഞ്ഞെടുപ്പുവേളകളിൽ രാഷ്ട്രീയപാർട്ടികൾ വനിതാസംവരണം വിദഗ്ധമായി ഉപയോഗിക്കുന്നുണ്ടെങ്കിലും അധികാരസോപാനത്തിൽ ആരോഹണക്രമത്തിൽ കഴിഞ്ഞാൽ വനിതകളെ സൗകര്യപൂർവം മറക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികമുള്ള സ്ത്രീകൾക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സംഘടനകളിലും അർഹമായ പ്രാതിനിധ്യം നൽകേണ്ടതാണ്. ഇതിന്റെ ആവശ്യകതയെക്കുറിച്ചു വനിതകളെ ബോധവതികളാക്കാൻ പുരുഷന്മാർ മുൻകൈ എടുക്കുന്നതു നന്നായിരിക്കും. സ്ത്രീകളെ നേതൃത്വനിരയിലേക്കു കൊണ്ടുവരാൻ കുടുംബാംഗങ്ങളുടെ നിർലോഭമായ പിന്തുണ ആവശ്യമാണ്. സംവരണം ജനസംഖ്യാനുപാതികമാക്കുന്നതാണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം.

വാർഡുകളിൽ നിന്നും വന്ന ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചാൽ സ്ത്രീകളുടെ അടിസ്ഥാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണെന്നു കാണാം.

1. പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണെങ്കിലും വിദ്യാഭ്യാസരംഗത്ത് അവർ വളരെ പിറകിലാണ്. ഭൂരിഭാഗം സ്ത്രീകളും പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാ

അവരാണ്.

2. തീരദേശ വാർഡുകളിലെ നല്ലൊരു ശതമാനം സ്ത്രീകളും പീലിങ്ഷെഡ്ഡുകളും മൽസ്യസംസ്കരണ രംഗങ്ങളിലും പണിയെടുക്കുന്നു. ഇവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളില്ല. രാത്രിയിലെ പണി കഴിഞ്ഞ് വീട്ടിൽ പോകുവാൻ തെരുവു വിളക്കുകൾ ഇല്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നു.

3. പീലിങ് ഷെഡുകൾ ഗ്രാമീണജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ശുചിത്വമില്ലായ്മയും പരിസര ശുചീകരണമില്ലായ്മയും മൂലം പകർച്ചവ്യാധികളും മറ്റും ഉണ്ടാകുന്നു.

4. കാർഷികമേഖലയിലും, കെട്ടിട നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലെല്ലാം തന്നെ വേതനവിവേചനം നിലനിൽക്കുന്നു.

5. സാമൂഹിക സാംസ്കാരിക സംഘടനകളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നില്ല.

6. സ്ത്രീകൾ അവരുടെ കഴിവുകളെ മനസിലാക്കുന്നില്ല. കുട്ടികളെ പരിപാലിക്കാനും പാചകം മുതലായ വീടുപണികൾ ചെയ്യാനും മാത്രം വിധിക്കപ്പെട്ടവരാണെന്നു കരുതുന്നു.

7. വീട്ടുകാര്യങ്ങളുടെ നല്ലൊരു പങ്കും കൈകാര്യം ചെയ്യേണ്ടി വരുന്ന സ്ത്രീകൾ- കാര്യക്ഷമതയില്ലായ്മയും അജ്ഞതയും മൂലം അടിച്ചമർത്തപ്പെടുന്നു.

8. കൂലിപ്പണിക്കാരും സാമ്പത്തിക ഭദ്രതയില്ലാത്തതുമായ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകൾക്കും പ്രാഥമിക കാര്യങ്ങൾ പോലും നിർവഹിക്കാനുള്ള ഇല്ലാത്ത സാഹചര്യങ്ങൾ ഇല്ലാത്ത സാഹചര്യമാണ്.

9. പുരുഷന്മാരുടെ മദ്യപാലനം, സ്ത്രീപീഡനം വർദ്ധിപ്പിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്നു.

10. സ്ത്രീധന സമ്പ്രദായം അനേകം കുടുംബങ്ങളിൽ അവിവാഹിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. വിവാഹിതരാവർ തന്നെ പീഡിപ്പിക്കപ്പെടുന്നു.

11. മഹിളാസമാജങ്ങളുടേയും അംഗനവാടികളുടെയും പ്രവർത്തനങ്ങൾ പര്യാപ്തമല്ല.

12. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആവശ്യത്തിനു മതിയാകുന്നില്ല.

13. DWCRA, CBCS മുതലായ ഗവൺമെൻറ് പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും ഫണ്ടിൻെറ അഭാവവും സ്ത്രീതൊഴിൽ പദ്ധതികൾ ഈ മേഖലയിൽ ഫലവത്താകുന്നില്ല.

14. സ്ത്രീ തൊഴിലാളികൾക്ക് അവരുടെ ശിശുക്കളെ നോക്കുന്നതിന് നിലവിൽ ഒരു സംവിധാനവുമില്ല.

15. മന്ദബുദ്ധികളും അംഗവൈകല്യങ്ങളുമുള്ള കുട്ടികൾ അമ്മമാരുടെ ദുരിതം വർദ്ധിപ്പിക്കുന്നു.

16. വായനാശീലം പുരുഷന്മാരേക്കാൾ വളരെ കുറവാണ്. വായനാശീലമുള്ള സ്ത്രീകളിൽ ഭൂരിഭാഗവും പൈങ്കിളിസാഹിത്യം ഇഷ്ടപ്പെടുന്നു.

17. പരിസരശുചിത്വം, വ്യക്തിശുചിത്വം തുടങ്ങി കുടുംബത്തിൻെറ ആരോഗ്യകാര്യങ്ങളെക്കുറിച്ച് പരിമിതമായ അറിവുമാത്രമുള്ളവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും.

18. കാർഷികമൃഗസംരക്ഷണമേഖലകളിൽ നൂതനമാർഗങ്ങളെക്കുറിച്ചുള്ള അജ്ഞത സ്ത്രീകളെ ഈ മേഖലകളിൽ നിന്നും വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നു.

19. സാമ്പത്തിക സുരക്ഷിതത്വത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ പ്രകടമാണ്.

20. ആവശ്യത്തിനനുസരണമായ "വാട്ടർപൈപ്പ്"കളുടെ അഭാവം സ്ത്രീകളുടെ സമയത്തിൻെറ സിംഹഭാഗവും പൈപ്പിൻ ചുവട്ടിൽ ചിലവഴിക്കാൻ അവരെ നിർബന്ധിതരാക്കുന്നു.

പൊതുവേ മേൽവിവരിച്ച പ്രശ്നങ്ങൾക്ക് വാർഡുകളിൽ നിന്നും വന്ന പരിഹാര നിർദേശങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

1. പഞ്ചായത്തിലെ നിർധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാനാകാതെ കൊഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ ഒരു സർവേയിലൂടെ അവരെ കണ്ടുപിടിച്ച് തുടർ വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.. 50 വയസിനു താഴെ പ്രായമുള്ള നിരക്ഷരരുണ്ടെങ്കിൽ അവരെ സാക്ഷരരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. തീരദേശമേഖലകളിൽ സാംക്രമിക രോഗങ്ങൾ പരത്തുന്നതിൽ പീലിങ് ഷെഡ്ഡുകൾക്കുള്ള പങ്ക് വളരെ വലുതാണ്. പീലിങ് ഷെഡ്ഡുകളിൽ നിന്നും പുറത്തേക്കു നിർഗമിക്കുന്ന മലിനപദാർത്ഥങ്ങളെ പരിസരമലിനീകരണത്തിനു കാരണമാകാത്ത തരത്തിൽ നീക്കം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പീലിങ് ഷെഡ്ഡുകൾക്ക് ഉണ്ടായിരിക്കണം. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പീലിങ് ഷെഡ്ഡുകൾ പൊളിച്ചുമാറ്റുക. വളരെയധികം സ്ത്രീകൾ പണിയെടുക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അത്യാവശ്യസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. (വൃത്തിയും വെടിപ്പുമുള്ള സാനിറ്ററി കക്കൂസുകൾ ഉണ്ടാക്കണം.)

3. എല്ലാ തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്ക് തൊഴിൽ ഉറപ്പു വരുത്തുകയും വേതനത്തിലുള്ള അന്തരം ഇല്ലാതാക്കുകയും വേണം.

4. ഇപ്പോൾ നിലവിലുള്ള എല്ലാ സാമൂഹ്യസാംസ്കാരിക സംഘടനകളിലും സ്ത്രീകൾക്ക് പങ്കാളിത്തവും ഭരണസാരഥ്യവും ഉറപ്പുവരുത്തണം. കഴിവുള്ള സ്ത്രീകളെ ഇതിനായി കണ്ടുപിടിക്കണം.

5. സ്ത്രീകൾ സാമൂഹികാനാചാരങ്ങളിലും അന്ധമായി വിശ്വസിച്ച് ഒരു അടിമയപ്പോലെ കഴിയാൻ നിർബന്ധിതരായിക്കുന്നു. ഈ അവസ്ഥയ്ക്ക് നിർബന്ധമായും മാറ്റം ഉണ്ടാകണം. പാചകം ചെയ്യാനും കുട്ടികളെ പോറ്റാനം മാത്രമുള്ള ഒരു ഉപകരണമാണ് താൻ എന്ന ബോധം ഭൂരിപക്ഷം സ്ത്രീകളുടേയും മനസിൽ വേരൂന്നിക്കഴിഞ്ഞു. ഇന്നത്തെ ദയനീയാവസ്ഥയിൽ നിന്നും സ്ത്രീകൾക്ക് കാലികമായ ഒരു പരിവർത്തനം അനിവാര്യമാണ്. ഇതിനായി പുരുഷന്മാർ മുന്നോട്ടിറങ്ങേണ്ടതാണ്. അതിന് മാനസികമായി പകവ വന്നിട്ടില്ലാത്ത പുരുഷന്മാർക്കും സ്ത്രീകൾക്കും ബോധവൽക്കരണം നടത്തണം. എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം കഴിവും ഭരണനിപുണതയും സ്ത്രീകളെ പ്രാപ്തരാക്കണം.

6. പഞ്ചായത്തിലെ നിർദ്ധന കുടുംബങ്ങൾക്ക് സാനിറ്ററി കക്കൂ

സുകൾ നൽകുകയും ഇതിനൊപ്പം ഉപയോഗിക്കുവാൻ വെള്ളത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തണം.

7. പുരുഷന്റെ മദ്യപാനവും, ലഹരിമരുന്നുപയോഗവും ഇല്ലാതാക്കാൻ കഴിയുന്ന എല്ലാ മാർഗങ്ങളും സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം വരുമാനത്തിന്റെ നല്ലൊരു പങ്കും കുടുംബങ്ങളിൽ എത്തുന്നില്ല. പുരുഷന്റെ ആരോഗ്യം നശിക്കുന്നതോടൊപ്പം സ്ത്രീയും പീഡിപ്പിക്കപ്പെടുന്നു. (പുരുഷന്മാരെ ഈ അത്യാപത്തിൽ നിന്നും രക്ഷിക്കാൻ കഴിയാത്ത വിധം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

8. സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കുന്നതിന് സമൂഹത്തിന്റെ സാമ്പത്തിക മേൽത്തട്ടിലുള്ളവരെ കൊണ്ടുത്തന്നെ മാതൃകാപരമായി വിവാഹബന്ധങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധരാക്കുക. അതിനായി എല്ലാ രാജ്യങ്ങളിലും ബോധനപരിപാടികൾ നടത്തുക. സ്ത്രീധനപീഡനമരണം റിപ്പോർട്ടു ചെയ്യപ്പെട്ടാൽ അതിനു കാരണക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായ ശിക്ഷ നൽകുക.

9. മഹിളാസമാജങ്ങളുടെയും അംഗനവാടികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സമൂഹത്തിന്റെ തന്നെ ആവശ്യമാണെന്നു ബോധ്യപ്പെടുത്തുക. ഈ രംഗത്തുള്ള ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ വാഡുകൾ തോറും സബ്സെന്ററുകൾ സ്ഥാപിച്ചുകൊണ്ട് വിപുലപ്പെടുത്തുക. ഡോക്ടർമാർ മുതൽ അംഗൻവാടി വർക്കാർമാർ വരെ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും അർപ്പണമനോഭാവത്തോടു കൂടി പ്രവർത്തിക്കാനുതകുന്ന തരത്തിൽ പരിശീലനം പരിശീലനം നൽകുക. ആതുരസേവനരംഗത്ത് നടമാടുന്ന അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക. ഹെൽത്ത് സെന്റർ പഞ്ചായത്തിലെ അമ്മമാരുടെ ആരോഗ്യരക്ഷസംവിധാനത്തിന് പ്രാധാന്യം നൽകി രൂപപ്പെടുത്തുക. പി.എച്ച്. സെന്ററിൽ ഗൈനക്കോളജിയിൽ ഒരു ഡോക്ടർ എങ്കിലും ഉണ്ടായിരിക്കണം.

10. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള എല്ലാ കുടുംബങ്ങളിലും എത്തുന്നില്ല. മതിയായ ഫണ്ട് കണ്ടെത്തി സാമ്പത്തികഭദ്രതയുണ്ടാക്കുന്നതിനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

11. എല്ലാ വാർഡുകളിലും മഹിളാക്ലാസുകൾ രൂപീകരിക്കുകയും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതിനാവശ്യമായ മാർഗങ്ങൾ തയ്യാറേക്കണ്ടതുമാണ്ഴ

DWCRA, CBCS മുതലായ പദ്ധതികളെക്കുറിച്ച് പ്രചരണം നടത്തുകയും അതിന്റെ പ്രയോജനം തൊഴിൽ രഹിതരായ എല്ലാ സ്ത്രീകൾക്കും ലഭിക്കുംവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യൂണിറ്റുകളുടെ ന്യൂനതകൾ പരിഹരിക്കുക. സ്ത്രീകൾക്ക് കൂട്ടായ്മയിലൂശട ചെയ്യാവുന്നതും മാർക്കറ്റ് ഉള്ളതുമായ തൊഴിൽ പദ്ധതികൾ പ്രദേശത്തിന്റെ കണക്കനുസരിച്ച് തിരഞ്ഞെടുത്ത് നടപ്പിലാക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുക.

12. സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള മേഖലകളിൽ അവരുടെ കുട്ടികളെ നോക്കുന്നതിന് ശിശുപരിപാലനകേന്ദ്രം സ്ഥാപിക്കുക.

13. അംഗവൈകല്യവും ബുദ്ധിമാന്ദ്യവുമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അടിയന്തിരമായി ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

14. പഞ്ചായത്തിലെ സ്ത്രീകളിൽ വായനാശീലം പൊതുവെ കുറവാണ്. വായിക്കുവാനും അറിയാനുമുള്ള സാഹചര്യം സൃഷ്ടിക്കാൻ എല്ലാ വായനശാലാ കമ്മിറ്റികളിലും സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. റിഡിങ് റൂമുകളിൽ സ്ത്രീകൾക്ക് പ്രത്യേകസമയമോ സൗകര്യമോ ഏർപ്പെടുത്തുക. പൈങ്കിളി സാഹിത്യത്തോടു കാട്ടുന്ന അമിതാവേശം മറ്റു ഗ്രന്ഥങ്ങൾ വായിക്കുന്നതിലേക്ക് തിരിച്ചുവിടുന്നതിനുള്ള പരിപാടികൾ നടത്തണം.

15. കാർഷിക കയർ മൽസ്യസംസ്കരണ മേഖലകളിലെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുക.

16. വനിതാസഹകരണസംഘങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

17. വനിതാ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ഫ്രാഞ്ചൈസ് കർച്ചറർ പോലെയുള്ള പദ്ധതികൾക്ക് പ്രോൽസാഹനം നൽകുക.

18. കന്നുകാലി വളർത്തലിന് വനിതകൾക്കു മാത്രമായി സാമ്പത്തിക സഹായ പദ്ധതി നടപ്പിലാക്കുക.

19. പോഷകാഹാര വിദ്യാഭ്യാസം സാർവത്രികമാക്കുകയും എല്ലാ വീടുകളിലും അടക്കളത്തോട്ടമുണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും അതിനുള്ള സാങ്കേതിക വിദ്യ നൽകുകയും ചെയ്യുക.

20. പഞ്ചായത്തതിലെ 10-ാം വാർഡിൽ പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന തീപ്പെട്ടിക്കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

21. എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം.

22. പഞ്ചായത്തിൽ മദ്യനിരോധനം പൂർണമായി നടപ്പിലാക്കുക.

23. വനിതാ കമ്മീഷന്റെ സെല്ലുകൾ വാർഡുതലങ്ങളിൽ രൂപീകരിക്കാം തീരുമാനമെടുത്തു നടപ്പിലാക്കാനുള്ള നിയമപരമായ അധികാരങ്ങൾ നൽകുകയും ചെയ്യുക.

24. സ്ത്രികളുടെ ശരീരത്തിന്റെ നഗ്നത പ്രദർശിപ്പിക്കുന്ന യാതൊരു വിധ പോസ്റ്ററുകളും പഞ്ചായത്തിലൊരിടത്തും പ്രദർശിപ്പിക്കാൻ അനുവദിക്കരുത്.

25. പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളേയും ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാക്കാനുള്ള പ്രചരണപരിപാടികൾ നടത്തുക.

27. വാർഡുകൾ തോറും വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് വനിതകൾക്ക് തൊഴിൽഭദ്രത ഉറപ്പുവരുത്തുക.

28. സാമൂഹ്യവിരുദ്ധ സ്വഭാവമുള്ള സ്ത്രീകളെ നേർവഴിക്കു കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ മഹിളാസംഘടനകൾ മുൻകൈ എടുത്ത് നടപ്പിലാക്കണം.

മദ്യവ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ത്രീകളെ പിന്തിരിപ്പിക്കാൻ മഹിളാസമാജങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

★ ★ ★



# വിഭവസമാഹരണം

പുന്നപ്ര ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. തീരദേശമേഖലയിലെ മൽസ്യത്തൊഴിലാളികൾ ആണ്ടിൽ ആറുമാസവും തീപുകയാത്ത അടുപ്പുകളുമായി അലകടലിനെ പ്രതീക്ഷയോടെ നോക്കി കഴിയുന്നവരാണ്. കയർ തൊഴിലാളികളും, കാർഷികമേഖലയിൽ പണിയെടുക്കുക്കുന്നവരും തിങ്ങിപ്പാർക്കുന്ന കിഴക്കൻ പ്രദേശങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ മേഖലകളിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ജനങ്ങളുടെ ജീവിതത്തെ കൂടുതൽ ദുരിതപൂർണമാക്കുന്നു. ഇടത്തരക്കാരുടെയും സാമ്പത്തികശേഷിയുള്ളവരുടെയും സംഖ്യ പരിമിതമാണ്.

ഈ സാഹചര്യങ്ങളിൽ, ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പഞ്ചായത്തിന്റെ വരുമാനം തീരെ അപര്യാപ്തമാണെന്നു കാണാം.

പഞ്ചായത്തിന്റെ 1995-96ലെ വരവുചെലവുകണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

പുന്നപ്ര ഗ്രാമപഞ്ചായത്തിന്റെ വരവു-ചെലവു കണക്ക്
1995-96

| | | |
|---|---|---|
| എ. | വരവ് | |
| 1. | കെട്ടിടനികുതി | 4,20,881.95 |
| 2 | തൊഴിൽ നികുതി | 2,99,575.00 |
| 3. | വിനോദനികുതി | 61,268.30 |
| 4. | അധികാരവിനോദനികുതി | 36,946.62 |
| 5. | പ്രദർശന നികുതി | 6,639.00 |
| 6. | പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1,596.75 |
| 7. | ചന്തവരവ് | 21,361.00 |
| 8. | ലൈസൻസ് ഫീസ് | 13,874.50 |
| 9. | വസ്തു കൈമാറ്റ നികുതി (75%) | 2,15,422.00 |
| 10. | മറ്റു വരവുകൾ (സർക്കാർ ഗ്രാൻറുകൾ ഒഴികെ) | 32,417.20 |
| 11. | ഡിപ്പോസിറ്റ് | 27,974.00 |
| 12. | മറ്റുള്ള. | 6,02,808.30 |
| | ആകെ വരവ് | 17,40,764.62 |
| ബി. | ചെലവ്. | |
| 1. | ഭരണം | 7,55,008.15 |
| 2. | പൊതുമരാമത്ത് | 6,78,354.00 |
| 3. | വിദ്യാഭ്യാസം | 44,493.00 |
| 4. | ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 22,764.50 |
| 5. | തെരുവു വിളക്കുകൾ കത്തിക്കുന്നത്. | 1,02,073.00 |
| 6. | മറ്റുള്ളവ. | 33,421.00 |
| | ആകെ ചെലവ് | 16,36,113.65 |

1995-96ൽ ഭരണച്ചെലവ് മൊത്തം വരുമാനത്തിന്റെ 46.15 ശതമാനമായിരുന്നു. വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന പരിമിതമായ തുക റോഡുകൾക്കായാണ് പ്രധാനമായും ചെലവഴിക്കപ്പെടുന്നത്. മുഴുവൻ റോഡുകളുടെയും സംരക്ഷണത്തിനാവശ്യമായ തുക ചെലവഴിക്കുന്നതിന് ഒരിക്കലും കഴിയുകയില്ല. അതുകൊണ്ട് തന്നെ ഇപ്പോൾ ചെലവഴിക്കുന്ന തുകയ്ക്ക് ദീർഘകാലത്തെ പ്രയോജനം ലഭ്യമാകുന്നുമില്ല.

പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം മനുഷ്യവിഭവശേഷി തന്നെയാണ്. കൂട്ടായ സഹകരണത്തിലൂടെയും ബോധപൂർവമായ ഇടപെടലിലൂടെയും ഇന്നു നേരിടുന്ന മിക്ക പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. ഇത്തരം മനോഭാവം ജനങ്ങളിൽ വളർന്നുവരുന്നു എന്നുള്ളത് - ഗ്രാമസഭകളിൽ ഉണ്ടായ വാഗ്ദാനം- ശുഭോദർക്കമാണ്. വികസന പ്രവർത്തനങ്ങളിൽ സന്നദ്ധസേവനം നടത്തുന്നതിനുള്ള വാഗ്ദാനം എല്ലാ ഗ്രാമസഭകളിലും ഉണ്ടായിട്ടുണ്ട്.

വിഭവസമാഹരണത്തിൽ താഴെ പറയുന്നവയാണ് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ.

1. കാർഷിക വ്യാവസായികരംഗത്തേയും മൽസ്യോൽപ്പാദകമേഖലയിലേയും തളർച്ച.
2. വൈദ്യുതി പ്രതിസന്ധി.
3. നികുതി നിർണയത്തിലിലേയും മറ്റും അപാകത.
4. വിദേശ തൊഴിലാളികളുടെ വരുമാനം പഞ്ചായത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.
5. മാനുഷിക വിഭവം സേവനതലത്തിൽ ഏകോപിപ്പിക്കുവാൻ കഴിയുന്നില്ല.
6. സഹകരണമേഖലയിലെ സാധ്യതകൾ ചൂഷണം ചെയ്യാൻ കഴിയുന്നില്ല.

പഞ്ചായത്തിന്റെ വരുമാനത്തിൽ ആരംഭകാലത്തേതിനേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, വർഷം തോറും വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും, ആവശ്യങ്ങളുമായി ഇത് പൊരുത്തപ്പെടുന്നില്ല. നികുതി നിർണയത്തിലേയും സമാഹരണത്തിലേയും ഇന്നുള്ള കുറവുകൾ പരിഹരിച്ചും ജനങ്ങൾക്ക് അവബോധം നൽകിയും നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. നിയമപ്രകാരം, പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകൾ ജനങ്ങളെ അറിയിക്കുമ്പോൾ നികുതിപ്പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്താൻ കഴിയണം. ഇതു മൂലം അഴിമതി തടയുന്നതിനും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെ കൂടുതൽ പങ്കാളികളാക്കുന്നതിനും കഴിയും.

## നിർദേശങ്ങൾ

1. കെട്ടിട നികുതി നിർണയം കുറ്റമറ്റതാക്കുക. നിയമപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സമിതിയുണ്ടാക്കുകയും നീതിരഹിതമായ നികുതി നിർണയത്തിനുത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുകയും ചെയ്യുമെന്ന നിലവന്നാൽ തന്നെ ഈ ഇനത്തിൽ വർദ്ധനവ് ഉണ്ടാകും.
2. വിനോദനികുതി പരിശോധന കൂടുതൽ കർശനമാക്കണം. യഥാർത്ഥത്തിൽ കിട്ടേണ്ടുന്ന നികുതി ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വാർഡു വികസന സമിതി, പഞ്ചായത്തു വികസനസമിതി, പഞ്ചായത്ത് അധികൃതർ എന്നിവരുടെ കൂട്ടായ പരിശ്രമം വേണം.
3. കത്താത്ത തെരുവുവിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് നൽകേണ്ടിവരുന്ന ഇന്നത്തെ അവസ്ഥ മാറണം.
4. കേബിറ ടി.വി. കണക്ഷൻ ഉള്ളവരിൽ നിന്നും ഒരു നിശ്ചിതതുക (വർഷത്തിൽ) പിരിക്കണം.
5. പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഫലപ്രദമായി വിനിയോഗിക്കപ്പെടണം. പാട്ടത്തിനു നൽകാൻ കഴിയുമോ എന്നു ആലോചിക്കണം.
6. ചിട്ടി രജിസ്ട്രേഷൻ പഞ്ചായത്തിലൂടെ നടത്തുക.
7. ലൈസൻസ് ഫീസ് പരിവ് ഫലപ്രദമാക്കണം. പുതിയ സംരംഭങ്ങൾക്ക് ഫീസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. ഉദാ. സിമൻറ് വർക്സ്.
8. പാരലൽ കോളേജ് സ്വകാര്യക്ലിനിക്, ടൈപ്പ്റൈറ്റിങ് സ്ഥാപനം, ടെലിഫോൺ ബൂത്ത്, ഐ.ടി.സി.കൾ തുടങ്ങിയവയിൽ നിന്നും വർഷം തോറും ഒരു നിശ്ചിത തുക ഈടാക്കുക.
9. പഞ്ചായത്തുവക കെട്ടിടങ്ങളുടെ വാടക കാലോചിതമായി പരിഷ്കരിക്കുക. മുഴുവൻ തുകയും അതാതു വർഷം ഈടാക്കുവാൻ കഴിയണം.
10. വിവാഹ രജിസ്ട്രേഷൻ നിർബന്ധിതമാക്കുകയും രജിസ്ട്രേഷൻ ഫീസ് കുറഞ്ഞത് 100 രൂപ ഈടാക്കുകയും ചെയ്യുക.
11. വികസന പ്രവർത്തനങ്ങൾ പൂർണമായും ജനപങ്കാളിത്തത്തോടെ നടത്തുക. എല്ലാ വാർഡുകളിലും മെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധസേവകരുടെ സമിതി രൂപീകരിക്കുക. വികസനത്തിന് പൊതുജനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കണം.
12 പഞ്ചായത്തിന്റെ അധീനതയിലുള്ളതും പ്രധാന കേന്ദ്രങ്ങളിലുള്ളതുമായ സ്ഥലങ്ങളിൽ ഷോപ്പിങ് കേന്ദ്രങ്ങൾ നിർമ്മിച്ചു കടയ്ക്കു നൽകുക.
13. പറവൂരിലെ ഓപ്പൺ എയർ തിയേറ്ററിനോടു അനുബന്ധിച്ച് ആഡിറ്റോറിയം നിർമ്മിച്ചും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തിയും വിവാഹാവശ്യങ്ങൾക്കും മറ്റും വാടകയ്ക്ക് നൽകുക.
14. ടി. സ്ഥലത്ത് റോഡരുകിൽ ഇരുനില ഷോപ്പിങ് കോംപ്ലക്സ് നിർമ്മിച്ചു വാടകയ്ക്ക് നൽകുവാൻ കഴിയണം. പറവൂരിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, പോസ്റ്റ് ഓഫീസ് എന്നിവയ്ക്ക് ആവശ്യമായ കെട്ടിടം നൽകുവാനും കഴിയും. ഇതിനാവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കണം.
15. ഗവൺമെൻറിൽ നിന്നും ഗ്രാൻറ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രമിക്കണം.
16. 'പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി' രൂപീകരിച്ചുകൊണ്ട് ജീവകാരുണ്യപരമായ കാര്യങ്ങൾക്ക് ധനസഹായം നൽകുന്നതിന് സംവിധാനം ഉണ്ടാക്കണം. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇതിനായി സംഭാവന സ്വീകരിക്കാവുന്നതാണ്.

# ഉപസംഹാരം

അധികാരം ജനങ്ങളിലായിരിക്കണമെന്ന് പ്രഖ്യാപിച്ച വിശ്വമഹാനായ മഹാത്മജി പിറന്ന പുണ്യഭൂമിയാണ് ഭാരതം. താഴെത്തട്ടിൽ നിന്ന് നിവർത്തി നീട്ടിപ്പിടിച്ചിരിക്കുന്ന കൈകളിലേയ്ക്ക്, വാനോളം ഉയർന്ന അവരുടെ സ്വപ്നഹൃദയങ്ങളിലേയ്ക്കും കൊച്ചുകൊച്ചു സഹായങ്ങളെത്തിക്കുന്ന ഏജൻസിയായിട്ടുമല്ല അധികാരഘടങ്ങൾ മാറേണ്ടത്. ജനങ്ങളെ കൂടുതൽ മനുഷ്യോചിതമായ സാഹചര്യങ്ങളിൽ ജീവിക്കാൻ അനുവദിക്കുന്ന നിതാന്തജാഗ്രവത്തായ പ്രസ്ഥാനമാകണം അധികാരഘടകം. ദാരിദ്ര്യം, തൊഴിലില്ലായ്മ, അനാരോഗ്യം, അവഗണന എന്നിവയിൽ നിന്നും മുഴുവനാളുകളേയും മോചിപ്പിക്കാനും അവരെ പൂർണ മനുഷ്യരാക്കാനും സാധിക്കണം. അതിനായി ഏവർക്കും അവസരം ലഭ്യമാക്കണം. ചുരുക്കത്തിൽ ജനങ്ങൾ തങ്ങളുടെമേലുള്ള നിയന്ത്രണം തിരിച്ചെടുത്ത് മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങൾക്കും സംവിധാനങ്ങൾക്കുമെതിരെ നടത്തുന്ന പോരാട്ടത്തിലൂടെ പൂർണമാകുന്ന യാഥാർത്ഥ്യമാണ് വികസന പ്രക്രിയ. ഈ വികസന തന്ത്രത്തിന് വിജയഭാവം നൽകുന്നതായിരിക്കും 9-ാം പദ്ധതിയിൽപ്പെടുത്തി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതിയെന്ന് നമ്മൾ ഉറച്ചുവിശ്വസിക്കുന്നു. പഞ്ചവൽസരപദ്ധതിയുടെ അടങ്കൽതുകയിൽ 40% തുക ഗ്രാമപഞ്ചായത്തിന് നൽകുമ്പോൾ അതിനോടൊപ്പം നമ്മുടെ മനുഷ്യവിഭവശേഷി കൂടി ചേർത്തുകൊണ്ട് നാം ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണമാക്കാനാകും. ഏതേത് പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നതിനെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ സ്വതന്ത്രവും നീതിനിഷ്ഠവുമായ സമീപനമായിരിക്കണം സ്വീകരിക്കപ്പെട്ടേണ്ടത്.

ലഭ്യമായ രേഖകൾ, ഗ്രാമസഭാതീരുമാനങ്ങൾ, ജനകീയാസൂത്രണ സംബന്ധമായ ചർച്ചകൾ, അന്വേഷണങ്ങൾ, പഠനങ്ങൾ, അഭിമുഖങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് പുന്നപ്രയുടെ ഈ വികസനരേഖ. വികസനസെമിനാറിലെ ചർച്ചകൾക്കുള്ള ഒരു കരട് രൂപം മാത്രമാണിത്. ഇത് ചർച്ചകളിലൂടെ കൂടുതൽ ശാസ്ത്രീയവും കുറ്റമറ്റതുമാക്കണം. അതിനായി ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

ശ്രമകരമായ ഈ ജോലിയിൽ അനേകം നല്ലവരായ ആളുകൾ സഹകരിച്ചിട്ടുണ്ട്. എല്ലാവരേയും നന്ദിപൂർവം സ്മരിക്കുന്നു.

സ്നേഹപൂർവ്വം
ഹെഡ്മിസ്ട്രസ്

ക്ലീറ്റസ് കളത്തിങ്കൽ

പാലോട്ട് രാമകൃഷ്ണപിള്ള (ജനകീയാസൂത്രണം ഡി.ആർ.പി. മാമൂടെ കൺവീനർ)

## പത്രാധിപ സമിതി

ശ്രീമതി രാജമ്മ രാധാകൃഷ്ണൻ .... (ചെയർപേഴ്സൺ)
ശ്രീമതി എസ്. പുഷ്പലത ..... (അംഗം)
ശ്രീ. പി.എ. സാലസ് ..... (അംഗം)
ശ്രീ. ബി. മുരളീധരൻ ..... (അംഗം)
ശ്രീ. എ.ജി. ഹരിശ്ചന്ദ്രൻ ..... (അംഗം)
ശ്രീ. ക്ലീറ്റസ് കളത്തിൽ ..... (എഡിറ്റർ)